
പുസ്തകം 7 ലക്കം 5
ഏപ്രിൽ 2017
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകതത്ത്വം

Eka Thathwa

മാസിക



**പശുക്കളെപ്പോലെ പാവങ്ങളെങ്കിലും...
ഒറ്റയ്ക്ക് വരുന്ന കാട്ടാനയേയും
കൂട്ടത്തോടെ വരുന്ന മനുഷ്യരേയും പേടിക്കണം.**

# നോർത്ത് ഈസ്റ്റ് അപ്പർ പ്രൈമറി സ്കൂൾ

## 67ാം വാർഷികം ആഘോഷിക്കുന്നു...




എൻ. ഇ. യു. പി. സ്കൂൾ, കേരളശ്ശേരി, പാലക്കാട് ജില്ല

കേരളശ്ശേരി: നോർത്ത് ഈസ്റ്റ് അപ്പർ പ്രൈമറി സ്കൂൾ 67ാം വയസ്സിന്റെ നിറവിൽ 01-04-2017 ശനിയാഴ്ച അതിവിപുലമായി ആഘോഷിക്കുന്നു.

**ചരിത്രവഴികളിലൂടെ:**

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമത്തിന്റെ ചരിത്രവിസ്മയങ്ങളിൽ ഒന്നാണ് 1950 ജനുവരി 2ന് ജന്മം കൊണ്ട നോർത്ത് ഈസ്റ്റ് അപ്പർ പ്രൈമറി വിദ്യാലയം. ശ്രീ. സി. കെ. ഗോവിന്ദൻ കുട്ടി മാസ്റ്ററുടെ അശ്രാന്തപരിശ്രമത്തിന്റെ ഫലമായി അദ്ദേഹത്തിന്റെ 25ാം വയസ്സിൽ ആ യജ്ഞം സാക്ഷാത്ക്കരിച്ചു.

3 അദ്ധ്യാപകരും 74 വിദ്യാർത്ഥികളുമായി തുടങ്ങിയ വിദ്യാലയം 1954ൽ 5ാം തരം പൂർത്തിയാക്കി. നിരന്തര പ്രയത്നങ്ങൾക്കൊടുവിൽ 1957ൽ അപ്പർ പ്രൈമറി വിദ്യാലയമായി വളർന്നു. 1960ലെ ദശവാർഷികവും തുടർന്നുണ്ടായ വാർഷികങ്ങളോരോന്നും അതിഗംഭീരമായി.

1975 ജനുവരി 2,3,4 തിയതികളിൽ നടന്ന രജതജൂബിലി കേരളശ്ശേരിയുടെ ഉത്സവമായി മാറിയത് ശ്രദ്ധേയമാണ്. 1994 ജൂലായ് 15ന് ഈ സരസ്വതീക്ഷേത്രത്തിന്റെ ശില്പിയായ ശ്രീ. സി. കെ. ഗോവിന്ദൻ കുട്ടി മാസ്റ്റർ ഈ ലോകത്തോട് വിട പറഞ്ഞു. തുടർന്നുള്ള വർഷങ്ങളിൽ ജൂലായ് 15 അദ്ദേഹത്തിനോടുള്ള ആദരസൂചകമായി മികച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, എൻഡോവ്മെന്റ്, യൂണിഫോം, പരിസ്ഥിതിസംരക്ഷണം, തുടങ്ങി കാലാനുസൃതമായി പല പദ്ധതികളും വിപുലമായി നടത്തിവരുന്നു. 2000 ജനുവരി 2,3,4 തിയതികളിൽ ആഘോഷിച്ച സുവർണ്ണ ജൂബിലി നാടിന്റെ ഉത്സവമായി.

ശ്രീ. സി. കെ. ഗോവിന്ദൻ കുട്ടി മാസ്റ്ററുടെ കാലശേഷം മാനേജരായിരുന്ന എം. പി. ജാനകി അമ്മയുടെ വേർപാട് വിദ്യാലയത്തിന്റെ 60ാം വാർഷികത്തിൽ ശോകഛായ നിഴലിച്ചു. തുടർന്ന് പുതിയ മാനേജിംങ് കമ്മിറ്റി നിലവിൽ വരികയും ശ്രീമതി. എം. പി. നാരായണി കുട്ടി മാനേജരാവുകയും ചെയ്തു. നിലവിൽ മാനേജർ സ്ഥാനം വഹിക്കുന്നത് ശ്രീ. എം. പി. നാരായണൻ കുട്ടിയാണ്.

ഉപജില്ല, ജില്ല മേളകളിലൊക്കെ പ്രാഗത്ഭ്യം തെളിയിച്ച് കലാപ്രതിഭകളുടെ കിരീടങ്ങൾ ഈ വിദ്യാലയത്തിനെന്നും അഭിമാനമായി. പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിലും മികവ് തെളിയിച്ചുകൊണ്ട് പൗർണ്ണമി നിലാവുപോലെ രാഷ്ട്രത്തിന്റെ സമ്പത്തായി വിളങ്ങുന്നു. ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ വിദ്യാർത്ഥികളിലേക്ക് പകർന്നുകൊണ്ട്, ലോകമെമ്പാടും തിളക്കമാർന്ന ജീവിതം നയിക്കുന്ന അനേകം പ്രതിഭകളെ വാർത്തെടുത്ത ഈ മഹനീയ സ്ഥാപനം തനതായ നൈപുണ്യത്താൽ രത്നശോഭയാർജ്ജിച്ചു നിൽക്കുന്നു. 67ാം വാർഷികം അതിവിപുലമായി ആഘോഷിക്കുന്ന 1-4-2017ന് അതേവേദിയിൽ പ്രഥമസംരംഭമായ 'നൈപുണ്യം' സ്മരണിക 2017 പ്രസിദ്ധീകരിച്ച് പൊതുജന സമക്ഷത്തിൽ പ്രകാശനം ചെയ്യുന്നതായി സസന്തോഷം അറിയിക്കുന്നു. തദവസരത്തിലേക്ക് വിദ്യാലയവുമായി ഇഴചേർന്നു കിടക്കുന്ന ഏവർക്കും സ്വാഗതം.

**നൈപുണ്യം**
സ്മരണിക 2017


**എം. പി. വാസുദേവൻ**
**ചെയർമാൻ, പത്രാധിപസമിതി.**
മൊബൈൽ - 9048912029

₹ 15

# ഏക തത്ത്വ

മാസിക

പുസ്തകം 7 ലക്കം 5

ഏപ്രിൽ 2017

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in
etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**കവർ ഫോട്ടോ**

പ്രമോദ് മഞ്ചേരി

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

**വരിസംഖ്യ**
**പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട വിലാസം :**

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

**ekathathwa@yahoo.com**

**Website: www.ekathathwa.com**

# ഉള്ളടക്കം

ഏക തത്ത്വ

**ഗുരു**
07 - വലിയങ്ങാടിയിലെ രാജമണം

**ലേഖനം**
08 - വിവാഹം, വിവാഹമോചനം,മുത്തലാക് - ഒരു കുറിപ്പ്
- എം. എം. മേനോൻ
11 - അജ്ഞാനികളും ജ്ഞാനികളും അല്പജ്ഞാനികളും
- എൻ. എം. നൂലേലി
12 - വെടിവച്ചുവീഴ്ത്തി ആശയങ്ങളെ കീഴടക്കാനാവില്ല
- എം. ജോൺസൺ റോച്ച്
14 - മാതൃഭാഷാദിനചിന്തകൾ - പെറ്റമ്മയും പോറ്റമ്മയും
- ഇ. എൻ. നാരായണൻ
16 - തന്റേടവും തന്റെ ഇടവും - ഐശ്വര്യ എസ്. മേനോൻ
19 - കുമാരനാശാന്റെ വാസവദത്ത - ടി. ജെ. നായർ
20 - ശ്രീനാരായണ ദർശനവും സ്കൗട്ടിങ്ങും - പി. എം. നൂർമുഹമ്മദ്
40 - മനസ്സ് - ലക്ഷിക്കുട്ടി ചെറായ
40 - കൃത്രിമ മഴ പെയ്യിക്കൽ ലഘുവായ കാര്യമോ ?
- വിനോദ് കുമാർ ദാമോദർ

**കഥ**
28 - തലൈവി - പ്രമോദ് മഞ്ചേരി
29 - മൂന്നു കഥകൾ - സുരേഷ് തെക്കീട്ടിൽ
30 - മത പരിവർത്തനം - സൈനുദ്ദീൻ മുണ്ടക്കയം
32 - വിശ്രമജീവിതത്തിലെ അനർഘ നിമിഷങ്ങൾ
- മംഗളൻ തൈയ്ക്കൽ
33 - ഓരോരോ വാതിലുകൾ - കടാതി ഷാജി
34 - മകനെ തേടി - ജിഷ രതീഷ്
36 - ക്യാമറ - അരവിന്ദൻ
38 - നടുവിലെമഠം - എം. ഡി. വിശ്വംഭരൻ
42 - നുറുങ്ങുകഥകൾ - ടി. കെ. ഉണ്ണികൃഷ്ണൻ

**കവിത**
15 - എന്നും മുമ്പേ, എല്ലാറ്റിനും മുമ്പേ... - അജയ് ബാലചന്ദ്രൻ
17 - വിശപ്പും ദാഹവും - ഉണ്ണി വിശ്വനാഥ്
20 - ചില്ലുപാത്രം - ഷീലാ ലാൽ
24 - എന്റെ ഗ്രാമം - രജീഷ് കാളികാവ്
27 - വേരുകൾ - രേവതി
32 - നിനച്ചില്ല - അൻസാർ കൊളത്തൂർ
33 - മൃതി - ഗണേഷ് പുത്തൂർ
36 - എന്റെ മാനസപുത്രി - ആർ. കെ. വള്ളീച്ചിറ
39 - ഉത്തിഷ്ഠത ജാഗ്രത - സോമനാഥൻ മാസ്റ്റർ

**കഥയും കാര്യവും**
34 - ന്യൂ ജനറേഷൻ - സത്യൻ താന്നിപ്പുഴ

**ആരോഗ്യം**
06 - അഫേഷ്യ - ഡോ. സി. രാമകൃഷ്ണൻ
21 - സ്ത്രീകളിലെ രക്തക്കുറവും പരിഹാരമാർഗ്ഗങ്ങളും
- ഡോ. (മേജർ) നളിനി ജനാർദ്ദനൻ

**സ്മരണ**
17 - എന്റെ അഭിനയസ്മരണകൾ - മുക്കം ഭാസി
41 - നമുക്ക് വീണ്ടും സഹമുറിയന്മാരാകാം - കെ. വിജയകുമാരൻ

**പാചകം**
29 - തേങ്ങ, കറിവേപ്പില ചമ്മന്തി - ജയ ബാലചന്ദ്രൻ

**പുസ്തകപരിചയം**
24 - യക്ഷിക്കോട്ട - കെ. കുമരേശ്
25 - ചരിത്രരേഖ - പ്രൊഫ. കെ. ശശികുമാർ
26 - ഉപഹാരം, ഉപകാരം, അപഹാരം - കെ. വിജയകുമാരൻ

# പശുക്കളെപ്പോലെ പാവങ്ങളെങ്കിലും... ഒറ്റയ്ക്ക് വരുന്ന കാട്ടാനയേയും കൂട്ടത്തോടെ വരുന്ന മനുഷ്യരേയും പേടിക്കണം.



## ഇ. ടി. മുരളീധരൻ

**ക**ണ്ട കാഴ്ചകളെ, അനുഭവങ്ങളെ അതുപോലെ എഴുതാനാവില്ല ഹിമാലയം കണ്ട് വർണ്ണിച്ച് നാലുപേർ നാലുവിധത്തിൽ എഴുതി. കാണാത്തവർ പലവിധത്തിൽ വായിച്ചുമനസ്സിലാക്കി. നേരിട്ട് കണ്ടപ്പോൾ വെവ്വേറെയായി അനുഭവം. അതുപോലെ ഓരോ കൃതിയും പല ആവർത്തി വായിക്കുമ്പോൾ ആശയങ്ങളും അഭിപ്രായങ്ങളും മാറി മാറി വരും. ഭാവനയിൽ പലതും ഊഹിച്ചെടുക്കും. വാക്കുകൾക്ക്, വരികൾക്ക് പരിമിതികളുണ്ട്. പക്ഷെ വായനയോടൊപ്പം കാഴ്ചകൾ, അനുഭവങ്ങൾ കൂടി കൂട്ടിവായിച്ചെടുക്കേണ്ടതാണ്. അപ്പോൾ എല്ലാം നേരാംവണ്ണം പിടികിട്ടിത്തുടങ്ങും.

എല്ലാ മത ആഘോഷങ്ങൾക്കും പങ്കെടുക്കണം. എല്ലാ രാഷ്ട്രീയ പ്രസംഗങ്ങളും കേൾക്കണം. എല്ലാതരം ബുക്കുകളും വായിക്കണം. എങ്കിലേ ഒരു മൂല്യമുള്ള വ്യക്തിയാവാൻ സാധിക്കുകയുള്ളൂ. അങ്ങനെയുള്ള ഒരുവന് നിഷ്പക്ഷമായേ കാര്യങ്ങൾ പറയാനും പ്രവർത്തിക്കാനുമാകൂ. സ്വബുദ്ധി ഉപയോഗിക്കുക, ചിന്തിക്കുക എന്നതെല്ലാം ബുദ്ധിമുട്ടാണെങ്കിൽ ഓർക്കുക ഒരേ പണി ചെയ്താൽ മടുപ്പ് വരും. ഒരേതരം കഷ്ടതകൾ വന്നാൽ അതും മടുപ്പുളവാക്കും എന്നതിനാലാണ് ദൈവം പലവിധത്തിലുള്ള കഷ്ടതകൾ തന്നിരിക്കുന്നത്. എല്ലാത്തിനേയും അതിജീവിക്കുമ്പോൾ നമ്മുടെ ബുദ്ധി നശിക്കാതിരിക്കും. ഈ പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ലെങ്കിൽ ബുദ്ധി ക്ഷയിച്ച് ഓർമ്മക്കുറവ് രോഗം വന്നേനെ. എല്ലാം നല്ലതിന്. കഷ്ടതകളും ബുദ്ധിമുട്ടുകളും ദുഃഖങ്ങളും എന്നും കൂടെ ഉണ്ടെങ്കിൽ ഓർക്കുക ദൈവം അടുത്തുതന്നെയുണ്ടെന്ന്. അതല്ലാ മറിച്ചാണെങ്കിൽ ദൈവം നമ്മളിൽ നിന്ന് വളരെ ദൂരെയാണെന്ന് മനസ്സിലാക്കുക, കരുതിയിരിക്കുക. ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സന്തോഷ നിമിഷങ്ങൾക്ക് വലിയ വില നൽകേണ്ടിവരും. ഓർക്കാപ്പുറത്ത് ലഭിച്ച പ്രഹരം പോലെ, ഇടിത്തീ പോലെ അത് വന്ന് ഭവിക്കും.

ഒരു തോണിയിൽ യാത്ര ചെയ്യുന്ന എല്ലാവരും കൂടി തോണിയുടെ ഒരുവശത്തേക്കു മാറിയാൽ എന്താവും സ്ഥിതി ? തോണി മറിയും. എല്ലാവരും വെള്ളം കുടിച്ചുമരിക്കും. അതുകൊണ്ടാണ് എപ്പോഴും കുറേപേർ മാറിനിൽക്കുന്നത്. അത് ദൈവത്തിന്റെ പദ്ധതിയാണ്. അവർ കൂടി ഈ ഭാഗത്തേയ്ക്ക് വരണം എന്ന് ശഠിക്കരുത്. വന്നാൽ പിന്നെ ഈ ഗേയിം അവസാനിച്ചല്ലോ. ആളുകൾ എപ്പോഴും ഉറക്കെ പറയുന്നവന്റെ കൂടെ, പണമുള്ളവന്റെ കൂടെ, പല ആവർത്തി ഒരേ കാര്യം പറയുന്നവന്റെ കൂടെ കൂടുന്നു. ശരിയാണോ പറയുന്നതെന്നൊന്നും നോക്കാതെ അവനോടൊപ്പം ചേർന്ന് ന്യൂനപക്ഷത്തെ തോൽപ്പിക്കുന്നു. ഇപ്പോൾ മതത്തിന്റെ പേരിൽ എല്ലാവരും ഒന്നാകാനുള്ള ശ്രമത്തിലാണ്. വേവ്വേറെ പാർട്ടികളിൽ പെട്ടവർ പോലും സാവധാനം മതത്തിന്റെ പേരിൽ ഒന്നാവാനും ഇതുവരെ വന്ന നയത്തെ മാറ്റി, പുറന്തള്ളി ഒന്നാവുന്ന കാഴ്ചയാണ് കാണുന്നത്. ഇത് നല്ലതിനല്ല. ചിന്തിക്കാതെ തീരുമാനങ്ങൾ മാറ്റുന്നവർക്ക് കിട്ടുന്ന ശിക്ഷയും വലുതായിരിക്കും. ഏകദേശം മനുഷ്യരുടെ ഭൂമിയിലെ ഗെയിം അവസാനിക്കാറായി. കൂടുതൽ ആളുകൾ ഒരുഭാഗത്തേക്ക് മാറുന്ന കാഴ്ചകൾ കാണുന്നു. വർഗ്ഗീയ ധ്രുവീകരണം ആപത്താണ്. നമുക്ക് സർവ്വനാശം വരാൻ പോകുന്നതിന്റെ സൂചനയാണിത്.

മതത്തിന്റെ, ജാതിയുടെ, രാഷ്ട്രീയ പാർട്ടികളുടെ തുടങ്ങി ഏതൊരു ഗ്രൂപ്പെടുത്താലും എല്ലാത്തിലും നല്ലവരുണ്ടാകും. അവർ ന്യൂനപക്ഷമായിരിക്കും. പക്ഷെ നിഷ്പക്ഷമായി മാറിനിന്ന് നോക്കാൻ ഈ ന്യൂനപക്ഷമാകുന്ന ആളുകൾ ശ്രമിക്കണം. അവരുടെ കൂട്ടായ്മ രാജ്യത്തിനു ഗുണം ചെയ്യും. അത്തരത്തിലുള്ള നിഷ്പക്ഷമായി ചിന്തിക്കുന്നവരുടെ കൂട്ടായ്മ വളർന്നുവരട്ടെ. അതിലൂടെ മാത്രമേ ഇനിയെന്തെങ്കിലും നമുക്ക് ചെയ്തെടുക്കാനാകൂ, സംരക്ഷിക്കാനാകൂ, വീണ്ടെടുക്കാനാകൂ. ഏത് രാഷ്ട്രീയ പാർട്ടിയാണെങ്കിലും വോട്ട് നേടുക മാത്രമാണ് ലക്ഷ്യം. തമിഴ്നാട്ടിലോ മറ്റോ ആയിരിക്കണം വോട്ടു ചെയ്താൽ അയ്യായിരം രൂപ കിട്ടും. ഭരണത്തിൽ വന്നാൽ ലാപ്ടോപ്, മൊബൈൽ, സൈക്കിൾ, ടി.വി എന്നുവേണ്ട എല്ലാം കിട്ടും. ഇതൊക്കെ എങ്ങിനെയാണ് തരുന്നതെന്നോ, എന്തിനുവേണ്ടി തരുന്നതെന്നോ ചിന്തിക്കാറില്ല. ചിന്തിക്കേണ്ട ആവശ്യവുമില്ല. എന്തായാലും നമുക്ക് ഇതെല്ലാം കിട്ടും. അവർ എത്രയോ പണം എടുത്തോട്ടെ. ഒന്നും തരാതെ മോഷ്ടിക്കുന്നതിനേക്കാൾ ഭേദമല്ലെ! എല്ലാവർക്കും ആശ്വസിക്കാൻ വകയുണ്ട്! സ്വന്തം ഭവനത്തിൽ നിന്നു തന്നെ മോഷ്ടിക്കുന്നവർ, അതിനു പങ്കുപറ്റുന്നവർ. ആർക്കും നീതി ബോധമില്ലാതായി.

കൽപ്പണി, മരപ്പണി, കൃഷിപ്പണി, തൊടിപ്പണി, ചട്ടി, കൊട്ട നിർമ്മാണം തുടങ്ങിയവയെല്ലാം ജീവിത മാർഗ്ഗങ്ങളായിരുന്നു. പരസ്പര ഉപകാരപ്രദമായ പ്രവൃത്തിയും ജീവിത രീതിയും. എന്നാൽ ഇന്നത്തെ ജീവിതരീതിയേയും തൊഴിലുകളേയും നോക്കുക. മേൽ വിവരിച്ച പണികളിൽ ഏറിയ പങ്കും മെഷിനുകൾ ചെയ്തോളും. മനുഷ്യൻ ചെയ്യുന്ന പണികൾ നോക്കുക. കുറച്ചുനാൾ മുമ്പുവരെ കോടികളുടെ റിയൽ എസ്റ്റേറ്റു ബിസിനസ്സ് ഫോണിലൂടെ ചെയ്ത് വീട്ടിൽ വെറുതെ ഇരിക്കുന്ന ആളുകളുടെ എണ്ണം വളരെ കൂടുതലായിരുന്നു. വേതനം കിട്ടുമെങ്കിൽ സമരങ്ങൾക്കും, ബോധവത്ക്കരണ ക്ലാസ്സുകൾക്കും പോകും. പണിയെടുക്കാതെ വേതനം കിട്ടുന്ന തൊഴിലുറപ്പ് പദ്ധതിയുടെ ജോലിക്കുപോകും. ഷെയർ മാർക്കറ്റിൽ പണം കൊണ്ട് കളിക്കും. മേലനങ്ങി പണിയെടുത്തിട്ട് കാലം കുറേയായി. മേലനങ്ങാതെ പണികൾ ചെയ്യുമ്പോഴും ബേക്കറി ഫുഡ്ഡുകളും ബോട്ടിൽ വെള്ളവും വാങ്ങിക്കുടിച്ച് പാക്കറ്റുകളെ ഭൂമിയിലേയ്ക്ക് വലിച്ചെറിഞ്ഞ് ചുറ്റും മാലിന്യകൂമ്പാരം തീർക്കും. ദുർഗന്ധം വരാതിരിക്കാൻ ജനലും വാതിലുകളും അടച്ച് ശീതീകരിച്ച മുറിയിൽ കഴിയും. അയൽവാസിയെ കാണാതിരിക്കാൻ ചുറ്റും മതിലുകളുടെ ഉയരം കൂട്ടും മനുഷ്യർ...

അമ്മിക്കല്ലും ആട്ടുകല്ലും ഉപേക്ഷിച്ച് വീട്ടിൽ ഗ്രൈന്ററും മിക്സിയും എത്തി. പിന്നെ അതുമുപേ

ക്ഷിച്ച് റെഡിമേയ്ഡ് ഭക്ഷണങ്ങൾ കവറിൽ കിട്ടുന്നത് വാങ്ങി ഫ്രിഡ്ജിൽ സൂക്ഷിച്ച് വേണ്ട സമയത്ത് ചൂടാക്കി കഴിക്കും. ഭക്ഷണം ദിനവും വീടുകളിൽ എത്തിക്കുന്ന സംവിധാനം വന്നു. എല്ലാം വാങ്ങിക്കഴിച്ച് പലവിധ അസുഖങ്ങളുമായി അലയുകയാണ്, വലയുകയാണ് മനുഷ്യർ.

കാര്യങ്ങൾ, സംശയങ്ങൾ, പരാതികൾ പ്രധാനമന്ത്രിയോട്, മുഖ്യമന്ത്രിയോട്, പ്രതിപക്ഷ നേതാവിനോടുൾപ്പടെ പലരോടും, പോലീസിനോടും കലക്ടറോടുമെല്ലാം നേരിട്ട് ചോദിക്കാം, അതേക്കുറിച്ച് സംസാരിക്കാം. പക്ഷെ നമുക്ക് ധൈര്യമില്ല, അല്ലെങ്കിൽ ഭാഷയറിയില്ല. എല്ലാത്തിനും ഇടനിലക്കാർ വേണം. അവരാണ് ചൂഷകർ. ഈ മാസം എത്ര ബിസിനസ്സ് അച്ചീവ് ചെയ്തു എന്നതുപോലെയാണ് ഇവിടെ ഓരോ പാർട്ടികളും സമരപരമ്പരകൾ തീർക്കുന്നത്. എല്ലാം അനാവശ്യം. അതുമല്ലെങ്കിൽ ലക്ഷ്യം കാണാതെ പോകുന്ന വെറും ചടങ്ങുകൾ മാത്രം. നിഷ്പക്ഷ വായനയില്ലാത്ത ഒരു ആൾക്കൂട്ടത്തെ വായനയില്ലാത്ത നേതാവ് അഭിസംബോധന ചെയ്യുന്ന കാലം. വായനാശീലം പോയതോടെ എല്ലാം പോയി. എന്തിനെന്ന് ചോദിക്കാതെ ചടങ്ങുകൾ ചെയ്യുന്ന, ചടങ്ങുകൾക്ക് പ്രാധാന്യം കൊടുക്കുന്നൊരു ശീലം ഉള്ളതുകൊണ്ടാവാം സമരവും പ്രതിഷേധവുമെല്ലാം ഇന്ന് വെറും ചടങ്ങുകളായി. ഞങ്ങൾ സമരം ചെയ്ത് പ്രതികരിച്ചു കഴിഞ്ഞു. എവിടെ പോലീസ് ? വരൂ, ഞങ്ങളെ അറസ്റ്റ് ചെയ്ത് വിട്ടയക്കൂ. അതാണ് അതിന്റെയൊരു രീതി.

കൂടുവിട്ട് കൂടുമാറാൻ ഇന്നാരും ശ്രമിക്കാത്തതിന് കാരണമറിയാമോ ? ഈ ശരീരത്തിൽ നിന്ന് പോയാൽ പിന്നെ തിരിച്ചുവരുന്നതിനുമുമ്പുതന്നെ ശിഷ്യന്മാർ ഗുരുവിന്റെ ശരീരം കത്തിച്ചുകളയും. എന്നിട്ട് അവർ ഗുരുവാകും.

അല്പജ്ഞാനികളെല്ലാം ഗുരുക്കന്മാരായി. പുതിയതരം വാഹനങ്ങൾക്കെല്ലാം കമ്പനി നേരിട്ടുനടത്തുന്ന സർവ്വീസ് സ്റ്റേഷനുകൾ ഉണ്ട്. അവിടെയുള്ളവർക്കൊന്നും പണ്ടത്തെ മെക്കാനിക്കുകളെ പോലെ വാഹനം നന്നാക്കാനറിയില്ല. കേടായ ഭാഗം മൊത്തമായും അഴിച്ചുമാറ്റി പുതിയത് പിടിപ്പിക്കും. വലിയ ചിലവ് വരും. പണ്ടത്തെ വാഹനങ്ങളുടെ ഏതു ഭാഗം കേടായാലും വെൽഡ് ചെയ്തും കടഞ്ഞും നിർമ്മിച്ച് ഇടും. ഇന്ന് ആ പണിയെല്ലാം പോയി. അതോടെ ഈ മേഖലയിലുള്ളവരുടെ വിവരവും കുറഞ്ഞു. ഇതു കണ്ട് വളരുന്ന യുവതലമുറയുടെ അറിവിന്റെ കാര്യം പറയണോ? അതുപോലെ അസുഖം വന്നാൽ ചെറിയ ചെറിയ ഡിസ്പെൻസറികളിൽ നാം ഇന്ന് പോകാറില്ല. കാരണം സൗകര്യക്കുറവ്, വൃത്തിക്കുറവ് തുടങ്ങി പല കാരണങ്ങളാണ്. ഇൻഷുറൻസ് കമ്പനിയുമായി ടൈയപ്പുള്ള സൂപ്പർ സ്പെഷാലിറ്റി പോലുള്ള ഹോസ്പിറ്റലുകളിലേക്കാണ് ആളുകൾ പോകുന്നത്. അവിടെ എല്ലാം മെഷീനുകളെ ആശ്രയിച്ചാണ് ചികിത്സ. ഏതെങ്കിലുമൊരു അവയവം കേടുവന്നാൽ അതിനെ നിലനിർത്തി ചികിത്സിക്കുന്നതിനുപകരം ആ അവയവം തന്നെ എടുത്തുമാറ്റും ചിലപ്പോൾ പകരമായൊന്ന് വച്ചുംതരും. വർക്ക് ഷാപ്പിലെ മെക്കാനിക്കിനെ പോലെത്തന്നെ ഡോക്ടർമാരുടെ വിവരവും കുറഞ്ഞുവരുന്നു. ഓരോ അവയവത്തിന് ഓരോ ഡോക്ടർമാരായി. അതിനപ്പുറം അവർക്ക് ഒന്നുമറിയില്ല. നിവേദനം കൊണ്ട് പല ഓഫീസർമാരുടെ അരികിൽ പോകുന്നതുപോലെ ഡോക്ടർമാരെ മാറി മാറി കാണേണ്ടിവരും. എല്ലാവരും നമ്മളിൽ പരീക്ഷണം നടത്തും. ജീവിക്കാൻ വിധിയുള്ളവർക്ക് എല്ലാം ഒരു അനുഭവമാകും. അതുപോലെ അദ്ധ്യാപന രംഗത്ത് ഒരു മണിക്കൂർ പഠിപ്പിക്കണമെങ്കിൽ നാലു മണിക്കൂർ അതിനായി പഠിച്ച് തയ്യാറെടുക്കണം. ഇപ്പോൾ ആർക്കാ അതിനുനേരം ? പണ്ട് പഠിച്ചതുവച്ച് പഠിപ്പിച്ച് പഠിപ്പിച്ച് പുതിയ അറിവെല്ലാം അന്യമായ അദ്ധ്യാപകർ കുട്ടികളോട് ഉത്തരംമുട്ടുമ്പോൾ ഇന്റർനെറ്റിൽ കയറി നോക്കാൻ പറയുകയാണ്, പഠിക്കാൻ പറയുകയാണ്. നെറ്റിൽ എല്ലാം ഉണ്ടെന്ന് എല്ലാവർക്കും മനസ്സിലായി. എല്ലാവരും നെറ്റ് നോക്കിയിരിപ്പാണ്. മനുഷ്യരെ കാണുന്നതും സംസാരിക്കുന്നതും വരെ നെറ്റിലൂടെ മാത്രമായി. അതൊരു സ്റ്റാറ്റസ്സായി കാണുകയും ചെയ്യും. ശരിക്കും എല്ലാവരും നെറ്റിൽ പെട്ടു. എല്ലാവർക്കും വലിയ വലിയ കാര്യങ്ങളറിയാം. ചെറിയ ചെറിയ കാര്യങ്ങൾ, മര്യാദകൾ അറിയാത്തവരായി. എങ്ങോട്ടാണീ പോക്ക് ?

കള്ളൻമാർ, കൊലപാതകികൾ, വ്യഭിചാരികൾ തുടങ്ങി നമുക്ക് ഇഷ്ടമില്ലാത്ത പലരേയും ഒറ്റയ്ക്ക് പരിശോധിച്ചാൽ എല്ലാവരും പശുക്കളെപ്പോലെ പാവങ്ങളാണെന്നുകാണാം. ഇവരിൽ പലരും ലഹരി പദാർത്ഥങ്ങൾക്ക് അടിമപ്പെട്ട് ചെയ്തുപോയതോ അതുമല്ലെങ്കിൽ മറ്റു വിധത്തിലുള്ള ജീവിതസാഹചര്യങ്ങൾ അവരെ ഇങ്ങനെയൊക്കെ ആക്കിത്തീർത്തതോ ആവാം. ഇത്തരക്കാരെ സമൂഹം അകറ്റിനിർത്തുന്നു. എന്നാൽ ഇതിലും വലിയ ക്രിമിനലുകളെ നാം നേതാവായും മാതൃകയായും കൊണ്ടുനടക്കുന്നു. അവരെ പൂജിക്കുന്നു. അവർ പൂജിക്കപ്പെടുന്നു.

പാട്ട് എഴുതിയവരെ കുറിച്ച് നാം അന്വേഷിക്കാറില്ല, അത് ട്യൂൺ ചെയ്തവരെക്കുറിച്ച് അധികമാളുകൾക്കും അറിയില്ല. പാട്ടുകാരോടാണ് നമുക്ക് ആരാധന. അവർ അത് മുതലെടുത്ത് ഒരേ പാട്ടുതന്നെ പല വേദിയിൽ പാടി പ്രശസ്തിയും പണവും വേണ്ടുവോളം സമ്പാദിക്കും. ഇതുപോലെയാണ് കഥ എഴുതുന്നവരെക്കാളും, സിനിമയായി രൂപപ്പെടുത്തി എടുക്കുന്ന ഡയറക്ടറെക്കാളും ആളുകൾക്ക് പ്രിയം അതിലെ അഭിനേതാക്കളെയാണ്. ഒരുപാട് കഴിവുള്ളവർ ദാരിദ്ര്യമനുഭവിക്കുമ്പോൾ ഒരു കഴിവുമാത്രമുള്ളവർ വിലസുന്നു. അതിന് നാമും അറിയാതെയാണെങ്കിലും കൂട്ടുനിൽക്കുന്നു. എന്നിട്ട് എന്റെ കഴിവുകളെ ആരും പരിപോഷിപ്പിക്കുന്നില്ല എന്ന് പരാതിപ്പെടുന്നു.

താഴെത്തട്ടിലുള്ളവരെ, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരെ വളർത്തിക്കൊണ്ടുവരാനുള്ള ശ്രമങ്ങളുണ്ടാവണം. അവരെ സംരക്ഷിക്കണം. അവരിലാണ് മനുഷ്യത്വം ഇത്തിരിയെങ്കിലും അവശേഷിക്കുന്നത്. അവരുടെ സ്നേഹം നിഷ്കളങ്കമാണ്. അവരിലേക്ക് ഇറങ്ങിച്ചെന്ന് പഠിക്കണം. നമ്മളിൽ നിന്ന് നഷ്ടപ്പെട്ടുപോയ നന്മകൾ അവരിലിപ്പോഴും അവശേഷിക്കുന്നു. അന്നും ഇന്നും അവർക്ക് സ്വന്തമായി ഒരുതുണ്ടു ഭൂമി പോലും ഉണ്ടാകില്ല. എങ്കിലും അവർ മണ്ണിൽ ആത്മാർത്ഥമായി അദ്ധ്വാനിക്കുന്നു. അവർ ഇപ്പോഴും പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്നു. നമുക്കും അവരോടൊപ്പം ചേർന്ന് പ്രകൃതിയെ സംരക്ഷിക്കാം കഴിയുന്നത്ര മരങ്ങൾ ഓരോ മഴക്കാലത്തും വച്ചുപിടിപ്പിക്കാം, അതുപോലെ മഴക്കാലത്തെ മഴവെള്ളത്തെ സംഭരിക്കാൻ ഏവരും ശ്രമിക്കണം. പുഴകളിൽ ആവശ്യത്തിന് തടയണകൾ തീർത്ത് പരമാവധി വെള്ളത്തെ ഭൂമിയിലേയ്ക്ക് ഇറങ്ങാൻ അനുവദിക്കണം. വീടുകളിൽ കുഴികൾ തീർത്ത് വെള്ളം സംഭരിക്കണം. കൊതുക് പെരുകാതിരിക്കാൻ മീനുകളെ വെള്ളത്തിൽ വളർത്താവുന്നതാണ്. പണത്തിനു പിന്നാലെ പായുന്നവർക്ക് പലരോടും പുച്ഛമാണ്. പക്ഷെ മണ്ണോടു മണ്ണാക്കും മുമ്പ് സൃഷ്ടാവ് എല്ലാം

മനസ്സിലാക്കിത്തരും. എല്ലാവരേയും നിരുപാധികം സ്നേഹിക്കുക. അത് നമ്മിലും മറ്റുള്ളവരിലും നല്ല മാറ്റങ്ങൾ സൃഷ്ടിക്കുന്നതുകാണാം.


കാട്ടിലെ ഒറ്റയാന് പേടിയാണ്. നമ്മൾ ഉപദ്രവിച്ചാലോ എന്ന പേടി. അതുകൊണ്ടാണ് അത് നമ്മെ കീഴ്പ്പെടുത്താൻ വരുന്നത്. ഇതുപോലെ പാവങ്ങളായ ഒരുപറ്റം ആളുകൾ ഒന്നിച്ചുവന്നാലും പേടിക്കണം കാരണം അവർക്ക് വിവരമുണ്ടാവില്ല. ഒറ്റയ്ക്ക് ഒറ്റയ്ക്ക് പാവങ്ങളാവും. പക്ഷെ കൂട്ടത്തോടെ വന്നാൽ ഭയങ്കരൻമാരാവും. ക്വട്ടേഷൻ സംഘങ്ങളെ കുറിച്ച് കേട്ടിട്ടില്ലേ ? അതിലെ ഓരോരുത്തരെയായി പരിശോധിച്ചാൽ മനസ്സിലാകും പലരും പാവങ്ങളാണ്. അറിവില്ലായ്മ കൊണ്ട് എത്തിപ്പെട്ടതാണ്. അവർക്കൊരു തിരിച്ചുപോക്ക് അസാധ്യമെന്ന് മനസ്സിലാക്കിയവരാണ്. ഇനി ഇതല്ലാതെ വേറെ പണിയൊന്നും ചെയ്യാൻ സമ്മതിക്കില്ല. അതുപോലെ പലതരത്തിലുള്ള പിരിവുകാർ വരുന്നത് കണ്ടിട്ടില്ലേ ? രശീതിയില്ലാതെ ഒറ്റയ്ക്ക് വരുന്ന ഭിക്ഷക്കാരെ നമുക്ക് ഇഷ്ടമല്ല. അവന് നാം കാര്യമായി ഒന്നും കൊടുക്കാറില്ല. പക്ഷെ ആഘോഷങ്ങൾക്കായി പിരിവിന് വരുന്നവരെ അതുമല്ലെങ്കിൽ സമ്മേളനങ്ങൾക്കായി പാർട്ടിഫണ്ടെന്ന പേരിൽ പിരിക്കാൻ വരുന്നവരെ നാം സ്വീകരിച്ചിരുത്തി ചിലപ്പോൾ ചായയും കൊടുത്ത് ആവശ്യത്തിലധികം പണവും കൊടുത്ത് വിടും. ശരിക്കും ആരോരുമില്ലാത്തവരെ, വേദനിക്കുന്നവരെ, ദുഃഖിക്കുന്നവരെ അല്ലേ സംരക്ഷിക്കേണ്ടത്, പരിചരിക്കേണ്ടത്, ആശ്വസിപ്പിക്കേണ്ടത്?

റോഡോരത്ത് നാലു മുളങ്കാലും കൊണ്ടുവന്ന് ഇംഗ്ലീഷ് അക്ഷരമായ 'X' ആകൃതിയിൽ അവയെ ഉറപ്പിച്ച് അതിനു കുറുകെ കയർ വലിച്ച് കെട്ടി സർക്കസ്സ് കാണിക്കുന്നവന്റെ കാലുകളൊന്നു പിഴച്ചാൽ ബോളർ കല്ലുകളിലേയ്ക്കോ കോൺക്രീറ്റ് സ്ലാബുകളിലോ അഴക്കുചാലിലോ തലയടിച്ചു വീണ് ജീവിതം പാഴായിപ്പോകും. വാഹനങ്ങൾക്കും യാത്രക്കാർക്കും ബുദ്ധിമുട്ടുണ്ടാകാത്ത വിധം സർക്കസ്സ് കാണിക്കാൻ തിരഞ്ഞെടുക്കുന്ന സ്ഥലം മിക്കവാറും ഇങ്ങനെയുള്ള സ്ഥലമായിരിക്കും. വളരെ റിസ്ക് പിടിച്ച് അഭ്യാസപ്രകടനങ്ങൾ കാഴ്ചവെച്ച് കയറിൽ നിന്ന് ഇറങ്ങുംമുമ്പ് തന്നെ കാണികൾ പലരും കൊഴിഞ്ഞുപോയിരിക്കും. എന്റെ ഭിക്ഷ പാത്രത്തിന്റെ ഭംഗി പോരാഞ്ഞിട്ടാണോ എന്നറിയില്ല ഭൂരിഭാഗമാളുകളും പോയി. ഭിക്ഷ തന്നവരാകട്ടെ ചില്ലറ പൈസയല്ലാതെ ഒന്നും തന്നില്ല. എന്നെങ്കിലുമൊരുനാൾ അഭ്യാസത്തിനിടെ അപകടം പിണഞ്ഞ് കിടപ്പിലായാൽ എന്റെ കുടുംബം മുഴുപ്പട്ടിണിയിലാവും. അവൻ ചിന്തിച്ചുറപ്പിച്ചു. രാത്രികാലങ്ങളിലെ എല്ലാതരം വൃത്തികേടുകൾക്കും കൂട്ടുനിൽക്കുമ്പോഴും ലക്ഷ്യം ഒന്നേ ഉണ്ടായിരുന്നുള്ളൂ. ഒരു സർക്കസ്സ് കൂടാരം കെട്ടണം. ഒടുവിലത് സാധിച്ചെടുത്ത് ഇടുപ്പിൽ കൊളുത്തിട്ട് താഴെ വീണാൽ പരിക്കേൽക്കാതിരിക്കാൻ ഒരു വലയും വലിച്ചുകെട്ടി ഇതേ അഭ്യാസം കാണിക്കാനൊരുങ്ങിയപ്പോൾ കൂടാരത്തിനു വെളിയിൽ നൂറിന്റേയും ഇരുന്നൂറിന്റേയും അഞ്ഞൂറിന്റേയും ടിക്കറ്റുകൾ എടുക്കാൻ ക്യൂ നിൽക്കുകയാണ് ജനം. അഭ്യാസത്തിനിടെ ഞാൻ വീഴില്ല. അഥവാ വീണാലും ഇടുപ്പിലെ ചെയിൻ രക്ഷിക്കും. അതുമല്ലെങ്കിൽ താഴെ വലിച്ചുകെട്ടിയ നെറ്റെന്നെ സംരക്ഷിക്കും എന്നുറപ്പാണ്. സർക്കസ്സ് കാണാൻ വന്നവർക്ക് എന്നോട് ബഹുമാനവും എനിക്കവരോട് പുച്ഛവും. ശരിക്കും എന്നെ സഹായിക്കേണ്ടിയിരുന്നത് അന്നല്ലെ. അന്ന് സഹായിച്ചിരുന്നെങ്കിൽ എന്റെ മേലെ കറ പുരളില്ലായിരുന്നു. എത്രയെത്ര വൃത്തികേടുകൾ ചെയ്തിട്ടാണ് ഞാനീ നിലയിൽ എത്തിയത് എന്ന് അവരുണ്ടോ അറിയുന്നു എന്ന് അവൻ ചിന്തിച്ചു. ഇതുപോലെയാണ് ഉയർന്ന പദവിയിലെത്തിയ പലരുടേയും അനുഭവം. അവർക്കൊന്നും തുറന്ന് പറയാനാവുന്നില്ല.

സത്യസന്ധരായി ജീവിക്കാൻ ശ്രമിക്കുന്നവരെ സഹായിക്കുക. അല്ലാതെ ഉപദ്രവിക്കാതേ. നിങ്ങൾ നല്കുന്ന ഒരു ചെറിയ സഹായം മതി അവർ സന്തോഷമായി ജീവിച്ചുകൊള്ളും. ആരേയും കേടുവരുത്താൻ ശ്രമിക്കാതെ ഓരോ വ്യക്തിയിലുമുള്ള, കുട്ടികളിലുമുള്ള നന്മയെ, കഴിവുകളെ പ്രോത്സാഹിപ്പിക്കൂ... വീടും കൂടുമില്ലാതെ നാലുവഴിക്ക് പോയി മേയുന്ന പശുവിനെപ്പോലെ ജീവിക്കാതെ ആരെങ്കിലും എന്തെങ്കിലും പറയുന്നതുകേട്ട് വാളെടുത്ത് ഇറങ്ങാതെ നാം വന്നതും ഒറ്റയ്ക്കാണ് പോകുന്നതും ഒറ്റയ്ക്കാണ്. ഇടയിലുള്ള ബന്ധങ്ങളേയൊന്നും ഉപദ്രവിക്കാതേ... എല്ലാം പഠിക്കാനായി തന്നവ മാത്രമാണ്. എല്ലാത്തിനും കാരണം ഞാൻ തന്നെയെന്നുറപ്പിച്ച് ഉത്തരവാദിത്വത്തോടെ എല്ലാം ഏറ്റെടുത്ത് വിജയിപ്പിക്കൂ. ലക്ഷ്യം നിസ്വാർത്ഥ സേവനമാകുമ്പോൾ ജീവിതവിജയം സുനിശ്ചിതമല്ലേ.

●





ഡോ. സി. രാമകൃഷ്ണൻ
9447358663, 0491 2505521

# അഫേഷ്യ
(Aphasia)

**സം**സാരശേഷി ഇല്ലായ്മക്കാണ് അഫേഷ്യ എന്ന് പറയപ്പെടുന്നത്. തളർവാതത്തിന്നിരയാകുന്ന അവസ്ഥയിലാണ് ഈ അസുഖം കണ്ടുവരുന്നത്. നമ്മുടെ വികാര വിചാരങ്ങളെ പറഞ്ഞറിയിക്കുവാൻ കഴിയാതെ വരുക എന്ന അവസ്ഥയാണ് ഉണ്ടാവുക. തലച്ചോറിന്റെ തകരാറുമൂലം സംഭവിക്കുന്ന രോഗലക്ഷണമാണ് ഇത്. നാവിന്റെ പേശികൾക്ക് ചലനശേഷി നഷ്ടപ്പെടുകയാണ് ഈ അവസ്ഥയിൽ. ഉയർന്ന രക്തസമ്മർദ്ദം മൂലം തലച്ചോറിന് രക്തം കട്ട പിടിക്കുന്നതുമൂലം, അപകടം മൂലം തലച്ചോറിലെ രക്തം കട്ട പിടിക്കുന്നത് മൂലം, പ്രമേഹം ഇതെല്ലാമാണ് പ്രധാന കാരണങ്ങൾ. തലച്ചോറിന്റെ ഇടതുവശം തകരാറിലാവുമ്പോൾ ശരീരത്തിന്റെ വലതുവശത്തേക്കും വലതുവശം തകരാറിലാവുമ്പോൾ ഇടതുവശത്തേക്കും തളർച്ച അനുഭവപ്പെടുന്നു. ഇതിൽ വലതുവശം തളരുന്ന അവസ്ഥയിലാണ് സംസാരശേഷി നഷ്ടപ്പെടുന്നത്. മാനസിക സംഘർഷം, പ്രമേഹം, രക്തസമ്മർദ്ദം എന്നിവ നിയന്ത്രണ വിധേയമാക്കേണ്ടതാണ്. ശരീരത്തിലെ ഏതെങ്കിലും ഒരുവശം ബലക്ഷയമോ തളർച്ചയുടെ ആരംഭമോ, അനുഭവപ്പെട്ടാൽ അധികം താമസിക്കാതെ ഉടനെ ചികിത്സയെടുക്കേണ്ടതാണ്. രോഗാനുഭവത്തിന്നുശേഷം സുമാർ ആറുമണിക്കൂറിനുള്ളിൽ ചികിത്സക്ക് വിധേയരാകണം. എന്നാൽ മാത്രമേ രോഗവിമുക്തരാകുവാൻ സാധിക്കുകയുള്ളൂ. ചികിത്സയെടുക്കാൻ താമസിക്കുന്തോറും രോഗത്തിന്റെ തീഷ്ണത വർദ്ധിക്കുന്നതാണ്.

●



## ഗുരു

# വലിയങ്ങാടിയിലെ രാജമണം

**കു**റച്ചുദിവസങ്ങൾക്കുമുമ്പ് കോഴിക്കോട് ചെന്നപ്പോൾ വലിയങ്ങാടി വഴി നടക്കണം എന്നൊരു മോഹം. വാഹനമെടുക്കാതെ നടന്നു വലിയങ്ങാടിയുടെ ഇടുങ്ങിയ റോഡുകളിലൂടെ ! അവിടെ ഓരോന്നിനും ഓരോ കടയാണ്. ശർക്കരയുടെ കടയിൽ പല നിറത്തിലുള്ള ശർക്കരകൾ കാണാം. പഞ്ചസാര കടയിൽ വലിയ തരിയുള്ളത് വേറെ, ചെറിയ തരിയുള്ളത് വേറെ. വറ്റൽ മുളകുകടയിൽ നീളം കൂടിയത്, നല്ല ചുവപ്പുള്ളത്, പിരിഞ്ഞത്, ഉണ്ട എന്നിങ്ങനെ. അരിക്കടയിൽ എത്ര തരം അരിയാണെന്ന് പറയാൻ പോലും വയ്യ, അത്രയും തരം കാണാം. ധാന്യങ്ങളുടെ കടയിൽ പലതരം മുതിര, കടല, ചെറുപയർ, വെള്ളപ്പയർ, വലിയ പയർ, ചെറിയ പയർ എന്നിവ. ഉലുവക്കടയിൽ ഉലുവ, കടുക്, ജീരകം, പെരുംജീരകം. സുഗന്ധവ്യഞ്ജനക്കടയിൽ കറുകപ്പട്ട, കരാമ്പൂവ്, ഏലം എന്നിവ കൂന കൂട്ടിയിരിക്കുന്നു. ചന്ദനത്തിരിക്കടയിൽ വിവിധയിനം ചന്ദനത്തിരികൾ ഗുമുഗുമാ മണവുമായങ്ങിനെ, ഗോതമ്പുമാവിൻ കടയിൽ പലതരം ആട്ടകൾ... തിരക്കുപിടിച്ച റോഡ്... വാഹനങ്ങൾ തലങ്ങും വിലങ്ങുമിട്ട ചാക്കുകൾ ഇറക്കുന്നു. അതിനിടയിലൂടെ ഇത് ഞങ്ങളുടെ കൂടിയാണെന്ന സ്വാതന്ത്ര്യ ബോധത്തിൽ പശുക്കൾ, ആടുകൾ, എരുമകൾ എന്നിവയും കൂടാതെ നായ, പട്ടി എന്നിവയും... പച്ചക്കറി മാർക്കറ്റ് റോഡിൽ കടന്നപ്പോൾ കുമ്പളങ്ങ, മത്തങ്ങ, നാരങ്ങ, നാളികേരം, മാമ്പഴം, വാഴപ്പഴം, നേന്ത്രപ്പഴം, വെറ്റില, അടയ്ക്ക പലവിധം, നീറ്റിലിട്ടത്, പച്ച, പഴുത്തത്, റോജാ പാക്കറ്റുകൾ, വെറ്റിലകൾ പല തരം, വെളുത്തത്, പച്ച, പരുക്കൻ, സേലം... പുകയില പലതരം, പലമണം, നീളത്തിൽ അരിഞ്ഞത്, ചുരുട്ടിയത്, എത്ര തരം മുളകുകൾ നീളൻ, ഉണ്ട, ചുള്ളി, പൊന്തൻ, ചീനി, വെളുത്തത്, പച്ച, വയലറ്റ്... പല തരം... എല്ലാ വലിയങ്ങാടികൾക്കും ഉണ്ട് ഒരു പ്രത്യേക തരം മണം... എല്ലാ പലവ്യഞ്ജനങ്ങളുടേയും എല്ലാ മനുഷ്യരുടേയും, മൃഗങ്ങളുടേയും, പച്ചക്കറി, പലതരം പൂക്കൾ, പലതരം പഴങ്ങൾ, കിഴങ്ങുകൾ, പലഹാരങ്ങൾ ഉണ്ടാക്കുന്ന എണ്ണ, പലതരം ബേക്കറിയുടെ സാധനങ്ങൾ, റൊട്ടി, ബിസ്ക്കറ്റ്, കാപ്പിപ്പൊടി എന്നിവയുടെ മണവും കൂട്ടത്തിൽ ചാണകം, മണ്ണ് എന്നിവ കൂടിച്ചേരുമ്പോൾ ഉണ്ടാവുന്ന ഒരു പ്രത്യേക തരം മണം. ഇത് രാജമണമാണ്. വലിയങ്ങാടി എല്ലാ അങ്ങാടികളുടേയും രാജാവാണ്. ഈ മണം എല്ലാവർക്കും ഇഷ്ടമാണോ എന്നെനിക്കറിയില്ല... പക്ഷേ എനിക്കിഷ്ടമാണ് ആ മണം. എന്നെ മത്തുപിടിപ്പിക്കും പലപ്പോഴും. ഇടയ്ക്ക് ഞാൻ ഒരു പത്തുമിനിട്ട് ഏതെങ്കിലും ഒരു കടയിൽ കയറുകയും ചെയ്യും. ഇത് ഞാൻ ബോധപൂർവ്വം ഇഷ്ടപ്പെടുന്നതല്ല. സത്യത്തിൽ എന്തുകൊണ്ടോ എനിയ്ക്കിഷ്ടമാണ്. ഞങ്ങളാരും ഒരു വലിയങ്ങാടിയിലും കച്ചവടം ചെയ്തിട്ടില്ല. എന്നിട്ടുമെന്തേ ഈ ഇഷ്ടം ? ഞാൻ പലതവണ എന്നോടുതന്നെ ചോദിച്ചിട്ടുണ്ട്. ഇപ്പോഴും എനിക്ക് കൃത്യമായി അറിഞ്ഞുകൂടാ ഉത്തരം. പക്ഷേ ഒരു കാര്യം ഞാൻ മനസ്സിലാക്കിയിരിക്കുന്നു... വലിയങ്ങാടി ഒരു പ്രത്യേക ലോകമാണ്. അവിടെ മനുഷ്യനുണ്ട്, മൃഗങ്ങളുണ്ട്, പക്ഷികളുണ്ട്, പൂക്കളുണ്ട്, നന്മയുണ്ട്, തിന്മയുണ്ട്, സത്യമുണ്ട്, കാപട്യമുണ്ട്, വിശാലതയുണ്ട്, സങ്കുചിതത്വമുണ്ട്, കാർക്കശ്യമുണ്ട് എന്നാലോ വിട്ടുവീഴ്ചയുണ്ട്, ദൈവമുണ്ട്, പിശാചുണ്ട് ഇങ്ങനെ ഒരു സമൂഹത്തിലുള്ള എല്ലാമുണ്ട്... എല്ലാം. ഇവയെല്ലാം ചേർന്ന ഒരു കൂട്ടായ്മയാണിവിടെ. അതിൽ ഏതെങ്കിലും മാറ്റിയാൽ അത് വലിയങ്ങാടിയല്ലാതാവും. ഒരേ സാധനങ്ങളുടെ ഒന്നോ രണ്ടോ കട മാറ്റിയാൽ കുഴപ്പമില്ല. രണ്ടോ നാലോ പ്രത്യേക കടകൾ മാറ്റിയാലും കുഴപ്പമില്ല പക്ഷേ പച്ചക്കറി അപ്പാടെ മാറ്റിയാൽ പൂക്കട മാറ്റിയാൽ, കാപ്പിക്കട മാറ്റിയാൽ, കരയാമ്പൂ കട മാറ്റിയാൽ എല്ലാം ആ അങ്ങാടിയുടെ താളം തെറ്റിക്കും. ഇത്തരത്തിലുള്ള ഒരു സമൂഹമാണ് നമുക്കിഷ്ടം. എനിക്കിഷ്ടം... അതാണ് ആ മണം ഇഷ്ടപ്പെടാൻ കാരണം.

സുഹൃത്തുക്കളെ, യഥാർത്ഥത്തിൽ നമ്മുടെയെല്ലാ സമൂഹങ്ങളും ഇത്തരത്തിൽ തന്നെയല്ലെ. ഒരു സമൂഹത്തിൽ ധനവാനും ദരിദ്രനും കച്ചവടക്കാരനും സർക്കാർ ജോലിക്കാരും കർഷകരും കൂലിവേലക്കാരും, ഒരു പണിയുമില്ലാത്തവരും നല്ലവരും ചീത്തയും കുറ്റം പറയുന്നവരും നന്മ മാത്രം ചെയ്യുന്നവരും വെളിച്ചപ്പാടുമാരും കോമരങ്ങളും എല്ലാവരും... ഇല്ലേ. ഇതെല്ലാം ചേരുന്നതല്ലേ ഒരുയഥാർത്ഥ സമൂഹം. അവരിൽ വലിയ തരത്തിലുള്ള മാറ്റങ്ങൾ വരുമ്പോഴല്ലേ നമ്മൾ സംസ്കാരമില്ലാത്തവൻ എന്നൊക്കെ പറയേണ്ടിവരുന്നത്. ഈ സംസ്കാരത്തിന്റെ മണമല്ലേ നമ്മെയൊക്കെ മത്ത് പിടിപ്പിക്കേണ്ടത്. ഈ സമൂഹമണമല്ലേ നാം കാത്തുസൂക്ഷിക്കേണ്ടത്.

•

# വിവാഹം, വിവാഹ മോചനം, മുത്തലാക് - ഒരു കുറിപ്പ്



എം. എം. മേനോൻ
0491 6451469

ഉർദ്ദു/അറബി ഭാഷയിൽ കുർ ആൻ (Quran), കാനൂൻ-കായ്ദാ (Law and order. നിയമവും ക്രമസമാധാനവും), കൈദി (Captive ബന്ധനസ്ഥൻ) എന്നീ വാക്കുകൾക്ക് ഉപയോഗിക്കാൻ കണ്ഠത്തിൽ നിന്ന് പുറപ്പെടുന്ന മൃദുവായ അക്ഷര ശബ്ദം (കാഫ്) ഉണ്ട്. മുത്തലാഖിന്റെ സ്ഥാനത്ത് മുത്തലാക് അധികം ഉചിതമായിരിക്കാം.

തുടക്കത്തിൽ തന്നെ നൂർ ജിഹാൻ എഴുതിയ ലേഖനം 'മുത്തലാഖ്' (ഏക തത്ത്വ പുസ്തകം 7 ലക്കം 2 ജനുവരി 2017) വായനക്കാർക്ക് ഈ വിഷയത്തെക്കുറിച്ച് അറിവും വ്യക്തതയും നൽകുമെന്ന് ഉറപ്പിക്കട്ടെ. പല കാഴ്ചപ്പാടിൽ നിന്നും വിവരിച്ച ഇത്, ദുർഭാഗ്യം അനുഭവിച്ച (അനുഭവിക്കുന്ന) മഹിളകളുടെ വാസ്തവ ഗുണത്തിനാണെന്നതിൽ സംശയം തീരെയില്ല. എന്നാലും ഊന്നൽ മനുഷ്യന്റെ കടമകളിലും അധികം അവകാശങ്ങളിൽ/അധികാരങ്ങളിൽ ആയിയോ എന്ന ചെറുശങ്ക ഉണ്ട് ! എന്തായാലും പേരിനൊത്ത - നൂർ (വെളിച്ചം/പ്രകാശം) ജഹാൻ (ലോകത്തിന്) - ഈ ശ്രമം തികച്ചും പ്രശംസനീയം തന്നെ. ഹൃദ്യമായ നന്ദി.

ഏതു മഹാവാക്യങ്ങളും സന്ദർഭോചിതമായി ഗ്രഹിച്ചില്ലെങ്കിൽ ചിലപ്പോൾ വിപരീതാഭാസം നൽകാൻ ഇടയുണ്ട്. മനുസ്മൃതിയിലെ "ന സ്ത്രീ സ്വാതന്ത്ര്യമർഹതി..." എന്നതും ഒരുപക്ഷെ അതുപോലെയാണോ ? അതിലെ ആദ്യത്തെ മൂന്നുവരികൾ രക്ഷകർത്താക്കന്മാരായ പിതാവ്, ഭർത്താവ്, പുത്രൻ എന്നിവരുടെ കടമയെക്കുറിച്ച് പറഞ്ഞതിനെ അവഗണിച്ച് നാലാം വരി 'സ്വാതന്ത്ര്യം' എന്നതിനെ മാത്രം എടുത്തുകാട്ടിയത് അത്ര ഉചിതമല്ല. (മനുവിന്റെ പ്രതിരോധ പക്ഷ വക്കീൽ (Defence Lawyer) ആയല്ല ഇത് എഴുതുന്നത് !!) സ്വാതന്ത്ര്യം എന്ന ആശയം അത്ര വ്യക്തമാണോ ? ചഞ്ചല മനസ്സിനെ അടക്കി നിയന്ത്രിക്കാൻ കഴിയാത്ത ഏതു വ്യക്തിയാണ് "സ്വതന്ത്രൻ" ? ഒരു പ്രസിദ്ധ ചൊല്ലുണ്ട്. "Man is born free, but everywhere he is in chains." (മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, എന്നാൽ എല്ലാ ഇടത്തും ചങ്ങലയാൽ ബന്ധനസ്ഥനാണ്!)

ഇതേ വിഷയത്തിൽ, 'മുത്തലാക് നിയമ വിരുദ്ധമാക്കേണമോ ?' എന്ന ശീർഷകത്തിൽ 'The Hindu'ൽ 24 ഫെബ്രുവരി 2017 പേജ് 11 ൽ കൊടുത്ത മൂന്നു ചെറുലേഖനങ്ങൾ ശ്രദ്ധേയമാണ്. സകിയ സോമൻ (ഭാരതീത മുസ്ലീം മഹിളാ ആന്തോലൻ) എഴുതിയിരിക്കുന്നതാണ് സ്ത്രീ-പുരുഷ ഭേദമില്ലാതെ സമമായ സ്ഥിതി നൽകേണ്ടത് ഭരണഘടനാപരമായ (constitutional obligation) കടപ്പാടാണെന്നാണ്.

കമാൽ ഫറൂക്കി (മുൻ അഖിലേന്ത്യാ മുസ്ലിം വ്യക്തിപര നിയമ ബോർഡ്) സ്പഷ്ടമാക്കിയതാണ് RTI Act (സൂചനാ അവകാശ നിയമം) വഴി ലഭിച്ച വിവരപ്രകാരം അന്യായപരമായ ഇത്തരം മുത്തലാക് അത്ര അധികമില്ലെന്നും, ഇത് ചില അശിക്ഷിത/ദരിദ്ര കുടുംബങ്ങളിലാണ് കാണപ്പെടുന്നതും എന്നാണ്. ലക്നൗവിലെ പ്രശസ്ത മഹിളാവകാശ പ്രവർത്തകർ, ആദ്യത്തെ മഹിളാ കാസി (Qasi)യുമായ സയ്യദാ ഹമീദ് വിശദീകരിച്ച പ്രകാരം സുപ്രീം കോടതി തീർപ്പുകൾ ഇത് തികച്ചും അസ്വീകാര്യമാക്കിയിരിക്കുന്നതിനാൽ വിഷയത്തെ വീണ്ടും വീണ്ടും ഉയർത്തി സമുദായത്തിൽ അശാന്തി / അസന്തുഷ്ടി ഉണ്ടാക്കാൻ ശ്രമിക്കുന്നത് ഒഴിവാക്കണം എന്ന് ഉറപ്പിച്ചിട്ടുണ്ട്. (വാസ്തവത്തിൽ Uniform Civil Code എന്ന പ്രശ്നം വക്രീകൃത രാഷ്ട്രീയ കാഴ്ചപ്പാടിനാൽ കുത്തിപ്പുഴക്കപ്പെട്ട ഒന്നാണോ എന്നു കാര്യമായ സംശയമുണ്ട് !!)

എന്റെ ഈ ലേഖനം / ശ്രമം വിവാഹം എന്ന അതിമംഗളകര/ അത്യാവശ്യ ഒന്നിനെക്കുറിച്ച് ഗാഢമായി ചിന്തിച്ചു മനസ്സിലാക്കാൻ ഒരു അപേക്ഷ കൂടിയാണ്.

**പശ്ചാത്തലം**

പ്രകൃതിയിലെ സുമാർ എല്ലാ ജീവികളിലും ലിംഗഭേദം ഉണ്ട്. അതുപോലെത്തന്നെ വംശം തുടർന്നുപോകാൻ ലൈംഗികബന്ധം മിക്കവർക്കും അനിവാര്യമാണ്. ആണും പെണ്ണും തമ്മിലുള്ള ആകർഷണം പൊതുവെ ഇതിനു സഹായമായി വരുന്നു. വിവേകം നിയന്ത്രണ ശക്തി എന്നിവയില്ലാത്ത അന്യ ജീവജാലത്തിന്റെ നന്മക്കായി ലൈംഗിക ബന്ധത്തിനു പ്രത്യേക ദിവസങ്ങൾ /സമയങ്ങൾ പ്രകൃതി നിർണ്ണയിച്ചിട്ടുണ്ട്. (ചില വൈറസ്സുകൾ നിയന്ത്രണമില്ലാതെ സ്ഫോടനമെന്ന നിലയിൽ പെരുകി സ്വയം നശിക്കുന്നത് നമുക്ക് കാണാം !) 'വിവേക ജീവി' എന്നു സ്വയം നിശ്ചയിച്ച മനുഷ്യന് ഇത്തരം വിലക്കില്ല. എന്നാൽ മനുഷ്യർക്കും തന്നെ അനേകം നൂറ്റാണ്ടുകളായി പരമ്പരാഗതമായി വികസിപ്പിച്ചെടുത്ത (evolve) ചില ആചാരങ്ങൾ/ക്രമങ്ങൾ അടങ്ങിയ മുഖ്യമായ ഒന്നാണ് വിവാഹം. (മനുഷ്യനന്മക്കായി വികസിപ്പിച്ചെടുത്ത ഇതിനെ നവീന കാഴ്ചപ്പാട് നൽകി വക്രീകരിച്ച മധ്യവർഗ്ഗത്തെ വ്യതിചലിപ്പിക്കുന്ന ഘൃണായോഗ്യമായതും പതുക്കെ തലയുയർത്തി വരുന്നതുമായ അത്യാധുനിക മാറ്റം അതിശീഘ്രം നശിക്കുമെന്നു ആശിക്കുന്നു !)

പ്രായപൂർത്തി വന്നശേഷം, വരും തലമുറയുടെ ദേഹിക/ മാനസിക ആരോഗ്യത്തേയും നന്മയേയും മുൻ നിർത്തി പോഷിപ്പിക്കാനുള്ള ഉദ്ദേശത്തോടെ മാതാപിതാക്കൾ ചേർന്നാലോചിച്ചു, കുടുംബം, ജാതകം, പലതര പൊരുത്തം എന്നിവയെക്കുറിച്ച് അന്വേഷിച്ചറിഞ്ഞു, എളുപ്പത്തിൽ പൊട്ടാത്ത/വേ

ർപെടാത്ത ഒരു ബന്ധം സ്ഥാപിക്കാൻ സഹായിക്കുന്ന ഒന്നായാണ് വിവാഹം എന്ന ചടങ്ങ്/മുറ നടത്തി വരുന്നത്. ജീവിതത്തിൽ പല കാരണങ്ങളാലും വിവിധ അപ്രതീക്ഷിത പ്രശ്നങ്ങളും വിഘ്നങ്ങളും നേരിടേണ്ടി വരുന്നത് സാധാരണമാണ്. ഭിന്നമായ സാഹചര്യം/പരിസ്ഥിതികളിൽ ജനിച്ചുവളർന്ന കുട്ടികൾ വിവാഹിതരാകുമ്പോൾ വ്യത്യസ്തമായ അഭിപ്രായങ്ങൾ ഉണ്ടാവുന്നതും സ്വാഭാവികമാണ്. പൂർണ്ണരൂപത്തിൽ മാനസിക സന്തുലനം (mental maturity) വളർത്തിയെടുക്കുംമുമ്പ്, ഇത്തരം അന്തരങ്ങളെ ഒന്നിച്ചുചേർന്നു അഭിമുഖീകരിച്ചു പൊരുതി ജയിക്കേണ്ടത് ദമ്പതിമാരുടെ ധർമ്മമാണ്. വരും തലമുറയുടെ ഗുണത്തിനായി ചിന്തിച്ചു, ഉചിത ത്യാഗം ചെയ്തു, പ്രചോദനം/മാർഗ്ഗദർശനം എന്നിവ നൽകി ജന്മസാഫല്യം നേടേണ്ടത് മാനവ ധർമ്മമായി മുമ്പ് കരുതിയിരുന്നു. വിവാഹശേഷം ക്രമേണ വാസ്തവസ്നേഹം, അടുപ്പം എന്നിവ ശക്തപ്പെടേണ്ടതും ശക്തപ്പെടുത്തേണ്ടതും ആക്കുന്നത് ദമ്പതികളുടെ ധർമ്മമെന്ന പൂർണ്ണ വിശ്വാസത്തോടെ ജീവകാലത്തിൽ എല്ലാം ശുഭമായി/മംഗളകരമായി നടത്തിവരാൻ ഇരുവരുടേയും ആത്മാർത്ഥ ശ്രമം ഉണ്ടായിരുന്നു. ദൈവവിശ്വാസം, മാതാപിതാക്കൾ, മുതിർന്നവർ, സ്വാർത്ഥരഹിത ചിന്തകർ - എല്ലാം ചേർന്ന് സമുദായത്തിന്റെ യഥാർത്ഥ നന്മയ്ക്കായി വികസിപ്പിച്ചെടുത്ത ആചാരങ്ങൾ, കർമ്മധർമ്മങ്ങൾ എന്നിവ വ്യക്തികളുടെ ക്ഷമ, സഹനശക്തി, ചുമതലാബോധം എന്നിവയെ ദൃഢപ്പെടുത്താൻ സഹായിച്ചിരുന്നു. വക്രീകരണങ്ങളും ക്രമക്കേടും തീരെയുണ്ടായിരുന്നില്ല എന്നു കരുതുന്നത് ശരിയല്ല, എന്നാലും Exceptions prove the rule (അതിദുർല്ലഭമായ ഇവ നിയമത്തിനു താങ്ങു നിൽക്കുന്നു !) എന്ന ചൊല്ലു പോലെ ഉറപ്പുതരുന്നു.

ഇസ്ലാം മതത്തെക്കുറിച്ച് വ്യക്തമാക്കിയതുപോലെ ക്രിസ്തുമതാചാരത്തിലും വിവാഹമോചനത്തെക്കുറിച്ച് ബൈബിൾ (King John's Version - Matthew 19.6) സ്പഷ്ടമാക്കിയതാണ്, "വിവാഹശേഷം ഏതു കാരണത്താൽ അവർ ഭിന്നമല്ല, ഒരേ ദേഹമാണോ, അതിനാൽ ഈശ്വരൻ ചേർത്തി വെച്ച ബന്ധത്തെ ആരും തന്നെ അറുക്കരുത്" ഈ നിബന്ധനയുടെ ആവശ്യം എന്താണ് എന്ന് വക്രബുദ്ധിയായ ചില അവിശ്വാസികൾ അദ്ദേഹത്തോട് ചോദിച്ചുവത്രെ, "വിവാഹമോചനം തീരെ നിഷിദ്ധമാണോ ?" ഉത്തരമായി കൊടുത്തതാണ് - "സൃഷ്ടികർത്താവ് പ്രത്യേക ഉദ്ദേശത്തോടെ പുരുഷനേയും സ്ത്രീയേയും വ്യത്യാസത്തോടെയുണ്ടാക്കി. എന്നാൽ വിവാഹബന്ധത്തിനായി അവർ അച്ഛനമ്മമാരിൽ നിന്ന് പിരിഞ്ഞ് രണ്ടുപേരും ഒന്നായി ചേർത്തപ്പെടുന്നു. അതിനാൽ ഈശ്വരൻ ഇങ്ങനെ ചേർത്തിയ ബന്ധത്തെ ആരും വേർപെടുത്തരുത്."

മേൽ കൊടുത്തത് 'വിവേക ജീവി' എന്ന് സ്വയം അഭിമാനിക്കുന്ന മനുഷ്യവർഗ്ഗത്തിനു എത്ര മുഖ്യവും, ദൃഢവും, ഒഴിച്ചുകൂടാത്തതുമാണെന്ന് തെളിവാക്കുന്നുണ്ട്.

## ഇന്നത്തെ നമ്മുടെ സ്ഥിതി

കഴിഞ്ഞ 2-3 ദശകങ്ങളായി ഇന്ത്യയിലും ഒരു അതിചിന്താജനകമായ ആധുനിക കാഴ്ചപ്പാട് പതുക്കെ പതുക്കെ ഉയർന്നുവരുന്നത് ഭാവിയെ വിനാശത്തിലേക്ക് നയിക്കും. ഇന്ത്യയിൽ ബ്രിട്ടീഷുകാരാൽ ചതച്ചരക്കപ്പെട്ട മാനവാധികാരത്തിന്നെതിരെ ഗാന്ധിജിയുടെ നേതൃത്വത്തിൽ സമത്വം, അധികാരം, സ്വാതന്ത്ര്യം, സ്വരാജ്യം എന്നീ ചിന്തകൾക്കു ഊന്നൽ കിട്ടി. പക്ഷെ ഇവയെല്ലാം 200 കൊല്ലത്തെ ബ്രിട്ടീഷ് സാമാജ്യവാദത്തിന്നെതിരെയായിരുന്നു. എന്നാൽ ഇന്ന് ആധുനിക ഭൗതികത, ഉപഭോക്താ സംസ്കാരം കാരണം, പൊതുവെ നിയന്ത്രണമില്ലാതെ പെരുകി വരുന്ന ആർത്തിക്കു പ്രചോദനം ലഭിച്ചു. ഇതിനാൽ മേൽ പറഞ്ഞ പദങ്ങൾക്ക്, സ്വാർത്ഥപരമായതും, ഇടുങ്ങിയതും ആയ കാഴ്ചപ്പാടും അല്പദൃഷ്ടിയും നാം നൽകിവരുന്നത് നമ്മളറിയുന്നില്ല. പ്രവൃദ്ധമായി വരുന്ന കുബേര-മന്മഥ ആരാധനയാൽ മൗലിക മാനവമൂല്യങ്ങളോട് ഭാരതീയർക്കുണ്ടായിരുന്ന ബഹുമാനം തീരെയില്ലാത്ത നിലയാണ് ഇന്ന് കാണുന്നത്. ഗാന്ധിജിയുടെ അതിപ്രധാന മുന്നറിയിപ്പ്, 'അധികാരങ്ങൾ/അവകാശങ്ങൾ കടമകളുടെ മനസാ-വാചാ-കർമ്മണാ നിറവേറ്റൽ നിന്നാണ് ജനിക്കുന്നത്, നാം തീരെ നിരാകരിച്ചിരിക്കുന്നു. സ്വാതന്ത്ര്യ സമരത്തിനു സ്ത്രീകളുടെ ആത്മവിശ്വാസത്തെ ഉയർത്തി പൂർണ്ണസഹകരണം/ശ്രമം എന്നിവയുടെ അനിവാര്യതയിൽ ഊന്നിക്കൊണ്ട് പുറപ്പെടുവിച്ച മുദ്രാവാക്യങ്ങളല്ലെ സ്ത്രീ-പുരുഷ സമത്വം, വ്യക്തികളുടെ സമാന അധികാരം/അവകാശം എന്നിവ ? അനിയന്ത്രിത ആർത്തീ കാരണം ഇന്ന് മാനവമൂല്യങ്ങളായ സത്യം (വേണമെങ്കിൽ അധികൃതർ പിടിക്കട്ടെ/തെളിയിക്കട്ടെ എന്ന നിലയല്ല !); ധർമ്മം (മറ്റവരാരും ചെയ്യുന്നില്ല. ഞാൻ മാത്രം പാലിച്ചാൽ പിന്നിട്ടു പോവുകയില്ലെ എന്ന നിലയല്ല !); അഹിംസ (എനിക്ക് വേണ്ടത് ഞാൻ ചെയ്യും. നോക്കട്ടെ ആരാണ് തടുക്കുന്നത് എന്ന വിചാരമല്ല !) സഹകരണം (ഇന്ന് മത്സരിക്കാതെ ഒന്നും സാധ്യമല്ല എന്ന വെല്ലുവിളിയല്ല !);

ക്ഷമ, ദയ, ത്യാഗം (എനിക്ക് ജനനാലെ ക്ഷമക്കുറവാണ്. ത്യജിച്ചാൽ പിന്നിട്ടു പോവുകയില്ലെ എന്ന സംശയമല്ല ! ഫ്രാൻസിസ് പുണ്യവാളന്റെ പ്രാർത്ഥന "കൊടുക്കുന്നതിലാണ് നാം ലഭിക്കുന്നത്" എന്നത് ഇന്ന് ഉചിതമല്ല, എന്ന ബോധമല്ല !) സ്നേഹം (ഇന്ന് സ്നേഹവും കാമവും ഒന്നുതന്നെയെന്ന ബോധമാണ് ! ഉചിത ത്യാഗമില്ലാതെ സ്നേഹം എവിടെ ? സ്നേഹം വാണിജ്യം/വ്യാപാരം എന്നുള്ളതിനല്ല !); മുതലായവയെ കുബേരാരാധനയുടെ ബലിപീഠത്തിൽ നാം അർപ്പിച്ചിരിക്കുകയല്ലെ ? ചിന്തിക്കുക. ചെറുവയസ്സിൽ ആദർശപരമായ പോറ്റലിനു സമയം/മനസ്സു ഇല്ലാത്ത മാതാപിതാക്കൾ മുതിർന്ന ഇതേ യുവാക്കളിൽ നിന്ന് സ്നേഹം, സഹായം, ചുമതലാബോധം എന്നിവ പ്രതീക്ഷിക്കാമോ? നിസ്സംഗതയോടെ ചിന്തിക്കുക ! പിഞ്ചു മനസ്സുകളിൽ തിരക്കുപിടിച്ചു, നട്ടുവളർത്തുന്ന ഭയമല്ലെ "Each one to himself and devil take the hindmost !" (അവനവന്റെ കാര്യം അവനവൻ നോക്കട്ടെ. പിന്നിട്ടവനെ ചെകുത്താൻ പിടിക്കട്ടെ!) ചിന്തിക്കുക !

## "വികസിത" പാശ്ചാത്യദേശങ്ങളുടെ സ്ഥിതി

പാശ്ചാത്യ രാജ്യങ്ങളിലെ ഘൃണായോഗ്യവും ദയനീയമായതും ആയ സ്ഥിതിയെക്കുറിച്ച് 'The Hindu' എന്ന പത്രത്തിൽ 11 ജനുവരി 2014, പേജ് 11ൽ പദ്മാ സുബ്രഹ്മണ്യന്റെ ലേഖനത്തിന്റെ സാരാംശം, ഏക തത്ത്വ പുസ്തകം 4, ലക്കം 6,

ലേഖനം

# പ്രായോഗിക പരിജ്ഞാനവും, വ്യർത്ഥമായ പാണ്ഡിത്യവും

## (Practical skills and meaningless erudition or knowledge)

മേയ് 2014, 11ാം പേജിൽ, 'മാനസിക പ്രദൂഷണത്തിന്റെ' ഉദാഹരണമായി കൊടുത്തതിന്റെ സാരാംശം, ഇവിടെ വീണ്ടും. 'ബ്രിട്ടണിൽ സുമാർ 47 ശതമാനവും അമേരിക്കയിൽ 42 ശതമാനവും സ്കാൻജിനേവിയൻ നാടുകളിൽ 60 ശതമാനവും അമ്മമാർ അവിവാഹിതരാണ് ! ഇതിൽ പകുതിയിലധികം 20 വയസ്സിനു താഴെ ! വിവാഹ ശേഷം പത്തുവർഷത്തിൽ പകുതിയും, 20 വർഷത്തിൽ മൂന്നിൽ രണ്ടു ഭാഗവും 30 വർഷത്തിൽ മുക്കാൽ വിവാഹങ്ങളും വിവാഹമോചനത്തിൽ കലാശിക്കുന്നു... മിക്ക കുടുംബങ്ങളിലും ഉള്ളത് Single Parent വ്യവസ്ഥ...! (അച്ഛനോ അമ്മയോ ഒന്നുമാത്രം !)

'ആധുനിക' ഭാരതവും ഇതേ അവസ്ഥയിലേക്കോ ഇതിനേയും കവിക്കാനോ ശ്രമിക്കുകയാണോ ? മത്സര മനസ്ഥിതി ഇന്നത്തെ അളവിൽ മൂത്തുവരുന്നതിനു മുമ്പു, സഹനശക്തിയുടെ മാതൃക എന്നു കരുതപ്പെടുന്ന ഭൂമിദേവിയെന്നോണം ക്ഷമ നിറഞ്ഞ അമ്മമാർ, കുഞ്ഞുങ്ങളിൽ ഈശ്വരവിശ്വാസം, മൗലിക മാനവ മൂല്യങ്ങൾ എന്നിവയുടെ വിത്തു പാകി പോഷിപ്പിക്കാൻ ശ്രമിക്കുന്ന ഒരു കാലമുണ്ടായിരുന്നു... വക്രീകൃതമായ ഈ 'ആധുനിക' കാഴ്ചപ്പാടോടെ "Living -in relationship" എന്ന ഒരു ലേഖനം അലെക്സ് ജോസഫ് മുമ്പ് ഏക തത്ത്വയിൽ പ്രകാശിതമാക്കിയതിനെക്കുറിച്ച് അധികമൊന്നും എഴുതുന്നില്ല ! വിവാഹബന്ധം എന്നത് രാഷ്ട്രീയ/വ്യവസായ കാഴ്ചപ്പാടോടെ വികസിപ്പിച്ച ഉടമ്പടിയിൽ നിന്നു തികച്ചും വ്യത്യസ്തമാണ്. എത്ര തന്നെ ചേർന്നു ചിന്തിച്ചു രൂപികരിച്ച ഉടമ്പടികളിലും പഴുതുകൾ കണ്ടു പിടിക്കാൻ പ്രയാസമില്ല. ഒരുപക്ഷെ ഇതിനാലായിരിക്കാം പ്രശസ്ത ചിന്തകൻ/ലേഖകൻ/തത്ത്വശാസ്ത്രജ്ഞൻ Dr. Samuel Johnson തീർത്തു പറഞ്ഞത് "Law is an ass" (നിയമ വ്യവസ്ഥ നീക്കുപോക്കില്ലാത്ത കഴുതയെപ്പോലെയാണ്!)

ഇഷ്ടാനിഷ്ടങ്ങളാൽ കുരങ്ങു കളിക്കപ്പെടാതെ, അവയെ വികസിപ്പിച്ചെടുത്ത, വിവാഹം പോലെയുള്ള പവിത്രബന്ധങ്ങളെ ശക്തിപ്പെടുത്തി സമുദായത്തിൽ സുഖശാന്തി സ്ഥാപിക്കാൻ ഉള്ള സമയവും മനസ്സും ഏവർക്കുമുണ്ടായി വരട്ടെ !

### ഒരു പഴങ്കഥയും, ദൈനിക ജീവിതത്തിൽ അതിന്റെ പ്രായോഗികതയും

ഒരു പണ്ഡിത ശ്രേഷ്ഠൻ shoulder bag ൽ ചില വേദപുസ്തകങ്ങളും നോട്ട് ബുക്കും കൈയ്യിൽ സ്മാർട്ട് ഫോണും എടുത്തു, ഗംഗാനദി കടക്കാൻ തോണിയിൽ കയറി. സഞ്ചരിക്കുമ്പോൾ പല മന്ത്രങ്ങൾ ഉച്ചരിച്ചും ഫോൺ വഴി ശിഷ്യന്മാർക്ക് ഉപദേശം/നിർദ്ദേശം നൽകിയും busy ആയിരുന്നു. ഇടയിൽ അദ്ദേഹം വഞ്ചിക്കാരനോട് ചോദിച്ചു. "ഹേ, നീ വേദം പഠിച്ചിട്ടുണ്ടോ ?" "മഹാത്മാവേ, ഇല്ല" എന്ന് വിനീതമായി അവൻ പറഞ്ഞു. "ഛേ ! നിന്റെ ജീവിതത്തിന്റെ മൂന്നിൽ ഒരു ഭാഗം നഷ്ടമെന്നറിഞ്ഞോ !" എന്നു പണ്ഡിതൻ ഗർജ്ജിച്ചു, തന്റെ മന്ത്രോച്ചാരണം തുടർന്നു. "നിനക്ക് എഴുതുവാനും വായിക്കുവാനും അറിയുമോ ?" എന്നായി രണ്ടാമത്തെ ചോദ്യം. "ഇല്ല തമ്പുരാനേ" എന്നു തോണിക്കാരൻ പറഞ്ഞു. "കഷ്ടം ! എന്നാൽ നിന്റെ ജീവിതത്തിലെ മൂന്നിൽ രണ്ടുഭാഗം വ്യർത്ഥം തന്നെ !" എന്നായി പണ്ഡിതൻ.

തോണി നദിയുടെ നടുവിൽ എത്തിയപ്പോൾ പെട്ടെന്നു കാറ്റും കോളും അടിച്ചു തോണി നിയന്ത്രണമില്ലാതെ ചരിയാൻ തുടങ്ങി. അപ്പോൾ തോണിക്കാരൻ താഴ്മയോടെ ചോദിച്ചു - "താങ്കൾക്ക് നീന്താൻ അറിയുമല്ലോ ?" മറുപടിയായി പണ്ഡിതൻ പറഞ്ഞു. "Attached bathroom പൈപ്പിൽ 24 മണിക്കൂറും ചൂടുവെള്ളം/തണുപ്പുവെള്ളം, കുളിക്കാൻ Jacuzzi യുള്ള bath tub. എനിക്ക് നീന്തൽ പഠിക്കാൻ എവിടെ നേരമോ ആവശ്യമോ ?"

"ക്ഷമിക്കണം മഹാത്മാവേ ! തോണി വെള്ളത്തിൽ മുങ്ങാൻ പോകുന്നു. ഒരുപക്ഷെ താങ്കളുടെ ഈ മുഴുജന്മം തന്നെ നഷ്ടം ആകാൻ പോകുന്നു." എന്ന് അവൻ പറഞ്ഞ് വെള്ളത്തിൽ ചാടി നീന്തി അവൻ രക്ഷപ്പെട്ടു.

ഇന്ന് പലവിധ ആകർഷക അത്ഭുതാവഹ കഴിവുകൾ നമ്മുടെ മധ്യവർഗ്ഗത്തിലെ യുവാക്കളും മറ്റും ആർജ്ജിച്ചുവരുന്നു. പർവ്വതാരോഹണം, ആകാശത്തിൽ Hang Gliding, സമുദ്രത്തിൽ deep sea diving, ദൂര ദൂര പ്രദേശങ്ങളിലോട്ട് പര്യടനം, വിവിധ കളി മത്സരങ്ങളിൽ വൈദഗ്ദ്ധ്യം, വിജയം, കംപ്യൂട്ടർ/സ്മാർട്ട് ഫോൺ എന്നിവയിൽ സാമർത്ഥ്യം, തുടങ്ങിയ പലതര കാര്യങ്ങളിൽ നൈപുണ്യം - ഇവയെല്ലാം തന്നെ പ്രശംസാവഹമായ സാധനങ്ങളാണ് എന്ന് സംശയം ഇല്ല. പക്ഷെ... പക്ഷെ..., ഈ ഭൂമിയിൽ ജനിച്ച നമുക്കേവർക്കും മരണം വരെ ഇവിടെത്തന്നെ കഴിഞ്ഞുപോകണം. നമ്മുടെ, നമ്മൾ തന്നെ തീരുമാനിച്ച, ദുർഭാഗ്യം നിറഞ്ഞ അവസരങ്ങളേയും കഷ്ടങ്ങളേയും മാനസിക സന്തുലനം വിടാതെ അനുഭവിച്ചു ജയിക്കേണ്ടത് നമ്മളേവരുടേയും ഒഴിച്ചുകൂടാത്ത കർത്തവ്യമാണ്. ഇക്കാര്യത്തിൽ വേറെ ആരേയും കുറ്റപ്പെടുത്തിയോ വിധിയെ പഴിച്ചോ ഒരു ഗുണമോ സാന്ത്വനമോ നമുക്ക് ലഭിക്കുകയില്ല. ഗീതയെ, വേദങ്ങളെ, ബൈബിളിനെ, കൂർആനിനെ കാണാപാഠം പഠിച്ചു കണ്ഠസ്ഥമാക്കിയതിനാൽ വിശേഷിച്ചു പ്രയോജനം ഉണ്ടാവുകയില്ല. എന്നാൽ അവസാന നിമിഷം വരെ നമ്മളെ മാനസിക സന്തുലനത്തോടെ നയിക്കാൻ അനിവാര്യമായ 'പ്രായോഗിക പരിജ്ഞാനം' (Essential practical skills) വളർത്തിയെടുക്കാതെ സുഖസമാധാനം ഉണ്ടാവുകയില്ല എന്നത് തീർച്ചയാണ്. ഈ മുഖ്യ സാധനക്ക് അത്യാവശ്യമാണ് നമ്മുടെ ചഞ്ചല മനസ്സിനെ അടക്കി അതിന്മേൽ പ്രഭുത്വം സ്ഥാപിക്കുക. ഇതുവേറെ ആരാലും തന്നെ നമുക്കായി ഇത് തരാൻ സാധിക്കുകയില്ല.

ചഞ്ചലമനസ്സിനെ അടക്കി നിയന്ത്രിക്കാൻ നമ്മുടെ ഇഷ്ടാനിഷ്ടങ്ങളിന്മേൽ പ്രഭുത്വം സ്ഥാപിക്കാതെ ഒരു നിവൃത്തിയും ഇല്ല. ഗാന്ധിജിയും, ഗാന്ധിഭക്തൻ, തത്ത്വജ്ഞാനി, ചിന്തകൻ, ലേഖകൻ ആയ എക്കണത്ത് ഈശ്വരനും അവരുടെ കൃതികളിലും ഭാഷണങ്ങളിലും സ്പഷ്ടമാക്കിയതാണ്, പഞ്ചേന്ദ്രിയങ്ങ

ളാൽ കുരങ്ങു കളിക്കപ്പെടുന്ന മനസ്സിന്മേൽ നിയന്ത്രണത്തിനു ഒരു മുഖ്യ മാർഗ്ഗമാണ് ആഹാരവിഷയങ്ങളിൽ വിവേചനത്തോടുള്ള മേധാവിത്വം ! ദിനം തോറും പല അവസരങ്ങളും നമുക്ക് ലഭിക്കുന്നു. അനുചിത ആഹാരം കഴിക്കണം എന്ന് ആരും തന്നെ നിഷ്കർഷിച്ചിട്ടില്ല ! നമ്മുടെ ശരീരത്തെ, നമ്മുടേയും അന്യരുടേയും തന്നെ, വാസ്തവ ഗുണത്തിനായി, പോഷിപ്പിച്ചു രക്ഷിക്കേണ്ട ചുമതല നമ്മുടെതാണ്. എന്നാൽ മാറിക്കൊണ്ടുവരുന്ന നമ്മുടെ ഇഷ്ടാനിഷ്ടങ്ങളാൽ 'കുരങ്ങു കളിപ്പിക്കാതിരിക്കാൻ' ശ്രദ്ധ കൂടാതെ കഴിയുകയില്ല ! പതുക്കെ പതുക്കെ, ഇതു വഴി ജീവിതത്തിൽ നേരിടേണ്ടിവരുന്ന അപ്രതീക്ഷിത പ്രശ്നങ്ങളെ നേരിട്ടു ജയിക്കാൻ സാധ്യമാകും.

"ഇഷ്ടാനിഷ്ടങ്ങളെ നിയന്ത്രിച്ചാൽ ജന്മസാഫല്യം, സായൂജ്യം എന്നിവ ലഭിക്കുമോ ?" ഒരു പക്ഷെ ഇതുമാത്രം കൊണ്ട് സാധ്യമല്ല. എന്നാൽ, ഇല്ലെങ്കിൽ ദൈനിക പ്രശ്നങ്ങളാൽ അടിക്കടി നരകാനുഭവത്തിൽ നിന്നു മോചനം സാധ്യമല്ല ! നിസ്സംഗതയോടെ, ക്ഷമയോടെ ചിന്തിക്കുക...

നമ്മുടെ ചഞ്ചല മനസ്സിനെ അടക്കി നിയന്ത്രിക്കാനുള്ള "പ്രായോഗിക പരിജ്ഞാനം" എല്ലാവർക്കും ലഭിക്കുമാറാകട്ടെ !


●

**അറിയിപ്പ്**

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

# അജ്ഞാനികളും ജ്ഞാനികളും അല്പജ്ഞാനികളും



**എൻ. എം. നൂലേലി**
**9249965566**

അജ്ഞഃ സുഖമാരാധ്യഃ
സുഖതരമാരാധ്യതേ വിശേഷജ്ഞഃ
ജ്ഞാനാലവ ദുർവിദഗ്ദ്ധം
ബ്രഹ്മാപിനരം ന രഞ്ജയതി
(ഭർത്തൃഹരി)

**സ**മൂഹത്തിലുള്ള മൂന്നു തരം ആളുകളെപ്പറ്റിയാണ് ഈ സുഭാഷിതത്തിൽ സൂചിപ്പിക്കുന്നത്. അജ്ഞാനികൾ, ജ്ഞാനികൾ, അല്പജ്ഞാനികൾ എന്നിവരാണവർ. ഓരോ ആൾക്കൂട്ടത്തിലും ഇവർ വ്യത്യസ്ത അളവിൽ ഉണ്ടായിരിക്കും. നൂറുശതമാനം വിജ്ഞന്മാരോ, നൂറുശതമാനം അജ്ഞന്മാരോ നിറഞ്ഞ ഒരു ജനസമൂഹവും ലോകത്തിലില്ല. അറിവ്, പ്രതിനിമിഷം നന്നാലിരട്ടി വർദ്ധിക്കുന്നു എന്നു പറയാറുണ്ട്. ഇതിൽ കുറെ സത്യമുണ്ട്. ഇങ്ങനെ പെരുകുന്ന അറിവ് അപ്പപ്പോൾത്തന്നെ ഉൾക്കൊള്ളുന്നവർ കുറവായിരിക്കും. അങ്ങനെ ആരെങ്കിലും ഉണ്ടെങ്കിൽ അവരെ പുതിയൊരു കാര്യം പറഞ്ഞു മനസ്സിലാക്കാൻ എളുപ്പമാണ്. എന്തെന്നാൽ ആത്മാർത്ഥതയും ഔത്സുക്യവും സത്യപരതയും ഇവരുടെ സഹജഗുണങ്ങളാണ്.

യാതൊരറിവും ഇല്ലാത്ത കുറേപ്പേരും ഏതു സമൂഹത്തിലുമുണ്ടാവും. പക്ഷേ ഒരു ഗുണമുണ്ട്. പറഞ്ഞുമനസ്സിലാക്കാൻ ഏറ്റവുമെളുപ്പം ഇവരെയാണ്. കാരണം 'അറിയില്ല' എന്ന കാര്യം ഇവർക്ക് നന്നായിട്ടറിയാം. അതുകൊണ്ടുതന്നെ ഇവർ അറിയാനാഗ്രഹിക്കുന്നവരുമാണ്. വിജ്ഞാനസമ്പാദനത്തിനുവേണ്ട പ്രാഥമികയോഗ്യതയും ഈ അറിയാനുള്ള ആഗ്രഹം - താത്പര്യം - തന്നെയാണ്.

മൂന്നാമത്തെ കൂട്ടർ അല്പജ്ഞാനികളാണ്. നമ്മുടെയിടയിൽ ഏറ്റവും കൂടുതലുള്ളവർ ഇത്തരക്കാരാണ്. ഇവരെ പറഞ്ഞു മനസ്സിലാക്കുക ബ്രഹ്മാവിനുപോലും അസാധ്യമാണ്. ലോകത്ത് ഏറ്റവുമധികം ഭയപ്പെടേണ്ടത് അല്പജ്ഞാനികളെയാണ്.

അല്പജ്ഞാനികളെ തിരിച്ചറിയുക വളരെ എളുപ്പമാണ്. വിവാദവിഷയങ്ങളിൽ ആധികാരികഭാവേന അഭിപ്രായം പറയുന്നവരാണിവർ. പലപ്പോഴും 'താൻ പിടിച്ച മുയലിന് കൊമ്പ് മൂന്ന്' എന്ന മട്ടിലായിരിക്കും ഇവരുടെ ഇടപെടൽ. തങ്ങൾ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണെന്ന ഭാവം ഉടുപ്പിലും നടപ്പിലും പെരുമാറ്റത്തിലും ഇക്കൂട്ടർ പ്രകടിപ്പിക്കും. തങ്ങളുടെ അഭിപ്രായം മറ്റുള്ളവർ അംഗീകരിച്ചില്ലെങ്കിൽ ഇവർ വികാരാധീനരാവും. അർത്ഥരഹിതമായ ആവർത്തനം കൊണ്ട് പറഞ്ഞകാര്യം സമർത്ഥിക്കാൻ ഇവർ ശ്രമിക്കും. ഉടൻ കൊല്ലി വൈദ്യന്മാരെപ്പോലെ അജ്ഞാനികൾക്ക് വിദഗ്ദ്ധോപദേശം നൽകാൻ തയ്യാറാവുമിവർ. ഉയർന്നതലങ്ങളിലുള്ള തങ്ങളുടെ പിടിപാടുകളെക്കുറിച്ച് ഇവർ വാതോരാതെ സംസാരിക്കും. ലോകത്തിൽ താനൊഴിച്ച് ആരും നീതിയുക്തരോ സത്യസന്ധരോ ആയി ഇല്ലെന്ന് സ്ഥാപിക്കലാണ് ഈ അല്പജ്ഞാനികളുടെ ലക്ഷ്യം.

ഇവരെ - ഈ അല്പജ്ഞാനികളെ - വർജ്ജിക്കുകയാണ് വിവേകബുദ്ധിയുള്ളവർ ചെയ്യുക. അല്ലെങ്കിൽ സ്വയം കുടുക്കിൽ പെടാൻ ഇടവരും. സമൂഹത്തിൽ ഇത്തിളുകൾ വളരാൻ അനുവദിച്ചുകൂടാ. ശിശുവായിരിക്കുമ്പോൾത്തന്നെ മൂല്യാധിഷ്ഠിതമായ വിദ്യാഭ്യാസം നൽകിയാൽ അല്പജ്ഞാനികളെ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞേക്കും.

2017ൽ നാം ഒരു പ്രതിജ്ഞയെടുക്കുക : വിദ്യ ആഗ്രഹിക്കുന്ന അജ്ഞാനികളും വിദ്യയുടെ നിറകുടങ്ങളായ ജ്ഞാനികളും നിറഞ്ഞ ഒരു സമൂഹത്തെ വാർത്തെടുക്കാൻ നാം മുന്നേറുക. അപകടകരമാം വിധം അല്പജ്ഞാനികൾ മുളച്ചുപെരുകുന്ന ഒരു സാഹചര്യവും നാം സൃഷ്ടിക്കാതിരിക്കുക.

# വെടിവച്ചുവീഴ്ത്തി ആശയങ്ങളെ കീഴടക്കാനാവില്ല

**എം. ജോൺസൺ റോച്ച്**
**9495520611**

**പോ**രാട്ടപാത സ്വീകരിച്ച എത്രയോ യോദ്ധാക്കളെ ഭരണവർഗ്ഗം നിഷ്ഠൂരമായി കൊലപ്പെടുത്തിയിട്ടുണ്ട്. ചെഗുവരയും, ചിലിയൻ സോഷ്യലിസ്റ്റ് നേതാവ് സാൽവദോർ അലൻഡെയും, വിമോചന പോരാളിയായ പാർട്രസ്‌ലും മുബയും പോലെ എത്ര രക്തസാക്ഷികളെ വേണമെങ്കിലും ചരിത്രത്തിൽ നിന്നും നമുക്കെടുത്ത് നിരത്താനാവും. കേരളത്തിൽ വയനാടിലെ ആദിവാസികൾക്കിടയിൽ ജന്മിത്വത്തിനെതിരായി പ്രവർത്തിച്ചിരുന്ന വർഗ്ഗീസിനെ പിടികൂടി കസ്റ്റഡിയിൽവച്ച് കൊല്ലുകയായിരുന്നുവെന്ന യാഥാർത്ഥ്യം നാല്പതുവർഷങ്ങൾക്കു ശേഷമാണ് വെടിവച്ചുകൊന്ന റിട്ടയേഡ് ഹെഡ്കോൺസ്റ്റബിൾ രാമചന്ദ്രൻ നായർ നമ്മോടു പറഞ്ഞത്. പോലീസ് ഏറ്റുമുട്ടലിൽ ഒരു തോക്കുമായി മരിച്ചുകിടക്കുന്ന വർഗ്ഗീസിന്റെ ചിത്രമാണ് പൊലീസ് പുറത്തുവിട്ടിരുന്നത്. അന്ന് ഭരണകൂടവും പോലീസും നിറം പിടിപ്പിച്ച കഥകളാണ് നമുക്ക് മുന്നിൽ അവതരിപ്പിച്ചത്.

ഇപ്പോഴിതാ അതുപോലെ സംശയങ്ങൾ ഉണർത്തുന്ന കഥകളാണ് നിലമ്പൂർ കരുളായി വന മേഖലയിൽ സി. പി. ഐ. എം. എൽ (മാവോവാദി) കേന്ദ്രകമ്മിറ്റിയംഗവും, പശ്ചിമഘട്ടം സ്പെഷ്യൽ സോൺ സെക്രട്ടറിയുമായ തമിഴ്നാട് കൃഷ്ണഗിരി സ്വദേശി കുപ്പുദേവരാജിനെയും തമിഴ്നാട് കൃഷ്ണഗിരി സ്വദേശിനി കാവേരി എന്ന അജിതയെയും പോലീസ് വെടിവച്ചു കൊലപ്പെടുത്തിയ സംഭവത്തിൽ നൽകിയിരിക്കുന്നത്. കേരള പോലീസിന്റെ തണ്ടർബോൾട്ട് വിഭാഗത്തിൽപ്പെട്ടവരുൾപ്പടെ 60 പോലീസുകാരടങ്ങിയ സംഘവും 11 മാവോവാദികളും അടങ്ങുന്ന സംഘവും തമ്മിൽ 20 മിനിട്ട് നേരം നടത്തിയ ഏറ്റുമുട്ടലിലാണ് ഇരുവരും മരിച്ചതെന്ന പൊലീസിന്റെ ഔദ്യോഗികഭാഷ്യം പലതുകൊണ്ടും പൊരുത്തപ്പെടാതെ പോകുകയാണ്. ഏറ്റുമുട്ടൽ നടന്നതിന്റെ ഒരു ലക്ഷണങ്ങളും ഇവിടെയെങ്ങും ഇല്ലായിരുന്നുവെന്നു പറയുന്നു. മൃതദേഹങ്ങൾ കിടന്നിടത്ത് ചോരപ്പാടുകളും കണ്ടിരുന്നില്ല. 20 മിനിട്ട് പരസ്പരം ഏറ്റുമുട്ടിയിട്ടും പോലീസുകാരിലൊരാൾക്കുപോലും ഒരു പോറലുപോലും ഏറ്റിട്ടില്ല. മാവോയിസ്റ്റുകളുടെ പക്കൽ നിന്നും ഒരു പിസ്റ്റളും, ഡിറ്റണേറ്ററും ഒഴിച്ച് കാര്യമായ ആയുധങ്ങളൊന്നും കണ്ടെടുക്കുകയുണ്ടായില്ല. കുപ്പുദേവരാജ് രക്തസമ്മർദ്ദവും പ്രമേഹവും മൂർച്ഛിച്ചതിനെ തുടർന്ന് ഷെഡിൽ വിശ്രമത്തിലായിരുന്നുവെന്നും, കാവേരിയ്ക്ക് എണീറ്റ് നടക്കാൻ പോലും കഴിയാത്തവസ്ഥയിൽ മഞ്ഞപിത്തവും കാലിന് നീരും വന്ന് കിടപ്പിലായിരുന്നുവെന്നും സായുധസേന ഷെഡ്ഡിന്റെ മൂന്നുവശം വളഞ്ഞ് വെടിവെച്ചപ്പോൾ ഓടി രക്ഷപ്പെട്ട നാലുപേരിൽ ഒരാളായ അക്ബർ വെളിപ്പെടുത്തിയിരിക്കുന്നു. ഏറ്റുമുട്ടൽക്കഥ പൊലീസ് കെട്ടിച്ചമച്ചതാണെന്ന ആക്ഷേപം പരക്കെ ഉണർന്നിരിക്കുകയാണ്. അരുംകൊലയാവണം അവിടെ നടന്നതെന്നാണ് പൊതുവെയുള്ള നിഗമനം. പോലീസിന്റെയും, ഭരണകൂടത്തിന്റെയും ഭാഗമായ ക്രൈംബ്രാഞ്ച് അന്വേഷണവും, മജിസ്റ്റീരിയൽ അന്വേഷണവും സത്യം പുറത്തുകൊണ്ടുവരാൻ സാധ്യതയില്ല. ഈ സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണമായിരുന്നു അഭികാമ്യം.

കേരളത്തിൽ ആദിവാസികൾക്കിടയിലും, പട്ടികവിഭാഗങ്ങൾക്കിടയിലും പ്രവർത്തിക്കുന്ന ഒരു സംഘടനയെന്നല്ലാതെ കേരളത്തിലെ മാവോയിസ്റ്റുകൾ മറ്റെന്തെങ്കിലും ഭീകരകുറ്റങ്ങൾ ചെയ്തതായി അറിവില്ല. മുഖ്യധാര രാഷ്ട്രീയ പാർട്ടികൾ നടത്തുന്ന കുറ്റകൃത്യങ്ങളിൽ ഒരംശമെങ്കിലും ഇവർ ചെയ്യുന്നുണ്ടോ? എന്താ, വനമേഖലകളിൽ താമസിച്ച് വനവാസികൾക്കിടയിൽ സംഘടന പ്രവർത്തനം നടത്തിക്കൂടേ? ഇവർ വനമേഖലകളെ നശിപ്പിച്ചതായോ, വനവിഭവങ്ങൾ കൊള്ളയടിച്ചതായോ ഉള്ള ഒരു പരാതിപോലും ഇന്നേവരെ ഇവരുടെ മേൽ ആരും ഉയർത്തിയിട്ടില്ല. സായുധസേനകളെപ്പോലെ തരം കിട്ടുമ്പോൾ ലൈംഗിക ചൂഷണവും ഇവർ നടത്തിയിട്ടില്ല. വനം കൊള്ളക്കാർക്ക് ഇവർ പേടിസ്വപ്നങ്ങളാണ്. വനവിഭവങ്ങൾ കൊള്ളയടിക്കുന്നവരും, കാടുനശിപ്പിക്കുന്നവരും, മൃഗവേട്ട നടത്തുന്നവരും സ്വേച്ഛസഞ്ചാരം ചെയ്യുമ്പോഴാണ് ആശയ പ്രചാരണം നടത്തുന്നവരെ വെടിവെച്ചു കൊല്ലുന്നത്. കൊല്ലപ്പെട്ട രണ്ടുപേരും എന്ത് കുറ്റമാണ് ചെയ്തതെന്ന് മനസ്സിലാകുന്നില്ല. അഭിപ്രായം പറയുന്ന മാവോയിസ്റ്റുകളെ നിശബ്ദരാക്കാൻ ആർക്കാണ് അവകാശം ? ഷാർഖണ്ഡ്, ഛത്തീസ്ഗഡ്, ഒഡീഷ, തെലുങ്കാന എന്നിവിടങ്ങളിൽ മാവോദികൾക്കെതിരായ വേട്ടയും, ഏറ്റുമുട്ടലും, ആസൂത്രിത കൊലപാതകങ്ങളും, മനുഷ്യാവകാശ ലംഘനങ്ങളും പതിവാണ്. ഇതിനായി നല്ല തോതിൽ കേന്ദ്രഫണ്ടും കിട്ടുന്നുണ്ട്. അവിടത്തെ സംസ്ഥാനപോലീസിന്റെയും ഭരണകൂടത്തിന്റെയും കണ്ണ് കേന്ദ്ര ഫണ്ടിലാണ്. ഇത്തരത്തിൽ മറ്റ് സംസ്ഥാനങ്ങളുടെ നിലയിലേക്ക് ഒരു കമ്മ്യൂണിസ്റ്റ് സർക്കാർ തരം താഴേണ്ടതുണ്ടോ? ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ജനാധിപത്യത്തിന്റെ ഉന്നതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുമെന്നാണ് ജനങ്ങൾ കരുതിയിരുന്നത്.

മനുഷ്യസ്നേഹം കൂടിപോയതുകൊണ്ടാണ് മറ്റൊന്നും ചിന്തിക്കാതെ അസമത്വവും, അനീതിയും നിറഞ്ഞ ഇന്ത്യൻ ഘടനയിൽ മാറ്റം വരുത്താനായി അചഞ്ചലമായ പോരാട്ടമാർഗ്ഗമാണ് മാവോയിസ്റ്റുകൾ സ്വീകരിക്കുന്നത്. ഈ പാത സ്വീകരിച്ചിരുന്ന ഫിദൽ കാസ്ട്രോയെ വാഴ്ത്താൻ വാക്തോരണികൾ ഉപയോഗിക്കുന്നവർ ആ പാത സ്വീകരിച്ചിരിക്കുന്ന മാവോയിസ്റ്റുകളെ കൊന്നൊടുക്കുന്നു. ക്യൂബയിലും, റഷ്യയിലും, ചൈനയിലും മാർക്സിയൻ വിപ്ലവം നടന്നത് ബാലറ്റ് പേപ്പറിലൂടെ ആയിരുന്നില്ല. കാടുകളിലും, ഒളിത്താവളങ്ങളിലും വിപ്ലവകാരികൾ താമസിച്ച് സായുധവിപ്ലവത്തിലൂടെ ഭരണകൂടത്തിന്റെ കാവൽക്കാരായ സായുധസേനയെ ചെറുത്തു തോൽപ്പിക്കുകയായിരുന്നു. ഈ വിപ്ലവ നായകൻമാരെ അഭിമാനപൂർവ്വം പുകഴ്ത്തി നടക്കുന്ന ഭരണകൂടത്തിന്റെ സേനയാണ് നിരായുധരായ രണ്ടു മാവോയിസ്റ്റുകളെ വെടിവച്ചുകൊന്നത്. ഒരുവശത്ത് ക്യൂബൻ മാവോയിസ്റ്റ് പാതയിലൂടെയുള്ള വിപ്ലവത്തെ പുകഴ്ത്തുകയും മറുവശത്ത് വിപ്ലവശബ്ദം പുറപ്പെടുവിക്കുന്നവരെ ശത്രുക്കളായി കാണുകയും അവരിൽ ഒരു വിഭാഗത്തെ തിരഞ്ഞുപിടിച്ച് കണ്ടെത്തി കൊല ചെയ്യുന്നത് കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനമായി

മാറിയിരിക്കുന്നു.

തങ്ങളാണ് യഥാർത്ഥ മാർക്സിയൻ സൈദ്ധാന്തികരെന്ന് അവകാശപ്പെടുന്ന ഇവർ മാക്സിന്റെ അടിസ്ഥാനപ്രമാണമായ വർഗ്ഗസമരം ഉപേക്ഷിച്ചിരിക്കുന്നു. ഇന്നത്തെ നിലയിൽ വർഗ്ഗബഹുജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഒരു വിപ്ലവ പാതയൊരുക്കുവാൻ ബാലറ്റ് പേപ്പർ കമ്മ്യൂണിസ്റ്റ് രാഷ്ട്രീയം സ്വീകരിച്ചിരിക്കുന്ന ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയ്ക്കും ആവില്ലെന്നു മാത്രമല്ല, ഇവരുടെ പ്രവർത്തനങ്ങൾകൊണ്ട് ഇന്ന് നിലനിൽക്കുന്ന അസമത്വങ്ങൾ നിറഞ്ഞ വ്യവസ്ഥിതിയ്ക്ക് മുന്നോട്ടു പോകാനുള്ള കരുത്ത് പകർന്നു കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. വർഗ്ഗസമരം മൂർച്ഛിപ്പിക്കുന്നതിനുവേണ്ടിയുള്ള അടവുകൾ പ്രയോഗിക്കുന്നതിനുപകരം കേന്ദ്ര ഭരണത്തിൽ പങ്കാളിത്തം വഹിച്ചും, പിന്തുണച്ചും ജനകീയ സമരങ്ങളെയും, ജനങ്ങളെയും വിസ്മരിച്ച് വോട്ടുബാങ്ക് രാഷ്ട്രീയത്തിനു സർവ്വസ്വവും കീഴ്പ്പെടുത്തി സ്വയം ജീർണ്ണത കൈവരിച്ചിരിക്കുകയാണ്. സാമ്രാജ്യത്വ വ്യവസ്ഥയ്ക്കും അതിന്റെ പുത്തൻ അധിനിവേശ ആക്രമണങ്ങൾക്കും അവയുണ്ടാക്കുന്ന ചൂഷണക്രമങ്ങൾക്കുമെതിരെ സംഘടനാപരമായൊരു വ്യവസ്ഥ മാറ്റത്തിലേക്ക് നയിക്കാൻ സൈദ്ധാന്തികവും, രാഷ്ട്രീയവുമായി കെൽപ്പുള്ള ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇന്ന് ഇന്ത്യയിലില്ല. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പാർട്ടികൾ നവ ഉദാരവൽക്കരണത്തെ തള്ളിപ്പറയുമ്പോഴും നവ ഉദാരനയങ്ങളുടെ നടത്തിപ്പുകാരും, ഭരണവർഗ്ഗ രാഷ്ട്രീയത്തിന്റെ ഭാഗവുമായിത്തീർന്നിരിക്കുന്നു. പാർട്ടിയ്ക്ക് കേഡർ സ്വഭാവം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയും, ബൂർഷ്വാ സ്വാധീനങ്ങളിലും പ്രവണതകളിലും പാർട്ടി അംഗങ്ങൾ അകപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു. പാർട്ടി നിലവിലെ സാമ്പത്തിക ഘടനയോടും, വിദ്യാഭ്യാസത്തോടും ഒപ്പം സഞ്ചരിക്കുന്നതിനാൽ നിലവിലെ സാമൂഹ്യ ഘടനയോടു ഇഴുകി ചേർന്നിരിക്കുന്നു. അതിനാൽ പാർട്ടിയുടെ ഇന്നത്തെ സഞ്ചാരപഥത്തിൽ നിന്നുകൊണ്ട് സി. പി. ഐ. എം. ന് ജനകീയ സോഷ്യലിസ്റ്റ് ജനാധിപത്യ വിപ്ലവവും നടത്താനാവില്ല. മാത്രമല്ല ജനകീയ സോഷ്യലിസ്റ്റ് ജനാധിപത്യ വിപ്ലവത്തിന്റെ മുൻനിരയിൽ നിൽക്കേണ്ട പാർട്ടിയംഗങ്ങൾ പാർലമെന്ററി ജനാധിപത്യത്തിൽ നിന്നും എങ്ങനെയും പണം ആർജിക്കുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേർന്നിരിക്കുന്നു.

ഈയൊരവസ്ഥയിൽ സ്വാതന്ത്ര്യത്തിന്റെ എഴുപതുവർഷം പിന്നിടുമ്പോഴും ആദിവാസികളും ദളിത് ജനവിഭാഗങ്ങളും കടുത്ത അവഗണനയും, ജീവിത ദുരിതങ്ങളുമാണ് സഹിക്കുന്നതെന്ന മാവോയിസ്റ്റുകളുടെ വാദത്തിനു നീതിപൂർവ്വവും ഗൗരവവുമായ പരിഹാരമാണ് കാണേണ്ടിയിരിക്കുന്നത്. അവർ ഉന്നയിക്കുന്ന ഈ വിഷയത്തിൽ ഗൗരവപൂർവ്വം പരിഹാരം കാണുന്നതിനുപകരം മാവോയിസ്റ്റുകളെ നിശബ്ദരാക്കാനും ഉന്മൂലനം ചെയ്യാനും ഭരണകൂടത്തിന്റെ അറിവോടും ഒത്താശയോടും നടക്കുന്ന ശ്രമങ്ങൾ അത്യന്തം അപലപനീയമാണ്. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടികൾ മുന്നോട്ടുവച്ച കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം അവർക്ക് നടപ്പിലാക്കാനായില്ല. നമ്മൾ കൊയ്യും വയലുകളെല്ലാം നമ്മുടേതാകും പൈങ്കിളിയെ എന്ന് പാടി നടന്ന ഗാനത്തിന്റെ അർത്ഥതലങ്ങൾ നിരർത്ഥകങ്ങളായി മാറി. അടിയാളന്മാരായിട്ടെങ്കിലും പൊതുസമൂഹത്തിന്റെ ഭാഗമായി ഇടകലർന്നു ജീവിച്ചിരുന്ന ദളിതരെ കോളനി വത്ക്കരിച്ച് കോളനികളിൽ ഒതുക്കിനിറുത്തി കൊടുക്കുകയാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിപ്ലവം ചെയ്തത്. ഇതിനെയൊക്കെ ചോദ്യം ചെയ്യുന്നവരെയും അതിനെതിരെ ജനങ്ങളെ സംഘടിപ്പിക്കുന്നവരെയും ദേശീയവിരുദ്ധരും, ഭീകരവാദികളുമായി ചിത്രീകരിച്ച് നിശബ്ദരാക്കാൻ നടക്കുന്ന ശ്രമം ജനാധിപത്യ വിരുദ്ധവും, ഒരു പരിഷ്കൃത സമൂഹത്തിന് അംഗീകരിക്കാനാവാത്തതുമാണ്.

പശ്ചിമബംഗാളിലെ നന്ദിഗ്രാമിലും, സിംഗൂരിലും പാവപ്പെട്ട കർഷക തൊഴിലാളികളെ കുടിയിറക്കിയപ്പോൾ അതിനെ ചെറുക്കാൻ മാവോയിസ്റ്റുകൾക്ക് രംഗത്ത് ഇറങ്ങേണ്ടിവന്നു. തുടർന്നുവന്ന മമത സർക്കാരിനെ ഒരു സാഹചര്യത്തിലും മാവോയിസ്റ്റുകൾ പിന്തുണച്ചിരുന്നില്ലായെന്നതും ശ്രദ്ധേയമാണ്. മമതയുടെ ഏറ്റവും വലിയ ശത്രു ഇപ്പോൾ മാവോയിസ്റ്റുകളാണ്. മാവോയിസ്റ്റുകളെ പേടിച്ചിട്ടാണ് മനുഷ്യത്വം ചവിട്ടിമെതിക്കപ്പെടുന്ന ആദിവാസി മേഖലകളിലും അവിടത്തെ ദളിത് വിഭാഗങ്ങളെയും ഇല്ലാതാക്കി ടൂറിസ്റ്റ് മണിഗോപുരങ്ങൾ പടുത്തുയർത്താനുള്ള ശ്രമങ്ങൾ വ്യാപകമായി നടക്കാതിരിക്കുന്നത്. വിദേശമദ്യവും, പുകയിലയും നൽകി ആദിവാസി കുടിലുകളിൽ അന്തിയുറങ്ങാൻ പോകാതിരിക്കുന്നത് മാവോയിസ്റ്റുകളെ ഭയന്നിട്ടാണ്. മാവോയിസ്റ്റ് പോരാളികൾ ഇല്ലായിരുന്നെങ്കിൽ ആദിവാസിയെന്നൊരു വംശത്തെ തന്നെ ഉന്മൂലനം ചെയ്തുകളയുമായിരുന്നു. മാവോയിസ്റ്റുകൾ ചൂഷക വർഗ്ഗത്തിനെതിരായാണ് ആയുധമെടുക്കുന്നത്. അപ്പോൾ ഭരണകൂടത്തിന്റെ മർദ്ദനോപകരണമായ പോലീസുമായി ഏറ്റുമുട്ടേണ്ടിവരുന്നു. മുതലാളിത്വത്തിനും സോഷ്യലിസത്തിനുമിടയിൽ മധ്യപാതയോ, മൂന്നാമതൊരു പാതയോ ബാലറ്റ് പേപ്പർ കമ്മ്യൂണിസ്റ്റ് പാർട്ടികളെ പോലെ സ്വീകരിക്കാത്തവരാണ് മാവോയിസ്റ്റുകൾ. അവർ അചഞ്ചലരായ പോരാളികളാണ്. ഇവരുടെ ശത്രുക്കൾ ഭരണകൂടവും അവരെ താങ്ങിനിറുത്തുന്ന സാധുയസേനയുമാണ്. ഇതിനു വിപരീതമായി വടക്കേ ഇന്ത്യയിൽ ചില അനിഷ്ഠ സംഭവങ്ങൾ ഉണ്ടായെന്നത് ഞാനിവിടെ വിസ്മരിക്കുന്നില്ല.

എങ്ങനെയായാലും ഇന്ത്യയെ സോഷ്യലിസ്റ്റ് വ്യവസ്ഥയിലേക്ക് നയിക്കുക എന്ന ലക്ഷ്യമേ മാവോയിസ്റ്റുകൾക്കുള്ളൂവെങ്കിലും മാവോയുടെ തന്നെ ജനകീയ ലൈനിനെ നിഷേധിച്ച്, രണ്ടാം ലോക മഹായുദ്ധത്തിനു ശേഷമുണ്ടായ വമ്പിച്ച രാഷ്ട്രീയ മാറ്റങ്ങൾ കണക്കിലെടുക്കാതെ കാല്പനിക ലോകത്തിലേക്ക് മാവോയിസ്റ്റുകൾ അധഃപതിച്ചിരിക്കുന്നു. മതഭീകരതപോലെ തന്നെ ഇന്ത്യൻ ജനാധിപത്യത്തിനെതിരെ ഭീഷണി ഉയർത്തുന്ന ഭീകരവാദമായി രാഷ്ട്രീയ പ്രത്യയശാസ്ത്രത്തിലൂന്നിയ മാവോയിസ്റ്റ് ഭീകരവാദം മാറിയിരിക്കുന്നു. ഇന്ത്യയുടെ ഇന്നത്തെ സാഹചര്യത്തിൽ സായുധ വിപ്ലവം അസാധ്യമാണ്. സായുധ വിപ്ലവം സ്വപ്നം കണ്ടവരിൽ അഗ്രഗണ്യനായ ചാരുമജുംദർ അതിൽനിന്നും ഉൾവലിഞ്ഞു. ജഗൻസന്താളൻ നിരാശ ബാധിച്ച് മുഴുകുടിയനായി ജീവിതം തുലച്ചു. കനുസന്യാൽ തൂങ്ങി മരിച്ചു.


മാവോയിസ്റ്റു സാന്നിദ്ധ്യം ആന്ധ്ര, തെലുങ്കാന, ബീഹാർ, ഒഡീഷ, ഛത്തീസ്ഗഡ്, ഝാർഖണ്ഡ്, മഹാരാഷ്ട്ര, മധ്യപ്രദേശ്, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ എന്നീ മധ്യ-പൂർവ്വ ഇന്ത്യൻ സംസ്ഥാനങ്ങളിലെ 83 ജില്ലകളിൽ സജീവമായി നിലനിൽക്കുന്നതായാണ് റിപ്പോർട്ട്. ഈ പ്രദേശങ്ങളിൽ അവഗണിക്കപ്പെട്ട് കിടക്കുന്ന, ആദിവാസി, ദളിത് ജന വിഭാഗങ്ങളെ കൂട്ടുപിടിച്ചാണ് മാവോയിസ്റ്റുകൾ സജീവമാകുന്നത്. മാവോയിസ്റ്റുകളുടെ ലക്ഷ്യത്തിന് ഉദ്ദേശശുദ്ധിയുണ്ടെങ്കിലും മാർഗ്ഗം ഇന്ത്യൻ ജനാധിപത്യത്തിൽ അരാജ

കത്വം സൃഷ്ടിക്കുന്ന അപകടകരമായ രീതിയിലാണ്. ഇന്ത്യൻ സാഹചര്യങ്ങളെ കൃത്യമായി പഠിക്കാതെയും വിലയിരുത്താതെയും ഒറ്റയടിക്ക് സോഷ്യലിസ്റ്റു വിപ്ലവം നടത്തിക്കളയാമെന്ന അപകടം നിറഞ്ഞ വ്യാമോഹത്തിലാണ് മാവോയിസ്റ്റുകൾ.

ഇവർ മനുഷ്യചരിത്രത്തിൽ ഏറ്റവും കൂടുതൽ കൊലപാതകങ്ങൾ ചെയ്ത സ്റ്റാൻലിന്റെ പ്രത്യയശാസ്ത്രം ഉപേക്ഷിച്ച് മാർക്സിസ്റ്റ്-ലെനിസ്റ്റ് ലൈനിൽ ഇന്ത്യയിലെ എല്ലാ കമ്മ്യൂണിസ്റ്റ് പാർട്ടികളുമായി ഒരു ബഹുജന മുന്നേറ്റത്തിനു തയ്യാറാകണം. അതിനായി ഇന്ത്യയിലെ എല്ലാ കമ്മ്യൂണിസ്റ്റ് പാർട്ടികളും ഒന്നാകണം. അതിനുള്ള യാതൊരു സാധ്യതയും അതിവിദൂരഭാവിയിൽ പോലും കാണാനാവുന്നില്ല. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ ഒന്നുചേർന്ന് ഒരു ലക്ഷ്യത്തിനുവേണ്ടി പോരാടുന്നതിനുപകരം പരസ്പരം കുലം കുത്തികളാണെന്ന് വിളിച്ചാക്ഷേപിക്കുന്നതിനാണ് ഉത്സാഹം കാണിച്ചുകൊണ്ടിരിക്കുന്നത്. ഈ കുലം കുത്തി മത്സരത്തിൽ പാപ്പിനിശ്ശേരിയിലെ മിണ്ടാപ്രാണികൾക്കും ജീവൻ നൽകേണ്ടിവന്നു. കമ്മ്യൂണിസ്റ്റ് പാർട്ടികൾ എന്തൊക്കെ വ്യാഖ്യാനങ്ങൾ നൽകിയാലും സോവിയറ്റ് യൂണിയന്റെ തകർച്ചയും, ചൈനയിലെ മുതലാളിത്ത പുനഃസ്ഥാപനവും ഉയർത്തിയിട്ടുള്ള പ്രത്യയ ശാസ്ത്രപ്രശ്നങ്ങൾ കമ്മ്യൂണിസ്റ്റുകാരെ ബാധിച്ചിരിക്കുകയാണ്. ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടികൾ ഇടതു-വലതു സ്വാധീനങ്ങൾക്ക് കീഴ്പ്പെട്ട് അത്യന്തം ദുർബലമായി പടവലത്തിന്റെ വളർച്ച പോലെയായിരിക്കുന്നു. പാർലമെന്ററി കമ്മ്യൂണിസ്റ്റ് പാർട്ടികളെല്ലാം ജനകീയ അടിത്തറ നഷ്ടപ്പെട്ട് അധികാരമോഹം ബാധിച്ച് നശിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഈ നിലയിൽ പോയാൽ ഇന്ത്യയിൽ ഒരു ജനാധിപത്യ വിപ്ലവം പൂർത്തീകരിക്കാൻ ഇനിയും നൂറ്റാണ്ടുകൾ കൂടി കാത്തിരുന്നാലും അസാധ്യമാണ്. എങ്കിലും മാക്സിസ്റ്റു കാഴ്ചപ്പാടുകളെ സൈദ്ധാന്തികവും രാഷ്ട്രീയവും, സംഘടനാപരവുമായി വികസിപ്പിച്ച് മുതലാളിത്ത വ്യവസ്ഥിതിയെ തകർത്തെറിഞ്ഞ സോഷ്യലിസത്തിലേക്കും, കമ്മ്യൂണിസത്തിലേക്കും നയിക്കാനായി കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെല്ലാം ഒന്നിച്ച് ഒറ്റക്കെട്ടായി മുന്നേറുന്ന സാഹചര്യം ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

## മാതൃഭാഷാദിനചിന്തകൾ

# പെറ്റമ്മയും പോറ്റമ്മയും



**ഇ. എൻ. നാരായണൻ**
**9539307005**

പെറ്റമ്മ വിരൂപയായ്
പൊയ്ക്കോട്ടെ വീടുവിട്ടു
പോറ്റമ്മ സുന്ദരിയായ് വാഴട്ടെ
വീട്ടമ്മയായ്
കുഞ്ഞുങ്ങൾ നുകർന്നോട്ടെ
പൂതനാ മാതാവിന്റെ
നഞ്ഞു കലർന്ന ദുഗ്ദ്ധം;
ചത്തോട്ടെ, ആർക്കുചേതം ?

**മാ**തൃഭാഷയുടെ ഇന്നത്തെ ദുരവസ്ഥ കണ്ട് ഞാൻ ഹൃദയം നൊന്തെഴുതിയ 'ഭീഷ്മപർവ്വം' എന്ന കവിതയിലെ ചില വരികളാണ് മുകളിൽ ഉദ്ധരിച്ചത്. നമ്മുടെ മുൻഗാമികളായ എത്രയോ ശ്രേഷ്ഠകവികൾ മാതൃഭാഷാ മാഹാത്മ്യത്തെപ്പറ്റി കാലാകാലങ്ങളിൽ പാടിയിട്ടുണ്ടെന്നോ. മഹാകവി വള്ളത്തോളിന്റെ കവിതകൾ ഇവിടെ സവിശേഷം പരാമർശിക്കേണ്ടതാണ്. എല്ലാ വിഭാഗം ജനങ്ങളും സ്വന്തം ഭാഷയെ മാതാവിനു തുല്യമായിട്ടാണ് പരിഗണിക്കുന്നത്. പക്ഷേ... പെറ്റമ്മയെ യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ ഉപേക്ഷിക്കുകയും വൃദ്ധസദനങ്ങളിൽ നടതള്ളുകയും ചെയ്യുന്ന ആനുകാലികരോട് മാതൃഭാഷാസംരക്ഷണത്തിന്റെ പ്രസക്തിയെക്കുറിച്ച് സംസാരിക്കാൻ സത്യം പറഞ്ഞാൽ ആശങ്കയുണ്ട്. ചില അപ്രിയസത്യങ്ങൾ പറഞ്ഞുപോകുന്നുവെങ്കിൽ സദയം ക്ഷമിക്കണമെന്നൊരു അപേക്ഷ മാത്രം.

"മദ്വചനങ്ങൾക്ക്
മാർദ്ദവമില്ലെങ്കിൽ
ഉദ്ദേശ്യശുദ്ധിയാൽ മാപ്പുനൽകൂ."

എന്നു മാത്രമേ പറയാനുള്ളൂ.

ഇതെഴുതുന്നയാൾക്ക് അമ്പത്തെട്ടു വയസ്സുകഴിഞ്ഞു. അര നൂറ്റാണ്ട് കാലത്തിനിപ്പുറമുള്ള കണ്ടറിവും അതിനുമുമ്പുള്ള കേട്ടറിവുമാണ് ഈ എഴുത്തിന്റെ പശ്ചാത്തലം. ഇന്നത്തെ തലമുറയുടെ കുരുത്തക്കേടുകളിലൊന്ന് മാത്രമാണ് മാതൃഭാഷാവഗണനയെന്ന വാദത്തോട് എനിക്ക് തീരെ യോജിപ്പില്ല. കാരണം മാതൃഭാഷയെ ആദരിക്കാത്ത സായിപ്പന്മാരെ മാതൃകയാക്കി ആംഗലേയം മൊഴിയുന്ന പഴയ തലമുറക്കാരെ ഞാൻ കണ്ടിട്ടുണ്ട്. അതേസമയം പക്ഷമതികളായ മഹാകവി ഉള്ളൂരിനെപ്പോലുള്ളവർ ആംഗലേയപാണ്ഡിത്യമാർജ്ജിച്ചിട്ടുണ്ടെങ്കിലും മാതൃഭാഷയായ മലയാളത്തിനാണ് പ്രഥമസ്ഥാനം അഥവാ പെറ്റമ്മയുടെ മഹത്വം കല്പിച്ചിട്ടുള്ളത്. മാതൃഭാഷയ്ക്കും മാതൃനാടിനും ഇത്രത്തോളം പ്രാമുഖ്യം കല്പിച്ചിട്ടുള്ള വ്യക്തികൾ വിരളമാണ്. പക്ഷേ ബഹുഭൂരിപക്ഷം വരുന്ന മലയാളികൾ ആംഗലേയപ്രഭാവത്തിന്റെ മായികവലയത്തിൽപ്പെട്ടുഴലുന്നവരാണ്.

ബ്രിട്ടീഷുകാർ ഭാരതാധിനിവേശത്തിനു ഉപയോഗിച്ച ശക്തമായ ആയുധം ഭാഷയായിരുന്നെന്നു കണ്ടെത്താൻ ഗവേഷണമൊന്നും ആവശ്യമില്ല. സായിപ്പിനെ കാണുമ്പോൾ കവാത്തു മറക്കുന്ന മലയാളികൾ നിർവൃതിയോടുകൂടിത്തന്നെ ആയുധം വെച്ചു കീഴടങ്ങുകയായിരുന്നുവെന്നുവേണം കരുതാൻ. അപകർഷതാബോധത്തിന്റെ അഴുക്കു ചേലയണിഞ്ഞവരും വെളുത്ത തൊലിയോട് ആരാധനയുള്ളവരുമായ് നമ്മുടെ പൂർവ്വീകർ പെറ്റമ്മയെ നാടുകടത്തി സുന്ദരിയായ പോറ്റമ്മയെ അരിയിട്ടു വാഴിക്കുകയായിരുന്നു. 1947 എന്ന കവിതയിൽ കവി എ. അയ്യപ്പൻ പരിതപിക്കുന്നതുപോലെ നമുക്ക് കിട്ടിയ സ്വാതന്ത്ര്യം വെറും കള്ളനാണയമായിരുന്നു.

വിദ്യാഭ്യാസരംഗത്തും സാമൂഹികരംഗത്തും വന്നുചേർന്നിട്ടുള്ള ആംഗലേയാതിപ്രസരം ഭീകരമാണ്. വിദ്യാലയവുമായി ബന്ധപ്പെട്ട പദാവലി ശ്രദ്ധിക്കുക. ക്ലാസ്സ്, ബ്ലാക്ക് ബോർഡ്, ചോക്ക്, ടൈം ടേബിൾ, പിരിയേഡ്, .... അങ്ങനെ നീളുന്നു അധിനിവേശം ബ്രിട്ടീഷുകാരുടെ ആഗമനത്തിനു മുമ്പുണ്ടായിരുന്ന വസ്തുക്കളിൽപ്പോലും അഥവാ

ആംഗലേയാധിനിവേശത്തിനു പ്രസക്തിയില്ലാത്ത വസ്തുക്കളിൽപ്പോലും ഇത് ദൃശ്യമാണ്. ബെഞ്ച്, ഡസ്ക്, ഡസ്റ്റർ... വിദ്യാലയം അഥവാ പള്ളിക്കൂടം അടച്ചുപൂട്ടി സ്കൂളായി രൂപാന്തരപ്പെട്ടിട്ട് കാലം ഏറെയായി. ഗുരുനാഥന്മാരും അധ്യാപകരുമാകട്ടെ മാസ്റ്റർമാരും ടീച്ചർമാരുമായി ലിംഗാടിസ്ഥാനത്തിൽ വർഗ്ഗീകരിക്കപ്പെട്ടു. "വരേണ്യ വർഗ്ഗ"ക്കാരായ അധ്യാപകരാകട്ടെ സാറന്മാരും മേഡങ്ങളുമായി അവരോധിക്കപ്പെട്ടു. (SIR എന്നാൽ Slave I Remain – അടിയൻ - എന്നാണ് വിവക്ഷിതമെന്ന് ഈയിടെ ആരോ പറഞ്ഞുകേൾക്കുകയുണ്ടായി).

നിത്യജീവിതവുമായി ബന്ധപ്പെട്ട മിക്ക പദങ്ങളും ആംഗലേയത്തിൽ നിന്നു കടം കൊണ്ടവയാണ്. കാറ്, ബസ്സ്, സൈക്കിൾ..., റേഷൻ ഷാപ്പ്, ഹോസ്പിറ്റൽ, ഹോട്ടൽ... പട്ടികപ്പെടുത്താൻ ബുദ്ധിമുട്ടാണ്. ബന്ധങ്ങളുടെ കാര്യത്തിലും ആംഗലേയ സ്വാധീനം സർവ്വത്ര സംദൃശ്യമാണ്. അച്ഛനമ്മമാർ മിക്കവാറും മമ്മിഡാഡികളായി പരിണാമവിധേയരായി. ഭാര്യ, ഭർത്താവ്, അമ്മാവൻ തുടങ്ങിയ കഥാപാത്രങ്ങളും അണിയറയിലേയ്ക്ക് മടങ്ങിക്കഴിഞ്ഞു. ഭാര്യയുടെ പ്രസവമറിയിക്കണമെങ്കിൽ "എന്റെ വൈഫിനെ ഇന്നലെ ഹോസ്പിറ്റലിൽ അഡ്മിറ്റു ചെയ്തു. ഇന്ന് മോണിങ്ങിന് ഡെലിവറി കഴിഞ്ഞു. നോർമൽ ഡെലിവറി" എന്നു തന്നെ പറയേണ്ടിയിരിക്കുന്നു ! അല്ലെങ്കിൽ സ്റ്റാറ്റസ്സിന് കുറച്ചിലാണ് ! സാധാരണ സംഭാഷണങ്ങളിൽപ്പോലും മലയാളപദങ്ങളുപയോഗിക്കുന്നവരെ പ്രാകൃതരും അപരിഷ്കൃതരുമായിട്ടാണല്ലോ കണക്കാക്കാറുള്ളത്. ഒരു നൂറ്റാണ്ടിലേറെ കാലം ബ്രിട്ടീഷ് ആധിപത്യത്തിൽ കഴിഞ്ഞ നമ്മൾ സ്വത്വം മറന്നുവെന്നു സാരം. അതേസമയം സായിപ്പന്മാരാകാനുള്ള തൊലിവെളുപ്പും ആംഗലേയം മൊഴിയാനുള്ള ഭാഷാസ്വാധീനം ആർജ്ജിക്കാൻ കഴിഞ്ഞതുമില്ല. അപകർഷതാബോധത്തിന്റെ കാരാഗ്രഹത്തിൽ കണ്ണീരൊഴുക്കി കാലം കഴിക്കാനാണ് മലയാളികളുടെ വിധിയെന്നു ചുരുക്കം.

ശാസ്ത്രസാങ്കേതികപദാവലികളെല്ലാം ഇംഗ്ലീഷിലാണ്. തൊഴിലന്വേഷകരായി മലയാളികൾക്ക് കേരളത്തിനു പുറത്തേയ്ക്ക് പോകേണ്ടിവരും. ഇംഗ്ലീഷ് ലോകഭാഷയാണ്. സാഹിത്യസമ്പത്തുണ്ട്. ആംഗലേയപഠനത്തെ ന്യായീകരിക്കുന്നതിന് യുക്തികളേറെയുണ്ട്. അതൊക്കെ ശരിയാണുതാനും. ഇംഗ്ലീഷ് പഠനത്തെ ഇവിടെയാരും എതിർക്കുന്നില്ല. പക്ഷേ അതിനുവേണ്ടി മാതൃഭാഷയെ തച്ചോടിക്കുന്നതിനോടു മാത്രമേ വിയോജിപ്പുള്ളു. സൗന്ദര്യമില്ലെന്നു പറഞ്ഞ് പെറ്റമ്മയെ ഉപേക്ഷിക്കുന്നതുപോലെ നികൃഷ്ടമെന്നല്ലാതെ എന്തുപറയാൻ !

പ്രായോഗിക സിദ്ധാന്തത്തിന്റെ വക്താക്കളായ നമ്മൾ ഇംഗ്ലീഷ് പഠിക്കേണ്ടതുതന്നെയാണ്. വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകളുടെ ബാഹുല്യം ഈ സാഹചര്യത്തിൽ വേണം വിലയിരുത്തപ്പെടാൻ. പക്ഷേ അപ്പോഴും ഒരു അപ്രിയസത്യം കൂടി പറയേണ്ടിവരുന്നു. കേരളത്തിനുപുറത്ത് നിരവധി പ്രമുഖചടങ്ങുകളിൽ പങ്കെടുക്കുന്ന ബഹുഭാഷാപണ്ഡിതരുടെ അഭിപ്രായത്തിൽ ഏറ്റവും മോശമായി ഇംഗ്ലീഷ് സംസാരിക്കുന്നവരും എഴുതുന്നവരും മലയാളികളാണത്രേ. മാതൃഭാഷയ്ക്ക് അർഹമായ പ്രാധാന്യം നൽകുന്ന തമിഴ്നാട്ടുകാർ മനോഹരമായി ഇംഗ്ലീഷ് കൈകാര്യം ചെയ്യാനും കെല്പുള്ളവരാണത്രേ.

വളരെ കാലത്തെ കാത്തിരിപ്പിനുശേഷം മലയാളത്തിന് ശ്രേഷ്ഠ ഭാഷാ പദവി കൈവന്നു. ഭാഷാഗവേഷണത്തിനും പരിപോഷണത്തിനുമായി തുഞ്ചൻ പറമ്പിൽ മലയാള സർവ്വകലാശാല തന്നെ സ്ഥാപിക്കപ്പെട്ടു. നൂറു കോടി രൂപയും അനുവദിക്കപ്പെട്ടെന്നറിയുന്നു. പി. എസ്. സി. പരീക്ഷകളിൽ മലയാളത്തിന്റെ അസ്പൃശ്യത മാറ്റപ്പെട്ടിട്ടുണ്ടെന്നറിയുന്നു. സിവിൽ സർവ്വീസ് പരീക്ഷകളിലും മലയാളം സ്വീകാര്യം തന്നെയെന്നുമറിയുന്നു. ഭരണഭാഷ മലയാളമാക്കുന്ന ശ്രമവും തുടരുന്നു. പക്ഷേ ഈ പറഞ്ഞ കാര്യങ്ങളുടെയെല്ലാം ആത്മാർത്ഥതയും ഇച്ഛാ ശക്തിയുമൊക്കെ ചിന്തനീയമാണ്. മാതൃഭാഷയോടുള്ള മലയാളികളുടെ മനോഭാവത്തിന് വലിയ (ആശാസ്യമായ) മാറ്റമൊന്നും വന്നതായി തോന്നുന്നില്ല. മാതൃഭാഷ മൊഴിയുന്നവരുടെ മുതുകത്ത് "ചാപ്പ കുത്തുന്ന" നാടാണിത് ! മാതാപിതാക്കന്മാരും മാതൃഭാഷയുമെല്ലാം കടുത്ത അവഗണനയിൽത്തന്നെയാണ് ഇപ്പോഴും കഴിഞ്ഞുകൂടുന്നത്.

മറ്റൊരു മാതൃഭാഷാദിനാഘോഷവും കൂടി കടന്നുപോയ സന്ദർഭമാണിത്. മഹദ് വ്യക്തികൾക്ക് അന്തിമോപചാരമർപ്പിക്കാൻ ഒരു നിമിഷാർദ്ധം നിശ്ശബ്ദരായി നിലകൊള്ളുന്ന പ്രാധാന്യമേ ഇതിനുള്ളൂ. ഓർമ്മപ്പെടുത്തലിൽകൂടി ഒറ്റ ദിവസം മാത്രം നീണ്ടുനിൽക്കുന്ന ചടങ്ങുകളായി മാറിക്കഴിഞ്ഞു സർവ്വത്രം.

ബ്രിട്ടീഷ് അധിനിവേശ നാളുകളിൽ നമുക്ക് കൈമോശം വന്ന ആത്മാഭിമാനത്തെ കണ്ടെടുത്ത് പുനഃപ്രതിഷ്ഠിക്കാൻ കഴിഞ്ഞാൽ മാത്രമേ പ്രത്യാശയ്ക്ക് വഴിയുള്ളു. മാതൃഭാഷയോടും സംസ്കാരത്തോടുമുള്ള ആദരവ് പൂത്തുലഞ്ഞെങ്കിൽ മാത്രമേ പറന്നകന്ന തുഞ്ചത്താചാര്യന്റെ കിളിമകൾ തിരിച്ചെത്തുകയുള്ളു. പാട്ടു പാടുകയുള്ളു.

കൈരളി കാത്തിരിപ്പൂ
പാലും പഴവുമായി
ശാരീകപ്പൈതലിന്റെ
ശ്രീരാമസ്തുതി കേൾക്കാൻ
ഭാവിതന്നിളം ചുണ്ടിൻ
കിളിക്കൊഞ്ചൽ കേൾക്കാനായ്
ഭാവന പൂത്തുലയും
ഉദ്യാനഭംഗി കാണാൻ.

പ്രതീക്ഷ കൈവിടാതെ നമുക്കും കാത്തിരിക്കാം. പ്രാർത്ഥിക്കാം. •

## എന്നും മുമ്പേ, എല്ലാറ്റിനും മുമ്പേ...



**അജയ് ബാലചന്ദ്രൻ**
**9895659050**

അച്ഛൻ നൽകിയ തണലിൽ
കളിച്ചു കൊതിതീരും മുമ്പേ
തണലേകി സ്വയം
തളർന്നുപോയതു
പറയാതറിയിക്കും മുമ്പേ
എന്നുമെനിക്കായ് ചുണ്ടിൽ-
കാത്തൊരു ഉമ്മതരും മുമ്പേ
ജോലികൾ തീർന്നോരാ-
വിശ്രമകാലം അരികിൽ
അണയും മുമ്പേ
പകരം വയ്ക്കാൻ ഈശ്വരൻ
ഒരുവനെ സൃഷ്ടിക്കും മുമ്പേ
അച്ഛന്റെ തോൾ
ചേർന്നുനിൽക്കുന്നൊരാ
സുദിനത്തെ ഒന്നു ഞാൻ
കാണും മുമ്പേ
പടിയിറങ്ങുംനേരം
എന്നും ചൊല്ലാറുള്ള
ധൈര്യ ദായകമായ
വാക്കരുളും മുമ്പേ
അതിദൂരേയ്ക്കാണുതൻ
യാത്രയെന്നറികിലും
അകന്നതെന്തേ
ഒരു വിട പറയും മുമ്പേ
ഒടുവിൽ നൽകിയ പുഞ്ചിരി
നന്നായ് മുഴുമിക്കും മുമ്പേ,
എന്നും മുമ്പേ ആയിരുന്നു
എല്ലാറ്റിനും മുമ്പേ ആയിരുന്നു
ഇന്നും അതെ.

# തന്റേടവും തന്റെ ഇടവും


ഐശ്വര്യ എസ്. മേനോൻ

രണ്ടാം വർഷ മലയാളം, ഗവ. വിക്ടോറിയ കോളേജ്,

ഫോൺ – 8592913526, 8943458820


**(കോളേജ് തല ലേഖന മത്സരത്തിൽ ഒന്നാം സമ്മാനത്തിന് അർഹമായ ലേഖനം)**

"ഭാരതമേ നിൻ പെൺമക്കൾ
അടുക്കളക്കാരികൾ
വീടാം കൂട്ടിൽ കുരുങ്ങിടും
തത്തമ്മകൾ"

**ആ**ർഷഭാരതസംസ്കാരത്തിലധിഷ്ഠിതമായി ജീവിച്ചുപോന്നിരുന്ന മലയാളക്കരയുടെ ചിന്താവൈഭവമാണ് മേൽപറഞ്ഞ വരികളിൽ പ്രതിപാദിച്ചിട്ടുള്ളത്. എന്നും തന്റെ കുടുംബത്തിന് പാദസേവ ചെയ്തും പുരുഷമേധാവിത്വത്തിന്റെ പ്രഹരങ്ങൾ ഏറ്റുവാങ്ങിയും കരിപുരണ്ട അടുക്കളകളിൽ എരിഞ്ഞുതീരുന്ന സ്ത്രീജീവിതങ്ങളുടെ നേർക്കാഴ്ചയാണിത്. എന്നാൽ നൂറ്റാണ്ടുകൾക്കിപ്പുറം എത്തിനിൽക്കുന്ന സമൂഹത്തിൽ അനീതികൾക്കും അക്രമങ്ങൾക്കുമെതിരെ ശബ്ദമുയർത്താൻ തയ്യാറാകുന്ന തന്റേടികളായ സ്ത്രീജനത ഇത്തരം കാവ്യശകലങ്ങളെ തിരുത്തിക്കുറിക്കുകയാണ്. തന്റേടിയായ സ്ത്രീകളെ അഹങ്കാരികളായും ദുർനടപ്പുകാരികളുമായി ചിത്രീകരിക്കുന്ന സമൂഹത്തിന്റെ വിമർശനാത്മകമായ കണ്ണുകളുടെ ഇരകളാകുകയല്ലേ ഇന്നത്തെ തന്റേടികൾ ?

ആധുനിക സമൂഹത്തിൽ കാൻസറിനെ മറി കടക്കുന്ന വിപത്തായി മാറിയിരിക്കുകയാണ് 'സദാചാരബോധം' 'സദാചാര'മെന്ന വാക്കിന്റെയർത്ഥം കേവലം ലൈംഗികസദാചാരമായി ഒതുങ്ങിപോവുമ്പോൾ ഇത്തരം ചിന്താഗതികളുടെ ഇരകളായി, ബലിയാടുകളായി മാറുന്നതും നിഷ്കളങ്കരാണ്. നാം സഞ്ചരിക്കുന്ന വഴികളിൽ നേരിടേണ്ടിവരാറുള്ള പ്രശ്നങ്ങൾക്ക് നേരെ വിരൽചൂണ്ടാൻ ത്രാണിയില്ലാത്ത സദാചാരപ്രവർത്തകർ കാമചേഷ്ടകൾ ഒളിഞ്ഞുകിടക്കാൻ സാധ്യതയുള്ള സന്ദർഭങ്ങൾ തേടിയലയുന്നു. കൊച്ചി മറൈൻ ഡ്രൈവിൽ പങ്കെടുക്കാൻ എത്തിയത് പത്തുപേരെങ്കിലും. അതിനെ ക്യാമറക്കണ്ണുകളാൽ ഒപ്പിയെടുക്കാൻ മുതിർന്നത് പതിനായിരങ്ങൾ. പ്രതിഷേധമാർഗ്ഗമായി അതിനെ ഉൾക്കൊള്ളാൻ കഴിയാതെ മാംസനിബദ്ധമായ ചേഷ്ടകൾ കാണാൻ കൂടിയ ജനങ്ങൾ സമൂഹത്തിന്റെ ദുഷ്പ്രവണതകളെ വിളിച്ചോതുന്നു.

ഭൂമിയിലുണ്ടായ കാലം മുതൽ രണ്ടുജീവിവർഗ്ഗമേ ഭൂമിയിലുള്ളൂ. അത് ആണും പെണ്ണുമാണ്. സമൂഹത്തിൽ മുഖ്യപങ്ക് വഹിക്കുന്ന ഈ രണ്ടുവിഭാഗങ്ങളും ഒന്ന് തൊട്ടടുത്തിരുന്നാൽ അതിൽ കുറ്റം കാണുന്നതും സമൂഹത്തിന്റെ രോഗാതുരതയെ സൂചിപ്പിക്കുന്നു. ഇത്തരം തെറ്റായ വ്യാഖ്യാനങ്ങളും നിറങ്ങളും നൽകുന്ന പ്രമുഖ വ്യക്തികൾ പോലും നമ്മുടെ സമൂഹത്തിൽ ഉണ്ടെന്ന് തികച്ചും ലജ്ജാവഹമാണ്. ഇതുകണ്ട് നമ്മുടെ നീതിദേവത പോലും കണ്ണുമടച്ചിരിക്കുന്നു എന്നും നമുക്കറിയാം.

സമൂഹത്തിലെ നരാധമന്മാരുടെ കരാളഹസ്തങ്ങളാൽ പിഞ്ചുബാല്യങ്ങൾ തെരുവിൽ പിച്ചിച്ചീന്തപ്പെടുമ്പോൾ അതുകണ്ട് സഹതാപം പ്രകടിപ്പിക്കാൻ മാത്രമറിയുന്ന, പ്രതികരിക്കാനറിയാത്ത, സമൂഹമാണ് നമുക്കുള്ളത്. അതിന്റെ പ്രത്യക്ഷമായ തെളിവാണല്ലോ സൗമ്യയെ ക്രൂരമായി പീഡിപ്പിച്ചുകൊന്ന ഗോവിന്ദച്ചാമിയെ മൂന്നു വർഷമായി ഗവൺമെന്റും നിയമസംവിധാനങ്ങളും താലോലിച്ചുകൊണ്ടിരിക്കുന്നത്. 'തന്റേടം' എന്ന വാക്കിന്റെ അർത്ഥം പോലും മറന്നുപോയ ആധുനിക ജനത ??? ഇന്ന് കലാലയങ്ങൾ പോലും മതവൽക്കരിക്കപ്പെടുന്നത് സഹജമായിരിക്കുന്നു. കേരളത്തിലെ അതിപ്രമുഖമായ കേരളവർമ്മ കോളേജിൽ അയ്യപ്പനെ കുടിയിരുത്തിയപ്പോൾ ഫാറൂഖ് കോളേജിൽ മുസ്ലിം ആധിപത്യം സൃഷ്ടിക്കാനുള്ള ശ്രമവുമുണ്ടായി. ഇത്തരത്തിൽ മുന്നേറുന്ന കലാലയങ്ങളും, യുവമനസ്സുകളും സമൂഹത്തിന്റെ നന്മക്കായി എങ്ങനെയാണുതകുന്നത് ? കേരളം ഭ്രാന്താലയമാണ് എന്ന് വിവേകാനന്ദൻ പറഞ്ഞുവെങ്കിൽ ആ വാക്കിന്റെ ആശയവും പ്രാധാന്യവും ഒട്ടും ചോർന്നുപോയിട്ടില്ലെന്നു തന്നെ മനസ്സിലാക്കാം.

തന്റേതല്ലാത്ത കാരണത്താൽ സമൂഹത്തിൽ പ്രാധാന്യമർഹിക്കുന്ന രണ്ടുവർഗ്ഗങ്ങളിലും ഉൾപ്പെടാതെ 'എഴുതിതള്ളപ്പെട്ട' മൂന്നാം ലിംഗക്കാരെ ഒന്ന് ഓർത്തുനോക്കണം. വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട് സമൂഹത്തിന്റെ മുൻനിരയിൽ ഉള്ള പ്രാധാന്യങ്ങൾ നഷ്ടപ്പെട്ട് സ്വന്തം വീട്ടുകാർക്കുപോലും വേണ്ടാതെയലയുന്ന ഇവർക്കുവേണ്ടി പ്രതികരിക്കാൻ തന്റേടമില്ലാത്തതുതന്നെയാണ് ഇവിടം നരകമാക്കുന്നത്.

'കോഴി'യും 'കോഴ'യും ആധുനിക സമൂഹത്തിന്റെ ജീവിതങ്ങളെ കൈക്കലാക്കുമ്പോൾ ഭൂമിയിൽ തനിക്കാവശ്യമുള്ളതിലധികം കൊയ്തെടുക്കാൻ ആർത്തിപൂണ്ട്, നെട്ടോട്ടമോടുന്ന ഒടുവിൽ 'ഇരുന്ന കൊമ്പ് മുറിച്ച് കൊണ്ടിരിക്കുന്ന' മനുഷ്യരെ കാണാനാകും. ഭക്ഷ്യ സ്വാതന്ത്ര്യവും വസ്ത്രസ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ട അവസ്ഥ ഇന്നും സംജാതമാകുമ്പോൾ അയ്യപ്പന്മാർ സഞ്ചരിക്കുന്ന വാഹനങ്ങളിൽ ആർത്തവസമയത്ത് സ്ത്രീകൾ സഞ്ചരിക്കരുതെന്ന് പറഞ്ഞ് നമ്മുടെ സഞ്ചാര സ്വാതന്ത്ര്യത്തെയും ചോദ്യചിഹ്നത്തിനു മുന്നിൽ എത്തിച്ചിരിക്കുന്നു. എന്നിട്ടും പ്രതികരിക്കാൻ തയ്യാറാകാതെ കേവലം തല വാചകങ്ങളായി പത്രങ്ങളിലോ ഘോരഘോര പ്രസംഗങ്ങളിലോ സ്ഥാനം പിടിക്കുമ്പോൾ തണുപ്പൻ മട്ടിൽ ഇത്തരം വിഷയങ്ങളെ കൈകാര്യം ചെയ്യുന്ന മലയാളി ഉൾപ്പെടുന്ന സമൂഹം രാഷ്ട്രപുരോഗതിക്കു ഭംഗം വരുത്തുകയാണ് എന്നതും യാഥാർത്ഥ്യമാണ്.

സ്ത്രീകളുടെ അസ്വാതന്ത്ര്യവും കലാലയങ്ങളുടെ രാഷ്ട്രീയ മതവൽക്കരണവും, ഭക്ഷണസഞ്ചാര വസ്ത്ര സ്വാതന്ത്ര്യങ്ങൾക്ക് മേലുള്ള അധിനിവേശവും മൂന്നുതരക്കാരായി ചുറ്റുമുള്ള മനുഷ്യരെ പരിഗണിക്കുന്നതും കോഴക്കുമുന്നിൽ തലവച്ചു കൊടുക്കുന്നതും തടയാത്തിടത്തോളം സമൂഹത്തിൽ പുരോഗതി ഉണ്ടാവുകയില്ല എന്നു മാത്രമല്ല 'അധോഗതി' ഉണ്ടാവുകയും ചെയ്യും. എന്നാൽ തന്റെയിടങ്ങളിലെ അനാചാരങ്ങൾക്കും, അനീതികൾക്കുമെതിരെ പ്രതികരിക്കാൻ തന്റേടം കാണിച്ച മലാല യൂസഫ്സായിയെപ്പോലെ ഉള്ളവരാണ് സമൂഹത്തിനാവശ്യം. എങ്കിലും, പ്രതികരിച്ചതിന്റെ പേരിൽ പൻസാരെയും കൽബുർഗിയും വധിക്കപ്പെടുമ്പോൾ എങ്ങനെയാണ് മിഴിച്ചുനിൽക്കാൻ നമുക്ക് കഴിയുന്നത് ? രോഗാതുരമായ മഞ്ഞപ്പിത്തം, ബാധിച്ച ആധു

നിക സമൂഹത്തിലെ ദുഷ് പ്രവണത കൾക്കെതിരെ പ്രതികരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനായി സമൂഹത്തിന്റെ ഹൃദ്യമായ യുവ മനസ്സുകളാണ് തയ്യാറാകേണ്ടത്. ഫാഷനിലും ട്രന്റിലും അഭിരമിക്കുന്ന യുവത്വം മനസ്സിലാക്കേണ്ട കാര്യമുണ്ട്.

"തലനരയ്ക്കുവതല്ലെന്റെ
വാർദ്ധക്യം,
തലനരയ്ക്കാത്തതല്ലെന്റെ
യൗവ്വനം, കൊടിയ
ദുഷ്പ്രഭുത്വത്തിൻ തിരുമുമ്പിൽ
തലകുനിക്കാത്തതാണെന്റെ
യൗവ്വനം !

ഇത്തരത്തിൽ ചിന്തിച്ച് സമൂഹ നന്മയ്ക്കായി നമുക്ക് പ്രവർത്തിക്കാം. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ശബ്ദമുയർത്താം ! സാമൂഹിക പ്രതിബദ്ധതയുള്ള ഒരു ജനതക്കായി നമുക്ക് കൈകോർക്കാം. തന്റെയിടങ്ങളിലെ ദുരാചാരങ്ങൾക്കെതിരെ തന്റേടത്തോടെ പോരാടാം ! ●

**കവിത**

## വിശപ്പും ദാഹവും

**ഉണ്ണി വിശ്വനാഥ്**
**9895555393**

തൻ വിശപ്പൊന്നകറ്റുവാൻ
കൂട്ടർക്ക് വിളമ്പുവാൻ
ഒരു ധാന്യമണിപേറി
വേച്ചു വേച്ചു നടന്നൊരാ
കുഞ്ഞനുറുമ്പിനെ
കണ്ടെൻദുഃഖം
ഒരിറ്റു ദാഹമകറ്റുവാൻ
കൊതിയോടെ പാഴ്ചിരട്ടയിൽ
പടർന്നോരാജലത്തെ തൻ-
കൊക്കിനാൽ ഊറ്റുവാൻ
തുനിയുന്ന
കുരുവിയെ കാണവേ ദുഃഖം
നിലവിളിച്ചും കൊണ്ടമ്മിഞ്ഞ-
നുകരുവാൻ അമ്മ
മരിച്ചെന്നറിയാതെ
കാത്തുനിൽക്കുന്നൊരാപയ്യ്
കിടാവിനെ കണ്ടെൻ ദുഃഖം
വിശപ്പിനാലെരിയുന്ന
വയറും തടവിയാ-
തെരുവത്ത് വെയിലിനെയും
പിന്നെ പരതിനടക്കുന്ന
മാളോരെയും നോക്കി
വാവിട്ടുകരയുന്ന ബാല്യത്തിൻ-
യാതനയോർത്തെന്റെ ദുഃഖം
ഇവയിലും വലുതായി
വിശപ്പിനാൽ പുഴുക്കളെ പോലെ
പിടഞ്ഞു മരിക്കുക സോമാലിയൻ
ജനത്തെയിന്നോർത്തെന്റെ ദുഃഖം

**സ്മരണ**

# എന്റെ അഭിനയ സ്മരണകൾ

ഭാഗം 3



**മുക്കം ഭാസി**
**9846138693**

## ആദ്യത്തെ സ്ത്രീവേഷം

E. S. L. C. നല്ല മാർക്കോടെ ഞാൻ പാസ്സായി. എന്നെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് കണക്കിൽ 100 ൽ 100 ഞാൻ നേടി ! മറ്റു രണ്ടു മൂന്നു പേർക്ക് കൂടി 100 മാർക്കുണ്ടായിരുന്നു.

ഇന്നത്തെപ്പോലെയുള്ള പരീക്ഷ സമ്പ്രദായമല്ല അന്ന്. ഏതാനും വഴി കണക്കുകളാണ്. 10 ൽ അധികം വഴി കണക്കുകൾ ഉണ്ടാവില്ല. അത് മുഴുവൻ ശരിയായാൽ ഫുൾ മാർക്ക്. ഏതോ ഒരു 'നിസ്സീബിന്' എനിയ്ക്ക് മുഴുവനും ശരിയായി എന്നു മാത്രം.

മലയാളമാണ് എനിയ്ക്കന്നും ഇന്നും ഏറ്റവും ഇഷ്ടപ്പെട്ട വിഷയം. മലയാളം വിദ്വാൻ ആവണമെന്ന് പെരുത്ത് മോഹമുണ്ടായിരുന്നു. നടന്നില്ല. വിധിച്ചതേ വരൂ. കൊതിച്ചത് വരില്ല എന്നാണല്ലോ !

E.S.L.C പാസ്സായ ശേഷം ഞാൻ മാനത്തെറിഞ്ഞ വടി പോലെയായി. ഇനിയെന്ത് ? തുടർപഠനത്തിന്ന് സൗകര്യമില്ല; സാധ്യതയും. നാട്ടിലാണെങ്കിൽ ഹൈസ്കൂളില്ല. പട്ടണത്തിൽ പോയി പഠിയ്ക്കാൻ കെല്പുമില്ല.

അങ്ങനെ ഞാൻ തെക്കും വടക്കും നടക്കുന്ന കാലം. വീട്ടിന്നടുത്ത് ഒരു നാല്ക്കവലയുണ്ട്. ഒരു ചെറിയ അങ്ങാടിയും ! ഒരു ചായക്കട. മറ്റു രണ്ടു ഇരുനില കെട്ടിടങ്ങളും. ഇതാണ് ഞങ്ങളുടെ അങ്ങാടി !

ചായക്കടയിൽ ഒരു ദേശാഭിമാനിപത്രം വരുത്തുന്നുണ്ട്. പത്രവായന കേൾക്കാൻ ആളുകൾ തടിച്ചുകൂടും. നുള്ളി പെറുക്കി വായിക്കാനെ പലർക്കുമറിയൂ ! 'വയനാട്ടിൽ മന്ത്രി അടിയോടി' എന്നാണെന്നിരിയ്ക്കട്ടെ തലവാചകം. അവർ ഇങ്ങനെ വായിച്ചുകളയും. 'വയനാട്ടിൽ മന്ത്രി, അടിയോടടി !' തപ്പിത്തടഞ്ഞ വായിക്കുമ്പോൾ ഇത്തരം പിഴവുകൾ സുഭിക്ഷം.

ഈ പ്രദേശത്ത് അന്ന് കമ്മ്യൂണിസ്റ്റുകാരാണ് ഭൂരിപക്ഷം. കോൺഗ്രസ്സുകാർ വിരളം. വിരലിലെണ്ണാവുന്ന മൂന്നു നാല് മുതലാളിമാരും കുറച്ച് ശിങ്കിടികളും. ജന്മിത്വവും ദാരിദ്ര്യവും, പട്ടിണിയും ഐത്തവുമെല്ലാം കെട്ടുപിണഞ്ഞു കിടക്കുന്ന സാമൂഹ്യ വ്യവസ്ഥ. ഇത്തരമൊരു അവസ്ഥാവിശേഷത്തിൽ ഗ്രാമീണ ജനതയിൽ കമ്യൂണിസത്തിന്റെ ആശയപ്രചരണം ഉണക്കിലകൾക്ക് തീ പിടിച്ച പോലെയായതിൽ

അത്ഭുതമില്ല. ദേശാഭിമാനി പത്രം സത്യത്തിന്റെ നേർക്കാഴ്ചയായി സാധാരണക്കാർ വിശ്വസിച്ചു. രാഷ്ട്രീയ കാഴ്ചപ്പാടുകൾ മനസ്സിലാക്കാനും രാജ്യത്തിന്റെ നാഡിമിടിപ്പറിയാനും ചായപ്പീടികകളേയും ബാർബർ ഷാപ്പുകളേയും ആശ്രയിക്കാനും ജനങ്ങൾ തീരുമാനിച്ചത് അതുകൊണ്ടാണ്.

അത്തരമൊരു ഒത്തുകൂടൽ കേന്ദ്രത്തിലേയ്ക്കാണ് ഈയുള്ളവന്റെ അവതാരം. ഒരു വാമനാവതാരം ! ഒരു സാക്ഷരാവതാരം !!

വ്യക്തമായും സ്ഫുടമായും മലയാളം വായിക്കുന്നതിൽ ഞാൻ മോശമായിരുന്നില്ല. ദേശാഭിമാനി ഭംഗിയായി ആ ചായപ്പീടിക സദസ്സിൽ ഞാൻ വായിക്കാൻ തുടങ്ങി. എല്ലാവർക്കും എന്നെ ഇഷ്ടമായി. അവരുടെ ഇഷ്ടങ്ങൾ ചായയായും പുട്ടായും എന്റെ മുന്നിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി. എനിയ്ക്ക് കുശാൽ.

അധികം താമസിച്ചില്ല. ഞാനൊരു വായനക്കാരനും കുട്ടി സഖാവുമായി തീരാൻ ! ഇതോടെ ചില കമ്യൂണിസ്റ്റ് പ്രവർത്തകരുമായി ബന്ധപ്പെടുവാനും എനിയ്ക്കവസാനം ലഭിച്ചു. അക്കൂട്ടത്തിലൊരാളായിരുന്നു സഖാവ് ടി. കുഞ്ഞൻ. സുമുഖൻ, വാചാലൻ, സഹൃദയൻ. കോഴിക്കോട് കോമൺവെൽത്ത് തൊഴിലാളിയായിരുന്ന കുഞ്ഞേട്ടന്റെ സൗമ്യഭാവവും, പ്രസന്നതയും ആകർഷീണമായിരുന്നു. ഞാനദ്ദേഹവുമായി പെട്ടെന്ന് തന്നെ അടുത്തു. ഇദ്ദേഹമാണ് ആദ്യമായി എനിയ്ക്ക് രമണൻ വായിക്കാൻ തന്നത്.

കുഞ്ഞേട്ടൻ പറഞ്ഞു "നമുക്കൊരു നാടകം കളിച്ചാലോ ? കുറച്ച് നല്ല ചെറുപ്പക്കാരെ സംഘടിപ്പിയ്ക്കാം."

എന്റെ ഞരമ്പുകളിൽ ചോരയോടൊപ്പം അഭിനയതൃഷ്ണയും ഒഴുകിനടക്കുന്ന കാലം. ഞാൻ തലയാട്ടി സമ്മതം മൂളി. അങ്ങനെ, ഇടശ്ശേരിയുടെ കൂട്ടുകൃഷി എന്ന നാടകം ഞങ്ങൾ തെരഞ്ഞെടുത്തു.

1948 ലാണ് ഇടശ്ശേരി ഈ നാടകം എഴുതുന്നത്. 1949 ൽ പൊന്നാനി കൃഷ്ണപ്പണിക്കർ സ്മാരക വായനശാലയുടെ വാർഷികത്തിന്ന് അരങ്ങേറ്റം. സ്ത്രീകൾ അഭിനയരംഗത്ത് വരാത്തകാലം. പുരുഷന്മാർ തന്നെ സ്ത്രീ വേഷധാരികളും. നാടകത്തിന്റെ മുഖവുരയിൽ ഇടശ്ശേരി പറയുന്നു - "എന്റെ ചുറ്റുപാടുമുള്ള ഗ്രാമീണരുടെ സദസ്സായിരുന്നു ഭാവനയിൽ. അവരിൽ തന്നെയുള്ള എന്റെ ചില സ്നേഹിതന്മാർ എന്റെ പ്രതീക്ഷ നിറവേറ്റിക്കൊണ്ട് അതേ ഗ്രാമീണരുടെ സദസ്സിൽ അരങ്ങേറുകയും ചെയ്തു. ആ നടന്മാരുടെ മിടുക്ക് രംഗത്തിൽ കിടന്ന് ഒന്നിരമ്പിയപ്പോൾ ഇതൊരുനാടകമാണെന്ന പേരും വീണു !"

ആദ്യമായി ഈ നാടകം അരങ്ങിലെത്തിച്ചത് ആരാണെന്നറിയുന്നത് കൗതുകകരമായിരിക്കും. ശ്രീമാന്മാർ പി. സി. കുട്ടി കൃഷ്ണൻ (ഉറൂബ്), അക്കിത്തം, പി. എം. ബാലകൃഷ്ണൻ നായർ, ഇ. ഹരിദാസ്, പി. പത്മനാഭൻ, സി. ശങ്കരക്കുറുപ്പ്, പി. വി. അനന്തരാമയ്യർ, ഐ. പി. പത്മനാഭ പണിക്കർ, പി. എം. ശങ്കുണ്ണി മേനോൻ, കെ. വി. പോൾ, ബാലഭാസ്കരൻ, കെ. പി. ജേക്കബ്ബ്, പി. കുഞ്ഞിക്കുട്ടൻനായർ തുടങ്ങിയ പ്രഗത്ഭർ !

ഭൂവുടമയിലെ ജന്മിത്ത സമ്പ്രദായം എങ്ങനെ അവസാനിപ്പിയ്ക്കാമെന്നും അതോടൊപ്പം തുണ്ടുതുണ്ടായി കിടക്കുന്ന കൃഷിനിലങ്ങൾ ഒരുമിച്ച് ചേർത്ത് ലാഭകരമായ കൃഷിഉല്പാദനം നടത്താമെന്നും കാണിയ്ക്കുന്ന ഒരു സന്ദേശമാണ് പ്രധാനമെങ്കിലും മതങ്ങളും ജാതികളും വേലികെട്ടി മനുഷ്യരെ വേർതിരിയ്ക്കുന്ന ഇന്നത്തെ അവസ്ഥയ്ക്ക് മിശ്രവിവാഹത്തിലൂടെ പരിഹാരം കാണാനാവില്ലെ എന്ന ഒരു ചോദ്യം കൂടി നാടകകൃത്ത് സദസ്യരുടെ നേർക്ക് എറിയുന്നുണ്ട്.

എന്നാൽ മനുഷ്യരെ മനുഷ്യരായി മാത്രം കാണാതെ പ്രേമത്തേയും സ്നേഹത്തേയും തങ്ങളുടെ മതങ്ങളിലേയ്ക്കാവാഹിച്ച് വലിപ്പം കൂട്ടി മതേതരത്വം വിളമ്പുന്ന ഇന്നത്തെ കപടസമൂഹം തികച്ചും കള്ളനാണയം തന്നെ !

ഏതായാലും ജനശ്രദ്ധയാകർഷിച്ച കൂട്ടുകൃഷിയിൽ ആയിഷ എന്ന മുസ്ലീം യുവതിയുടെ വേഷപ്പകർച്ചയിലൂടെ എന്റെ നാട്ടുകാരായ പ്രേക്ഷകരുടെ സ്നേഹവാത്സല്യങ്ങൾ ഞാൻ ആവോളം അളന്നുവാങ്ങുക തന്നെ ചെയ്തു. രണ്ടു പ്രാവശ്യം ടിക്കറ്റ് വെച്ച് ഈ നാടകം ഞങ്ങളുടെ നാട്ടിൽ കളിച്ചു. ഈ നാടകത്തിലൂടെയാണ് ഒരു നടനെന്ന നിലയ്ക്കുള്ള ആത്മവിശ്വാസം എനിയ്ക്ക് കൈവന്നത്.

നാടകാസ്വാദകർ മുസ്ലീം യുവതിയായ എന്നെ കാണാൻ ഗ്രീൻ റൂമിൽ ഇരച്ചുകയറി. അപ്പോൾ ഞാനെന്റെ തട്ടവും, കാച്ചിയും, ഉമ്മച്ചിക്കുപ്പായവും അഴിച്ചുവെക്കുകയായിരുന്നു! ആയിഷ ഒരു പുരുഷനാണെന്നറിഞ്ഞപ്പോൾ അവർ ഇളിഭ്യരായെങ്കിലും എന്റെ അഭിനയത്തെ പുകഴ്ത്തി അവരെന്റെ കൈപിടിച്ചു കുലുക്കി മുക്തകണ്ഠം പ്രശംസിച്ചു! എനിയ്ക്ക് എന്റെ നാട്ടുകാരിൽ നിന്ന് കിട്ടിയ ആദ്യത്തെ 'ഓസ്ക്കർ അവാർഡ്' !!

ഒരു ദൗർഭാഗ്യകരമായ സംഭവം കൂടി ഈ നാടകത്തിനുണ്ടായി. എന്റെ ജ്യേഷ്ഠന്മാരോടൊപ്പം അമ്മയും നാടകം കാണാൻ വന്നിരുന്നു. നാടകത്തിലെ ആയിഷ ഞാനാണെന്നറിഞ്ഞപ്പോൾ അമ്മ പൊട്ടിത്തെറിച്ചുവത്രെ !

"ഓൻ വീട്ടിലോട്ട് വരട്ടെ. കാണിച്ചുകൊടുക്കാം. ഒരു ഉമ്മച്ചിക്കുപ്പായമിട്ട് ഉമ്മച്ചിയായി വേഷം കെട്ടാനാണോ ഓൻ നാടകത്തിന് പോണത് ? ഓന്റെ നാടകം ഞാനിന്നോടെ തീർക്കും. ഓനൊരു രാജകുമാരിയായാലെന്തായിന് ?"

ഇതൊന്നും ഞാനറിയുന്നില്ല. നാടകം കഴിഞ്ഞ് അൽപം ഗമയോടെ വീട്ടിലെത്തിയപ്പോളുണ്ട് അമ്മ കലി തുള്ളിനിൽക്കുന്നു ! തെറിയുടെ അഭിഷേകത്താൽ അമ്മ എന്നെ നന്നായി കുളിപ്പിച്ചു. ആ തെറിയുടെ പ്രവാഹത്തിൽ എനിയ്ക്ക് കിട്ടിയ 'ഓസ്കർ അവാർഡ്' ഒലിച്ചുപോയി !


പിന്നീടൊരിയ്ക്കലും ഒരു നല്ല നാടകാസ്വാദകയായ എന്റെ അമ്മയെ എന്റെ നാടകം കാണിച്ചിട്ടില്ല !!

(തുടരും)

**ഏക തത്ത്വയിലേയ്ക്ക് കൃതികൾ അയക്കേണ്ട വിലാസം**

**EKA THATHWA**
**POST BOX NO 70**
**PALAKKAD - 678001**

# കുമാരനാശാന്റെ വാസവദത്ത



ടി. ജെ. നായർ
9446630412

ജനങ്ങൾ അധികമായി താമസിക്കാത്ത ഒരു കുഗ്രാമമായിരുന്നു അത്. എന്നാൽ ഇപ്പോൾ അവിടെ രാവും പകലും ജനസമുദ്രമാണ്. കാരണം ബുദ്ധഭഗവാന്റെ ശിഷ്യൻ ഉപഗുപ്തൻ അവിടെ വന്ന് ജനങ്ങളെ ആശീർവദിച്ചുകൊണ്ടിരിക്കുകയാണ്. ആ ഗ്രാമത്തിലെ മാത്രമല്ല അയൽപ്രദേശത്തുനിന്നുപോലും ഭക്തരെത്തുന്നു. ഉറങ്ങിക്കിടന്നിരുന്ന ആ ഗ്രാമം ഉണർന്നു കഴിഞ്ഞു. ഒരു കച്ചവടവും നടക്കാതെ വിഷമിച്ചുകൊണ്ടിരുന്ന ചെറുകിട വ്യാപാരികൾക്കുപോലും നിത്യേന നല്ല ലാഭം.

ഈ ഗ്രാമത്തിനു സമീപത്ത് തന്നെയാണ് ഒരു നടനക്കാരിയുടെ കൊട്ടാരം. അടുത്ത ഗ്രാമത്തിലെ വിവരങ്ങൾ അറിഞ്ഞപ്പോൾ അവൾക്ക് വലിയ ആശ്ചര്യമായി. തന്റെ സൗന്ദര്യത്തേയും നാട്യത്തേയും കാണുവാൻ വരുന്ന ജനസഹസ്രങ്ങൾ എന്തിനാണ് ഒരു മൊട്ടത്തലയന്റെ മുന്നിൽ കൂട്ടം കൂട്ടമായി പോയി നിൽക്കുന്നത് ? ഇത്രയും ചിന്തിച്ച അവൾ അതൊന്നു നേരിൽ പോയി കാണുവാൻ തന്നെ തീരുമാനിച്ച് അങ്ങോട്ടേക്ക് ഒരു ദിവസം പുറപ്പെട്ടുപോയി.

അവിടെ ഒരു കൊച്ചു കുടിലിന്റെ തിണ്ണയിൽ ഇരിക്കുകയായിരുന്നു ഉപഗുപ്തൻ അപ്പോൾ. അദ്ദേഹത്തെ കണ്ട ഉടനെത്തന്നെ അവൾക്ക് കാര്യം മനസ്സിലായി. ആ മുഖത്ത് എന്തോ ഒരു ശക്തി വിളയാടുന്നു. ആ ദർശനമാത്രയിൽ തന്നെ മനസമാധാനം കൈവരുന്നു. അപ്പോൾ അവിടെ കൂടി നിൽക്കുന്ന പലരും അദ്ദേഹത്തെ സ്വന്തം വീടുകളിലേക്ക് ക്ഷണിക്കുന്നതും അവൾ കണ്ടു. എല്ലാം കണ്ടുനിന്ന ആ നാട്യക്കാരിയുടെ മനസ്സ് അന്നുവരെ അനുഭവിക്കാത്ത ഒരു മനസമാധാനത്തിനു സാക്ഷിയായി. അദ്ദേഹത്തിന് എന്തോ ഒരു ശക്തിയുണ്ട് എന്നവൾ അറിഞ്ഞു. അദ്ദേഹത്തെപ്പറ്റി ഒരിക്കൽ തെറ്റായി ചിന്തിച്ചു അവൾ ഉടനെത്തന്നെ അദ്ദേഹത്തിന്റെ മുന്നിൽ കൂപ്പുകൈയോടെ പോയിനിന്ന് സ്വന്തം വീട്ടിലേക്ക് വരുവാനായി ക്ഷണിച്ചു. എന്നിട്ട് ഇപ്രകാരം അപേക്ഷിച്ചു: "ഉപഗുപ്തരേ, ഈ നാട്യക്കാരിയുടെ മുന്നിൽ പല പ്രഭുക്കന്മാരും, നാട്ടിലെ പ്രമാണിമാരും നിത്യേന വന്നു വരിനിൽക്കുന്നു. എന്റെ ഒരു കടക്കൺ ദർശനത്തിനായി. അങ്ങിനെയുള്ള ഞാൻ അങ്ങയെ എന്റെ വീട്ടിലേക്ക് ഒന്നുവരുവാൻ സ്നേഹപൂർവ്വം ക്ഷണിക്കുകയാണ്."

അവളുടെ വാക്കുകളും ശരീരവും കുറേനേരം ശ്രദ്ധിച്ചിരുന്ന ഉപഗുപ്തൻ കുറേനേരം മൗനമായിരുന്നു. അതിനുശേഷം ഇങ്ങിനെ പറഞ്ഞു : "ഞാൻ വരാം." അദ്ദേഹത്തിന്റെ ഈ വാക്കുകൾ കേട്ടതും അവിടെ കൂടിയിരുന്നവർക്കെല്ലാം അത്ഭുതമായി. ഈ ശൃംഗാരിയുടെ വലയിൽ സ്വാമിയും അകപ്പെട്ടുവോ എന്ന സംശയം ?

സ്വാമിയുടെ വാക്കുകൾ കേട്ടതും അവൾ പറഞ്ഞു : "ശരി പുറപ്പെടൂ. ഇതാ എന്റെ പല്ലക്ക് അതാ തയ്യാറായി നിൽക്കുന്നു." അപ്പോൾ ഉപഗുപ്തൻ പറഞ്ഞു : "ഇപ്പോഴല്ല, ഞാൻ ഒരു ദിവസം തീർച്ചയായും നിന്റെ കൊട്ടാരത്തിൽ വരും. തീർച്ച."

അപ്പോൾ അവൾ ഇങ്ങിനെ പറഞ്ഞു : "വരണം തീർച്ചയായും മറക്കാതെ വരണം, സന്യാസിമാർ കള്ളം പറയുകയില്ല എന്ന് എനിക്കറിയാം സ്വാമീ."

ആർക്കുവേണ്ടിയും കാത്തുനിൽക്കാതെ കാലം കടന്നുപോയി. ഉപഗുപ്തൻ പലദേശങ്ങളും സന്ദർശിച്ച് തന്റെ ഭക്തരെ അനുഗ്രഹിച്ചു. അങ്ങിനെ ഒരു ദിവസം അദ്ദേഹം ആദ്യം പറഞ്ഞ സ്ഥലത്തുതന്നെ തിരിച്ചെത്തി. അദ്ദേഹത്തിന്റെ ലക്ഷ്യം വാക്കുപാലിക്കുക തന്നെയായിരുന്നു. അദ്ദേഹം ഒരു പഴയ ഓർമ്മയിൽ അവളുടെ വീട്ടിലേക്കുനടന്നു. പക്ഷെ അവിടെയെല്ലാം പാടെ മാറിയിരുന്നു. പുല്ലും പാഴ്ചെടികളും വളർന്നുനിൽക്കുന്ന വഴി. സഹിക്കുവാൻ കഴിയാത്ത ദുർനാറ്റം. എന്നിട്ടും മുഖം ചുളിക്കാതെ നാറ്റം സഹിച്ചുകൊണ്ടുതന്നെ അകത്തേക്കുപ്രവേശിച്ചു. അവിടെ ആളും അനക്കവുമില്ല. തോഴിമാരില്ല, വേലക്കാരില്ല. അദ്ദേഹം അവളുടെ മുറിയിലേക്ക് പ്രവേശിച്ചപ്പോൾ കണ്ട കാഴ്ച പരമദയനീയമായിരുന്നു. മൂടിപ്പുതച്ചുകിടക്കുന്ന ശരീരം. ഈച്ച പാറുന്നു പഴുത്ത മുറിവുകളിൽനിന്ന്. അതെ, അവൾ തന്നെ ആ പഴയ സുന്ദരിയായ നാട്യക്കാരി.

അവൾക്ക് കിടന്ന കിടക്കയിൽ നിന്ന് ആളെ മനസ്സിലായി. ഉടനെ നേരിയ ശബ്ദത്തിൽ വിറച്ചുകൊണ്ട് അദ്ദേഹത്തോട് ഇങ്ങനെ അഭ്യർത്ഥിച്ചു : "സ്വാമീ അങ്ങയുടെ പവിത്രമായ കരം എന്റെ ശരീരത്തിനുനേരേ നീട്ടൂ. തൊട്ടാൽ അടിയൻ ഭാഗ്യവതി."

ഉടനെത്തന്നെ ഉപഗുപ്തൻ അവളുടെ ആഗ്രഹം പോലെ പ്രവർത്തിച്ചു. ഇത്രയും ഒക്കെ ആയപ്പോഴേക്കും അവൾ ഇപ്രകാരം വളരെ പതുക്കെ മന്ത്രിച്ചു : "ബുദ്ധം ശരണം ഗച്ഛാമി." പിന്നീട് അധികം താമസിയാതെത്തന്നെ ആ ശ്വാസവും നിലച്ചു.

ഇതെല്ലാം കേട്ടു പഠിച്ചതിനാലാവാം കുമാരനാശാൻ വാസവദത്തയുടെ കഥ നമുക്ക് പഠിക്കുവാനായി കാവ്യമായി എഴുതിവെച്ച് മൺമറഞ്ഞത്. അദ്ദേഹം തന്നെ ഇങ്ങിനേയും എഴുതിവെച്ചിട്ടുണ്ടല്ലോ -

"ഒന്നിന്നുമില്ല നില
ഉന്നതമായ കുന്നുമൊരിക്കൽ
നശിക്കുമോർത്താൽ."

നാം ആരെ നോവിച്ചാലും
നോവുന്നത് നമ്മിലെ
ആത്മചൈതന്യത്തിനു
തന്നെയെന്ന്
അദ്വൈതത്തിലൂടെ നാം
അറിയണം.

**-സ്വാമി വിവേകാനന്ദൻ-**

## ലേഖനം

# ശ്രീനാരായണ ദർശനവും സ്കൗട്ടിങ്ങും

പി. എം. നൂർമുഹമ്മദ്

**ശ്രീ**നാരായണ ദർശനം ജാതി മത വർഗ്ഗ വർണ്ണരഹിത ദർശനമാണ്. അതിൽ ആർക്കും അംഗമാകാം. അനുകമ്പയുടെ മൂർത്തിമദ് രൂപമായ ലോകഗുരുവിന്റെ "സംഘടന കൊണ്ട് ശക്തരാവുക, വിദ്യ കൊണ്ട് പ്രബുദ്ധരാവുക" എന്ന സന്ദേശം എന്നിൽ ഉൾവിളിയായി നിലകൊള്ളുന്നു. സകലമതദർശനങ്ങളേയും അനുകമ്പയിൽ സമന്വയിപ്പിച്ച ദാർശനികനായ മഹർഷിവര്യൻ സഞ്ചരിച്ച് ഇടം നേടിയത് മനുഷ്യഹൃദയങ്ങളിലാണ്. വിവേകത്തിന്റെ അപര്യാപ്തത മൂലം പലരും ഗുരുദേവനെ സാമൂഹ്യ പരിഷ്കർത്താക്കൾക്കൊപ്പം വിലയിരുത്താറുണ്ട്. മതങ്ങൾക്കതീതനാണ് മനുഷ്യൻ എന്ന പരിശുദ്ധ സൂക്തം മനുഷ്യ ഹൃദയങ്ങളിലെത്തിച്ച മഹായോഗി ഹൃദയ പവിത്രീകരണത്തിനായി കണ്ണാടി പ്രതിഷ്ഠിച്ചു. ജീവാത്മാവും പരമാത്മാവും ദ്വൈതമല്ല അദ്വൈതമാണെന്ന ആപ്തവാക്യത്തിന്റെ സാരാംശത്തിലേക്ക് നമ്മെ കൈപിടിച്ചുയർത്തി.

ഈശ്വര സൃഷ്ടിയിലുള്ള സകലചരാചരങ്ങളേയും സമഭാവനയോടെ സമാരാധനയോടെ വീക്ഷിക്കാൻ നമ്മെ പഠിപ്പിച്ച ഗുരുവിന്റെ തത്ത്വജ്ഞാനവും ആത്മസാക്ഷാത്കാരവും വിലയിരുത്തേണ്ടത് ജാതിയുടേയും മതത്തിന്റേയും വേലിക്കെട്ടുകൾക്കുള്ളിലല്ല. അരുളുള്ളവനാണ് ജീവി എന്ന നവാക്ഷരീ മന്ത്രം നമുക്കോതി തന്ന ഗുരുദേവൻ സ്നേഹത്തിന്റേയും അനുകമ്പയുടേയും വിശ്വശില്പിയാണെന്ന് നമുക്ക് അവകാശപ്പെടാം. ആശാൻ കവിതകളിലെ അലൗകിക പ്രേമത്തിനും തത്ത്വജ്ഞാനത്തിനും ഇടം തേടിയ നിതാന്തമായ ആത്മീയ സരസ്സിലേക്ക് മഹാകവിയെ കൈപിടിച്ചുയർത്തിയത് മഹർഷിവര്യനായ കവിയായിരുന്നു.

ഗുരു സശരീരനായിരുന്ന കാലത്തുതന്നെ നാമായിട്ട് ഒരു മതവും സ്ഥാപിച്ചിട്ടില്ല. നാം ഒരു പ്രത്യേക ജാതിയിലോ മതത്തിലോ ഉൾപ്പെടുന്നില്ല എന്ന് വിജ്ഞാപനം നടത്തിയിട്ടുള്ളതാണ്. ലോകാ സമസ്താ സുഖിനോ ഭവന്തു എന്ന ആർഷ സംസ്കാര പൈതൃകത്തെ ലോകത്തിന്റെ തന്നെ തുടിപ്പാക്കിമാറ്റാൻ ഗുരുശിഷ്യനായ നടരാജഗുരുവിനായി. ഭ്രാന്താലയത്തെ തീർത്ഥാലയമാക്കി തീർക്കാൻ മഹാജ്യോതിസ്സായ ഗുരുവിന് കഴിഞ്ഞു. ഗുരു ഒരു സമുദായത്തിന്റെ ഗുരുവല്ല മനുഷ്യ സമുദായത്തിന്റെ ഗുരുവാണ്. ബുദ്ധി കൊണ്ട് ഗുരുദേവനെ അറിഞ്ഞ് ഹൃദയം കൊണ്ട് ആരാധിച്ച് ജീവിച്ചാൽ എല്ലാ മതസാരവും ഏകമെന്ന വിശ്വാസത്തിലേക്ക് നമുക്കുയരാം.

വിദ്യയുടെ പ്രാധാന്യവും സംഘടനയുടെ പ്രാധാന്യവും നമുക്ക് പഠിപ്പിച്ചുതരുന്ന സ്കൗട്ടിങ്ങിലെ നിയമവും പ്രതിജ്ഞയും എന്നെ ഏറെ ആകർഷിച്ചു. സാഹോദര്യം, പരസ്പര സ്നേഹം, പ്രപഞ്ചധാതാവിന്റെ സൃഷ്ടിയിലുള്ള അന്യ ജീവജാലങ്ങളേയും വൃക്ഷലതാദികളേയും സ്നേഹിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും സ്കൗട്ടിങ്ങ് നമ്മെ പഠിപ്പിക്കുന്നു. സാഹോദര്യത്തിന്റെ പെരുമ ഉയർത്തുന്ന സ്കൗട്ടിങ്ങ് വിശ്വസാഹോദര്യത്തിനെ പ്രോത്സാഹിപ്പിച്ച് ആഗോളവത്കരണത്തിന്റെ ഭാഗമാകുന്നു.

പത്ത് വയസ്സ് പൂർത്തിയായ ഏതൊരു കുട്ടിക്കും സ്കൗട്ടിങ്ങിൽ അംഗമാകാം. സ്കൗട്ടിങ്ങ് ക്യാമ്പുകളിൽ ഉയർന്നവനും താഴ്ന്നവനും ഇല്ല. എല്ലാവരേയും സമത്വത്തോടെ നോക്കിക്കാണുന്നു. ആഹാരം, ഉറക്കം, പഠനം, കളി തുടങ്ങി എല്ലാ മേഖലകളിലും ഐക്യ മനോഭാവത്തോടെ പെരുമാറുന്നു. ക്യാമ്പിൽ നടത്തുന്ന സർവ്വമത പ്രാർത്ഥനയിലും എല്ലാവരും ഒത്തുചേരുന്നു. ഭഗവദ് ഗീതയും ബൈബിളും ഖുർ-ആനും വായിക്കുന്നു. എല്ലാ പ്രാർത്ഥനയും ഭക്തിപൂർവ്വം പാടുന്നു. ഇതുതന്നെയാണ് ശ്രീനാരായണ ദർശനം. മതം എന്നതിൽ ആശയം, അഭിപ്രായം എന്നതിലേക്ക് മാത്രമേ വിരൽ ചൂണ്ടേണ്ടതുള്ളൂ.

"ഈ ലോകത്ത് ആർക്കാണ് അന്യന് അല്പമെങ്കിലും സഹായം ചെയ്യാൻ സാധിക്കാത്തത്" എന്ന ഗുരുസൂക്തം സ്കൗട്ടിങ്ങ് പൂർണ്ണമായും ഉൾക്കൊള്ളുന്നു. സൂര്യോദയത്തിനുമുൻപേ ഉണരുക. ഞാനെന്നും എന്റേതെന്നും ഉള്ള സ്വാർത്ഥ താത്പര്യങ്ങൾക്ക് സ്കൗട്ടിങ്ങിൽ ഇടമില്ല. കൂട്ടായ്മാ ശാക്തീകരണത്തിന്റെ ഉത്തമ ദൃഷ്ടാന്തങ്ങളാണ് സ്കൗട്ടിങ്ങ് പട്രോളുകൾ. പരസ്പര സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും വിശ്വാസത്തിന്റേയും തറക്കല്ലിടുന്ന ഓരോ സ്കൗട്ടിങ്ങിന്റേയും മനസ്സ് ഗുരു ദർശനത്തിന്റെ അഗാധതലങ്ങളിലേക്കാണ് ഉയരുന്നത്. മറ്റുള്ളവർക്ക് വേണ്ടി പ്രയത്നിച്ച് ഫലം ഇച്ഛിക്കാതെ സേവനപാതയിലൂടെ അക്ഷീണം മുന്നേറുന്ന ഓരോ സ്കൗട്ടും ഗുരു ദർശനം പൂർണ്ണമായും ഉൾക്കൊള്ളുന്നു. ലോകമേ തറവാട് എന്ന ഗുരുദർശനം സാക്ഷാത്കരിക്കാൻ സ്കൗട്ടിങ്ങിലൂടെ ഏതൊരു വ്യക്തിക്കും കഴിയും. നാം നമ്മുടെ സുഖത്തിനായി ചെയ്യുന്ന പ്രവൃത്തികൾ അന്യർക്ക് സുഖം നൽകുന്നതായിരിക്കണം എന്ന ഗുരുദർശനം സ്കൗട്ടിങ്ങിന്റെ മുഖമുദ്രയാണ്. •

## കവിത

### ചില്ലുപാത്രം

ഷീലാ ലാൽ
9446819175

എത്ര കരുതലോടെയാണ്
കൊണ്ടുനടന്നത്....!
ചൂടാറാൻ സമ്മതിക്കാത്ത
ചില്ലുപാത്രത്തെ
എത്ര പ്രതീക്ഷയോടെയാണ്
കാത്തു വച്ചത്.
മറ്റൊന്നിനുമിടയിൽ...
തട്ടാതെ... മുട്ടാതെ...
അതങ്ങിനെ തന്നെയിരിക്കുന്നുവെന്ന്
ഉറപ്പുവരുത്തി
ഉറങ്ങാൻ കിടന്നപ്പോഴും
ഒരു പാദ പതനമോ നിശ്വാസമോ
പോലും മുറിയിലില്ലായിരുന്നു.
എന്നിട്ടും നിന്ന നില്പിൽ
അതു വീണുടഞ്ഞുപോയ്
ഒറ്റചില്ലിപ്പോൾ
ഒരുപാട് ചില്ലുകളായിരിക്കുന്നു
മുനകൂർത്തതും
പൊടിഞ്ഞുചിതറിയതും
വിവിധ രൂപ ഭാവങ്ങളിൽ...
ഒന്നുറപ്പാണ്.
പൊട്ടുമെന്നുള്ളതിനാലാണ്
ഒരു കുഞ്ഞു പാത്രത്തിന്
ഇത്രയും വില.



ഡോക്ടർ (മേജർ) നളിനി ജനാർദ്ദനൻ
09372001678, 09923911865

# സ്ത്രീകളിലെ രക്തക്കുറവും പരിഹാരമാർഗ്ഗങ്ങളും

**ഡോ**ക്ടറെ സമീപിക്കുന്ന സ്ത്രീരോഗികളിൽ പലരുടേയും പ്രശ്നം ക്ഷീണവും ശക്തിക്കുറവുമാണ്. വീട്ടമ്മമാരായാലും ജോലിക്കുപോകുന്ന സ്ത്രീകളായാലും ക്ഷീണത്തിനു പല കാരണങ്ങളുണ്ടാവാം. പ്രാതൽ കഴിക്കാതിരിക്കുക, ഉറക്കക്കുറവ്, രാത്രി ഏറെനേരം ജോലിയെടുക്കുക, ഓഫീസിലേയും വീട്ടിലേയും ജോലിത്തിരക്കുകൾ, മാനസികപ്രശ്നങ്ങൾ എന്നിങ്ങനെ പല പ്രശ്നങ്ങൾ കൊണ്ട് ക്ഷീണമുണ്ടാവാം. പക്ഷേ ഭാരതീയ സ്ത്രീകളിൽ ഏറ്റവുമധികം കാണപ്പെടുന്ന ഒരു ആരോഗ്യപ്രശ്നമാണ് രക്തക്കുറവ് (വിളർച്ച) അഥവാ അനീമിയ (Anaemia) കൊണ്ടുള്ള ക്ഷീണം. വിരശല്യം മുതൽ കാൻസർ വരെ ഇതിനു കാരണമാവാമെന്നതിനാൽ ഇത് അവഗണിക്കാതെ, ഡോക്ടറെ കാണിച്ച് ചികിത്സ തുടങ്ങേണ്ടതാണ്.

**വിളർച്ച എന്തുകൊണ്ട് ?**

ശരീരത്തിൽ രക്തത്തിന്റെ അളവ് കുറയുന്നതാണ് വിളർച്ച. ശ്വസിക്കുമ്പോൾ രക്തത്തിൽ കലരുന്ന പ്രാണവായു (ഓക്സിജൻ) ശരീരത്തിന്റെ വിവിധഭാഗങ്ങളിലെ കോശങ്ങളിലെത്തിക്കാൻ സഹായിക്കുന്നത് രക്തത്തിലെ ചുവന്നരക്താണുക്കളിൽ (Red Blood Corpuscles - RBC) അടങ്ങിയ ഹീമോഗ്ലോബിൻ (Haemoglobin) ആണ്. ചുവന്ന രക്താണുക്കൾ കുറയുമ്പോൾ ഹീമോഗ്ലോബിന്റെ അളവും ഹീമോഗ്ലോബിന് ഓക്സിജൻ വഹിക്കാനുള്ള കഴിവും (oxygen carrying capacity) കുറയുന്നതുകൊണ്ടാണ് വിളർച്ച ഉണ്ടാകുന്നത്. വിളർച്ച എത്രയുണ്ടെന്ന് ഏകദേശം മനസ്സിലാക്കുന്നത് ഹീമോഗ്ലോബിന്റെ തോത് അളന്നിട്ടാണ്. പൊതുവേ സാധാരണ സ്ത്രീകൾക്ക് 12.3 മുതൽ 15.3 ഗ്രാം / ഡെസിലിറ്റർ ഹീമോഗ്ലോബിൻ ഉണ്ടാവണം. 10 – 11.9 gm/dl ആയാൽ ലഘുവായ രക്തക്കുറവും (Mild Anaemia) 7 – 9.9 gm/dl ആയാൽ അല്പം കൂടി ഗൗരവമുള്ള രക്തക്കുറവും (moderate Anaemia), 7 ഗ്രാമിൽ കുറഞ്ഞാൽ ഗൗരവമേറിയ രക്തക്കുറവും (Severe Anaemia) എന്നും കണക്കാക്കാം. ഹീമോഗ്ലോബിന്റെ പ്രധാനഘടകം ഇരുമ്പാണ്. അതുകൊണ്ട് ശരീരത്തിൽ ഇരുമ്പിന്റെ അംശം കുറയുന്നതുകൊണ്ട് വിളർച്ചയുണ്ടാവാം. കൗമാര പ്രായത്തിലുള്ള പെൺകുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പുരുഷന്മാരെക്കാളധികം ഇരുമ്പിന്റെ അംശം ആവശ്യമുള്ളതിനാൽ ഇരുമ്പുസത്തടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ കഴിക്കേണ്ടതാണ്.

**വിളർച്ചയുണ്ടാക്കുന്ന കാരണങ്ങൾ**

എല്ലിനുള്ളിലെ മൃദുവായ ഭാഗമായ മജ്ജയിൽ നിന്നാണ് (Bone Marrow) ചുവന്ന രക്താണുക്കൾ ഉല്പാദിപ്പിക്കപ്പെടുന്നത്. വൃക്കയിൽ നിന്നുണ്ടാവുന്ന എറിത്രോപോയിറ്റിൻ (Erythropoietin) എന്ന ഹോർമോൺ ഈ ഉല്പാദനപ്രക്രിയയെ പ്രേരിപ്പിക്കുന്നു. ഭക്ഷണത്തിൽ നിന്നും ഇരുമ്പിന്റെ അംശം പോലെ വിവിധ വിറ്റാമിനുകളും പ്രോട്ടീനും ലഭിക്കേണ്ടത് ഇതിനാവശ്യമാണ്. ചുവന്ന രക്താണുക്കളും ഹീമോഗ്ലോബിനും ഉണ്ടാകുന്ന പ്രക്രിയയിൽ എന്തെങ്കിലും തടസ്സം കൊണ്ട് ഉല്പാദനം കുറയുക, ചുവന്ന രക്താണുക്കൾ അമിതമായി നശിച്ചുപോവുക, വർദ്ധിച്ച രക്തസ്രാവം, പോഷകക്കുറവ് എന്നിങ്ങനെ പല കാരണങ്ങൾ കൊണ്ട് വിളർച്ചയുണ്ടാവുന്നു. വിളർച്ച ഏതുതരത്തിലാണ് എന്നതനുസരിച്ച് ലക്ഷണങ്ങളും ചികിത്സയും വ്യത്യസ്തമായിരിക്കും.

വിളർച്ചയുണ്ടാക്കാനിടയുള്ള സന്ദർഭങ്ങളും പ്രധാനകാരണങ്ങളും താഴെപ്പറയുന്നവയാണ്.

**1) ആർത്തവരക്തസ്രാവം**

സ്ത്രീകൾക്ക് സാധാരണയായി 60 മി. ലി. മുതൽ 90 മി. ലി. വരെ രക്തം ആർത്തവസമയത്ത് ശരീരത്തിൽ നിന്നു നഷ്ടപ്പെടുന്നു. അമിതരക്തസ്രാവം, ക്രമം തെറ്റിയ ആർത്തവം, മാസത്തിൽ രണ്ടുപ്രാവശ്യം വരുന്ന ആർത്തവം എന്നിവ കൊണ്ട് വിളർച്ചയുണ്ടാക്കുന്നതിനാൽ ഡോക്ടറെ കാണിക്കേണ്ടതാണ്. ആർത്തവരക്തം പോകുന്നതിന്റെ അളവ് ഏകദേശം മനസ്സിലായാൽ രക്തസ്രാവം കൂടുതലോ കുറവോ എന്നു നിർണ്ണയിക്കാം. ആർത്തവം നടക്കുമ്പോൾ എത്ര ദിവസം രക്തം പോകുന്നു, എത്ര പാഡുകൾ മാറ്റേണ്ടിവരുന്നു എന്നു തുടങ്ങിയ വിവരങ്ങൾ കുറിച്ചുവെച്ച് ഡോക്ടറോടു പറയണം. രണ്ടോ മൂന്നോ ദിവസം നീണ്ടുനില്ക്കുന്ന ആർത്തവം, അല്പമായി രക്തം പോകുന്നത് ആറേഴുദിവസം നീണ്ടുനില്ക്കുന്ന ആർത്തവം, ഒരു ദിവസം ഏകദേശം 4 പാഡ് മാറ്റുക എന്നിവ സാധാരണയാണെന്നു പറയാം. പക്ഷേ ആർത്തവരക്തം കൂടുതലായി പോവുക, മൂന്നുദിവസത്തിലധികം നീണ്ടു നില്ക്കുന്ന അമിത രക്തസ്രാവം, കൂടുതൽ പ്രാവശ്യം പാഡ് മാറ്റേണ്ടി വരിക എന്നിവയെല്ലാം വർദ്ധിച്ചരക്തസ്രാവത്തിന്റെ സൂചനയായതിനാൽ ഡോക്ടറെ കാണിച്ചു ചികിത്സ തുടങ്ങണം.

**2) ഗർഭാവസ്ഥ**

ഗർഭിണികളിൽ 50% പേരിൽ വിളർച്ച കാണപ്പെടുന്നു. ഗർഭസ്ഥശിശുവിന് അമ്മയുടെ ശരീരത്തിൽ നിന്നാണ് രക്തം ലഭിക്കുന്നത്. അതിനാൽ ഗർഭിണിയുടെ ശരീരത്തിൽ രക്തകോശങ്ങളുടെ ഉല്പാദനം വർദ്ധിക്കുന്നു. പോഷകാഹാരക്കുറവു കൊണ്ടോ മറ്റു കാരണം കൊണ്ടോ ഗർഭിണിയുടെ ശരീരത്തിൽ വേണ്ടത്ര ചുവന്ന രക്താണുക്കൾ ഉല്പാദിക്കപ്പെടുന്നില്ലെങ്കിൽ വിളർച്ച ഉണ്ടാവാം. ഗർഭാവസ്ഥയിൽ രണ്ടുതരത്തിലുള്ള വിളർച്ചയുണ്ടാവുന്നു. ഗർഭാവസ്ഥയുടെ രണ്ടാം പകുതിയിൽ സാധാരണയായി അല്പം വിളർച്ച പതിവാണ് ഇതിനെ Physiological

Anemia എന്നു പറയും. പക്ഷെ ഇതിൽ 10 ഗ്രാം വരെ മാത്രമേ ഹീമോഗ്ലോബിൻ കുറയാറുള്ളൂ. 10 ഗ്രാമിലധികം കുറഞ്ഞാൽ അതിനെ Pathological Anemia എന്നു പറയും. ഇതിനു ചികിത്സ വേണ്ടിവരും. ഗർഭാവസ്ഥയിൽ ഹീമോഗ്ലോബിൻ 8-10ഗ്രാം വരെയായാൽ ലഘുവായ വിളർച്ച, 7-8ഗ്രാം ആയാൽ അല്പം ഗൗരവമുള്ള വിളർച്ച, 7 ഗ്രാമിൽ കുറഞ്ഞാൽ ഗൗരവം കൂടിയ വിളർച്ച എന്നിങ്ങനെ തരം തിരിക്കാറുണ്ട്.

**3) പ്രസവം**

പ്രസവസമയത്ത് സങ്കീർണ്ണതകളുണ്ടായ വിളർച്ചയുണ്ടാവാം. ഗർഭാവസ്ഥിലോ പ്രസവസമയത്തോ വർദ്ധിച്ച രക്തസ്രാവം, ഗർഭഛിദ്രം, ഗുരുതരമായ അണുബാധ, മാസം തികയാതെയുള്ള പ്രസവം, ഇരട്ടപ്രസവം, മറുപിള്ളയിലുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവ വിളർച്ചയുണ്ടാക്കാം. ഗർഭപാത്രത്തിനുവെളിയിൽ പ്രത്യേകിച്ചും അണ്ഡവാഹിനിക്കുഴലിൽ ഗർഭധാരണം നടന്നാൽ അതുപൊട്ടി വയറ്റിനുള്ളിൽ ആന്തരികരക്തസ്രാവം ഉണ്ടാവുകയും അത്യധികമായ വിളർച്ചയും ഷോക്ക് എന്ന ഗുരുതരാവസ്ഥയും ഉണ്ടായി രോഗി മരിക്കുന്ന അവസ്ഥയിലെത്തുകയും ചെയ്യാറുണ്ട്. (Ectopic Pregnancy)

**4) ഗർഭാശയരോഗങ്ങൾ**

ഗർഭപാത്രമുഴകൾ (Fibroids), എൻഡോമെട്രിയോസിസ് (Endometriosis) തുടങ്ങിയ ഗർഭാശയ രോഗങ്ങൾ കൊണ്ട് വേദനയോടുകൂടിയ അമിതരക്തസ്രാവം ഉണ്ടാവാം. ഗർഭാശയത്തിനുള്ളിലോ ഗർഭാശയഗളത്തിലോ അർബ്ബുദമുണ്ടായാൽ ലൈംഗികബന്ധത്തിലേർപ്പെടുമ്പോൾ രക്തസ്രാവം, ഇടയ്ക്കിടെ വേദനയില്ലാതെ രക്തസ്രാവം എന്നിവ ഉണ്ടായി വിളർച്ചയുണ്ടാവാനിടയുണ്ട്.

**5) ശരീരത്തിൽ നിന്നും രക്തം നഷ്ടപ്പെടുക**

ദീർഘകാലം നീണ്ടുനില്ക്കുന്ന മൂലക്കുരു, വയറ്റിനുള്ളിൽ (ആമാശയത്തിലോ കുടലിലോ) ഉണ്ടാവുന്ന വ്രണങ്ങൾ എന്നിവ രക്തസ്രാവമുണ്ടാക്കാം. വാഹനാപകടങ്ങൾ, വയറ്റിലെ വ്രണം പൊട്ടൽ, അണ്ഡവാഹിനിക്കുഴലിൽ ഗർഭധാരണം നടന്നത് പൊട്ടൽ, ഗുരുതരമായ അണുബാധ (Septicemia) എന്നീ കാരണങ്ങൾ കൊണ്ട് വയറ്റിനുള്ളിൽ ആന്തരികരക്തസ്രാവം (Internal Bleeding) ഉണ്ടായാൽ രോഗിയുടെ അവസ്ഥ ഗുരുതരമാവാനോ മരിച്ചുപോവാനോ സാദ്ധ്യതയുണ്ട്. ശരീരത്തിൽ നിന്നും രക്തം നഷ്ടപ്പെടുന്നത് വിളർച്ചയുടെ പ്രധാന കാരണമാണ്.

**6) പോഷകാഹാരക്കുറവ്**

കൗമാരപ്രായത്തിലെ പെൺകുട്ടികൾ, ഗർഭിണികൾ, മുല യൂട്ടുന്ന അമ്മമാർ എന്നിവരിൽ പോഷകാഹാരക്കുറവുകൊണ്ടുള്ള വിളർച്ച (Nutritional Anemia) കൂടുതലായി കാണപ്പെടുന്നു. ഇത് പൊതുവേ രണ്ടു തരത്തിലാണ്.

ഇരുമ്പിന്റെ അംശം കുറയുന്നതുകൊണ്ടുള്ള വിളർച്ച (Iron deficiency anemia). ഇന്ത്യയിലെ 90% സ്ത്രീകളിൽ ഇതുണ്ടാവുന്നു - വിറ്റാമിൻ $B_{12}$, ഫോളിക് ആസിഡ് എന്നീ ജീവകങ്ങളുടെ തനിച്ചോ കൂട്ടായോ ഉള്ള അഭാവം കൊണ്ട് വിളർച്ചയുണ്ടാവാം. (Megaloblastic anemia).

അതിനുപുറമേ വിറ്റാമിൻ $B_6$, C, പ്രോട്ടീൻ എന്നിവയുടെ കുറവും വിളർച്ചയുണ്ടാക്കാറുണ്ട്. ഈ വിറ്റാമിനുകളും ഇരുമ്പിന്റെ അംശവും ഭക്ഷണത്തിൽ നിന്നു ലഭിക്കാതിരിക്കുമ്പോഴും ശരീരത്തിലേക്ക് ആഗിരണം ചെയ്യാതിരിക്കുമ്പോഴും (ആമാശയത്തിന്റെയോ കുടലിന്റേയോ അസുഖങ്ങൾ, ശസ്ത്രക്രിയ കൊണ്ട് ആമാശയമോ കുടലോ നീക്കം ചെയ്ത അവസ്ഥ എന്നിവ കൊണ്ട്) വിളർച്ചയുണ്ടാവാനിടയുണ്ട്.

**7) മജ്ജയെ ബാധിക്കുന്ന രോഗങ്ങൾ**

മജ്ജയെ രോഗം ബാധിച്ചാൽ ചുവന്ന രക്താണുക്കളുടെ ഉല്പാദനം കുറയുകയോ അവ കൂടുതലായി നശിക്കുകയോ ചെയ്യും. മജ്ജയെ ബാധിക്കുന്ന എപ്ലാസ്റ്റിക് അനീമിയ (Aplastic anemia) ഉണ്ടാവാൻ പല കാരണങ്ങളുണ്ട് - ചിലതരം മരുന്നുകൾ, വൈറസ് രോഗങ്ങൾ, രക്താർബ്ബുദവും (Leukemia), മൾട്ടിപ്പിൾ മയലോമയും (Multiple myeloma), ലിംഫോമയും (Lymphoma) പോലുള്ള അർബ്ബുദങ്ങൾ, പ്രതിരോധശക്തി കുറയ്ക്കുന്ന രോഗങ്ങൾ (Auto immune രോഗങ്ങൾ) തുടങ്ങിയവ. ഇതിന്റെ ഫലമായി രക്താണുക്കൾ വളരെയധികം കുറയുക, രക്തസ്രാവം, ഗൗരവമേറിയ അണുബാധ എന്നിവ ഉണ്ടാവാം.

**8) മറ്റു കാരണങ്ങൾ**

ചിലതരം മരുന്നുകൾ, (ആസ്പിരിൻ, ഇൻഡോമെത്തസിൻ മുതലയാവ), ഭക്ഷണത്തിലും അന്തരീക്ഷത്തിലുമുള്ള വിഷപദാർത്ഥങ്ങൾ, കീടനാശിനികൾ, റേഡിയേഷൻ എന്നിങ്ങനെ പല കാരണങ്ങൾ കൊണ്ട് രക്താണുക്കളുടെ ഉല്പാദനം കുറഞ്ഞ് വിളർച്ചയുണ്ടാവാം.

**9) രോഗപ്രതിരോധ വ്യവസ്ഥയെ (Immune System) ബാധിക്കുന്ന രോഗങ്ങൾ**

എയ്ഡ്സ്, അർബ്ബുദം, ഓട്ടോ ഇമ്മ്യൂൺ രോഗങ്ങൾ (Auto immune diseases), ഗൗരവമേറിയ അണുബാധ തുടങ്ങിയ രോഗങ്ങൾ കൊണ്ട് വിളർച്ചയുണ്ടാവാം.

**10) ഹീമോലിറ്റിക് അനീമിയ (Haemolytic anemia)**

ഇത്തരം അനീമിയ ഉണ്ടായാൽ ഉല്പാദിപ്പിക്കപ്പെടുന്നതിനേക്കാളധികം കൂടുതൽ ചുവന്ന രക്താണുക്കൾ നശിപ്പിക്കപ്പെടുന്നു. പാരമ്പര്യമായി ഉണ്ടാവുന്ന Sickle cell anemia, Thalassemia തുടങ്ങിയ രോഗങ്ങൾ കൊണ്ടും ചുവന്ന രക്താണുക്കൾ നശിച്ച് വിളർച്ചുണ്ടാവാം.

**11) ദീർഘകാല രോഗങ്ങൾ**

വൃക്കയുടെ പ്രവർത്തനം സ്തംഭിക്കുക (Kidney failure), വൃക്കയെ ബാധിക്കുന്ന ദീർഘകാലരോഗങ്ങൾ, കരളിന്റെ പ്രവർത്തനം സ്തംഭിക്കുക (Liver failure), എയ്ഡ്സ്, അർബ്ബുദം, ക്ഷയം, മലമ്പനി, സന്ധിരോഗങ്ങൾ എന്നിവ കൊണ്ടും വിരശല്യം (ഉദാ : ഹുക്ക് വേം) കൊണ്ടും കാൻസറിന്റെ മരുന്നുകൾ, റേഡിയേഷൻ എന്നിവ കൊണ്ടും വിളർച്ചയുണ്ടാവാം.

**ലക്ഷണങ്ങൾ**

വിളർച്ചയുടെ കാരണമനുസരിച്ച് വിവിധ ലക്ഷണങ്ങൾ കാണപ്പെടുന്നു.

തളർച്ച, കിതപ്പ്, ശക്തിക്കുറവ്, വിളർച്ച, ക്ഷീണം, തലചുറ്റൽ, തലവേദന, പെട്ടെന്ന് ദേഷ്യം വരിക, ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ വരിക, ഉറക്കക്കുറവ്, വിഷാദം, ലൈംഗികബന്ധത്തിൽ താല്പര്യക്കുറവ് എന്നിവയുണ്ടാവാം. ജോലി ചെയ്യുമ്പോൾ ശ്വാസതടസ്സം, വർദ്ധിച്ച ഹൃദയമിടിപ്പ്, ജോലിക്ഷമത കുറയുക എന്നിവയുണ്ടാവാം. മുറിവുണങ്ങാൻ താമസം, രോഗപ്രതിരോധ

ശക്തി കുറയുക, തണുപ്പ് സഹിക്കാൻ പ്രയാസം എന്നിവയും കാണാറുണ്ട്.

വിശപ്പുകുറവ്, പെൻസിൽ കടിച്ചുതിന്നുക, മണ്ണും അരിയും മറ്റും തിന്നുക എന്നീ ലക്ഷണങ്ങൾ Iron deficiency anemia യിൽ കാണാം. ഭക്ഷണം ഇറക്കാൻ വിഷമവും ഉണ്ടാവാം.

കാരീയം (Lead) ശരീരത്തിനകത്ത് പ്രവേശിച്ചുമുണ്ടാകുന്ന Lead Poisoning വിളർച്ചയോടൊപ്പം വയറുവേദന, മലബന്ധം, ഛർദ്ദി, മോണയിൽ കരിനീലവരകൾ എന്നിവയും ഉണ്ടാക്കുന്നു.

വായിലും നാക്കിലും പുണ്ണ്, ചുണ്ടിലും വായയുടെ കോണുകളിലും വിണ്ടുകീറലുകൾ, നഖം വേഗം പൊട്ടുക, നടക്കാൻ വിഷമം, കൈകാലുകളുടെ മാംസപേശികൾക്ക് പിടുത്തവും കോച്ചലും, കൈകാലുകളിൽ തരിപ്പും മരവിപ്പും സൂചി കുത്തുന്നതുപോലെയുള്ള തോന്നലും, സ്പർശനം മനസ്സിലാക്കാൻ പ്രയാസം, ഓർമ്മക്കുറവ്, തലചുറ്റൽ, മാനസികവിഭ്രാന്തി എന്നിവ വിറ്റാമിൻ B12 ന്റെ കുറവുകൊണ്ടുള്ള അനീമിയയുടെ ലക്ഷണങ്ങളാവാം.

### രോഗനിർണ്ണയം

രോഗിയുടെ ലക്ഷണങ്ങളും രോഗചരിത്രവും ചോദിച്ചുമനസ്സിലാക്കിയശേഷം ഡോക്ടർ രോഗിയെ വിശദമായി പരിശോധിക്കുകയും അതിനുശേഷം രോഗം നിർണ്ണയിക്കാനാവശ്യമായ പരിശോധനകൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. രക്തപരിശോധനകൾ പലതരത്തിലുണ്ട് - ചുവന്ന രക്താണുക്കളുടെ എണ്ണം, ESR, ഹീമോഗ്ലോബിന്റെ അളവ്, രക്തത്തിൽ ഇരുമ്പിന്റെ അംശം അളക്കാനുള്ള പരിശോധനകൾ, അനീമിയ ഏതുതരമാണെന്നു മനസ്സിലാക്കാൻ പെരിഫെറൽ സ്മീയർ (Peripheral Smear) തുടങ്ങിയവ. മൂത്രപരിശോധനയും പ്രധാനമാണ്. മൂത്രത്തിൽ പഴുപ്പ്, പ്രോട്ടീൻ, പഞ്ചസാര എന്നിവ കാണുന്നത് വിവിധ രോഗങ്ങളുടെ ലക്ഷണമാണ്. മലപരിശോധന വഴി, മൂലക്കുരു, വിരശല്യം, വയറ്റിലെ വ്രണം തുടങ്ങിയവ നിർണ്ണയിക്കാം. നെഞ്ചിന്റെ ഏക്സറേ, മജ്ജ പരിശോധന, വയറ്റിൽ വ്രണമുണ്ടോ എന്നറിയാനുള്ള എൻഡോസ്കോപ്പി, മൂലക്കുരു ഉണ്ടോ എന്നറിയാനുള്ള പരിശോധന എന്നിങ്ങനെ രോഗങ്ങൾക്കനുസരിച്ച് പലതരം പരിശോധനകൾ ഡോക്ടർ നിർദ്ദേശിക്കും.

പാരമ്പര്യമായി കുടുംബത്തിൽ എന്തെങ്കിലും രോഗമുണ്ടായ ചരിത്രം, ഭക്ഷണരീതി, ജീവിതരീതി, കഴിക്കുന്ന മരുന്നുകൾ എന്നിവയെക്കുറിച്ച് രോഗി ഡോക്ടറോട് പറയേണ്ടതാണ്. ആർത്തവ പ്രശ്നങ്ങളുണ്ടെങ്കിൽ അതും പറയണം. ഗർഭിണിയാണെങ്കിൽ ഭക്ഷണരീതി, ഗർഭകാല പ്രശ്നങ്ങൾ, കഴിക്കുന്ന മരുന്നുകൾ, രക്തസ്രാവമുണ്ടോ എന്ന കാര്യം തുടങ്ങിയവ ഡോക്ടറോട് പറയണം.

### ചികിത്സ

വിളർച്ചയുണ്ടെങ്കിൽ കാരണം കണ്ടുപിടിച്ച് വേഗം ചികിത്സ തുടരേണ്ടതാണ്. ചികിത്സിക്കാൻ വൈകിയാൽ പല പ്രശ്നങ്ങളും ഉണ്ടാവും. ഹൃദയത്തിനെ ബാധിച്ച് ഹൃദയത്തിലെ പ്രവർത്തനം തകരാറിലാവുക (Heart failure), തല ചുറ്റി വീഴൽ, മാനസികമായ ആശയക്കുഴപ്പം എന്നിവയുണ്ടാവാം. ഗർഭിണികൾക്ക് വിളർച്ചയുണ്ടായാൽ മാസം തികയാതെയുള്ള പ്രസവം, ഗർഭസ്ഥശിശുവിന് വളർച്ചക്കുറവ്, വൈകല്യങ്ങൾ, നവജാതശിശുവിന് തൂക്കക്കുറവ്, അണുബാധ എന്നിവ ഉണ്ടാവാം. വിളർച്ച ചിലപ്പോൾ വന്ധ്യതയും ഉണ്ടാക്കാറുണ്ട്.

രോഗത്തിനനുസരിച്ച് ഡോക്ടർ ചികിത്സ നിർദ്ദേശിക്കുന്നു. ഗർഭിണികൾ സന്തുലിതാഹാരത്തിനുപുറമേ ഡോക്ടർ നിർദ്ദേശിക്കുന്ന അയേണും ഫോളിക് ആസിഡും വിറ്റാമിനുകളും അടങ്ങിയ ഗുളികകൾ കൃത്യമായി കഴിക്കണം.

വിളർച്ച മാറണമെങ്കിൽ മൂന്നു മുതൽ ആറുമാസം വരെ ഗുളികകൾ കൃത്യമായി കഴിക്കേണ്ടിവരും. അതിനുശേഷം ഇരുമ്പുസത്തടങ്ങിയ സമീകൃതാഹാരം കഴിക്കാൻ ശ്രദ്ധിക്കുക. ചിലർക്ക് അയേൺ ഗുളികകൾ കഴിക്കാൻ വിഷമമോ, ഛർദ്ദി, വയറിളക്കം, വയറുവേദന, മലബന്ധം എന്നീ പ്രശ്നങ്ങളോ ഉണ്ടെങ്കിൽ മാത്രം ഡോക്ടർ അയേൺ ഇഞ്ചക്ഷൻ, നിർദ്ദേശിക്കാറുണ്ട്. അനീമിയ വളരെ കൂടുതലാണെങ്കിലും ശസ്ത്രക്രിയക്കുശേഷവും അയേൺ ഇഞ്ചക്ഷനായി നല്കേണ്ടിവരാറുണ്ട്. അമിത രക്തസ്രാവത്തിനുശേഷവും വിളർച്ച കൂടുതലായി ഹൃദയത്തെ ബാധിക്കാനിടയുള്ള അവസ്ഥയിലും ചിലപ്പോൾ രക്തം കയറ്റേണ്ടിവരും (Blood Transfusion).

രോഗപ്രതിരോധശക്തി നശിക്കുന്ന രോഗങ്ങളിൽ സ്റ്റീറോയ്ഡ് ഇഞ്ചക്ഷൻ നല്കാറുണ്ട്. ദീർഘകാല വൃക്കരോഗങ്ങളിൽ Erythropoietin ഹോർമോൺ മരുന്നിന്റെ രൂപത്തിൽ നല്കുന്നു.

### ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

സ്ത്രീകൾ ഏതു പ്രായത്തിലായാലും വിളർച്ച ഉണ്ടാവാൻ സാധ്യത കൂടുതലുള്ളതിനാൽ ഇരുമ്പിന്റെ അംശവും ജീവകങ്ങളും മാംസ്യവും ധാതുക്കളും മറ്റും അടങ്ങിയ സന്തുലിതാഹാരം കഴിക്കേണ്ടത് വളരെ ആവശ്യമാണ്.

കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾ ശരീരം മെലിയാനായി ഭക്ഷണം കുറയ്ക്കുന്നതും ആധുനികജീവിതശൈലിയനുസരിച്ച് പോഷകാഹാരത്തിനു പകരം ഫാസ്റ്റ്ഫുഡ് കഴിക്കാനിഷ്ടപ്പെടുന്നതും ശരിയല്ല. ഗർഭിണികളും മുലയൂട്ടുന്ന അമ്മമാരും സന്തുലിതാഹാരം കഴിക്കേണ്ടത് വളരെ പ്രധാനമാണ്.

ഇരുമ്പിന്റെ അംശം കൂടുതലുള്ള ഇലക്കറികൾ, പാവയ്ക്ക, നെല്ലിക്ക, പച്ചക്കറികൾ, മാംസം എന്നിവ കഴിക്കണം. അതിനുപുറമെ മുട്ട, പാൽ, ധാന്യവർഗ്ഗങ്ങൾ, പയറു വർഗ്ഗങ്ങൾ, കടല, അണ്ടിപ്പരിപ്പ്, പഴങ്ങൾ എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. ഉണക്കമുന്തിരി, കരൾ, ശർക്കര, മത്സ്യം എന്നിവയിലും ഇരുമ്പിന്റെ അംശം ധാരാളമുണ്ട്. ഇരുമ്പിന്റെ അംശം മാത്രമല്ല ജീവകങ്ങളും ധാതുക്കളും കുറയുമ്പോൾ വിളർച്ചയുണ്ടാവാമെന്നതിനാൽ സന്തുലിതാഹാരം കഴിക്കേണ്ടത് വിളർച്ച തടയാൻ സഹായിക്കും.

വിളർച്ചയുണ്ടാക്കാനിടയുള്ള രോഗങ്ങളും ആർത്തവപ്രശ്നങ്ങളും മറ്റുമുണ്ടെങ്കിൽ അവഗണിക്കാതെ കഴിയുന്നതും വേഗം ഡോക്ടറെ സമീപിക്കുകയും ചികിത്സ തുടങ്ങുകയും ചെയ്യേണ്ടതാണ്. സ്ത്രീ ആരോഗ്യവതിയാണെങ്കിൽ അവളുടെ കുടുംബവും ആരോഗ്യമുള്ളതായിരിക്കും എന്ന് ഓർമ്മിക്കുക. സ്ത്രീകൾ കുടുംബാംഗങ്ങളുടെ ആരോഗ്യം ശ്രദ്ധിക്കുന്നതിനിടയിൽ സ്വന്തം ആരോഗ്യം ശ്രദ്ധിക്കാൻ മറക്കുകയോ അവഗണിക്കുകയോ ചെയ്താൽ പിന്നീട് ഗൗരവമേറിയ പ്രശ്നങ്ങളുണ്ടായേക്കാം. •

രജീഷ് കാളികാവ്
9946760036



# എന്റെ ഗ്രാമം

എൻ പ്രിയ ഗ്രാമമേ നീയുമീ
നഗരച്ചുഴിയിലേക്കൊഴുകിത്തുടങ്ങയോ
നിൻ തപ്ത ദീക്ഷകൾ വാടിത്തളർന്നൊരെ-
ന്നുള്ളിലിന്നീറ്റു നോവായ്ത്തിളക്കിലും
സ്മരണതൻ വറ്റാത്ത കൈവഴിയിലെങ്ങോ
കളഞ്ഞുപോയോ നിന്നനന്യമാം സൗഭഗം
എരിവേനലഴിയിട്ടൊരീ കനൽക്കൂട്ടിൽ നി-
ന്നരുമയാം സ്വപ്ന ദലങ്ങൾ കരിയവേ
പൊലിയുന്നു കാറ്റിലൊരായിരം കൈത്തിരി
നാളമായ് വീണ്ടുമെൻ രോദനങ്ങൾ
താരെഴും മോഹവസന്തമായ് നീ പൂത്തു
നിന്നൊരാ സന്ധ്യകൾ പോയ് മറഞ്ഞീടിലും
ഉള്ളം നിറഞ്ഞു കിനാപ്പരൽ തുള്ളുന്ന
നിറ വയൽച്ചിത്രങ്ങൾ മാഞ്ഞുപോയെങ്കിലും
നാവേറുപാടിമടങ്ങുമാ പെൺകിളി-
യാറു തിരഞ്ഞു തളർന്നുവെന്നാകിലും
ഞാറ്റു മണവുമാ ഞാറ്റടിപ്പാട്ടുമീ
കാറ്റലയെന്നോ മറന്നു പോയെങ്കിലും
അരിയ നിൻ സ്വപ്നങ്ങളെരിയുമീ ചിതയിൽ വീ-
ണുരുകിപ്പിടക്കുന്നതറിയുന്നുവെങ്കിലും
ഈറൻ നിലാവു ചുരക്കുമൊരുൾ നില
മോർമ്മകൾ വീണ്ടുമുഴുതുമറിക്കവേ
വിഹ്വല നിൻ ലോല പാണീതലം ഗ്രഹി
ച്ചകലെയൊരു നൽതീരമണയാൻ കൊതിപ്പു ഞാൻ
എൻ പ്രിയ ഗ്രാമമേ നിൻ നെഞ്ചമൊരു
നഗര സന്ധ്യയെപ്പുൽകാൻ തുടിക്കയോ
എങ്ങുനീ പണ്ടേ തപം ചെയ്തു നേടിയ
പൊൻ നൂപുരങ്ങളാം ചന്ദനച്ചോലകൾ
എങ്ങീ വഴിയോരമാകെയുമെന്നോടു
കൂട്ടിനായ് വന്നോരു കൊച്ചരിപ്പൂവുകൾ
എങ്ങോമറഞ്ഞു വിഷുക്കിളിപ്പാട്ടും
മുത്തശ്ശിയമ്മ തൻ കൊച്ചുവായ്ത്താരിയും
ചാണം മെഴുകിയ മുറ്റവുമോണവും
മണ്ണിൻ കിനാക്കളുമെന്നേ കരിഞ്ഞുപോയ്
പുല്ലു കിളിർക്കാതെയങ്കണമാകെയും
കല്ലുകൾ പാകുവാൻ മാത്സര്യമേറവേ
ദാഹനീരിറ്റുമിറക്കുവാനാവാതെ
നീ പിടക്കുന്നതുമാരുണ്ടറിയുവാൻ
നിൻ ശ്വാസഗന്ധം പകുത്തതാണെന്നുയിർ
നിൻ മിഴിനീരിലുയിർത്തതാണെന്നുടൽ
നിൻ മുഗ്ദ യൗവനം പോയ്മറഞ്ഞീടിലും
നിന്നെപ്പിരിഞ്ഞില്ലെനിക്കൊരു ജീവനം
ചെമ്പട്ടുഴിഞ്ഞു കതിരോൻ മടങ്ങുമീ
സായന്തനത്തിന്നിരുൾ വഴിയിലെങ്കിലും
തെല്ലിട നിൻ മടിയിൽ നോവിന്റെ ഭാണ്ഡ
മിറക്കി മയങ്ങാൻ കൊതിക്കുമീ മാനുഷർ.

## പരുത്തിപ്പുള്ളി രാധാകൃഷ്ണന്റെ

# യക്ഷിക്കോട്ട

കെ. കുമരേശ്
9961098612

യക്ഷികളെ കഥാപാത്രമാക്കി ബാലസാഹിത്യ സൃഷ്ടികൾ, മലയാളത്തിലും ഇതര ഭാഷകളിൽ നിന്നുള്ള വിവർത്തനങ്ങളും നമ്മൾ കണ്ടതാണ്. അവയിൽ നിന്നെല്ലാം വിഭിന്നമായ ഒരു വായനാനുഭവം, ശ്രീ പരുത്തിപ്പുള്ളി രാധാകൃഷ്ണന്റെ നോവൽ 'യക്ഷിക്കോട്ട' വായനക്കാരിലുളവാകുന്നു.


ബാലമനസ്സുകളിൽ അതിജീവനത്തിന്റെ ഒരു ദിശാബോധം ജനിപ്പിക്കാൻ ഇതിലെ പ്രമേയത്തിലൂടെ നോവലിസ്റ്റ് ശ്രമിക്കുന്നു. ഫാന്റസിയുടെ കാൻവാസ് അതിന് സ്വീകരിക്കേണ്ടിവന്നത് ഒരു യാദൃശ്ചികതയായെടുക്കാം.

സാഹസികത ഇഷ്ടപ്പെടുന്ന കൂട്ടുകാർക്കായി എന്ന പുറംചട്ടയിലെ പ്രസാധകക്കുറിപ്പ് സാംഗത്യമാണെന്ന് തോന്നിയില്ല; ശീർഷകം അത് വിളിച്ചോതുന്നുണ്ടല്ലൊ.

ഉടനീളം സാഹസിക രംഗങ്ങളിലൂടെ കടന്നുപോകുന്ന മുഖ്യധാരാകഥാപാത്രമാണ് നോവലിലെ സുശീലൻ, ആത്മവിശ്വാസം, പ്രായത്തിൽ കവിഞ്ഞ പക്വത, വിവേചന ബുദ്ധി, സർവോപരി ഈശ്വരഭക്തിയും ഈ ബാലന്റെ പരിവേഷങ്ങളാണ്. കുട്ടികളിൽ ഭാസുരമായ പരിവർത്തനങ്ങൾക്ക് ഇതു വഴിയൊരുക്കുന്നു.

ദുഷ്ടയാണ് ചിറ്റമ്മയെങ്കിലും സുശീലന്റെ വളർച്ചയ്ക്ക് ഇവരൊരു നിമിത്തമായി നിലകൊള്ളുന്നു. ആദ്യവും അവസാനവും ജീവിതത്തിന്റെ വൈരുദ്ധ്യം അവനിലൂടെ നമ്മെ സ്പർശിക്കുന്നു.

അനുചരൻ വീരകായുവിന്റെ കൈയിലെ റിമോട്ടാണ്, മാന്ത്രികക്കത്തി. സുശീലനത് കൈക്കലാക്കുന്നതോടെ, കഥ മറ്റൊരു വഴിത്തിരുവിലേക്കടുക്കുന്നു. രക്ഷകയായ സ്വർഗ്ഗകന്യകയാകട്ടെ, കഥയുടെ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിന് ആക്കം കൂട്ടുന്നു. രാജകുമാരിയെ വേൾക്കുന്നതോടെ, ശ്വാനരൂപത്തിൽ നിന്നും മോചനം പ്രാപിക്കുന്ന സുശീലൻ, യുവത്വത്തിന്റെ നിറസാന്നിധ്യമണിയുന്നു. ആവിഷ്കാരത്തിലെ ശാലീനതയും ഒതുക്കവും നോവലിനെ മനോഹരമാക്കുന്നു. ●




**യക്ഷിക്കോട്ട**
(നോവൽ)
**പരുത്തിപ്പുള്ളി രാധാകൃഷ്ണൻ**
എച്ച്. ആന്റ് സി. ബുക്സ്
പേജ് – 64
വില – 60 രൂപ

# ചരിത്രരേഖ



പ്രൊഫ. കെ. ശശികുമാർ
9446442081

**വ**ഴന്തലമുറ പുതുതലമുറയ്ക്ക് നിർബന്ധമായും കാട്ടിക്കൊടുക്കേണ്ട അക്ഷരക്കൂട്ടുകളാണ് ആത്മകഥയും ജീവചരിത്രവും. അനുഭൂതിവന്ധ്യമായി ഇവ അന്യംനിന്നുപോകുന്നുവോ ? നല്ല ജീവിതത്തിനേ നല്ല സന്ദേശമുള്ളൂ. നല്ല സന്ദേശമുണ്ടെങ്കിലേ നല്ല ജീവചരിത്രമുണ്ടാവുകയുള്ളൂ. യഥാർത്ഥ ജീവചരിത്രവും ആത്മകഥയും എഴുതാൻ കൈവിറയ്ക്കുന്ന വർത്തമാനകാലത്ത് മുല്ലശ്ശേരി ചന്ദ്രന്റെ 'ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ' എന്ന ഗ്രന്ഥം തീക്ഷ്ണദീപ്തിയുള്ള സമാർഹമായ രചനയാണ്. ഉള്ളറകളിലെ അറിവ് കമ്പ്യൂട്ടറുകളിലിടയിരിയ്ക്കുന്ന വിവരവ്യവസായ യുഗത്തിൽ, ഒരു മഹത്തായ ജീവിതത്തെ ബൃഹത്തായ വ്യാഖ്യാനത്തോടെ, മലയാളഭാഷയുടെ മഹിതലാവണ്യ പൂർണ്ണിമയോടെ ഇതുവരച്ചു കാണിയ്ക്കുന്നു.




**ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ**
(ജീവചരിത്രം)**മുല്ലശ്ശേരി ചന്ദ്രൻ**
പ്രസാധകർ - ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ സ്മാരക സമിതി
പേജ് - 120 **വില - 120 രൂപ**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പകുതി സർഗ്ഗാത്മകമായ പ്രക്ഷുബ്ധതയുടെ കാലസന്ധിയാണ് മലയാളഭാഷയിൽ. പുഷ്കലമായ സാഹിത്യപ്രവർത്തനങ്ങളുടെ കൂത്തരങ്ങായിരുന്നു അന്നത്തെ കേരളം. ഗദ്യപദ്യമയമായ കാവ്യങ്ങളുടെ കുത്തൊഴുക്ക്. ഹരിതശാദ്വലങ്ങളിൽ പുതിയ പ്രരോഹങ്ങൾ. ആ കാലസന്ധിയിലെ ഒട്ടെല്ലാ സാഹിത്യ സംരംഭങ്ങളിലും പങ്കാളിയാണ് ജീവചരിത്രകഥയിലെ നായകൻ. സംസ്കൃതനാടകവിവർത്തകൻ. കവി, സംഗീതപ്രിയൻ, സമുദായപരിഷ്കർത്താവ്, പോരാ സർക്കാർ വക്കീലും. മലയാള സാഹിത്യ ചരിത്രത്തിലെ ആദ്യകാല ജീവചരിത്രമാവേണ്ട ഒന്നാണിത്. കാലം അവധിയില്ലാത്തതും ഭൂമി വിപുലവുമായതിനാൽ ചിലതൊക്കെ സംഭവിയ്ക്കണമെങ്കിൽ പ്രത്യേകനിമിത്തങ്ങളും നിയോഗങ്ങളുമുണ്ടാവണം.

അത്തരമൊരു നിയോഗം ലഭിച്ചിരിയ്ക്കുന്നത് ഒരുത്തമ പുരുഷനു തന്നെയാണ്. കവിയും സഹൃദയനും ഗ്രന്ഥകാരനുമായ മുല്ലശ്ശേരി ചന്ദ്രന്റെ കാവ്യജീവിതവൃത്തിയുടെ ധന്യതയാണ് ഈ ജീവചരിത്രനിർമ്മാണം എന്നു ഞാൻ ദൃഢമായി വിശ്വസിയ്ക്കുന്നു.

നിർമ്മാണം എന്ന വാക്ക് ബോധപൂർവ്വം തന്നെ. ഒരു എട്ടുകെട്ടിന്റെ നിർമ്മാണം പോലെ ക്ലേശഭൂയിഷ്ഠമാണിത്. ഉപാദാനങ്ങളുടെ അലഭ്യതതന്നെ പ്രധാനം. മരമൊരിടത്ത്, മണലൊരിടത്ത്, കല്ലൊരിടത്ത്. ഒക്കെയും ഒത്തിരിയ്ക്കണമല്ലോ. ഒപ്പം കൂടിയവരും നടന്നവരുമൊക്കെ എപ്പൊഴേ പോയകന്നു. നൂറ്റമ്പത് വർഷങ്ങൾക്കപ്പുറത്തുനിന്നും എല്ലാമെല്ലാം അന്വേഷിച്ചുകണ്ടെത്തി ഇവിടേയ്ക്കെത്തിയ്ക്കേണ്ടത് ശ്രമകരമായ പണി തന്നെ. ഈ ജീവചരിത്രരചയിതാവ് സ്ഥപതി ആവുകയാണീ പ്രകരണത്തിൽ.

പാലക്കാട് ചിറ്റൂർ താലൂക്കിലെ ചമ്പത്തിൽ തറവാട് ഒരു വംശവൃക്ഷമാകുന്നു. ശാഖോപശാഖകൾ. പുഷ്പഫലസമൃദ്ധികൾ. ആവാസവ്യവസ്ഥയെ നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന വേരുകൾ. വാടാക്കരൾകൊണ്ട കുടുംബം. ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർക്ക് സമസ്കന്ധനായി ഇരുപതാം നൂറ്റാണ്ടിൽ മറ്റൊരാളെ ചൂണ്ടിക്കാണിയ്ക്കാമെന്നു തോന്നുന്നു, സർദാർ കെ. എം. പണിക്കർ.

പാരസ്പര്യം നഷ്ടപ്പെടുന്ന, മാനുഷ്യകം പഴങ്കഥയാകുന്ന, ആർദ്രഭാവങ്ങൾ അകന്നലിയുന്ന, ഗതിവേഗം കൂടിയ മഹാശനം എന്ന മഹാരോഗം ബാധിച്ച പുതുലോകത്ത് വേരുകളറിയാതെ ചെടികൾ വളരുന്നുവോ? ഇല്ല എന്നതിന് സുദുർല്ലഭമായി മാത്രം ലഭിയ്ക്കുന്ന ഉത്തരമാണ് ചമ്പത്തിൽ തറവാട്ടിലെ പുതുതലമുറ. ഒന്നര നൂറ്റാണ്ടിനിപ്പുറം നിന്നുകൊണ്ട് സർവ്വാദൃതനായ മഹാനുഭാവനെ സർവ്വാത്മനാ സ്മരിയ്ക്കുക എന്ന് മഹാനുഭവം തന്നെ. രണ്ടാം തലമുറ മടിച്ചതോ മറന്നതോ നാലാം തലമുറ ചെയ്യുക. ധീരകൃത്യമാണിത്. പുതിയ തലമുറ ഈ ഗ്രന്ഥനിർമ്മിതിയിൽ മാത്രമായൊതുങ്ങരുത്. ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർക്ക് ചിറ്റൂരിൽ ഒരു നിത്യസ്മാരകമുണ്ടാവണം. ഒരു സാംസ്കാരിക സമുച്ചയമാവണമത്.

നാമെല്ലാവരും കഥാവശേഷരാകുമെങ്കിലും കഥ തുടർന്നുകൊണ്ടേയിരിക്കും. ഒരു നീണ്ട, നീണ്ട കഥയായി. ഇന്നലെകളിൽ ജീവിച്ചിരുന്നവരുടെ കഥ ഇന്നുള്ളവർ പറഞ്ഞെങ്കിലല്ലേ നാളെ ജനിയ്ക്കുന്നവർക്ക് കഥയുണ്ടാവൂ. ഇതാണ് സർഗ്ഗാത്മക പരിണാമം.

ചാത്തുക്കുട്ടി മന്നാടിയാരുടെ സമൃദ്ധ സ്മരണകൾക്കുമുമ്പിൽ നമ്രശീർഷനായി നിന്നുകൊണ്ട് മുല്ലശ്ശേരി ചന്ദ്രന് ഒരു ദീർഘ നമസ്കാരം.

ഈ വിശിഷ്ട ഗ്രന്ഥം നിങ്ങൾക്കുള്ളതാണ്.

# ഉപഹാരം, ഉപകാരം, അപഹാരം

**കെ. വിജയകുമാരൻ**
**09448312631, 09444540631**

**അ**ക്ഷര വൃക്ഷങ്ങൾ എമ്പാടും തഴച്ചുവളരുന്ന പശ്ചാത്തലത്തിൽ ഓർക്കാപ്പുറത്ത് പല അത്യാഹിതങ്ങളും സംഭവിക്കാമല്ലോ. ഫിബ്രുവരിയിൽ കോഴിക്കോട് നടന്ന സാഹിത്യോത്സവത്തിനിടയ്ക്ക് രണ്ടു കൊച്ചു കവിതാ പുസ്തകങ്ങൾ പരിമിതമായ അടിയന്റെ വായനാസമയത്തിൽ അതിക്രമിക്കാൻ എത്തിപ്പറ്റി. ഒന്ന് : സ്നേഹോപഹാരമായി കിട്ടിയ മുക്കം ഭാസിയുടെ 'പോക്കുവെയിലിലെ പഥികൻ' (നേരിട്ടു തരാൻ മറന്നതിനാൽ ശ്രീ. മുരളിവശം കൊടുത്തയച്ചത്), രണ്ട് : ജാഫർ ചളിക്കോടിന്റെ 'വെളിപാടു പുസ്തകം' (ഒരുപകാരമാകട്ടെ എന്നു കരുതി യുവകവിയുടെ പക്കൽ നിന്നു നേരിട്ട് വിലകൊടുത്ത് വാങ്ങിയത്). ഈ മഹാശയന്മാരോട് കുലീനമായ പ്രതികാരം കവിത വായിച്ചുതന്നെ തീർക്കണം എന്നുതോന്നി. മൂന്നു ദിവസങ്ങളിൽ രണ്ടു കവിതാപുസ്തകങ്ങൾ വായിക്കുകയെന്ന സാഹസം ഫിബ്രവരി ഏഴ് - ഒമ്പത് തിയ്യതികളിൽ സംഭവിച്ചു. അതിന്റെ പ്രത്യാഘാതമായി ഈ കുറിപ്പ് എഴുതുകയും, തന്മൂലം കണക്കിൽക്കൂടുതൽ സമയാപഹരണത്തിനിരയാവുകയും ചെയ്തു.

'പോക്കുവെയിലിലെ പഥികൻ' പൊതുവെ ക്ലാസ്സിക്കൽ നിയമങ്ങളും, ചിട്ടകളും, അതിരുകളും (ഇടയ്ക്ക് നിയമലംഘനവുമുണ്ട്) അറിഞ്ഞ് ഭംഗിയായി ആശയങ്ങൾ കൊരുത്തിണക്കിയ മുപ്പത്തിയേഴ് കവിതകളുടെ സമാഹാരമാണ്. അസാധാരണമായ അനുഭവസമ്പത്തിന്റെയും സാമൂഹ്യപ്രതിബദ്ധതയുടേയും വർണ്ണങ്ങൾ ചാലിച്ചു സൃഷ്ടിച്ച രസകരമായ കുറെ കവിതകൾ ഇതിലുണ്ട്. ചില കവിതകളെ പരാമർശിക്കട്ടെ.


ഉറങ്ങുന്നത് നല്ലതാണെന്ന് കവി പറയുമ്പോൾ (ഉറക്കം എന്ന കവിത) അക്കിത്തത്തിന്റെ 'വെളിച്ചം ദുഃഖമാണുണ്ണീ...' എന്ന വരികൾ ഓർത്തു. യാഥാർത്ഥ്യങ്ങൾ എപ്പോഴും കാണാൻ സുഖമുള്ള കാര്യമല്ല എന്ന അറിവാണവിടെ. 'സപ്തതി' എന്ന കവിതയിലെത്തുമ്പോൾ 'അപ്പി മൂത്രം കലർന്ന കോലായ കപ്പിയ' നിഷ്കളങ്കമായ അറിവില്ലായ്മയിൽ തുടങ്ങി 'ഒന്നുമേയറിയില്ലെനിക്കിപ്പൊഴും ഒന്നുമേ ചെയ്തിട്ടില്ല ഞാൻ പാരിതിൽ' എന്നുപറഞ്ഞ് പ്രപഞ്ചത്തിൽ തന്റെ നിസ്സാരതയെത്തന്നെ മഹത്തായ അറിവിലെത്തുന്ന ഒരു സ്വാഭാവിക പരിണാമം കാണാം.

പോക്കുവെയിലിന്റെ പാളികൾക്കുമപ്പുറം വരാനുള്ള യാത്രാന്ത്യത്തിന്റെ സൂചന ഇടയ്ക്കിടെ മിന്നുന്നത് കാണാം (പോക്കുവെയിൽ, ചരമക്കോളം, പഥികൻ, ഡ്രൈവർ, മലകയറ്റം). കവിയെ പരിസ്ഥിതി പ്രശ്നങ്ങൾ വല്ലാതെ അലട്ടുന്നതും (വിഷം തീനികൾ, ഒരു സേവകന്റെ അന്ത്യം, എവിടെയെന്റെ പുഴ?) സമകാലിക ജീവിതത്തിലെ വിഹ്വലതകൾ നൊമ്പരപ്പെടുത്തുന്നതും (സമത്വവാദികൾ, സർപ്പം, എനിക്കു പേടിയാകുന്നു, പട്ടം, വേട്ടപ്പട്ടികൾ) കവിതകളിൽ പ്രകടമാകുന്നു. ചില വ്യക്തികളും സംഭവങ്ങളും കവിഹൃദയത്തെ സ്പർശിച്ചത് ശ്രദ്ധേയമാണ്. (സിന്ദൂര പുഷ്പാഞ്ജലി, ഏർവാടി ദുരന്തം, കണ്ണീർ പൂക്കൾ, പടിയിറങ്ങുന്നു)

'തൊണ്ണൻമേസ്ത്രി' എന്ന കവിത വല്ലാതെ ആകർഷിച്ചു. ഡിപ്ലൊമസിയൊട്ടുമില്ലാത്ത അത്തരം കഥാപാത്രങ്ങൾ സമൂഹത്തിലെ മുഖമൂടികളെ അറപ്പില്ലാതെ വലിച്ചുകീറുന്നതിനാൽ അവരുടെ സേവനം വിലപ്പെട്ടതാണ്. വൃദ്ധജനങ്ങളെ 'എട്ടുകാലി'കളായി ചിത്രീകരിച്ചത് രസകരമായിരുന്നു. ആവുന്നത്ര സമയം ഒരിരയായി അവർക്കുമുന്നിൽ ഇരുന്നുകൊടുക്കേണ്ടത് ഒരുത്തരവാദിത്തമായി കാണുന്നത് താമസിയാതെ




**പോക്കുവെയിലിലെ പഥികൻ**
കവിതകൾ, മുക്കം ഭാസി (2013),
പുരോഗമന കലാ സാഹിത്യ സംഘം, തിരുവമ്പാടി മേഖല.
(വില - 50 രൂപ)




**വെളിപാടുപുസ്തകം**
കവിതകൾ,
ജാഫർ ചളിക്കോട് (2016),
ഭാഷാശ്രീ പുസ്തക പ്രസാധക സംഘം, പി. ഒ. കല്പത്തൂർ,
കോഴിക്കോട് 673524
(വില - 100 രൂപ)

ഇതെഴുതുന്നയാളും ഒരെട്ടുകാലിയാകുമല്ലോ എന്ന ബോധം കൊണ്ടായിരിക്കാം. ആസകലാൽ ഇതൊരു നല്ല കവിതാപുസ്തകം തന്നെ.

* * * * *

ജാഫർ ചളിക്കോടിന്റെ 'വെളിപാടു പുസ്തകം' ആധുനിക കവിതകളുടെ ദുരൂഹതയൊന്നുമില്ലാത്ത ആശയസമ്പുഷ്ടമായ നൂറു ചെറു-കുറു-നുറുങ്ങ് കവിതകളുടെ സമാഹാരമാണ്. (ഉറുപ്യക്ക് ഒന്ന് എന്ന കണക്ക് പ്രകടം) കവിതകൾ വായിക്കുമ്പോൾ വാക്കുകളിലും വരികളിലും ചിലവഴിച്ച സമയത്തേക്കാൾ അതിനപ്പുറം ചിലവഴിക്കാനിടവന്നു. (സമയാപഹാരം നിരീച്ചതിനേക്കാൾ കൂട്ട്യേക്കണ്) ചില കവിതകളെപ്പറ്റി എടുത്തുപറയട്ടെ.

'വെളിപാട് പുസ്തകം' എന്ന ആദ്യകവിതയിൽ ചോര പൊതിഞ്ഞുവരുന്ന ആശയങ്ങളെ പ്രസവിച്ച് കടലാസ്സിൽ കിടത്തിയാൽ പിന്നെ കവിയില്ല... കരച്ചിലും പിഴിച്ചിലുമായി ഉറ തുള്ളുന്ന കുട്ടിയ വായനക്കാർക്കെന്തും ചെയ്യാമെന്ന് കവി പറയുമ്പോൾ ഇതേ ആശയം ഇതെഴുതുന്നയാൾ 'കാക്ക എന്ന മഹാസംഭവത്തിൽ' സൂചിപ്പിച്ചതോർത്തു. അതുപോലെ 'ഒന്ന്' എന്ന കവിത വായിക്കുമ്പോൾ മനസ്സിൽ തെളിഞ്ഞത് ബഷീർ പറഞ്ഞ ഇമ്മിണി ബലിയ ഒന്നാണ്. 'ചൂല്/സ്ത്രീ' എന്ന കവിത വായിക്കുമ്പോൾ ഈ ലേഖകൻ എഴുതിയ 'കൊണ്ടച്ചീപ്പുരു' എന്ന കഥ സ്മരണയിലെത്തി. ഏറ്റവും വലിയ സാഹിത്യമായി കവി ജീവിതത്തെ അറിയുമ്പോൾ കുട്ടികൾ മാതാപിതാക്കളുടെ ലൈംഗികസംതൃപ്തിയുടെ 'ഉപോത്പന്നങ്ങൾ' ആയും രാഷ്ട്രീയക്കാർ പ്രത്യയ ശസ്ത്രങ്ങളുടേയും, മതക്കാർ ദർശനങ്ങളുടേയും 'ശവ'ത്തിനു ചുറ്റും ഇരിക്കുന്നതായും കാണുന്നു. ദൈവം മനുഷ്യനേയും മനുഷ്യൻ ദൈവത്തേയും പണിതും മാറ്റിപ്പണിതും കൊഞ്ഞനം കുത്തുന്നതായി 'ദൈവ'മെന്ന കവിതയിലും പുസ്തകങ്ങളിലെ അറിവിന്റെ അപാരവില 'അളവുതൂക്കം, അറിവുതൂക്കം' എന്ന കവിതയിലും പറയുന്നു. അറിയാതെ കൊന്ന 'പാപം' തീർക്കാനായി തിന്ന്, രുചിയറിഞ്ഞവൻ പിന്നീടറിഞ്ഞു കൊല്ലുന്ന പരിണാമവും, അമ്പേറ്റുവീണ കിളി 'നിന്റെ തൊടിയിലെ എല്ലാ മരങ്ങളും വിത്തിട്ട് മുളപ്പിച്ചത് ഞാനാണ്' എന്ന് മൊഴിയുന്നതും (ഉടമകൾ) ശ്രദ്ധേയമാണ്. മുത്ത്, ദൈവത്തിന്റെ തെറ്റ്, ആധുനിക ദാരിദ്ര്യം, വിമർശനം, അടുപ്പുകല്ലുകൾ, നേർച്ചപ്പെട്ടി, ഇരട്ടത്താപ്പ്, നിലപാട്, നേട്ടം, കണിക്കൊന്ന, ബൊഫെ എന്നീ കവിതകൾ വല്ലാതെ ആകർഷിച്ചു. മൊത്തത്തിൽ ഒരു രസികൻ സമാഹാരം തന്നെ.

* * * * *

കവികൾ പലപ്പോഴും ഒരേ വിഷയത്തെ വ്യത്യസ്തമായി കാണാറുണ്ടല്ലോ ! ഭാസി മാഷും ജാഫറും ചില വസ്തുക്കളെ/വസ്തുതകളെ കണ്ട രീതി കൗതുകകരമാണ്. ഭാസിമാഷ് കവിതയുമായി ഒരു പ്രണയിനിയോടെന്നപോലെ (കവിതയോട്) സംവദിക്കുമ്പോൾ ജാഫർ തന്റെ വ്യാകുലതകളിൽ നിന്നും ഓർക്കാപ്പുറത്ത് സമ്മതമില്ലാതെ കടന്നുവരുന്ന ഒരുമ്പെട്ടവളെപ്പോലെ കവിതയെ കാണുന്നു (എന്റെ കവിത); 'കവി'യാകട്ടെ ആ വ്യാകുലതകളിൽ അടയിരുന്ന് മൂപ്പെത്തിയ മുട്ടകളെ പേന കൊണ്ട് കുത്തിപ്പൊട്ടിക്കുന്നവനും.

കുട എന്ന കവിതയിൽ ഭാസിമാഷ് (വായിക്കുമ്പോൾ കുടയുമായി കവലയിൽ എന്റെ വരവും നോക്കിനിന്ന മാഷിന്റെ രൂപം തെളിയുന്നു) എന്നും ഒരു തണലായി, താങ്ങായി നില്ക്കുന്ന സഹചാരിയെക്കാണുമ്പോൾ, ജാഫർ 'കുട/അച്ഛൻ' എന്ന കവിതയിൽ അതേ സഹചാരിയെ അല്പം പഴകിയെന്നു കണ്ട് കുപ്പത്തൊട്ടിയിലെറിഞ്ഞ ക്രൂരതയ്ക്ക് നേരെ വിരൽ ചൂണ്ടുന്നു. മക്കളുടെ സ്നേഹം നിറഞ്ഞ ഈ വലിച്ചെറിയലിന്റെ മറ്റൊരു ഭാഷ്യം മാഷ് 'വൃദ്ധസദനം' എന്ന കവിതയിൽ വ്യക്തമാക്കുന്നുണ്ട്. അതിന്റെ അതിരുകടന്ന പരിണാമം ജാഫർ 'പിതൃവധം' എന്ന കവിതയിൽ 'എന്നിട്ടും അച്ഛൻ മരിച്ചില്ല, ലീവ് തീരാറായി, കാത്തിരിക്കാൻ സമയമില്ല, ശവസംസ്കാരം നാളെയുണ്ടാകും' എന്നെഴുതി വ്യക്തമാക്കുന്നു.

അമ്മിഞ്ഞക്കുപകരം കുപ്പി കൊടുത്ത് ശീലിപ്പിച്ച് മലയാളി ജീവിതത്തേയും സംസ്കാരത്തേയും കുപ്പിയിലാക്കിയ സംഗതി ഭാസി മാഷ് 'കുപ്പികൾ' എന്ന കവിതയിൽ പറയുമ്പോൾ ജാഫർ 'പരിഹാരക്രിയ' എന്ന കവിതയിൽ 'കൊതിപ്പിച്ചു കൊണ്ട് എല്ലാറ്റിനും മീതെ കുപ്പിക്കുള്ളിൽ സർവ്വശക്തനായ ദൈവമുണ്ടായിരുന്നു' എന്നെഴുതുന്നു. തുടർന്ന് 'ലഹരി'യിൽ സമൂഹത്തിലെ പതിൻമടങ്ങു വീര്യം കൂടിയ (ജാതി, മതം, ആചാരം, രാഷ്ട്രീയം) മറ്റു ലഹരികളേക്കാൾ നിരുപദ്രവിയാണ് മദ്യം എന്നു ജാഫർ സൂചിപ്പിക്കുമ്പോൾ ഭാസി മാഷ് ബിവറേജ് കോർപ്പറേഷനു മുന്നിൽ വെട്ടിയിട്ട വാഴപോലെ അടിച്ചു ഫിറ്റായി കിടക്കുന്ന മഹാബലിയെ 'ഓണക്കാഴ്ചയിൽ' വർണ്ണിക്കുന്നു. അല്പമെങ്കിലും ബോധമുള്ളവർക്കിവിടെ ജീവിക്കാൻ മദ്യമല്ലാതെ വേറെന്തുവഴി ?

* * * * *

സംഗതിവശാൽ രണ്ടു പുസ്തകങ്ങൾക്കും അവതാരിക എഴുതിയത് പി. കെ. ഗോപിയാണ്. എഴുത്തിന്റെ മഹാവനത്തിലെ ശ്രദ്ധിക്കപ്പെടാത്ത ചെറുചെടികളെ അടുത്തു കണ്ട് അവയുടെ ഗുണമറിയുന്ന ഒരു നല്ല ബൊട്ടാണിസ്റ്റ് (അവതാരകൻ) ആണദ്ദേഹം. ജാഫറിന്റെ പുസ്തകത്തിൽ കവിതകൾക്ക് അനുയോജ്യമായിക്കൊടുത്ത ചിത്രങ്ങൾ മിക്കവയും ഇന്റർനെറ്റിൽ നിന്നും എടുത്തതാണെന്നു തോന്നുന്നു. അവയുടെ സ്രോതസ്സ് സൂചിപ്പിക്കുകയെന്ന പ്രസിദ്ധീകരണത്തിന്റെ സാമാന്യ മര്യാദ പാലിച്ചിട്ടില്ല.

നല്ല വായനാനുഭവം നൽകിയ രണ്ടു കവികൾക്കും നന്ദി. കവിതകൾ അമൂല്യമാണ്. അതിനാൽ അവ മൂല്യമായ എന്റെ സമയത്തെ അപഹരിച്ചുവെന്ന പരാതി നിരുപാധികം പിൻവലിക്കുന്നു.

കവിത

# വേരുകൾ

**രേവതി**
പത്താം തരം
ജവഹർ നവോദയ സ്കൂൾ
മലമ്പുഴ

ജീവിതത്തിന്റെ വേരു പിഴച്ചു
ദാരിദ്ര്യം സ്ഥിതിയുറപ്പിച്ചു
ദുഃഖങ്ങൾ കളിയാടി
വേരുകളുടെ ഓട്ടം നിലച്ചു
ജീവിതമാകും ചെടിയിലെ
പൂക്കളും കായ്കളും
കരിഞ്ഞുണങ്ങി



പ്രമോദ് മഞ്ചേരി
9495607393

# തലൈവി

**കു**ളിരാർന്ന മുറികളാണെങ്കിലും ആശുപത്രികളിലെ തീവ്ര പരിചരണ മുറികൾക്ക് ഭയപ്പെടുത്തുന്ന ഒരന്തരീക്ഷമുണ്ട്, ഏകാന്തതയുടെ, കാത്തിരിപ്പിന്റെ, ഏതു നിമിഷവും കൈ പിടിക്കാവുന്ന ആസന്ന മരണത്തിന്റെ ആകസ്മികതയുടെ, ഒരു പ്രത്യേക മാനസികാവസ്ഥയിലേക്കു അന്തേവാസിയെ എത്തിക്കുന്ന ഒരന്തരീക്ഷം. മരുന്നുകളുടെ രൂക്ഷഗന്ധവും ഉപകരണങ്ങളുടെ സ്പന്ദനത്താൽ മേലാസകലം വിറപ്പിക്കുന്ന ഒരവസ്ഥയും സഹിക്കാതെ വന്നപ്പോൾ കോമളവല്ലി എഴുന്നേല്ക്കാൻ തീരുമാനിക്കുകയായിരുന്നു. ബോധം മറഞ്ഞ നിമിഷങ്ങളിലെവിടെയോ കണ്ടുമറന്ന കുറേ മുഖങ്ങൾ തലങ്ങും വിലങ്ങും ഓടുന്നുണ്ടായിരുന്നു. അവർക്ക് ആ അധ്വാനികളോടുറക്കെ പറയാൻ തോന്നി, 'എന്റെ വേദന മാറിയിരിക്കുന്നു.'

'അമ്മു' അടുത്തുനിന്നാണാ വിളി കേട്ടത്. അമ്മയുടെ വിളി, ചെറുപ്പത്തിൽ ഏറ്റവുമധികം കേൾക്കാനാഗ്രഹിച്ച്, കൊതിതീരെ കേൾക്കാനാകാതെ... അവർ ശബ്ദത്തിന്റെ ഉറവിടം തേടി. 'അമ്മാ', പതിവിലും സുന്ദരിയായി, അഭൗമപരിവേഷത്തോടെ അമ്മ കാത്തിരിക്കുന്നുണ്ടായിരുന്നു. മുഖത്തെ നിറപുഞ്ചിരിയോടെ, അവർ കൈനീട്ടി അമ്മയുടെ പക്കലേക്കു ചെന്നു. അപ്പോഴാണവർ കണ്ടത്, അമ്മ മാത്രമല്ല, ജയൻ തന്റെ പ്രിയപ്പെട്ട അനിയൻ, അവന്റെ കണ്ണു നിറഞ്ഞിരിക്കുന്നു. അരുതെന്നു മുഖം തലോടിയപ്പോഴേക്കും സ്വന്തം കണ്ണുകളും നിറഞ്ഞിരിക്കുന്നത് വല്ലി തിരിച്ചറിഞ്ഞതേയില്ല. എല്ലാവരും കാൺകേ എന്തെങ്കിലും ഭാവങ്ങൾ പ്രകടിപ്പിച്ചിട്ടു കാലങ്ങളായി. പിന്നേയും വരികളായി നീളുന്ന മിത്രങ്ങളും വേണ്ടപ്പെട്ടവരും, അത്ഭുതം ! മരിച്ചുപോയവരെല്ലാം എങ്ങിനെ ഒന്നിച്ചു ? അവർ മെല്ലെ വന്നയിടത്തിലേക്കു നോക്കി അവിടെ തിരക്കു കൂട്ടിയ ആശുപത്രി ജീവനക്കാർ തന്റെ ശരീരം മൂടിവെക്കുന്ന തിരക്കിൽ !! തിരക്കിനിടയിലും നിർത്താത്ത വായനക്കിടയിൽ എന്നും അനുഭവിച്ചറിയാനാഗ്രഹിച്ച മരണാനന്തര ജീവിതം, ആദ്യമായി ഒരു ബൗദ്ധോദയമായി അവരിലുദിച്ചു.

അവർക്കു വികാര വിക്ഷോഭങ്ങളൊന്നുമുണ്ടായില്ല. എന്നും താനങ്ങിനെ ആയിരുന്നില്ലേ ? തിരസ്കരിക്കപ്പെടുന്നിടത്ത് പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരാൻ ശ്രമിക്കുന്ന ഒരു ജീവിതം. ഇന്നറിയുന്നു, കിട്ടാതെ പോയതിനു നാം ദുഃഖിക്കരുതെന്ന്, ആർത്തിയോടെ നാം പ്രാപ്തമാക്കിയതൊന്നും നമ്മുടെ കൂടെ ഉണ്ടാവില്ലയെന്ന്. അർത്ഥസമ്പൂർണ്ണമെന്നു നാം അഹങ്കരിക്കുന്ന ജീവിതം വെറും ശൂന്യമാണെന്ന്.

ഒരു കുഞ്ഞുകൈ തന്റെ കരമവലംബിക്കുന്നത് വല്ലി അറിഞ്ഞു, അവരെ നയിക്കുകയാണാ കുഞ്ഞ്, താഴെ തെരുവിൽ മുഖം പൊത്തിക്കരയുന്ന ആയിരങ്ങൾ കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് പ്രതിച്ഛായ നന്നാക്കുവാനായി വാരി കൊടുത്ത പണം പറ്റിയ സാധാരണക്കാർ മാത്രമായിരുന്നു അത്, കപടദുഃഖം നടിച്ച് അടുത്ത പരിപാടികൾക്കായി പടയൊരുക്കം നടത്തുന്നു തന്റെ അടുത്തിരുന്നവർ... അവരെന്താണു പറയുന്നത് ? മരണവൃത്താന്തം പുറത്ത് പറയരുതെന്ന് സ്വയമൊരു പുച്ഛം തോന്നി. എന്റെ മരണം പോലും നിശ്ചയിക്കുന്നത് ഇവരാണോ ? ഉണ്ടായേക്കാവുന്ന ക്രമസമാധാന തകർച്ച, സ്വത്തുവിവരങ്ങൾ, ചർച്ചകൾ, പിൻഗാമികൾ, വിഷയങ്ങൾക്ക് പഞ്ഞമില്ലാത്ത അവസ്ഥ അവരോടു സഹതാപമാണ് തോന്നിയത്. തന്നെ ചുറ്റിപ്പറ്റി ജീവിച്ച ഒരു കൂട്ടം ആത്മാക്കൾ... അവർക്കെല്ലാം അവരുടേതായ ഉദ്ദേശ്യ ലക്ഷ്യങ്ങളുണ്ടായിരുന്നു.

'കുഞ്ഞേ നീയെന്നെ എങ്ങോട്ടാണ് കൊണ്ടുപോകുന്നത് ?' അവൻ മേഘപടലങ്ങളിലൂടെ കൂവം നദിക്കു മേലെ പറക്കുകയായിരുന്നു. നദിയുടെ രണ്ടു കരകളിലും ചായ്ച്ചു കെട്ടിയ കൂരകളിൽ ജീവിതങ്ങൾ നുരയുന്നത് അവർ കണ്ടു, അവിടെയുള്ളവരുടെ ദയനീയതയും... എത്രയോ വർഷങ്ങൾ ഈ വീഥികളിൽ രാജകീയ യാത്രകൾ ചെയ്തു നീങ്ങിയതാണു താനെന്നോർത്തപ്പോൾ അവർക്ക് വീണ്ടും അപകർഷതാബോധം തോന്നി. കുറേ നേതാക്കന്മാർ അവിടെയ്ക്കു വരുന്നു, തന്റെ അനുയായികൾ, ഈ അവസ്ഥയിൽ അവരുടെ മനസ്സും വിചാരങ്ങളും മനസ്സിലാക്കാമല്ലോ എന്ന് അവർ അതിശയിച്ചു. ജീവിതത്തിലീയൊരു കഴിവ് കിട്ടിയിരുന്നെങ്കിൽ എന്നവരാശിക്കയും ചെയ്തു. നാളത്തെ ചടങ്ങുകൾക്ക് ആൾക്കാരെ അഥവാ ജനക്കൂട്ടമൊരുക്കാനാണ് പരിപാടി, അലമുറയിട്ടു കരയാനും, നെഞ്ചത്തടിക്കാനും പ്രത്യേകമാണ് കൂലി, തന്നെ ആരെങ്കിലും സത്യത്തിൽ സ്മരിക്കുമോ, അവർക്ക് ജീവിതത്തിന്റെ അന്തസ്സാരശൂന്യത വീണ്ടും വീണ്ടും വ്യക്തമായിക്കൊണ്ടിരുന്നു. താനും അങ്ങിനെത്തന്നെ ആയിരുന്നില്ലേ ആർത്തി തന്റേയും ജീവിതഭാഗമായിരുന്നില്ലേ ?

ഇവിടെ എനിക്ക് കാലഭേദങ്ങളില്ല, നാളെ ഉണ്ടാവുന്നതെനിക്ക് കാണാം. വല്ലി നോക്കി കാണുകയായിരുന്നു. തന്റെ ശരീരത്തിനു മുന്നിൽ വണങ്ങി നില്ക്കുന്ന വ്യക്തികളെ, കെട്ടിച്ചമച്ച പൊറാട്ടു നാടകങ്ങൾ, കിട്ടിയ ചെറിയ ദാക്ഷിണ്യങ്ങൾ ഓർത്തു പൊട്ടി കരയുന്ന പാവങ്ങൾ, പെട്ടെന്നാണ് ആ കാഴ്ച ശ്രദ്ധയിൽ പെട്ടത്. കറുത്ത ചടച്ച ഒരു പാവം, നാലു ചക്രമുള്ള ഒരു വണ്ടിയി

ൽ ചായ വില്ക്കുന്നു. കടകളെല്ലാം അടച്ചതുകൊണ്ടു അയാൾക്കിന്നു നല്ല വരവാണ്. ആ വണ്ടിയിൽ തന്നെ കീറിയ ഫ്രോക്കിട്ട ഒരു കുഞ്ഞുമുണ്ട്, ക്ഷീണിച്ചു നടുവിൽ കൈ വെച്ചു മറുകൈയ്യാൽ നിറഞ്ഞ മടിശ്ശീല തുറന്നു കാശെടുക്കുന്ന അച്ഛനെ നോക്കി ആ കുഞ്ഞു കൈ കൂപ്പി മേലോട്ടു നോക്കിപ്പറഞ്ഞു – “കടവുളേ തലൈവി മരിച്ചതു കൊണ്ട് എന്റെ അച്ഛനിന്നു കൈ നിറയെ കാശു കിട്ടി. അവർക്ക് മോക്ഷം കൊടുക്കണേ.” ആദ്യമായി പരിപൂർണ്ണമായും ആത്മാർത്ഥത നിറഞ്ഞ ഒരു പ്രാർത്ഥന കേട്ടതിനാലാവാം തലൈവിക്കായി സ്വർഗ്ഗവാതിലുകൾ തുറക്കപ്പെട്ടു.

# പാചകം




ജയ ബാലചന്ദ്രൻ
09895659050


## തേങ്ങ, കറിവേപ്പില ചമ്മന്തി

**ആവശ്യമുള്ള സാധനങ്ങൾ**

1) ചുവന്ന മുളക് – 5 എണ്ണം
2) തേങ്ങ – അര മുറി
3) കറുവേപ്പില – 4 കൊത്ത്
4) ചെറിയ ഉള്ളി – 10 എണ്ണം
5) വാളൻ പുളി – 1 നെല്ലിയ്ക്കാ വലിപ്പത്തിൽ
6) ഉപ്പ് – ആവശ്യത്തിന്

**തയ്യാറാക്കുന്ന വിധം**

ചുവന്ന മുളക്, എണ്ണയിൽ വറുത്ത് എടുത്തതും, തേങ്ങ, കറുവേപ്പില, പുളി, ഉള്ളി, ഉപ്പ് എന്നിവ ചേർത്ത് കട്ടിയിൽ അരച്ച് എടുക്കുക. സ്വാദിഷ്ഠമായ ചമ്മന്തി തയ്യാർ.

# മൂന്നു കഥകൾ




സുരേഷ് തെക്കീട്ടിൽ
9446330957


## മുനകൾ

**മേ**ളക്കാരൻ അപ്പുണ്ണിയേട്ടന്റെ വീട്ടിൽ അന്നത്തെ മേളം അപ്പുണ്ണിയേട്ടന്റെ ഭാര്യയും മകനും തമ്മിലായിരുന്നു. പതിവു പോലെ കൊട്ടി തുടങ്ങിയതും കൊട്ടികയറിയതും അമ്മിണ്യേടത്തിതന്നെ.

എടാ ചെക്കാ പത്തിരുപത്തിയാറു വയസ്സായില്ലേടാ അണക്ക്. പണീം തൊരവും ഇല്ലാതെ തെണ്ടി തിരിഞ്ഞ് നടക്കണു. ഒരു വീട്ടിൽ ചെന്ന് എന്ത് പറഞ്ഞിട്ടാടാ പെണ്ണുചോദിക്ക്യാ.പെണ്ണുവീട്ടുകാരെ പറഞ്ഞു പറ്റിക്കാൻ പറ്റണോരൊക്കെണ്ടാവും .ഇല്ല്യാന്നല്ല. പക്ഷേ തറവാട്ടില് പെറന്നോർക്ക് ആ പണി പറ്റ്വോ. ന്റെ തറവാട്ടില് ആ ശീലം ആർക്കുംല്ല്യ.ഇനി അതു പോട്ടെ ഇത്ര പ്രായായീലോ സ്വന്തം മുതലിന് വല്ല സൂക്ഷോം, ശ്രദ്ധേം ണ്ടോ അണക്ക്. കാര്യം എന്തായാലും അതിന് യ്യ് അന്റെ അച്ഛനെ കണ്ട് പഠിക്ക്. സമ്മതിച്ചു. ഞങ്ങടെ കല്യാണം കഴിയണേനുമുമ്പുള്ള ചെണ്ടയാ അത്. ഒരു ലേശം തേച്ചിലോ പോട്ടെ ഒരു ചെറിയ പോറല് അതിമ്പ്ല് വന്ന്ട്ട്ണ്ടോന്ന് നോക്ക് യ്യ്.

## പ്ലീസ്

അയ്യയ്യേ എന്താ യ്യ് ഇമ്മാതിരി വിവരക്കേട് പറയണത്. തീരെ അന്തല്ല്യാതെ. അവാർഡ് തുകേം ചടങ്ങിന്റെ ചെലവും ഒക്ക യ്യാ എട്ക്കണത് ശര്യന്നെ അതൊന്നും നിസ്സാര കാര്യല്ലാന്ന് എല്ലാർക്കും അറിയേം ചെയ്യാം. പക്ഷേ അന്റെ കവിതയ്ക്ക് പുരസ്കാരം തന്നാൽ ആരെങ്കിലും കഷ്ടകാലത്തിന് അതെടുത്ത് വായിച്ചു നോക്ക്യാ പിന്നെ നന്നോ...എന്തിനു പറ്റും നമ്മളെയൊക്കെ.... വിശ്വാസ്യത... പറ്റെയങ്ങ്ട് പോവുംടാ. യ്യ് എന്താ അത് ആലോചിക്കാത്തത് അതോണ്ട് ഇക്കാര്യത്തില് ദയവ് ചെയ്ത് യ്യ് വാശി പിടിക്കര്ത് അന്നെ പുരസ്കാര നിർണ്ണയ സമിതീല് എട്ക്കാം. വേണങ്കില് അതിന്റെ ചെയർമാനുമാക്കാം യ്യത് സമ്മതിക്കണം പ്ളീസ്.

## അലമ്പോടലമ്പ്

ഒരു കാര്യം പറഞ്ഞാൽ അതുപോലെ ചെയ്യില്ല. സമയനിഷ്ഠ തീരെയില്ല. എല്ലാവരുടേയും അഭിപ്രായം ചോദിച്ചും സമ്മതം വാങ്ങിയും ഒന്നിച്ചെടുത്ത തീരുമാനമല്ലേ. എന്നിട്ടിപ്പോ ഞാൻ അരമണിക്കൂറിലധികമായി കാത്തിരിക്കുന്നു. മനുഷ്യനായാൽ നാണം വേണം നാണം. അയാൾ നിയന്ത്രണം വിട്ട് വിളിച്ചു പറഞ്ഞു. ഞങ്ങളൊക്കെ ഓരോരോ തൊഴിലും മറ്റ് തിരക്കുകളും ഉള്ളവരാ. തന്നെപ്പോലെ തെക്ക് വടക്ക് നടക്കുന്നവനല്ല. മനസ്സിലായോ.

ഈ മറുപടി സാഹചര്യം കൂടുതൽ വഷളാക്കി. ഇരുഭാഗത്തും ആളുകൾ ചേർന്നു. പിന്നെ പല പല അഭിപ്രായങ്ങളായി. ഓരോരുത്തരായി ഒച്ചവെക്കാൻ തുടങ്ങി. ബഹളമായി. അങ്ങിനെ അലമ്പായി. അലമ്പോടലമ്പായി. ഒടുവിൽ ഒഴിവുദിവസങ്ങളിൽ എല്ലാവരും ഒന്നിച്ചിരുന്ന് വിശേഷങ്ങൾ പങ്കുവെക്കാനും എല്ലാം മറന്ന് അൽപ്പനേരം സംസാരിക്കാനും അങ്ങിനെ ജീവിതത്തിലെ പിരിമുറുക്കങ്ങൾ കുറക്കാനുമായി മുൻകൂട്ടി തീരുമാനിച്ച് കൂടിചേർന്നവരുടെ ആദ്യയോഗം തമ്മിൽ കലഹിച്ച് പലവഴിക്ക് പിരിഞ്ഞു. പരസ്പരം വാശിയും വിദ്വേഷവും സമ്മാനിച്ചുകൊണ്ട്.

അറിവുള്ളവൻ മൂഢനോടു കാരുണ്യമുള്ളവനാവണം. യഥാർത്ഥ ജ്ഞാനി തന്റെ ദേഹം ഒരു ഉറുമ്പിനുവേണ്ടിപ്പോലും ഉപേക്ഷിക്കുവാൻ തയ്യാറാവും. എന്തെന്നാൽ ശരീരം ശാശ്വതമല്ലെന്ന് അവന് പണ്ടേ അറിയാം.
–സ്വാമി വിവേകാനന്ദൻ–



**സൈനുദീൻ മുണ്ടക്കയം**
**9947253006**

# മത പരിവർത്തനം

**സു**ബഹി നമസ്ക്കാരവും കഴിഞ്ഞ്, തൊഴുത്തിൽ പുല്ലും വെള്ളവും പശുക്കൾക്ക് കൊടുത്ത്, കദീസുമ്മ കതകടച്ച്, കട്ടിലിൽ വന്നു കിടന്നു. നല്ല ക്ഷീണം. ഇന്നലെ പറമ്പുകളിൽ ചെന്ന് കുറേ പുല്ലറുത്തു. അഞ്ചാറെണ്ണത്തിനെ പോറ്റേണ്ടതല്ലെ. നേരം പരപരാന്നു വെളുക്കുമ്പോഴേക്കും തുടങ്ങും വിളി. അതുകൊണ്ടുതന്നെയാണ് സുബഹിക്കു തന്നെ അവറ്റകൾക്കുള്ള നാസ്ത കൊടുത്തേക്കുന്നത്. മിണ്ടാ പ്രാണികളല്ലെ !!

കാലത്തു നേരത്തേ എണീറ്റിട്ട് പ്രത്യേകിച്ച് പണിയൊന്നുമില്ല. നല്ല ക്ഷീണം. ഒന്നു മയങ്ങി. ആരോ വാതിലിൽ മുട്ടിവിളിക്കുന്നു. കണ്ണു തുറക്കുമ്പോൾ നേരം നന്നേ വെളുത്തിരിക്കുന്നു.

ന്നാലും ഇന്നേരത്താരാണപ്പാ ? എന്നു മനസ്സിലോർത്ത് തട്ടിപ്പിടഞ്ഞെണീറ്റ് ചെന്നുവാതിൽ തുറന്നു.

മുറ്റത്ത് രണ്ടുപോലീസുകാർ. ഒരാണും ഒരു പെണ്ണും. തന്നെ തുറിച്ചുനോക്കി നില്ക്കുന്നു. കദീസുമ്മയുടെ ഉള്ളു കാളിപ്പോയി. പടച്ചോനെ !! ഓലെന്താ ഞമ്മള കുടീല്...?! ഭയപ്പാടോടെ നോക്കിനിന്നു. പോലീസുകാരൻ കൃഷ്ണൻ നായർ മുന്നോട്ടുവന്നു.

“നിങ്ങളാണോ കുന്നുമ്പുറത്ത് കദീസുമ്മ ?!” അന്തിച്ചുനിന്ന കദീസുമ്മ സ്വബോധം വീണ്ടെടുക്കാൻ അല്പം വൈകി.

“ചോദിച്ചതുകേട്ടില്ലേ ? കദീസുമ്മ നിങ്ങളാണോന്ന് ?” കൃഷ്ണൻ നായർ കണ്ണുരുട്ടി. അതേയെന്നർത്ഥത്തിൽ കദീസുമ്മ തലയിളക്കി. ശബ്ദം പുറത്തുവന്നില്ല.

“നിങ്ങളുടെ പേരിൽ ഒരു പരാതി കിട്ടിയിട്ടുണ്ട്. സ്റ്റേഷനിലേക്കൊന്നു വരണം.” പോലീസുകാരി രമണി മയമില്ലാത്ത ശബ്ദത്തിൽ പറഞ്ഞു. കദീസുമ്മ അന്ധാളിപ്പുവിടാതെ നിന്നു.

“ന്റെ പേരിലോ...? അയിന് ഞമ്മളൊരു തെറ്റും ചെയ്തിട്ടില്ലല്ലോ?” തൊണ്ടയിടറുന്നുണ്ടായിരുന്നു.

“തെറ്റ് ചെയ്യാതെ ആരെങ്കിലും പരാതി തരോ...? വേഗം വന്നോ... സ്റ്റേഷനിൽ ചെന്നിട്ട് ബാക്കിക്കാര്യം.” രമണി ശബ്ദം കടുപ്പിച്ചു.

കദീസുമ്മ ഭയന്നുവിറച്ചു. ശരീരം തളരുന്നു. അവർ വിങ്ങിപ്പൊട്ടി. “ന്റെ റബ്ബേ!! എന്താ ഞമ്മളീ കേക്ക്ണേ !! ന്റെ പൊന്നു കൂടപ്പെറപ്പീങ്ങളേ... ഞമ്മളൊരു തെറ്റും ആരോടും ചെയ്തിട്ടില്ല... ങ്ങക്കാളു മാറീതാവും...”

“ആളൊന്നും മാറീട്ടില്ല. നിങ്ങളു തന്നെയാണ്.” കൃഷ്ണൻ നായർ പറഞ്ഞു.

“ന്റെ മമ്പറത്തു തങ്ങളേ... ആരാ ഈ ഹറാമ്പെറപ്പ് ഞമ്മളോട് ചെയ്തേക്കണേ!!?”

ഇടറുന്ന ശബ്ദത്തിൽ സ്വയം പറഞ്ഞ് മൂക്കുതുടച്ചു.

“വേഗമാകട്ടെ... വർത്തമാനമൊക്കെ അവിടെ എസ്സൈ ഏമാനോടു പറഞ്ഞാമതി. നടക്ക് നടക്ക്.” കൃഷ്ണൻ നായർ തിരക്കുകൂട്ടി. രമണി കദീസുമ്മയുടെ അടുത്തേക്ക് നീങ്ങി. കദീസുമ്മ ഉറക്കെ നിലവിളിച്ചു. ശബ്ദം കേട്ട് അയല്ക്കാരൻ അയമു ഓടിവന്നു. അയാൾ പോലീസിനെ കണ്ടു ഒന്നറച്ചുനിന്നു. എങ്കിലും സമചിത്തത വീണ്ടെടുത്ത് വിവരങ്ങൾ ആരാഞ്ഞു. പരാതിക്കാര്യം അറിഞ്ഞ് അയാളും അമ്പരന്നു.

കദീസാത്താ... ങ്ങള് ചെല്ലീൻ... ഞമ്മള് മെമ്പറേം കൂട്ടി ബേം അങ്ങട്ടെത്താം. മുണ്ടും കുപ്പായോം മാറ്റി ബീടും പൂട്ടീട്ട് ചെല്ലീ.” അയാൾ മെമ്പറെത്തേടി തിടുക്കത്തിൽ യാത്രയായി. കദീസുമ്മ, മാനക്കേടും സങ്കടവും സഹിക്കാതെ തേങ്ങിക്കരഞ്ഞുകൊണ്ട് വസ്ത്രങ്ങൾ മാറ്റി വീടും പൂട്ടി പുറത്തിറങ്ങി. തൊഴുത്തിനടുത്തേക്ക് ചെന്ന് പശുക്കളെ നോക്കി, “ഉമ്മ പ്പൊ ബരാം... മക്കള് ബെശ്മിക്കണ്ടാട്ടോ” എന്നുപറഞ്ഞ് പോലീസുകാർക്കൊപ്പം നടന്നു.

ഇടവഴിയിൽക്കൂടി റോഡിലേക്കിറങ്ങുമ്പോൾ നാട്ടുമ്പുറത്തുകാർ ഒളിഞ്ഞുനോക്കി കുശുകുശുത്തു. ചിലർ സഹതാപത്തോടെയും മറ്റുചിലർ ദുഃസൂചനയോടെയും അടക്കം പറയുന്നുണ്ടായിരുന്നു. വയസ്സ് അൻപതായെങ്കിലും നാല്പതിന്റെ ചുറുചുറുക്കും മേനിക്കൊഴുപ്പും കൊണ്ട് കദീസയെ ആരുമൊന്നു നോക്കിപ്പോകും. തന്റേടിയായ പെണ്ണൊരുത്തി. ഒറ്റയ്ക്കാണ് താമസം. മക്കളില്ല. കെട്ട്യോൻ പരീത്, വഴിവാണിഭക്കാരനായിരുന്നു. തലച്ചുമടായി സ്റ്റേഷനറി സാധനങ്ങൾ കൊണ്ടുനടന്നു വില്പനയായിരുന്നു.

കുറച്ചുനാൾമുമ്പ്, എന്നുവച്ചാൽ അഞ്ചാറുകൊല്ലമായി, അയാൾ മറ്റൊരുത്തിയെ കെട്ടി കുറച്ചു ദൂരത്തൊരിടത്താണ് താമസം. അതോടെ കദീസയുമായി തെറ്റി. വരവും പോക്കുമില്ല. തന്റെ സ്വന്തം വീട്ടിൽ അഞ്ചാറു പശുക്കളുമായി കഴിഞ്ഞുകൂടുന്നു. അവരാണ് കദീസുവിന്റെ സ്വന്തക്കാർ.

പശുക്കളുടെ പാൽ വിറ്റാണ് ഉപജീവനം. സ്വന്തമായുള്ള തുണ്ടുഭൂമിയിൽ അദ്ധ്വാനിക്കും. കപ്പയും ചേമ്പും ചേനയുമൊക്കെ നട്ടുനനച്ചു വളർത്തും. ഇപ്പോൾ തൊഴുത്തിൽ ആറുപശുക്കളുണ്ട്. രണ്ടെണ്ണ

ത്തിനു പ്രസവം അടുത്തുനടക്കും. ഒന്നു കറവ വറ്റിയതാണ്. മറ്റു മൂന്നും കിടാങ്ങളാണ്. ചവിട്ടിക്കാറായിട്ടില്ല. മനുഷ്യക്കുട്ടികളേക്കാൾ പ്രിയത്തോടെയാണവറ്റയെ പരിപാലിക്കുന്നതും. കദീസുമ്മയോർത്തു. കറവ വറ്റിയതിനെ സാധാരണയായി വില്ക്കാറാണ് പതിവ്. ഇപ്പൊ കുറച്ചായിട്ട് വാങ്ങാനാളില്ല. അറവുകാർക്കും വാങ്ങാൻ മടി, അതോ പേടിയാണോ ?! മാട്ടുക്കച്ചവടം ഒളിച്ചും മറഞ്ഞുമാണെന്നാണ് അറവുകാരൻ അബ്ദു പറഞ്ഞത്. നാട്ടിൽ വന്ന മാറ്റങ്ങൾ അതിശയിപ്പിക്കുന്നതാണ്. ചിലരുടെ വർത്തമാനവും പെരുമാറ്റവും കണ്ടാൽ അവർക്കുമാത്രേ മൃഗങ്ങളെ സ്നേഹമുള്ളു എന്നു തോന്നും.

പെട്ടെന്നുണ്ടായ ഈ മാറ്റങ്ങൾക്കു കാരണം കദീസയ്ക്കു മറിയില്ല. പശൂനേം കാളേനേം അറക്കാമ്പാടില്ലാന്ന് ആരോ പറയുന്നതു കേട്ടു. ഇറച്ചി തിന്നാനും പാടില്ലാത്രേ!! ഇനി വല്ല സൂക്കേടും വരോന്നു പേടിച്ചിട്ടായിരിക്കും. കൊളമ്പു രോഗം വന്നാൽ ഇറച്ചി തിന്നാമ്പാടില്ല. എന്താ കാര്യന്ന് പടച്ചോനറിയാം. പക്ഷെ, തന്റെ പശുവിന് ഒരു കൊയപ്പോമില്ലെന്ന് ഡാക്കിട്ടര് കയിഞ്ഞായ്ച പറഞ്ഞതാണെന്നും കദീസയോർത്തു.

ങ്ങിപ്പോ, കുടുംബത്തില് ഒരാക്ക് ബയസ്സായീന്നു ബച്ച് ആരെങ്കിലും വയീത്തള്ളോ ?

നിക്കട്ടെ, ഓളും നിക്കട്ടെ, ഒരു കാർന്നോത്ത്യായിട്ട്. ഓളെ കറന്നു കിട്ട്യ പൈസകൊണ്ടല്ലേ കൊറേക്കാലം ഞമ്മളും കയിഞ്ഞൂട്യത്. അതുമാത്രോ... ഓള മക്കളും കൊച്ചുമക്കളുമാണല്ലോ കൂടെയുള്ളവ. ഓറ്റീങ്ങക്ക് പുല്ലും വെള്ളോം കൊടുക്കാന്തോന്ന്യത് പടച്ചോന്റെ കൃപ. അല്ലെങ്കി പാവങ്ങള് കഷ്ടപ്പെട്ടേനെ. നോക്കാൻ താനല്ലാതെ മറ്റാരുമില്ലല്ലൊ.

തിരികെ ചെന്നിട്ടുവേണം അവരെ കുളിപ്പിച്ച് തൊഴുത്തും വൃത്തിയാക്കി പറമ്പിൽ തീറ്റയ്ക്ക് കൊണ്ടുപോകാൻ. ചിന്തിച്ചു ചിന്തിച്ചിരിക്കെ പോലീസ് സ്റ്റേഷനിലെത്തിയതറിഞ്ഞില്ല. ജീപ്പിൽ നിന്നും ഇറങ്ങി നടക്കുമ്പോൾ കദീസുമ്മ തട്ടം കൊണ്ടു മുഖം മറച്ച് തലതാഴ്ത്തി നടന്നു.

വരാന്തയിലെ ബഞ്ചിലിരിക്കാൻ പറഞ്ഞ് പോലീസുകാർ എസ്. ഐ.യുടെ മുറിയിലേക്ക് കയറി. എസ്. ഐ. മേലധികാരിയുടെ ഫോൺ അറ്റന്റ് ചെയ്യുകയായിരുന്നു. സർ, സർ, എന്ന് ഇടയ്ക്കിടെ പറയുകയും മുഖത്ത് ഗൗരവം പടരുകയും ചെയ്തു. പോലീസുകാർ മാറി നിന്നു. സംഭാഷണാന്ത്യം എസ്. ഐ. എണീറ്റ് തൊപ്പി തലയിൽ ഉറപ്പിച്ചു. "കൃഷ്ണൻ നായരേ... എനിക്കത്യാവശ്യമായി എസ്. പി. ഓഫീസിലെത്തണം. വന്നിട്ട് സംസാരിക്കാം."

"അല്ലാ സാർ, ആ ഉമ്മയെ കൂട്ടിക്കൊണ്ടുവന്നിട്ടുണ്ട്." കൃഷ്ണൻ നായർ പറഞ്ഞു.

'അവരെ അകത്തുകയറ്റി ഇരുത്തു. പരാതിക്കാരൻ വന്നിട്ടുണ്ടോ ? ഓ... വന്നിട്ടാകാം. ഞാൻ പോകുന്നു.' അദ്ദേഹം പെട്ടെന്നിറങ്ങി ജീപ്പോടിച്ചുപോയി. രമണി പോലീസ് പുറത്തുവന്ന് കദീസുമ്മയെ അകത്തെ ബഞ്ചിൽ ഇരിക്കാനാവശ്യപ്പെട്ടു.

"അല്ലാ... ന്റെ കാര്യം...?!" ശബ്ദം താഴ്ത്തി രമണിയോടു ചോദിച്ചു.

"അതേയ് എസ്സൈ അദ്ദേഹം പുറത്തുപോയി. കുറച്ചുകഴിയും വരാൻ. അതുവരെ ഇവിടിരുന്നോളു. പിന്നെ, പരാതിക്കാരനും വന്നിട്ടില്ല." രമണി പുറത്തേക്കുപോയി.

കദീസുമ്മയ്ക്ക് ഒന്നുറക്കെ കരയണമെന്നുണ്ടായിരുന്നു. ചുറ്റും പോലീസുകാർ, അവർ ഓരോ തിരക്കുമായി തലങ്ങും വിലങ്ങും നടക്കുന്നു. അഴിയിട്ട മുറിയിൽ നിന്നും അടികൊണ്ട്, ഒരുത്തൻ നിലവിളിക്കുന്നു. കദീസുമ്മ ഭയം കൊണ്ട് വിറങ്ങലിച്ച് ബഞ്ചിൽ കൂനിക്കൂടിയിരുന്ന് ശബ്ദം താഴ്ത്തിക്കരഞ്ഞു.

എന്താണ് കാര്യമെന്നുപോലും പറയാതെ, തന്നെയിങ്ങനെ കഷ്ടപ്പെടുത്തുന്നവരോട് പടച്ചോൻ ചോദിക്കുമെന്ന് മനസ്സാ പറഞ്ഞുകൊണ്ടിരുന്നു. തനിക്കാണെങ്കിൽ ചോദിക്കാനും പറയാനും ആരോരുമില്ല. നേരം വെളുക്കണേനു മുന്നേ പിടിച്ചുകൊണ്ടുവന്നിരിക്കയല്ലേ മഹാപാപികൾ !! തൊണ്ട വരളുന്നു. ഒരു കട്ടഞ്ചായ കിട്ടീരുന്നെങ്കിൽ... കദീസുമ്മ മോഹിച്ചു. ചുറ്റും നോക്കി. ആരും തന്നെ ഗൗനിക്കുന്നില്ല.

ന്റെ ബദ്‌രീങ്ങളേ !! മനസ്സിൽ പ്രാർത്ഥിച്ച് തലയുയർത്തുമ്പോൾ രമണിപ്പോലീസ് ഒരു കപ്പു ചായയുമായി മുന്നിൽ നില്ക്കുന്നു.

"ഉമ്മാ... ചായ കുടിച്ചോളൂ."

കദീസുമ്മ അത്ഭുതത്തോടെ രമണിയുടെ മുഖത്തേക്കുനോക്കി. പക്ഷേ ! തന്റെ പക്കൽ ചായയ്ക്കു പണമില്ലല്ലോ എന്നോർത്തു.

"ന്റേൽ പൈശീല്ല..." കദീസുമ്മ ദീനയായി.

രമണി ചിരിച്ചു. "സാരമില്ല, ചായ കുടിച്ചോളൂ പൈസ വേണ്ട."

കദീസുമ്മ നന്ദിപൂർവ്വം ആ പോലീസുകാരിയെ നോക്കി. കൈ നീട്ടി ചായ വാങ്ങി കുടിച്ചു. എന്തൊരാശ്വാസം. പോലീസാണെങ്കിലും ഓളു നല്ലോളാ... മണി പന്ത്രണ്ടായി. എസ്സൈ എത്തിയിട്ടില്ല.

മെമ്പറേ തേടിപ്പോയ അയമുവും മെമ്പർ സുദേവനും സ്റ്റേഷനിലെത്തി. പോലീസിന്റെ അനുവാദത്തോടെ അവർ കദീസുമ്മയെ കണ്ടു. വിവരങ്ങൾ അറിഞ്ഞപ്പോൾ അവർക്കും നിരാശ... കഥയുടെ ദുരൂഹത ബാക്കിനിൽക്കുന്നു.

അയമു അടുത്തുള്ള കടയിൽ നിന്ന് ബണ്ണും ചായയും വാങ്ങിക്കൊടുത്തു. എസ്. ഐ. എത്തുമ്പോൾ ഒന്നൊന്നരയായി. മെമ്പർ സുദേവൻ പിന്നാലെ ചെന്ന് പരാതിയെന്താണെന്ന് ചോദിച്ചറിഞ്ഞു. വിഷയം, ഇത്രകാലവും ജനങ്ങൾ ചിന്തിച്ചിട്ടുപോലുമില്ലാത്തതും കുറഞ്ഞ കാലമായി ചിലർ ഗൗരവത്തിൽ കണ്ടുവരുന്നതുമായ ഗുരുതരമായ കുറ്റം !!

ഹൈന്ദവർ ആരാധിക്കുകയും മാതാവായി കാണുകയും ചെയ്യുന്ന പശുക്കളെ, ഇസ്ലാം പേരുകളിട്ട് മതപരിവർത്തനം നടത്തുകയും, പശുക്കുട്ടിയെ വടി കൊണ്ടടിച്ചും, അശ്ലീലപദങ്ങളുപയോഗിച്ച് പീഡിപ്പിച്ചും മാനഹാനിക്കിടയാക്കുകയും ചെയ്തതായാണ് പരാതി.

കുറേക്കാലം വടക്കേയിന്ത്യയിൽ താമസമാക്കിയിരുന്നവനും ഇപ്പോൾ നാട്ടിൽ തിരിച്ചെത്തിയവനും ഭക്തനുമായ ഗോപകുമാറാണ് പരാതിക്കാരൻ. വിവരങ്ങൾ കേട്ടപ്പോൾ സുദേവന് ചിരിയടക്കാനായില്ല. അയാൾ പറഞ്ഞു, "കദീസുമ്മ പശുക്കളെ മക്കളെപ്പോലെ പോറ്റുന്ന ഒരു സ്ത്രീയാണ്. തള്ളപ്പശുവിനെ കുഞ്ഞീവി, പ്രസവം

അടുത്തുനില്ക്കുന്നവ ബീവി, സുറുമി കിടാങ്ങളെ മൈമൂൻ, റാബി, നൂറി എന്നൊക്കെ വിളിക്കുന്നത് ഞാനും കേട്ടിട്ടുണ്ട്. ഇതായിരിക്കും ആരോപണത്തിൽ പറഞ്ഞിരിക്കുന്ന കാര്യം.''

''ഈ പറയുന്ന ഗോപകുമാറിനെ അറിയുമോ ?'' എസ്. ഐ. ചോദിച്ചു.

''ആളൊരു നൊസ്സുകേസ്സാണ്. ഇങ്ങനെ ഒരു പണി പറ്റിക്കുമെന്ന് വിചാരിച്ചില്ല. പാവം കദീസുമ്മ !!'' സുദേവൻ തുടർന്നു. രണ്ടാഴ്ച മുമ്പ് ഈ വിദ്വാൻ പശുക്കളെ മേയ്ക്കാൻ പോയ കദീസുമ്മയെ കയറിപ്പിടിച്ച് മര്യാദകേടു കാണിച്ചു. അന്ന് ഞാനും കൂടെ ഇടപെട്ടാണ് പ്രശ്നം രമ്യതയിലാക്കിയത്. അയമുവും സാക്ഷിയാണ്. ഒരുദിവസം പിടിവിട്ടോടിയ പശുക്കുട്ടിയെ കദീസുമ്മ ചീത്ത പറഞ്ഞുതല്ലുന്നത് ഗോപകുമാർ കണ്ട്, അവരെ ഭീഷണിപ്പെടുത്തി. ആളൊരു നൊസ്സനല്ലെ എന്ന് കരുതി അവർ പ്രതികരിച്ചുമില്ല.'' സുദേവൻ പറഞ്ഞുനിർത്തി.

എസ്. ഐ. കൃഷ്ണൻ നായരെ വിളിച്ച് പരാതിക്കാരനെവിടെ എന്നന്വേഷിച്ചു. അയാൾ എത്തിയിട്ടില്ലെന്ന മറുപടി കിട്ടി. കേസ്സിന്റെ പശ്ചാത്തലം മനസ്സിലാക്കിയ ഇൻസ്പെക്ടർ, കദീസുമ്മയെ മെമ്പറുടെ കൂടെ പോകാനനുവദിച്ചു. ഗോപകുമാറിനെ കൂട്ടിക്കൊണ്ടുവരുവാൻ കൃഷ്ണൻ നായരോടും പറഞ്ഞു.

വാതിൽ തുറന്നു പുറത്തേക്കിറങ്ങിയ കദീസുമ്മ തിരികെചെന്ന് ചോദിച്ചു, ''ഏമാനെ, മ്മ്ള് കുട്ട്യോൾടെ പേരുമാറ്റണാ?'' അവിടുണ്ടായിരുന്നവർ ഇതുകേട്ടു ചിരിച്ചു.

''നിങ്ങൾക്കിഷ്ടമുള്ള പേരു വിളിച്ചോളൂ. മൃഗങ്ങൾക്ക് ജാതീം മതോമില്ലുമ്മാ...!!'' എസ്. ഐ. പ്രതിവചിച്ചു.

●

**കവിത**

## നിനച്ചില്ല

അൻസാർ കൊളത്തൂർ
മലപ്പുറം, 9526601653

നീ മഴയായ്
പെയ്യുമെന്നോർത്താണ്
കുപ്പായം പോലും ഞാനൂരിയത്
സൂര്യകിരണങ്ങളാൽ
മാന്തിക്കീറുമെന്ന് നിനച്ചില്ല



മംഗളൻ തൈയ്ക്കൽ
9895503427

# വിശ്രമജീവിതത്തിലെ അനർഘ നിമിഷങ്ങൾ

**ദീ**ർഘകാലത്തെ അദ്ധ്യാപകവൃത്തിയിൽ നിന്നും വിരമിച്ച് വിശ്രമ ജീവിതം തുടങ്ങിയപ്പോഴാണ് മാഷിന് അദ്ധ്യാപകവൃത്തിയുടെ ഗുണം മനസ്സിലായത്. ഏത് ആൾക്കൂട്ടത്തിൽ ചെന്നാലും ഒരു പരിചിത മുഖമെങ്കിലും കാണും. അതുമല്ലെങ്കിൽ മാടിക്കുത്തിയ മുണ്ട് അഴിച്ചിട്ട് തൊഴുകൈയ്യോടെ ഒരാളെങ്കിലും വരും.

''സാറിന് എന്നെ ഓർമ്മയുണ്ടോ ?''

''സാറ് എന്നെ പഠിപ്പിച്ചതാ''

''ഇപ്പോഴെന്തുചെയ്യുന്നു ?''

''ഞാൻ വില്ലേജാഫീസറാ മാഷേ''

മാഷിന് അഭിമാനം തോന്നും. കൂടെയുള്ള ഭാര്യയോട് അഭിമാനത്തോടെ പറയും.

''ഞാൻ പഠിപ്പിച്ച കുട്ടിയാ... വില്ലേജാഫീസറാ...'' തിരിഞ്ഞ് വില്ലേജാഫീസറോട്

''ഞങ്ങളൊക്കെ പ്രായമായില്ലേ ഈ വിശ്രമസമയങ്ങളിൽ നിങ്ങളെപ്പോലുള്ളവരുടെ ഉയർച്ചയും ഈ സ്നേഹവും ഞങ്ങൾക്ക് ഒത്തിരി സന്തോഷം നൽകും. നന്നായി വരട്ടെ...''

വിദ്യാഭ്യാസ വകുപ്പിൽ ഉയർന്ന തസ്തികയിൽ നിന്നാണ് മാഷിന്റെ ഭാര്യ വിരമിച്ചത്. മിനിസ്റ്റിരിയൽ വിഭാഗമായതിനാൽ ഓഫീസുകൾക്കുള്ളിലായിരുന്നു പ്രവർത്തനം കൂടുതലും. അതിനാൽ തന്നെ സഹപ്രവർത്തകരെ ഒഴിച്ചാൽ ഇടപെടലുകളും പരിമിതമായിരുന്നു. ഒരേ വകുപ്പിൽനിന്നാണ് രണ്ടുപേരും വിരമിച്ചതെങ്കിലും അർഹിക്കുന്ന അംഗീകാരവും ആദരവും കൂടുതലായും ലഭിച്ചിരുന്നത് മാഷിനായിരുന്നു. ഇത് മാഷിന്റെ ഭാര്യയിൽ തെല്ലൊരു അസൂയ ഉണ്ടാക്കിയെന്നത് നേരുതന്നെ.

ഒരു ദിവസം മാഷും ഭാര്യയും കൂടി ബസിൽ സഞ്ചരിക്കുകയായിരുന്നു. നന്നേ തിരക്കുണ്ടായിരുന്ന ബസ്സിൽ ഒരു സീറ്റിനായി മാഷ് പരതി. ചുറ്റുപാടും നോക്കിയതേയുള്ളൂ.

''സാർ, ഇവിടെ ഇരുന്നോളൂ'' - സീറ്റിൽ നിന്നും ഒരാൾ എഴുന്നേറ്റു. മാഷ് ആളെ നോക്കി.

''വേണ്ട ഞാൻ നിന്നോളാം.''

''അങ്ങനെ പറയല്ലെ മാഷേ... മാഷ് എന്നെ പഠിപ്പിച്ചതാ... ഇവിടെ ഇരിക്കൂ...''

''എന്താ പേര് ? എന്ത് ചെയ്യുന്നു ?''

അയാൾ പേര് പറഞ്ഞു. ''ഞാൻ കോടതിയിൽ ബഞ്ച് ക്ലർക്കാ മാഷേ.''

മാഷ് ഭാര്യയോടായി പറഞ്ഞു - നോക്കൂ... ഞാൻ പഠിപ്പിച്ച കുട്ടിയാ. കോടതിയിലാ... മാഷ് അഭിമാനം കൊണ്ടു. മാഷിന്റെ ഭാര്യ ചിരിച്ചെങ്കിലും ഉള്ളിൽ ഇത്തിരി കുശുമ്പ് ഉണ്ടായിരുന്നു. താനും ഇതേ വകുപ്പിൽ നിന്നാണ് വിരമിച്ചതെങ്കിലും തന്നെ ആരും തിരിച്ചറിയുന്നില്ലല്ലോ?

മറ്റൊരു ദിവസം മാഷും ഭാര്യയും കൂടിയാണ് ഹോസ്പിറ്റലിൽ പോയത്. മാഷിന് ചെറിയൊരു

ചുമയും ശ്വാസം മുട്ടലും. ഡോക്ടറുടെ സമീപം ചെന്നപ്പോൾ ഡോക്ടർ എഴുന്നേറ്റാണ് മാഷിനെ സ്വീകരിച്ചത്.

"മാഷ് എന്നെ ഓർക്കുന്നുണ്ടോ ? മാഷ് എന്നെ പഠിപ്പിച്ചതാ..." മാഷിന്റെ അസുഖം പകുതി മാറി. അദ്ദേഹം ഭാര്യയോടായി പറഞ്ഞു.

"നോക്കൂ ഞാൻ പഠിപ്പിച്ച കുട്ടിയാ..."

ഇദ്ദേഹം പഠിപ്പിച്ച എല്ലാവരും തന്നെ ഉന്നത നിലയിലെത്തി. ആരും പാഴായിപ്പോയിട്ടില്ല. അവർ മനസ്സിലോർത്തു. മരുന്നു വാങ്ങാൻ ഫാർമസിയിലെത്തിയപ്പോഴോ ഒരാൾ ചോദിച്ചു.

"കുപ്പിയുണ്ടോ ?"

"ഇല്ല."

"ങാ... കുപ്പി വേണം."

"ഇതാ കുപ്പി." ഒരു പെൺകുട്ടി കുപ്പി കഴുകി വൃത്തിയാക്കി അയാളെ ഏൽപ്പിച്ചു. എന്നിട്ടു പറഞ്ഞു. മാഷ് എന്നെ പഠിപ്പിച്ചതാ. ഡോക്ടറുടെ മുറിയിൽ ഞാൻ മാഷ്ടെ ചീട്ട് കണ്ടായിരുന്നു. അതുകൊണ്ടാ ഇങ്ങോട്ടു വന്നത്. മാഷിന് അഭിമാനം തോന്നി. "നോക്കൂ. ഞാൻ പഠിപ്പിച്ച കുട്ടിയാ". അവർ ചിരിച്ചെങ്കിലും വേണ്ടത്ര ഗൗനിച്ചില്ല.

പിന്നീട് ഒരു ദിവസം മാഷും ഭാര്യയും കൂടി കറന്റ് ബില്ലടക്കാനും ഒരു പരാതികൂടി പറയാനും വേണ്ടിയാണ് ഇലക്ട്രിസിറ്റി ആഫീസിൽ ചെന്നത്. ബില്ലടച്ചതിനുശേഷം റിസപ്ഷനിൽ ചെന്ന് പരാതി പറയുമ്പോൾ തൊട്ടടുത്ത സീറ്റിൽ കാക്കി യൂണിഫോം ധരിച്ച ഒരാൾ ഇരിപ്പുണ്ടായിരുന്നു. മാഷ് വിലാസം പറയുന്നത് കേട്ടാണ് അയാൾ മാഷിനെ ശ്രദ്ധിച്ചത്. അയാൾ പറഞ്ഞു. മാഷിന്റെ വീട് എനിക്കറിയാം. ഞാൻ രക്ഷപ്പെടാതിരിക്കാൻ മാഷ് വളരെയധികം ശ്രമിച്ചതാ. പക്ഷെ നടന്നില്ല. എന്റെ ഭാഗ്യം. ഇത്തവണ മാഷ് ഞെട്ടി. മുഖം വിയർത്തു. "അല്ല; ഞാൻ... നിങ്ങൾക്കാളുതെറ്റിയതായിരിക്കും." "ഏയ് ഒത്തിരി കുട്ടികളെ പഠിപ്പിച്ചതുകാരണം മാഷിന് ഒരു പക്ഷെ ആളെ തെറ്റാം. പക്ഷെ കുട്ടികൾക്ക് മാഷിനെ തെറ്റില്ലല്ലോ." മാഷിന്റെ മുഖം വിവർണ്ണമായി.

"മാഷ് വിഷമിക്കേണ്ട മാഷേ. ഞാനൊരു തമാശ പറഞ്ഞതാ. ഞങ്ങൾക്ക് വേണ്ടി ഒത്തിരി കഷ്ടപ്പെട്ടെങ്കിലും എനിക്ക് എസ്. എസ്. എൽ. സി. പാസാകാൻ കഴിഞ്ഞില്ല. പാസായിരുന്നെങ്കിൽ എനിക്ക് ഈ ജോലി കിട്ടില്ലായിരുന്നു. അതുകൊണ്ടാ ഞാൻ തമാശ രൂപത്തിൽ പറഞ്ഞത്. മാഷ് ക്ഷമിക്കണം. പരാതി ഞാൻ വന്ന് പരിഹരിക്കാം. ഇത്തവണ മാഷിന്റെ ഭാര്യ മനസ്സ് തുറന്നു ചിരിച്ചു. പിന്നെ പറഞ്ഞു എങ്കിലും മോശമായിലല്ലോ.

രാത്രി കിടക്കാൻ നേരം ഭാര്യ ചോദിച്ചു. "അല്ല മാഷേ, മാഷ് പഠിപ്പിച്ച എല്ലാവരും ഉന്നത നിലയിലെത്തിയോ ? കർഷകത്തൊഴിലാളി, കയർ തൊഴിലാളി, മത്സ്യത്തൊഴിലാളി, തെങ്ങുകയറ്റ തൊഴിലാളി, ചുമട്ടുതൊഴിലാളി, മറ്റു കൂലിപ്പണിക്കാർ ഇവരെയൊന്നും മാഷ് പഠിപ്പിച്ചിട്ടില്ലേ. ഇവരെക്കുറിച്ചോ ഇത്തരം ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരെയോ മാഷ് ഇതേവരെ എന്നെ പരിചയപ്പെടുത്തിയിട്ടില്ലല്ലോ. എന്താ മാഷേ ഇവരാരും സർക്കാർ സർവ്വീസിൽ ആകാഞ്ഞെ ?" തെല്ലൊരു ഹാസ്യത്തോടെയാണ് അവർ ചോദിച്ചത്. ഇതുകേട്ട് മാഷ് പുഞ്ചിരിച്ചു. എന്നിട്ട് ഇപ്രകാരം ചൊല്ലി... അതിനുള്ള ഉത്തരം പോലെ...

തുല്ല്യം ചൊല്ലികൊടുക്കുന്നിതു
ഗുരു, ജഡനും പ്രാജ്ഞനും -
വിദ്യയെത്താനില്ലാതിക്കില്ലെവനും
ഗ്രഹണപഢുതയെ - താൻ
കൊടുക്കാറുമില്ല
തെല്ലും മൺകട്ടബിംബത്തിന്
വിമല -
മണിക്കൊപ്പമായുൾഗ്രഹിക്കു-
ന്നില്ലൊവ്വണ്ണംഫലംകൊണ്ടവരിരു
വരുമായേറ്റവും ഭേദമുണ്ടാം...

•

## കവിത

# മൃതി

**ഗണേഷ് പുത്തൂർ**

രണ്ടാം വർഷ ബി. എ. ഹിസ്റ്ററി,
എൻ. എസ്. എസ്. ഹിന്ദു കോളേജ്,
പെരുന്ന, ചങ്ങനാശ്ശേരി.

വർഷങ്ങളായി ഇരുട്ടിൽ കഴിയുന്ന
നിന്നെ വെളിച്ചത്തിന്റെ ദ്വീപിലേക്ക്
കൂട്ടിക്കൊണ്ടുപോവാൻ
ഒരു കുരുക്കുമായി അവൻ വരുന്നു.
കണ്ണീർപക്ഷികളെ പറത്തിവിട്ട്
പരിചിതരോട് വിടപറഞ്ഞ്
കടൽത്തീരത്ത് നീ കാത്തിരിക്കുക -
സ്വാതന്ത്ര്യം
നിമിഷങ്ങൾക്കകലെയാണ്...

## കഥ



# ഓരോരോ വാതിലുകൾ

കടാതി ഷാജി, മൂവാറ്റുപുഴ
9497791589

**അ**വൻ ഉണർന്നു. കണ്ണുകളിലേക്ക് പ്രകാശം കടന്നുവന്നു. കാതുകൾ തുറന്നു. കാതുകളിലേക്ക് ശബ്ദം കടന്നുവന്നു. സംഗീതവും. പിന്നെ അടഞ്ഞുകിടന്നിരുന്ന വാതിലുകൾ ഓരോന്നായി തുറന്നുവന്നുകൊണ്ടിരുന്നു.

ആരും തുറന്നുതരുന്നതല്ല. തനിയെ, ഒരുപക്ഷെ നേർത്ത കാറ്റിന്റെ സാന്ത്വനസ്പർശം അനുഭവപ്പെടുന്നുണ്ടാകാം. തുറന്നുതന്ന കൗതുകത്തിന്റെ വാതിൽ കാഴ്ച രസകരമായിരുന്നു. നിറയെ നിറങ്ങൾ, പൂക്കൾ, സംഗീതത്തിന്റെ വിസ്മയ കാഴ്ചകൾ. കൊള്ളാം ഇങ്ങോട്ടുവന്നത് നന്നായി. മടക്കയാത്രയെ പറ്റി ചിന്തിക്കേണ്ടതില്ല.

ചിലത് സന്തോഷം തന്നില്ല. വേദന തന്നു. ദുരിതം തന്നു. കഷ്ടപ്പാടുകൾ, വിരഹനൊമ്പരം, അസ്വസ്ഥത, തുടരെ പരാജയങ്ങൾ, ഇങ്ങോട്ടു വരേണ്ടതില്ലന്നു തോന്നി. മടങ്ങി പോകേണ്ടത് എങ്ങോട്ടാണ് ? എങ്ങനെ ?

ഓരോ വാതിലുകളിലൂടേയും കടന്നുപോകുമ്പോഴും ഓരോരോ അറിവുകൾ ലഭിച്ചുകൊണ്ടിരുന്നു. വരുന്നതെല്ലാം അനുഭവിക്കണം. പരിഭവം തോന്നിയിട്ടുകാര്യമില്ല.

നിയോഗങ്ങൾക്ക് ഒടുവിൽ തിരിച്ചറിഞ്ഞു. തുറക്കാൻ ഇനി വാതിലുകൾ അവശേഷിക്കുന്നില്ല. മുറിക്കുള്ളിൽ പ്രകാശം മങ്ങുകയാണ്. ഇരുൾ നിറയുകയാണ്. തണുപ്പ് നിറയുകയാണ്. അനുഭവങ്ങളെ അന്ധകാരത്തിന്റെ ആത്മാവ് വലിച്ചെടുക്കുകയാണ്. ഒന്നുമല്ലാതാകുന്നിടത്ത് ഒന്നുമില്ലാതാകുന്നു.

•



സത്യൻ താന്നിപ്പുഴ
0484 - 2462084

# ന്യൂ ജനറേഷൻ

**അ**നന്തപത്മനാഭൻ ഒരു സാഹിത്യകാരനാണ്. അയാളുടെ പേരക്കുട്ടി മീനാക്ഷി ബിടെക്ക് വിദ്യാർത്ഥിനിയാണ്. കുട്ടിയോട് മുത്തച്ഛന് വലിയ കാര്യമാണ്. പത്രമാഫീസിൽ നിന്ന് മണിയോർഡർ വരുമ്പോൾ മുത്തച്ഛൻ പേരക്കുട്ടിക്ക് പണം കൊടുക്കാറുണ്ട്. മീനാക്ഷിയോട് മുത്തച്ഛൻ തന്റെ പുസ്തകങ്ങൾ വായിക്കുവാൻ പറയാറുണ്ട്. അപ്പോൾ പറയും "എവിടെ വായിക്കുവാൻ നേരം. ഒരുപാട് പഠിക്കുവാനുണ്ട് മുത്തച്ഛാ."

ഒരു ദിവസം മുത്തശ്ശി പറഞ്ഞു : "മോളെ, ആ മുറി ഒന്നു അടിച്ചുവാരിക്കളഞ്ഞേ."

"എന്റെ മുത്തശ്ശി, എനിക്ക് നാളെ പരീക്ഷയാണ്. എനിക്ക് നേരമില്ല."

അച്ഛനോട് പറഞ്ഞ് മീനാക്ഷി ഒരു മൊബൈൽ ഫോൺ വാങ്ങി. ഫോൺ കണ്ടപ്പോൾ മുത്തച്ഛൻ ചോദിച്ചു.

"എന്തിനാ മോൾക്ക് ഫോൺ ?"

"എനിക്ക് കൂട്ടുകാരികളോട് സംശയം ചോദിക്കാനാണ്."

ഒരു ദിവസം രാവിലെ മുറിയിൽ കയറിയിരുന്ന് മൊബൈലിൽ മീനാക്ഷി സംസാരിക്കുന്നത് കേട്ടപ്പോൾ അനന്തപത്മനാഭൻ തന്റെ പഴയകാലം ഓർത്തുപോയി. തന്റെ ചെറുപ്പകാലത്ത് ഈവക പരിഷ്കാരങ്ങൾ ഒന്നും ഉണ്ടായിരുന്നില്ലല്ലോ. കല്യാണപ്രായമായ പെൺകുട്ടി മുറിയിൽ കയറിയിരുന്ന് ആരോടാണ് ഇങ്ങനെ സംസാരിക്കുന്നത്.

പെൺകുട്ടികളുടെ ചിരി പുരയുടെ മോന്താഴം കേൾക്കരുതെന്നാണ് പണ്ടത്തെ ആചാരം. പെൺകുട്ടികൾ അച്ചടക്കത്തോടെ വളരണമെന്നാണ് പണ്ടുള്ളവർ പറഞ്ഞിരുന്നത്. സരസ്വതീയാമത്തിൽ എഴുന്നേറ്റ് മുറികളും മുറ്റവും അടിച്ചുവാരി തളിച്ച് ശുദ്ധിവരുത്തണം. പിന്നെ കുളിച്ച് ശുദ്ധമാകണം ഈശ്വരപ്രാർത്ഥന ചൊല്ലണം. എന്നൊക്കെയാണ് ചിട്ട.

പേരക്കുട്ടിക്ക് ഇതൊന്നും മനസ്സിലാകില്ല. പറഞ്ഞു കൊടുത്താൽ മുത്തച്ഛന്റെ പഴം പുരാണം എനിക്ക് കേൾക്കണ്ടാ എന്നും പറയും മീനാക്ഷി. അവളുടെ അമ്മയോട് ഈവക കാര്യങ്ങൾ പറഞ്ഞാൽ അവൾ പറയും "അച്ഛാ ഇതു പഴയ കാലമല്ല മീനാക്ഷിക്ക് ഒരുപാട് ജോലികളുണ്ട്. അച്ഛന്റെ പേരക്കുട്ടിയോട് അച്ഛൻ ചോദിച്ചുനോക്ക്."

അനന്തപത്മനാഭന്റെ മകന്റെ മകളാണ് മീനാക്ഷി. അവൾക്ക് ഒരുപാട് പഠിക്കാനുണ്ടെന്ന് അമ്മ പറയുന്നു. എന്നിട്ടോ ? എപ്പോഴും ഫോൺ ചെയ്തിരിക്കുന്നു. ചിരിയും സംസാരവും ബഹളവും പിന്നെ എവിടെ പഠിക്കാൻ നേരം.

അനന്തപത്മനാഭൻ ഓർത്തു. തനിക്ക് മൊബൈൽ ഉണ്ടല്ലോ ? താൻ ആവശ്യമില്ലാതെ ആരേയും വിളിച്ച് സംസാരിക്കുന്നില്ലല്ലോ? "മോള് ആരെയാണ് ഇങ്ങനെ വിളിച്ചു സംസാരിക്കുന്നത് ? മോൾക്ക് വേറെ ജോലിയില്ലേ ?"

"എന്റെ പൊന്നു മുത്തച്ഛാ, ഇതു തന്നെയാണ് എന്റെ ജോലി"

"മോള് ഒന്നും ചെയ്യുന്നത് കാണുന്നില്ലല്ലോ ?"

"ഉണ്ട് മുത്തച്ഛാ. ഒരുപാട് ജോലി ചെയ്യുന്നുണ്ട്. കൂട്ടുകാരികളോട് സംശയങ്ങൾ ചോദിച്ചു പഠിക്കുകയാണ് മൊബൈലിലൂടെയാണ് ചെയ്യുന്നത് എന്നുമാത്രം."

●

# മകനെ തേടി...

ജിഷ രതീഷ്
9526172310

"ന്റെ മോനേ..." ഒരമ്മയുടെ നിലവിളിയാണ്... ഭ്രാന്താശുപത്രിയുടെ ഇരുട്ടുനിറഞ്ഞ മുറിയുടെ ഒഴിഞ്ഞ മൂലയിൽ ഒരമ്മ. പാറിപ്പറക്കുന്ന തലമുടി. കണ്ണുനീർ തോരാത്ത മിഴികൾ. മിഴികളിൽ എപ്പൊഴും ഭയപ്പാട്... മുഖത്ത് ഭാവങ്ങൾ മാറിമറിയുന്നു. നിലവിളികളും അട്ടഹാസങ്ങളും പൊട്ടിക്കരച്ചിലും... കാലിൽ ചങ്ങല കൊണ്ടുണ്ടായ വ്രണത്തിന് മരുന്ന് വെക്കാൻ പോകാൻ ആർക്കും ധൈര്യമില്ല. ആ അമ്മയുടെ അടുത്ത് പോകാൻ സിസ്റ്റർ മാർഗരറ്റിനല്ലാതെ മറ്റാർക്കും കഴിഞ്ഞിരുന്നില്ല.

മാർഗരറ്റ് ജീവിക്കുന്ന മാലാഖ. രോഗികളുടെ പ്രിയപ്പെട്ട സിസ്റ്ററമ്മ... എത്ര അക്രമാസക്തരായാലും സിസ്റ്ററമ്മയുടെ സ്നേഹം നിറഞ്ഞ നോട്ടം രോഗികളെ തളർത്തും. പിന്നെ അനുസരണയോടെ പെരുമാറും... ആ ആശുപത്രിയിലുള്ളവരൊക്കെ മാർഗരറ്റിന് മക്കളാണ്. ഒറ്റയാൻ ജീവിതമായിരുന്നു മാർഗരറ്റിന്റേത്. വിവാഹജീവിതം ഒരു ആവശ്യമായ് തോന്നിയിരുന്നില്ല മാർഗരറ്റിന്.

ഹോസ്പിറ്റലിലെ ജോലി അവൾക്കൊരാശ്വാസമായിരുന്നു. അവിടത്തെ അന്തേവാസികളുടെ അമ്മയായി മാർഗരറ്റ് മാറി. 'സിസ്റ്ററമ്മ'.

ആയിടക്കാണ് തന്റെ കുഞ്ഞിനെ നഷ്ടപ്പെട്ട് മാനസിക നില തകർന്ന ഒരമ്മ അവിടെയെത്തിയത് മീനാക്ഷി... കുഞ്ഞിനേയും കൂട്ടി ഡോക്ടറെ കാണാൻ ചെന്നതായിരുന്നു മീനാക്ഷി. ആശുപത്രിയിൽ അന്നു നല്ല തിരക്കായിരുന്നു. ഡോക്ടറെ കണ്ട് മരുന്ന് വാങ്ങി തിരിയുമ്പോഴേക്കും കൈപ്പിടിയിൽ നിന്ന് മകനെ നഷ്ടപ്പെട്ടിരുന്നു... ആശുപത്രി മുഴുവൻ അവർ കുഞ്ഞിനെ തിരക്കി ഓടിനടന്നു. ആ ഓട്ടം അവസാനിച്ചത് ഭ്രാന്താശുപത്രിയിലെ ഇരുണ്ട മുറിക്കുള്ളിലാണ്.

മീനാക്ഷിയുടെ സ്വഭാവം ഇടക്കിടക്ക് മാറി മറയും. ചിലപ്പോൾ ശാന്തം, ചിലപ്പോൾ അക്രമാസക്തം. ചിലപ്പോൾ നിർവികാരത... ചില നേരങ്ങളിൽ നന്നായി സംസാരിക്കും. ഒരു ഭ്രാന്തിയാണെന്ന് തോന്നുകയേയില്ല ചിലപ്പോൾ തേങ്ങിക്കരയും. ചിലപ്പോൾ അനക്കമില്ലാതെ മിണ്ടാട്ടമില്ലാതെ മുറിയിലെ മൂലയിൽ ചുരുണ്ടുകൂടും.

സിസ്റ്ററമ്മ മാത്രമേ മീനാക്ഷിയുടെ മുറിയിൽ കയറാറുള്ളൂ. അന്ന് മാർഗരറ്റ് ആശുപത്രിയിൽ എത്താൻ കുറച്ച് വൈകി. അന്ന് രാവിലെ മീനാക്ഷി അക്രമാസക്തയായിരുന്നു... ചങ്ങല കൊണ്ട് കാലിലെ വ്രണത്തിൽ നിന്നും ചോരയൊലിച്ചു... ചങ്ങല കാലിൽ നിന്നും മാറ്റാനുള്ള തത്രപ്പാടിലായിരുന്നു മീനാക്ഷി. ഇടയ്ക്കിടെ "ന്റെ മോനേന്ന്" വിളിക്കുന്നുണ്ട്. ആ വിളി കേട്ടുകൊണ്ടാണ് മാർഗരറ്റ് അവിടെയെത്തിയത്.

"സിസ്റ്ററേ പിടിച്ചുനിർത്താൻ പോകുമ്പോൾ വയലന്റ് ആകുന്നു. സെല്ല് തുറക്കാൻ പോലും സമ്മതിക്കുന്നില്ല. സിസ്റ്റർ മാത്രമല്ലേ അവളുടെ റൂമിൽ കയറാറുള്ളൂ..." മറ്റു സിസ്റ്റർമാർ പറഞ്ഞു.

മാർഗരറ്റ് പെട്ടെന്ന് സെല്ല് തുറന്നു. ആദ്യം ഒന്നാക്രോശിച്ചെങ്കിലും സിസ്റ്ററമ്മയുടെ നോട്ടത്തിൽ അവൾ അടങ്ങി... അവളുടെ പാറിപ്പറന്ന മുടിയിഴകൾ മാർഗരറ്റ് ഒതുക്കി. നിറഞ്ഞൊഴുകുന്ന മിഴിനീർ തുടച്ചു. കാലുകളിലെ വ്രണം തുടച്ച് മരുന്ന് വെച്ചു. മുഷിഞ്ഞ വസ്ത്രങ്ങൾ മാറ്റിച്ചു... ഒരു കൊച്ചു കുഞ്ഞിനെ പോലെ അവൾ എല്ലാത്തിനും നിന്നുകൊടുത്തു. എല്ലാം കഴിഞ്ഞ് ഭക്ഷണവും കൊടുത്ത് പുറത്തേക്ക് നടക്കുമ്പോഴാണ് നിർവികാരത്തോടെ മീനാക്ഷിയുടെ ചേഷ്ടകൾ നോക്കി കാണുന്ന ആ ചെറുപ്പക്കാരനെ മാർഗരറ്റ് കണ്ടത്.

"ദേവൻ, എപ്പൊ എത്തി ?"

"കുറച്ചുനേരമായി സിസ്റ്ററമ്മേ..." ദേവന്റെ കണ്ണുനിറഞ്ഞ് ശബ്ദം പതറി.

"അവള് ന്റെ മീനാക്ഷി... ഒരു മാറ്റും ഇല്ലാലെ... ഭാര്യയേയും കുഞ്ഞിനേയും ഓർത്ത് ഉരുകിത്തീരുകയാണ് ഞാൻ."

"വിഷമിക്കണ്ട ഒക്കെ ശരിയാകും..." സിസ്റ്ററമ്മ ആശ്വസിപ്പിച്ചു.

"എന്നെ ആശ്വസിപ്പിക്കണ്ട. കഴിഞ്ഞ കുറേ മാസങ്ങളായി എനിക്കും ഭ്രാന്ത് കയറിയ പോലാണ്... കുഞ്ഞുങ്ങളുടെ മൃതദേഹം കണ്ട് മനസ്സ് മരിച്ചുകഴിഞ്ഞിരിക്കുന്നു."

"മീനാക്ഷി സുഖപ്പെട്ട് വരുന്നുണ്ട്."

"ഇത് ഞാൻ വിശ്വസിക്കില്ല സിസ്റ്റർ... ഞാനിപ്പോ കണ്ടതല്ലേ അവൾ...അവളെന്നെയൊന്ന് തിരിച്ചറിയുന്നുപോലുമില്ല. മോനെ കാണാതെ അവൾക്കൊരിക്കലും ഭേദമാകില്ല. അവൾക്ക് മോനെ പിരിഞ്ഞ് ഒരു നിമിഷം പോലും നിൽക്കാനാവില്ല."

"മോനെ തിരിച്ചുകിട്ടും."

"ഇത്രയും നാളായിട്ടും ഒരറിവും ഇല്ല. ഇനി എവിടെ തിരക്കും. പോലീസ് ഞങ്ങളെ കയ്യൊഴിഞ്ഞു. അവയവക്കടത്തുകാരുടെ കയ്യിൽ പെട്ടെന്നാണ് പോലീസുകാരുടെ നിഗമനം. അവർ അന്വേഷണം നിർത്തി. ഒരുപാട് കുട്ടികളുടെ ജീവൻ അവയവകടത്തുകാരുടെ കയ്യിൽ പെട്ട് പൊലിഞ്ഞിട്ടുണ്ട്... പലപ്പോഴായ് പിഞ്ചു കുട്ടികളുടെ മൃതദേഹം നോക്കി ന്റെ മകനല്ല എന്നു തീർച്ചപ്പെടുത്തി ആശ്വസിക്കുമ്പോഴും ആ കുട്ടികളുടെ അച്ഛനമ്മമാരെ ഓർത്ത് കരഞ്ഞിട്ടുണ്ട് ഞാൻ... അവനെവിടെയാണെങ്കിലും അധികം വൈകാതെ ഞാനവിടെത്തും..."

"വിഷമിക്കരുത് ഒക്കെ ശരിയാകും."

"ഈ ആശ്വാസവാക്ക് കേട്ട് മടുത്തു സിസ്റ്ററമ്മേ... ന്റെ മോനെ നിക്ക് നഷ്ടപ്പെട്ടു. ന്റെ ഭാര്യയും. ഇനി ആ പഴയ ജീവിതം ഒരിക്കലും തിരിച്ച് കിട്ടില്ല. ഒരു ഭ്രാന്തിയായി അടച്ചിട്ട് എനിക്ക് കാണാൻ വയ്യ. മടുത്തു. ഇത് ചിലപ്പോൾ എന്റെ അവസാനത്തെ വരവാകാം... ഈ ലോകവും ഈ ജീവിതവും മടുത്തു എനിക്ക്."

"എന്താ ദേവാ ഇത്... അങ്ങനെയൊന്നും പറയരുത്. മീനാക്ഷിക്ക് ദേവൻ മാത്രമല്ലേ ഉള്ളൂ."

ദേവൻ ഒന്നും മിണ്ടിയില്ല. അയാൾ മീനാക്ഷിയുടെ അടുത്തേക്ക് ചെന്നു. അവൾ തലയുയർത്തി നോക്കി. ഒരു നിമിഷം അവളുടെ കണ്ണുകൾ പുഞ്ചിരിച്ചു. ചുണ്ടുകൾ എന്തോ മന്ത്രിച്ചു... പിന്നെയൊരു പൊട്ടിക്കരച്ചിൽ... മുഖത്ത് ഭാവങ്ങൾ മാറി മറിഞ്ഞു... വല്ലാത്തൊരു നോട്ടമായിരുന്നു അവൾ...

"ന്റെ മോൻ... ന്റെ മോനെ കണ്ടോ ?"

ഇതിനു മറുപടിയായി ഒന്നും പറയാനുണ്ടായിരുന്നില്ല ദേവന്... മരിച്ചെന്ന് പോലീസ് വിധിയെഴുതിയ മകനെ കുറിച്ച് അയാൾ എന്തു പറയാൻ. ഒന്നും മിണ്ടാതെ അയാൾ പുറത്തേക്കിറങ്ങി...

"ഞാൻ പോവാ സിസ്റ്ററമ്മേ... അവൾടെ ലോകത്ത് ഇപ്പൊ ഞാനില്ല. മോനാ... അവനാണെങ്കിൽ ജീവിച്ചിരിപ്പുണ്ടോ മരിച്ചോ എന്നു പോലും അറിയില്ല... ഞാൻ പോകുന്നു..."

"ദേവൻ എങ്ങോട്ടാ... ഡോക്ടറെ കാണുന്നില്ലെ...?"

അയാൾ ഒന്നും പറഞ്ഞില്ല പക്ഷെ സിസ്റ്ററമ്മയുടെ ചോദ്യത്തിന് അയാളുടെ മനസ്സിൽ ഒരു ഉത്തരമുണ്ടായിരുന്നു.

"മകനെ തേടി."

ദേവൻ നടന്നകലുന്നതും നോക്കി മാർഗരറ്റ് നിന്നു. പെട്ടെന്നാണ് മീനാക്ഷിയുടെ സെല്ലിൽ നിന്നും ഒരലർച്ച കേട്ടത്. ഓടിച്ചെല്ലുമ്പോഴേക്ക് നിലത്തുവീണു കിടക്കുകയായിരുന്നു... സിസ്റ്റർമാരെല്ലാം കൂടെ പിടിച്ച് ബെഡ്ഡിൽ കിടത്തി. അനക്കമുണ്ടായിരുന്നില്ല...

കുറച്ച് കഴിഞ്ഞപ്പോൾ ബോധം തെളിഞ്ഞു. മീനാക്ഷി എന്തൊക്കെയോ പറയാൻ ശ്രമിക്കുന്നുണ്ടായിരുന്നു. പക്ഷെ ക്ഷീണം കൊണ്ട് അവളുടെ നാവനങ്ങിയില്ല...

"ദേവേട്ടൻ... മോൻ... കണ്ടു..."

"ന്നെ... ന്നെ... ഞാൻ... പോട്ടെ"

മാർഗരറ്റ് അവളുടെ കൈയ്യിൽ പതുക്കെ തലോടി... "ഉറങ്ങിക്കോളൂ പിന്നെ സംസാരിക്കാം." അവളുടെ കണ്ണുകൾ മെല്ലെ ഉറക്കത്തിലേക്ക് വഴുതിവീണു. വൈകുന്നേരമായപ്പോഴേക്കും സിസ്റ്ററമ്മയെ തേടി ഒരു വാർത്തയെത്തി. ദേവൻ മരിച്ചു... ആക്സിഡന്റായിരുന്നു. പാണ്ടി ലോറിയുടെ മുന്നിലേക്ക് നടന്നുകയറുകയായിരുന്നെന്ന് ദൃക്സാക്ഷികൾ പറയുന്നു...

ദേവൻ അയാൾക്ക് ജീവിതം തന്നെ മടുത്തിരുന്നെന്ന് മാർഗരറ്റിന് അറിയാമായിരുന്നു... എല്ലാം നഷ്ടപ്പെട്ടവനെപ്പോലെ രാവിലെ ആശുപത്രിയിൽ നിന്നിറങ്ങിപ്പോയ ദേവന്റെ രൂപം മാർഗരറ്റിന്റെ മനസ്സിൽ തെളിഞ്ഞു.

മാർഗരറ്റ് മീനാക്ഷിയുടെ മുറിയിലേക്ക് ചെന്നു... അവൾ ശാന്തമായി ഉറങ്ങുകയായിരുന്നു. അവർ പതുക്കെ അവളെ തലോടി. നേരത്തെ മീനാക്ഷി പറഞ്ഞ വാക്കുകൾ മാർഗരറ്റ് കൂട്ടിയോജിപ്പിച്ച് ഓർത്ത് നോക്കി... "ദേവേട്ടനേയും മോനേയും കണ്ടു... പോകട്ടെ" അങ്ങനെയെന്തൊക്കെയോ ആണ് അവൾ പറഞ്ഞത്.

മകനെ തേടി നടന്ന അച്ഛൻ മരണത്തിനു കീഴടങ്ങി... മകൻ മരിച്ചോ ജീവിച്ചിരിപ്പുണ്ടോ എന്ന് ഇപ്പഴും വ്യക്തമല്ല... മരണത്തിന്റെയും ജീവിതത്തിന്റെയും ഇടയിൽ മീനാക്ഷി ഇനി തനിച്ചാണ്... അവളുടെ സ്വപ്നങ്ങളിൽ, മനസ്സിൽ മകനെയും കൂട്ടി വരുന്ന അവളുടെ ദേവേട്ടന്റെ രൂപമാണ്, പുതിയൊരു ജീവിതമാണ്... പ്രത്യാശിക്കാം നമുക്ക് മകനെയെങ്കിലും മീനാക്ഷിക്ക് തിരിച്ചുകിട്ടട്ടെയെന്ന്... പോലീസിന്റെ നിഗമനം തെറ്റാകട്ടെയെന്ന്...

ഇതുപോലെ മകനെ നഷ്ട

# കഥ

പ്പെട്ട് ഭർത്താവിനെ നഷ്ടപ്പെട്ട് ജീവിതം നഷ്ടപ്പെട്ട ഒരുപാടമ്മമാർ ഇരുമ്പഴികൾക്കുള്ളിൽ രാപ്പകൽ കഴിച്ചു കൂട്ടുന്നുണ്ടാകാം. അവയവക്കടത്തുകാരും, ഭിക്ഷാടന മാഫിയകളും തട്ടിപ്പറിച്ച ഒരുപാട് പിഞ്ചു ബാല്യങ്ങളുമുണ്ടാകാം... പത്രത്താളുകളിൽ ഇങ്ങനെയുള്ള വാർത്തകൾ കാണുമ്പോൾ പരിതപിക്കുക മാത്രമാണ് നമ്മളും സമൂഹവും... ഇത്തരക്കാരെ ശിക്ഷിക്കുന്നതിൽ നീതിന്യായ വ്യവസ്ഥയ്ക്കും പിഴവുകൾ പറ്റിയിട്ടുണ്ട്. നമ്മുടെ നീതിന്യായ വ്യവസ്ഥ മാറാനുണ്ട് ഇനിയും... കാത്തിരിക്കാം നമുക്ക് നല്ലൊരു നാളേയ്ക്ക്... മക്കളെ നഷ്ടപ്പെട്ട് അച്ഛനമ്മമാർ, കുടുംബക്കാർ കരയേണ്ടി വരാത്ത നാളേയ്ക്ക്... ●

## കവിത

## എന്റെ മാനസപുത്രി

ആർ. കെ. വള്ളിച്ചിറ
9496161911

ചിത്തമങ്ങുതുടിച്ചു പതഞ്ഞൊരു
സത്തുസാഹിതീരൂപത്തിലായിതാ
എത്തിടുന്നൊരു ഭാവനാലോകത്തിൽ
നർത്തനം ചെയ്തു കാവ്യകലാദേവി
എത്തീടേണമെനിക്കുമീയാനന്ദ
സത്തു തിങ്ങുമീ സാഹിത്യലോകത്ത്
ചിത്തമങ്ങതിൽ രൂപമെടുത്തൊരാ
നേർത്തീടുമാശ സാഫല്യമാകുവാൻ
കാത്തുകാത്തങ്ങിരുന്നിതനേകനാൾ
ഒത്തുവന്നിതാ കാലമതിനായി.
ഇത്തരുണത്തിലോർക്കുന്നു ഞാനഹോ
യാത്രചെയ്ത വഴികളോരോന്നുമേ
സാഹിതീലോകത്തുചെന്നുചേർന്നീടുവാൻ
മോഹിച്ചിടുന്നോരെനിക്കുതാങ്ങായതും
എന്റെ കാവ്യങ്ങളാദ്യമായിട്ടങ്ങു
മാസികയിൽ പ്രകാശനം ചെയ്തതും
സ്നേഹമോടെ സ്മരിച്ചുകൊണ്ടിന്നുഞാൻ
'ഏക തത്ത്വ' തൻ ശ്രീകോവിലിലിന്നു
നന്ദിയുടെ നറുമലർ ചേർത്തിതാ
പൂജ ചെയ്യുന്നിതായിരം പൂക്കളാൽ.
ഏകതത്ത്വ തന്നാസ്വാദകർക്കായി
കാഴ്ചവച്ചയീ മുപ്പതു കാവ്യങ്ങൾ
ആഴിയും പുഴയുമെന്നൊരു പേരിനാൽ
ഒഴുകിയെത്തിയെൻ കാവ്യസരിത്തിതാ.
മനസ്സിലിട്ടുപലവുരു തേച്ചുഞാൻ
മിനുസ്സമാക്കിയെടുത്തൊരാമുത്തുകൾ
കനകനൂലിതിൽ കോർത്തൊരുഹാരമായ്
തനതുഭാവനതന്നിൽ മെനഞ്ഞു ഞാൻ
എന്റെ മാനസ്സാപുത്രിയാമിക്കാവ്യം
സഹൃദയർക്കായിയേകട്ടെ മോദമായ്
കനിവെഴുന്നൊരീയാസ്വാദകരെല്ലാം
ഇനിയുമെന്നിൽച്ചൊരിയൂപ്രചോദനം.

# ക്യാമറ

അരവിന്ദൻ
9745935385, 0494 - 2682899



മകൾക്കൊരു കുഞ്ഞു ജനിച്ചപ്പോൾ തുടങ്ങിയ മോഹമാണ് ഒരു ക്യാമറ വാങ്ങണമെന്ന്. ആറ്റുനോറ്റുണ്ടായ കുഞ്ഞ്. കുഞ്ഞിന്റെ ചിരി, കരച്ചൽ, കമിഴൽ, നീന്തൽ, മുട്ടുകുത്തൽ, നടത്തം, ഓട്ടം, കളി - എല്ലാം ക്യാമറയിൽ പകർത്തണം. അവന്റെ വളർച്ചയുടെ ഓരോ അംശവും, ക്യാമറ കൊണ്ട് ഒപ്പിയൊപ്പിയെടുക്കണം.

വില കൂടിയാലും മികച്ചതു തന്നെ വാങ്ങണം. ഒന്നരാടം ക്യാമറ വാങ്ങാൻ പറ്റില്ലല്ലൊ. ജപ്പാൻ ക്യാമറകളാണ് ഏറ്റവും ഗുണമുള്ളതെന്നു കേട്ടിട്ടുണ്ട്. എങ്കിൽ അതുതന്നെയാവട്ടെ. വിദേശങ്ങളിൽ വളരെ വില കുറവാണത്രെ!

മൾട്ടിനാഷണൽ കമ്പനിയിൽ ജോലിയുള്ള മകൻ ഇടക്കിടെ വിദേശത്ത് പോകും. അവനോട് പറയാം. ചേതമില്ലാത്ത ഉപകാരമല്ലേ? വില എന്താച്ചാൽ കൊടുത്താൽ മതിയല്ലൊ. മകന്റെ കുട്ടിയുടെ പിറന്നാളാഘോഷത്തിൽ പങ്കെടുക്കാൻ ചെന്ന അവസരത്തിൽ അയാൾ മകനോട് പറഞ്ഞു :

"നീ വിദേശത്ത് പോകുമ്പോൾ ഒരു നല്ല ക്യാമറ വാങ്ങി വരണം."

"ആർക്കുവേണ്ടിയാ ?"

"എനിക്കു വേണ്ടിത്തന്നെയാ"

"ക്യാമറ ഇവിടെ രണ്ടുമൂന്നെണ്ണം കിടപ്പുണ്ട്. അതിൽ നിന്നൊരെണ്ണം അച്ഛന് തരാം. പോരെ."

"അതൊന്നും വേണ്ട. പണം ഞാൻ ഒരുക്കിയിട്ടുണ്ട്. നീ നല്ലത് നോക്കി ഒരെണ്ണം കൊണ്ടുവന്നാൽ മതി."

"ഇവിടെ ഉള്ളപ്പോൾ പിന്നെന്തിനാ പുതിയത് വാങ്ങ്ണ്? ഞാൻ കഴിഞ്ഞ തവണ ജർമ്മനിയിൽ പോയ സമയത്ത് ഒരു ഹൈലി സോഫിസ്റ്റികേറ്റഡ് ക്യാമറ കൊണ്ടുവന്നിട്ടുണ്ട്. എനിക്കതുമതി. മുമ്പ് കൊണ്ടുവന്നതെല്ലാം പൊടി പിടിച്ച് സ്ഥലം മുടക്കികെടക്കാ"

"ഏതാ ബ്രാന്റ് ? എടുത്തു കൊണ്ടുവാ. കാണട്ടെ."

"അച്ഛൻ നാളെയല്ലേ പോവൂ. ഒന്നുക്ഷമിച്ചൂടെ ?"

"അതോണ്ടല്ല മോനെ. കാണാനുള്ള ധൃതികൊണ്ടാ..."

"എവിട്യാവെച്ചിരിക്കണ്ന്ന് തപ്പട്ടെ. എല്ലാം ചിന്നൂന്റെ കസ്റ്റഡിയിലാ..."

"വൈകുന്നേരമായാൽ പിറന്നാൾ പാർട്ടിയുടെ തെരക്കാവും നെനക്ക്. നിയ്ക്ക് വെളിച്ചാമ്പോ പോവാനും ള്ളതാ..."

"പേടിക്കണ്ട. അച്ഛൻ പോണേനുമുമ്പ് സാധനം തന്നാൽ പോരേ ? ആനക്കാര്യത്തിന്റെടക്കാ ചേനക്കാര്യം." പിന്നെയും എന്തൊക്കെയോ പിറുപിറുത്തുകൊണ്ട് അവൻ നടന്നകന്നു. മകൻ ഇങ്ങനെയായിരുന്നില്ല. അച്ഛനെ മുഷിപ്പിക്കുന്നതൊന്നും അവൻ പറഞ്ഞിരുന്നില്ല, ചെയ്തിരുന്നില്ല. അച്ഛനെന്നുവെച്ചാൽ അവന് ജീവനായിരുന്നു. അച്ഛൻ പറയുന്നതെല്ലാം അവനു വേദവാക്യങ്ങളായിരുന്നു. മനസ്സിന്റെ മൂലയിൽ മായാതെ കിടക്കുന്ന മകന്റെ ബാല്യകാലപ്രകൃതവും രൂപവും അയാളുടെ മനസ്സിൽ തെളിഞ്ഞുവന്നു.

പൊള്ളുന്ന പനിയും ശ്വാസം മുട്ടുമായി തന്റെ നെഞ്ചിൽ കിടന്നു ഞെരങ്ങി ഉറങ്ങിയിരുന്ന കുട്ടി. കിടത്തിയാൽ ഉണരും, കരയും. ഉണർത്തില്ല. രാത്രി മുഴുവൻ ഉറക്കമൊഴിക്കും. എടുത്തു നടന്നുതളരുമ്പോൾ, മെല്ലെ കിടക്കയിൽ അനക്കമില്ലാതെ മലർന്നു കിടക്കും. മാറിൽ ഒട്ടിപ്പിടിച്ചു കൊണ്ടു കുഞ്ഞും. ഉണർന്നു കരയുമ്പോഴൊക്കെ വീണ്ടും എടുത്തുനടക്കും. അസുഖമായാൽ അവന് അച്ഛനേ വേണ്ടൂ...

നേരം പുലർന്നാൽ പണത്തിനുള്ള ഓട്ടം തുടങ്ങും. ഒരു ഡോക്ടറെ കാണിക്കാനുള്ള പണം പോലും വീട്ടിലുണ്ടാവില്ല. കിട്ടുന്ന ശമ്പളം, ഒരാഴ്ച കൊണ്ട് തീർന്നിരിക്കും. വീട്ടിലേക്ക് മുടങ്ങാതെ പണമയക്കും. പ്രൊവിഷൻ സ്റ്റോർ, പാൽ, പേപ്പർ, പച്ചക്കറിക്കട, മെഡിക്കൽ സ്റ്റോർ, അല്ലറച്ചില്ലറ കടങ്ങൾ - എല്ലാം തീർക്കാൻ തന്നെ ശമ്പളം തികയാറില്ല.

കുട്ടിയെ ഭാര്യയെ ഏല്പിച്ച് സൈക്കിളുമെടുത്തിറങ്ങും. പാൽ

ബൂത്ത് നടത്തുന്ന ബാലേട്ടനെയോ, ഷുഗർ മില്ലിലെ രാധാകൃഷ്ണനെയോ കാണും. അല്ലെങ്കിൽ ലോട്ടറി ജോൺ, കാർട്ടൂണിസ്റ്റ് ഉണ്ണി കൃഷ്ണൻ... എല്ലാവർക്കും വലിയ വിശ്വാസമായിരുന്നു. കടം വാങ്ങിയ പണവുമായി സൈക്കിൾ റിക്ഷ പിടിച്ച് ഡോക്ടറുടെ വീട്ടിലെത്തും. മരുന്നുകൾ, യുണൈറ്റഡ് മെഡിക്കൽസിലെ ബംഗാളി കടമായി തരും...

കൂടെക്കൂടെ വന്നിരുന്ന പനിയും, ശ്വാസം മുട്ടും മാറ്റിയത് മെഡിക്കൽ കോളേജ് ലക്ച്ചറർ ഡോ. ലാലാണ്. അദ്ദേഹം ഇപ്പോഴും ജീവിച്ചിരിപ്പുണ്ടോ എന്തോ ? മറ്റേതോ കോളേജിലേക്ക് മാറ്റമായി പോയെന്നു കേട്ടിരുന്നു... എത്രവേഗമാണ് കൊല്ലങ്ങൾ കടന്നുപോയത് ? മകനെ നഗരത്തിലെ ഏറ്റവും മികച്ച വിദ്യാലയത്തിൽ ചേർത്തു, പഠിപ്പിച്ചു. ഓഫീസുവിട്ടുവന്നാൽ മകന്റെ പഠിപ്പിൽ ശ്രദ്ധിക്കും. സംശയങ്ങൾ തീർക്കും. ഒപ്പം കളിക്കും. ഗുണപാഠ കഥകൾ പറഞ്ഞുകൊടുക്കും.

മകൻ റാങ്കുവാങ്ങി പാസ്സാകുമ്പോഴൊക്കെ ആകാശക്കോട്ടകൾ കെട്ടി. കുടുംബത്തിന്റെ താങ്ങും തണലുമായി മകൻ മാറുന്നത് സ്വപ്നം കണ്ടു. സ്വപ്നങ്ങൾ കൊരുത്തോടിയകന്ന കൊല്ലങ്ങളിൽ മകൻ വളർന്നു. ഒപ്പം കടങ്ങളും വർദ്ധിച്ചു. കടം വീട്ടാൻ ഇരിപ്പിടത്തിന്റെ പകുതി വിറ്റു. പി. എഫിൽ നിന്നെടുക്കാവുന്നതുമുഴുവൻ പിൻവലിച്ചു. ജീവിക്കാൻ മറന്നകാലം. നേരാംവണ്ണം ഭക്ഷണം കഴിച്ചില്ല. പുതിയ വസ്ത്രങ്ങൾ വാങ്ങിച്ചില്ല. നരച്ചു പിന്നിയ തുണി തുന്നിക്കൂട്ടിയിട്ടുനടന്നു. ആകെ ഒരു ലക്ഷ്യമെ ഉണ്ടായിരുന്നുള്ളൂ - മകന്റെ ഭാവി.

എൻജിനീയറിങ്ങ് കോഴ്സ് തീരുന്നതിനുമുന്നുതന്നെ മകനെ ഒരു ജർമ്മൻ കമ്പനി തപ്പിയെടുത്തു. ഉയർച്ചയുടെ പടികൾ നിഷ്പ്രയാസം താണ്ടി മുന്നോട്ട് പോകുന്ന മകനെ നോക്കി അഭിമാനം കൊണ്ടു. പക്ഷേ, അതധികകാലം വേണ്ടിവന്നില്ല. അതിനുമുമ്പ് മകൻ പോക്കാച്ചിത്തവളയെപ്പോലുള്ള ഒരു മുടന്തിപ്പെണ്ണിനേയും കൊണ്ട് വീട്ടിൽ വന്നു. മകന്റെ മാറ്റം അവിടം തൊട്ടു തുടങ്ങുന്നു. മാളികയും കാറും ഉയർന്ന ശമ്പളവുമുള്ള അവൾ മകനെ വരച്ചവരയിൽ നിർത്തി. റിട്ടയറായി നാട്ടിലേക്ക് മടങ്ങുന്ന അവസരത്തിൽ മകന് തിരക്കിട്ട ജോലി ! ഭാര്യയുടെ സർജറി, മകളുടെ വിവാഹം, പ്രസവം, പേരക്കുട്ടിയുടെ ഇരുപത്തെട്ട്... ഒന്നിനും മകൻ വന്നില്ല. ലീവ് കിട്ടിയില്ലത്രെ ! പക്ഷേ അന്നേരത്തെല്ലാം അവൻ ഭാര്യയേയും ഭാര്യവീട്ടുകാരേയും പേറി ചുറ്റിനടന്നു. ഭാര്യ വീട്ടുകാരുടെ ബന്ധുക്കളെ സന്ദർശിച്ചു. അവർക്ക് വില പിടിപ്പുള്ള സമ്മാനങ്ങൾ നൽകി. വീട്ടിലേക്ക് ക്ഷണിച്ചുവരുത്തി വിരുന്നൂട്ടി.

മകനോടൊന്നും ആവശ്യപ്പെട്ടില്ല. കിട്ടുന്ന പെൻഷൻ കൊണ്ട് ഒതുങ്ങിക്കൂടി. കൊമ്പും തുമ്പിക്കൈയ്യുമില്ലാത്ത ഒരാൾക്ക് മകളെ ഏല്പിച്ചത് ആശ്വാസം. മകളുടെ നിർബന്ധം സഹിക്കവയ്യാതാവുമ്പോൾ, മകനെ കാണാൻ പോകും. ഒരന്യനെപ്പോലെ അവിടെ രണ്ടുദിവസം തങ്ങും. മടങ്ങും. പിറന്നാൾ പാർട്ടിക്കെത്തിയതും മകളുടെ നിർബന്ധം മൂലം.

ആരൊക്കെയോ വന്നു. ആരെയൊക്കെയോ പരിചയപ്പെട്ടു. പരിചയപ്പെട്ടവരെല്ലാം കൈപിടിച്ചുകുലുക്കി. ഔപചാരികത വിഴുങ്ങിയ അന്തരീക്ഷത്തിൽ ആത്മാർത്ഥത കണ്ടെത്താനായില്ല. സ്നേഹം തുടിക്കുന്ന ഒരു മുഖം പോലും കണ്ടില്ല. പൊങ്ങച്ചം പറച്ചിലിനിടയിൽ വന്നവരെല്ലാം വാരിവലിച്ചുതിന്നു. ചിലർ തീറ്റക്കിടയിൽ ഇടതടവില്ലാതെ ഇംഗ്ലീഷിൽ തരംതാഴ്ന്ന ഫലിതം പൊട്ടിച്ചുകൊണ്ടിരുന്നു. അതുകേട്ടവരും, കേൾക്കാത്തവരും കൃത്രിമമായി പൊട്ടിച്ചിരിച്ചു. കാട്ടിക്കൂട്ടുന്ന വൈകൃതങ്ങൾ കണ്ടു സഹികെട്ട് ഒരു മൂലയിൽ ഒതുങ്ങിനിന്നു.

പിറന്നാൾ പാർട്ടിക്കു ശേഷം ടി. വി. യുടെ മുന്നിലിരുന്നു വെടിപറയുമ്പോൾ, വീണ്ടും തിരക്കി - 'നീ തരാമെന്നു പറഞ്ഞ ക്യാമറക്ക്, എന്ത് വിലയുണ്ട് ?'

"വിലയെന്തോ ആയ്ക്കോട്ടെ. ക്യാമറ വില്ക്കല്ലല്ലോ"

ക്യാമറയുടെ കാര്യം ഓർമ്മിപ്പിക്കലായിരുന്നു ഉദ്ദേശം. എന്നാലെങ്കിലും ക്യാമറ എടുത്തുതന്നെങ്കിലോ...? ടി. വി. ക്കുമുന്നിൽ നിന്നിളകാത്ത മകനെ നോക്കി നെടുവീർപ്പിട്ടു. നേരം വെളുക്കുന്നതിനുമുമ്പ്, അലാറം വെച്ച് എഴുന്നേറ്റു തയ്യാറായി. മകന്റെ കിടപ്പുമുറിയുടെ വാതിലിൽ മുട്ടി. "സമയം കുറേയായി. സ്റ്റേഷനിലേക്ക് പോകണ്ടെ ?"

മകൻ കാറിൽ ഡ്രോപ്പ് ചെയ്യാമെന്നേറ്റിരുന്നു.

"ഇത്രനേരത്തെ പോകണ്ട കാര്യമൊന്നുമില്ല. പത്തുമിനുട്ടിന്റെ വഴിയേയുള്ളു."

"നാലും നേരത്തെ പോകുന്നതാ ബുദ്ധി. വഴിയിൽ വെച്ച്, വണ്ടി പഞ്ചറാവുകയോ ട്രാഫിക് ജാമോ..."

"അച്ഛനെന്തിനാ എപ്പോഴും നെഗറ്റീവായി ചിന്തിക്കുന്നത് ?"

സദാ പോസിറ്റീവായി ചിന്തിച്ചതാണ് താൻ ചെയ്ത തെറ്റ്. അതിനി തിരുത്താനാവില്ലല്ലൊ. തികട്ടിവന്ന വാക്കുകൾ അയാൾ കടിച്ചിറക്കി. പുറത്തിറങ്ങിയ മകനോടൊപ്പം കാറിൽ കയറുമ്പോഴും അയാൾ അന്വേഷിച്ചു - "ക്യാമറ എടുത്തില്ലേ?"

കേട്ട ഭാവം കാണിക്കാതെ മകൻ കാർ സ്റ്റാർട്ട് ചെയ്തു. ഇനി ഒരിക്കലും ക്യാമറയുടെ കാര്യം സൂചിപ്പിക്കരുത്. പറ്റിയതെല്ലാം അബദ്ധങ്ങൾ... നാണക്കേട്. അരിച്ചരിച്ചു നീങ്ങാൻ തുടങ്ങിയ വണ്ടിയിൽ ഒരുവിധം കറയിക്കൂടി. അതിനിടയിൽ മകൻ പറഞ്ഞൊപ്പിച്ചു.

"ക്യാമറ തപ്പിയെടുക്കാൻ സമയം കിട്ടിയില്ല. അടുത്ത തവണ നാട്ടിൽ വരുമ്പോൾ തീർച്ചയായും കൊണ്ടുവരാം."

ഒന്നും പറഞ്ഞില്ല. മകന്റെ ചക്കരവാക്കിൽ വിശ്വസിച്ച താൻ വിഡ്ഢി. നാട്ടിൽ ലഭിക്കുന്ന ഏതെങ്കിലും ബ്രാന്റ് വാങ്ങിച്ചാൽ മതി. ആരുടെയും സൗമനസ്യം വേണ്ട. മാസങ്ങൾക്കുശേഷം മകൻ ലീവിൽ വന്നു. ഒരു സ്ഥലം വാങ്ങുന്നതിന്റെ റജിസ്ട്രേഷനുവേണ്ടി. ക്യാമറ കൊണ്ടുവരാൻ പറ്റിയില്ലത്രെ. ഉണ്ടായിരുന്ന ക്യാമറകൾ ഭാര്യയുടെ അനിയനും വകയിൽപെട്ട പെൺകുട്ടിയും കരസ്ഥമാക്കിപോലും. അവർക്ക് കൊടുക്കണമെന്നത് ചിന്നുവിനു വാശി. പിന്നെയുള്ളത് പൊന്നുമോൾക്ക് കളിക്കാനും കൊടുത്തു.


നിന്നെ ഭരിക്കുന്നത് ചിന്നുവാണല്ലൊ. ഭരണകർത്താവിന്റെ ഇംഗിതമനുസരിച്ച് മാത്രം പ്രവർത്തിക്കൂ എന്ന് പറയാൻ തോന്നിയെങ്കിലും പറഞ്ഞില്ല. അമ്മക്കും അച്ഛനും എന്തെങ്കിലും നൽകിയാൽ അത് നഷ്ടമാവില്ലേ ? അച്ഛന്റെ പക്കൽ നിന്നു ക്യാമറയുടെ വില വാങ്ങിയെന്ന് വല്ലവരും അറിഞ്ഞാൽ കുറച്ചിലല്ലെ? ഒന്നിരുത്തിമൂളിക്കൊണ്ട് പറഞ്ഞു:

'നീ ക്യാമറ കൊണ്ടുവരില്ലെന്ന് ധരിക്കാനുള്ള ബുദ്ധി എനിക്കുണ്ട്. അതിനാൽ ഞാൻ എന്നോ ക്യാമറ വാങ്ങിച്ചിരിക്കുന്നു. അതിലെടുത്ത ഫോട്ടോകൾ നിനക്ക് കാണണൊ ?"

പ്രതീക്ഷിക്കാത്തതു കേട്ട ജാള്യതയിൽ മകന്റെ മുഖം വിളർത്തു. പ്രതികരണമില്ലാതെ തലയും താഴ്ത്തി നടന്നകലുന്ന മകനെ നോക്കി നിന്നപ്പോൾ, മനസ്സിന്റെ അകത്തളത്തിൽ നൂറായിരം ക്യാമറകൾ ഒന്നിച്ചു പ്രവർത്തിച്ച പ്രതീതി... •

## കഥ


**എം. ഡി. വിശ്വംഭരൻ**
**9446142131**

# നടുവിലെമഠം

**രാ**ഘവകുറുപ്പ് ചാരുകസേരയിൽ കിടന്നകിടപ്പിൽ നിന്ന് കൈനീട്ടി മുറുക്കാൻ ചെല്ലമെടുത്ത് തുറന്നു. അതിനകത്തുള്ള വാടിയതും പഴുത്തതുമായ വെറ്റില കണ്ടപ്പോൾ മനംമടുത്ത് അടച്ചുവച്ചു. അതിൽ അതൊക്കയേ കാണു എന്നറിയാമായിരുന്നു. എന്നിരുന്നാലും മുറുക്കാനുള്ള ത്വര പിന്നെയും അതിലേക്ക് കൈ നീണ്ടതാണ്.

കുറുപ്പ് ഓർമ്മയിൽ മുഴുകി, പാരമ്പര്യമായി കാരണവന്മാർ കൈമാറി തന്റെ കൈയിലെത്തിയ മുറുക്കാൻ ചെല്ലം. നല്ല ഒന്നാം തരം വെള്ളോട്ടിൽ നിർമ്മിച്ചത്. ഇപ്പോൾ നിറം മങ്ങി ആകെ ശോഭ കെട്ടിരിക്കുന്നു. തറവാടിന്റേതുപോലെ. തുളസി വെറ്റിലയും കളിയടക്കയും വാസനചുണ്ണാമ്പും ജാപ്പാണം പുകയിലയും നിറഞ്ഞിരുന്ന വെറ്റില ചെല്ലം, പ്രതാപകാലത്തിന്റെ ബിംബങ്ങളിലൊന്നായിരുന്നു. എല്ലാം പോയി. ഇപ്പോൾ എല്ലാം ഓർമ്മകളായി മാറിയിരിക്കുന്നു. നിറം മങ്ങി അടർന്നു തുടങ്ങിയ ചുമരുകളിലേക്കും ദ്രവിച്ച് ഒടിഞ്ഞുതുടങ്ങിയ കഴുക്കോലുകളിലേക്കും നോക്കി രാഘവക്കുറുപ്പ് നെടുവീർപ്പയച്ചു. നടുവിലെമഠം എന്ന തന്റെ തറവാടിന്റെ ഇപ്പോഴത്തെ അവസ്ഥയും മുൻപത്തെ പ്രതാപകാലവും ഓർത്തെടുക്കുകയായിരുന്നു കുറുപ്പ്. രാജകുടുംബവുമായി ബന്ധമുണ്ടായിരുന്ന തറവാട്. പടത്തലവന്മാരിൽ പ്രമുഖനായ ഒരാളായിരുന്നു രാഘവക്കുറുപ്പിന്റെ അമ്മാവന്റെ അമ്മാവനായ വേലുകുറുപ്പ്. നാട്ടിലെ നീതിന്യായ കോടതിയും പോലീസ്സ് സ്റ്റേഷനുമൊക്കെയായിരുന്നു ഒരു കാലത്ത്. തൊഴുത്തു നിറഞ്ഞുനിന്നിരുന്ന പശുക്കൾ, ഒരേ സമയം നാലും അഞ്ചും ആനകൾ വരെ ഉണ്ടായിരുന്നു നടുവിലെമഠത്തിൽ. കൃഷ്ണകുറുപ്പ് അമ്മാവന്റെ കാലം മുതലായിരുന്നു തറവാട് ക്ഷയിക്കുന്ന അവസ്ഥയിലേക്ക് നീങ്ങി തുടങ്ങിയത്. കൃഷ്ണകുറുപ്പ് അമ്മാവന് ധൂർത്തും ആർഭാടവും ഏറെ കൂടുതലായിരുന്നു. പേരിനു വേണ്ടി ദാനധർമ്മം, കാർന്നോന്മാരുടെ ആണ്ടടിയന്തിരങ്ങൾക്കും പിറന്നാളുകൾക്കുമുള്ള ധൂർത്ത്. നാടടച്ചുള്ള സദ്യവിളമ്പൽ, കീഴാളർക്കും അടിയാന്മാർക്കും പടിപുരക്കു പുറത്ത് സദ്യ. പ്രമാണിമാർക്കും ഉദ്യോഗസ്ഥ മേധാവികൾക്കും പടിപ്പുരക്കകത്ത് വേറെ സദ്യ. രാത്രിയിൽ കഥകളി, കൂത്ത്, അങ്ങനെ എല്ലാവിധ ധൂർത്തും, ഒന്നിനും ഒരു കുറവും വരുത്തിയില്ല. കൃഷികാര്യങ്ങൾ നോക്കി നടത്താനും പാട്ടം പിരിക്കാനും വേണ്ടത്ര ശുഷ്ക്കാന്തി കാട്ടിയില്ല. അടുപ്പക്കാരായി നടിച്ചവരും മുഖസ്തുതിക്കാരും മുതല് ചോർത്തിയത് കാരണവർ അറിഞ്ഞില്ല. കാര്യസ്ഥന്മാർ ഒരു വശത്ത് സമ്പാദിച്ചു കൂട്ടിയതും അറിയാൻ വൈകി. അടിച്ചുതളിക്കാരി മുതൽ അടുക്കളക്കാരി വരെ കാർന്നോരുടെ ദൗർബല്യം മുതലെടുത്തു. കുടുംബത്തെ പെണ്ണുങ്ങൾ പലരും കാര്യം അറിഞ്ഞെങ്കിലും ഉഗ്ര കോപത്തിനു മുന്നിൽ ഭയന്ന് നാവനക്കിയില്ല. അടുക്കളക്കാരിയുടെ മാസക്കുളി തെറ്റിയതറിഞ്ഞപ്പോൾ ഒരു മുറിപുരയിടം അവളുടെ പേരിൽ ചാർത്തിക്കൊടുത്ത് പറഞ്ഞുവിട്ടു പകരം വന്നവൾ അതിലും കേമിയായിരുന്നു. ഒപ്പം മദ്യസേവയും കൂടിയായതോടെ കാര്യങ്ങൾ വേഗത്തിലായി. ചെത്തുകാരൻ കുഞ്ഞൻ ദിവസവും ഓരോ കുടം മധുരക്കള്ള് കാര്യസ്ഥൻ വഴി എത്തിച്ചുകൊടുത്തുകൊണ്ടിരുന്നു. കുഞ്ഞൻ താമസിച്ചിരുന്ന പുരയിടത്തിൽ തേങ്ങയിടാൻ ചെന്നപ്പോൾ കുഞ്ഞന്റെ ഭാര്യ മധുരക്കള്ളുമായി തമ്പുരാനെ മാടത്തിൽ സ്വീകരിച്ചു. അടുത്ത മാസം അയാൾ കുടിലുകെട്ടി പാർത്തിരുന്ന പുരയിടം അവന്റെ പേരിലാക്കി കൊടുത്തു. അങ്ങനെ കുറേശ്ശയായി ഉള്ളതെല്ലാം തീർന്നു കൊണ്ടിരുന്നു. പത്തായം കാലിയായി. ഉരൽപ്പുര നിശബ്ദമായി. വാല്യക്കാർ ഓരോരുത്തരായി തറവാട് വിട്ടു. അപ്പോഴും ശ്രാർദ്ധത്തിനും പിറന്നാളിനും ആഘോഷക്കുറവൊന്നും ഉണ്ടായില്ല. തക്കം നോക്കിയിരുന്ന തോമയും അബുവുമെല്ലാം അടുത്തുകൂടി. കൃഷ്ണക്കുറുപ്പ് യജമാനന്റെ മുന്നിൽ അവർ അരയിൽ മുണ്ടുകെട്ടി വായ്ക്കൈപൊത്തി നിന്ന് അവർ അവരുടെ പങ്കപ്പാട് പറഞ്ഞു. മൂത്തമകന്റെ മംഗലം കഴിഞ്ഞു. അവന് കൂര കെട്ടാൻ ഒരിടമില്ല. ഇവിടുന്നു കനിയണം. പുഞ്ചപ്പാടത്തിന്റെ മേലുള്ള തറ അടിയനു തരണം. അടിയന്റേൽ ഇതേയുള്ളു. യജമാനൻ ഇതങ്ങ് എടുത്തോട്ടെ. ഏതെങ്കിലും കാർന്നോരുടെ ആണ്ടടിയന്തിരം അടുത്തിരിക്കുന്ന കാര്യം അറിഞ്ഞായിരിക്കും അബുവോ തോമയോ വരുന്നത്. അവർ കൊടുക്കുന്ന പണപ്പൊതി എണ്ണിപ്പോലും നോക്കാതെ പറയുന്ന പുരയിടം അവർക്ക് എഴുതിക്കൊടുക്കാൻ കുറുപ്പിന് രണ്ടാമതൊന്ന് ആലോചിക്കേണ്ടതില്ല. കാരണവരുടെ അടിയന്തിരം ഗംഭീരമാക്കും. അവസാനം വീട് ഇരുക്കുന്നയിടം മാത്രമായി നടുവിലെമഠം തറവാട്. കേസ്സ് പറഞ്ഞും കുറേ കളഞ്ഞുകുളിച്ചു. കേസ്സ് നടത്തിപ്പിന് പോകുന്ന കാര്യസ്ഥനും വക്കീലും ഇപ്പോൾ രാജകീയമായി വാഴുന്നു. ജന്മിയുടെ അനന്തര തലമുറ പഴയ പ്രതാപത്തിന്റെ പേരിൽ ജോലിക്കോ വരുമാനത്തിനോ ശ്രമിക്കാതെ നഷ്ടപ്രതാപം ഓർമ്മിച്ചു പട്ടിണിയും പരിവട്ടവുമായി കഴിയുന്നു. ജോലിക്ക് പോകുന്നത് കുറച്ചിലായിരുന്നു.

ഓർമ്മകളിൽ മുഴുകി, വിയർപ്പിന്റെ പഴകിയ പൂപ്പൽ മണം തങ്ങി നില്ക്കുന്ന ചാരുകസേരയിലേക്ക് ചാഞ്ഞ് രാഘവക്കുറുപ്പ് തോളിൽക്കിടക്കുന്ന തോർത്ത് എടുത്തു വീശി. അനന്തിരവന്മാർ പഠിച്ച് എന്തെങ്കിലും ജോലി നേടാൻ കാരണവർ സമ്മതിച്ചില്ല. സർക്കാരിന് അടിമപ്പണി ചെയ്തിട്ടുവേണ്ട നടുവിലെ മഠത്തിൽക്കാർ കഞ്ഞികുടിക്കാൻ എന്നായിരുന്നു മൂപ്പർക്ക്. ആനക്കാരും പശുവിനെ നോക്കുന്നവരും കൃഷിപ്പണിക്കാരുമായി എത്രപേർ പണിയെടുത്തിരുന്ന തറവാടാണിത്. ഇവിടുത്തെ ഒരാൾ പുറത്തുപണിക്ക് പോവുകയോ...? ശ്ശേ... മോശം. ആന മെലിഞ്ഞാൽ ആരെങ്കിലും തൊഴുത്തിൽ കെട്ടുമോ ? അതായിരുന്നു ചോദ്യം. പക്ഷെ, പാർശ്വവർത്തികൾ സമ്പന്നരായപ്പോൾ അവരെ ഊട്ടി

വളർത്തിയവർ കഞ്ഞികുടിക്കാൻ ഗതിയില്ലാത്തവരായി കഴിഞ്ഞിരുന്നു. അപ്പോഴും അഭിമാനം മുറുകെ പിടിച്ചിരിക്കാനായിരുന്നു ഉത്സാഹം.

കുഞ്ഞൻപിള്ള ചട്ടമ്പിയുടെ വാക്കുകൾ കേൾക്കാനും അനുസരിക്കാനും ആരും തയ്യാറാകാതിരുന്നതിന്റെ ദോഷഫലം തലമുറകളായി അനുഭവിച്ചുകൊണ്ടിരിക്കുന്നു. നായന്മാരുടെ പോക്ക് അധോഗതിയിലേക്കാണെന്ന് മൂപ്പര് നേരത്തേ മനസ്സിലാക്കിയാണ് നന്നാക്കാൻ നോക്കിയത്. കൃഷ്ണക്കുറുപ്പ് നെടുവീർപ്പയച്ചു. വീണ്ടും കൈ നീട്ടി ചെല്ലമെടുത്തു തുറന്നു. പഴുത്ത വെറ്റിലയും ഉണങ്ങിയ അടയ്ക്കയും. അതെങ്കിൽ അത്. മുറുക്ക് ശീലമായിപ്പോയി. ഉള്ളതുകൊണ്ട് കാര്യം നടത്തുക തന്നെ. വെറ്റിലയും അടയ്ക്കയും ചുണ്ണാമ്പും കൂട്ടി ചവച്ചു പതം വരുത്തി പുകയിലയായി പുകയിലഞെട്ടു മാത്രമേയുള്ളു. അത് കീറി കൈയിലിട്ട് തിരുമി വായിലിട്ടു. പിന്നെ മുറ്റത്തേക്ക് ഒന്ന് നീട്ടിത്തുപ്പി. താനും കുടുംബ മഹത്വം പറഞ്ഞിരുന്ന് കാലം കളഞ്ഞകാര്യം ഓർക്കുകയായിരുന്നു. മുടിഞ്ഞ മരുമക്കത്തായം ആണ് എല്ലാ അധപ്പതനത്തിനും കാരണം. ഇപ്പോൾ പലതും മാറിയെങ്കിലും അതിന്റെ പ്രേതബാധ മാറാതെയും തീർത്തും പോകാതെയും നില്ക്കുന്നു എന്നോർത്തു കുറുപ്പ്.

അമ്മാവാ... കഞ്ഞി കുടിക്കാൻ വാ...

ഉടപ്പിറന്നോളുടെ ഇളയമകൾ രാഗിണിയുടെ ശബ്ദം കേട്ട് കുറുപ്പ് ചിന്തയിൽ നിന്നും ഉണർന്നു. ഓ... ദാ... വരുന്നു. ങാ... നീ ഏതാണ്ട് ഉദ്യോഗത്തിന് പോയിട്ട് എന്തായി ? ഓ... എല്ലാം പതിവുപോലെ യോഗ്യത എനിക്കായിരുന്നെങ്കിലും അർഹതയുള്ള ആളുകൾ വേറെയുണ്ടല്ലോ ? അർഹതയും യോഗ്യതയും വേറെ വേറെയാണല്ലോ പോകുന്നത്. അതുകൊണ്ട് കിട്ടിയില്ല. പണ്ടെന്നോ കാർന്നോന്മാർ ചെയ്തു എന്നു കേട്ടിട്ടുള്ള പാപങ്ങൾക്ക് പിൻതലമുറക്കാരായ ഞങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. അതിനിയും തുടരും. ങാ... കാണാമല്ലോ എവിടം വരെ പോകുമെന്ന്. അതും പറഞ്ഞ് അവൾ അകത്തേക്ക് കയറുമ്പോൾ ആ പറഞ്ഞതിലെ പൊരുൾ പൂർണ്ണമായും മനസ്സിലാകാതെ രാഘവക്കുറുപ്പ് മിഴിച്ചിരുന്നു.

•

# ഉത്തിഷ്ഠത ജാഗ്രത



**സോമനാഥൻ മാസ്റ്റർ**
**വയനാട്**
**9946429805**

ജലം, അമൂല്യമാം, പ്രകൃതിതൻദാനമായ്
പരിരക്ഷയ്ക്കു നാം, മുന്നിട്ടിറങ്ങണം.
പരമപാവനമാം പ്രാണവായുവും
പശിയടക്കുവാൻ പറ്റും പഴങ്ങളും
കനിവൊടേ, നമുക്കായി നൽകീടുന്ന
മരമൊന്നേലും നാം നട്ടുവളർത്തണം.

പുഴ, മരിയ്ക്കാതിരിക്കുവാൻ വേണ്ടി നാം
തടയണകളെ, പെട്ടെന്നു തീർക്കണം.
അധിവസിക്കുന്ന വീടിന്റെ കൂരയിൽ
പതിയുവാനിടയാകും മഴയെ നാം
സവിനയം സ്വീകരിച്ചു, നാമല്പവും
ഒഴുകി നഷ്ടപ്പെടാതെ സൂക്ഷിക്കണം.

മണ്ണിൽ വീഴും മഴ, സ്വീകരിക്കുവാൻ
മൺകുഴികൾ നാം തീർക്കണം, വേഗമായ്
കിണറിൻ വെള്ളത്തിനളവു കൂട്ടീടുവാൻ
അനുവർത്തിക്കേണ്ട ശാസ്ത്രീയരീതിയെ
അവലംബിക്കണം, ആയതുകൊണ്ടേറെ
അനുഗുണമായൊരനുഭവം നേടിടാം.

പ്രിയരേ, നാമൊക്കെ ഒത്തുചേർന്നിപ്പൊഴേ,
ഒരുമയോടൊറ്റ മനസ്സുമായ് നീങ്ങുകിൽ
പ്രകൃതിപോലും കനിയും സുനിശ്ചയം
ജഗദീശ്വരൻ, നമ്മെ, രക്ഷിച്ചിടും
സമയമല്പവും, കളയാതെ ചെയ്യേണ്ട,
സമയബന്ധിത കർമ്മ യത്നത്തിൽ നാം
അണിനിരക്കണം ആഘോഷമാക്കണം
ഉണരണം, കർമ്മധീരരായ് മാറണം.

പ്രകൃതിയെന്നല്ല, യാരോടുമായി നാം
പൊരുതിടാതെയും തോറ്റുപോകാതെയും
കഴിയുവാനുള്ള പാഠമായിട്ടു നാം
വറുതിയെ, എതിരിട്ടു ജയിക്കണം.

'കുറുവ'യെന്നുള്ള പേർ പെറ്റ വിസ്തൃത-
സുഖദശീതള ഭൂവിഭാഗത്തിന്റെ
പരിധിയിൽപെട്ട പുൽപ്പള്ളി, വാസികൾ
ഉണരണം, കർമ്മധീരരായ് മാറണം
തലമുറയ്ക്കായി നമ്മൾ ചെയ്യുന്നൊരീ
മഹിതയത്നത്തിൽ പങ്കു ചേരുന്നവർ
ഒരു യജ്ഞത്തിലാണെന്നതോർക്കണം
പ്രകൃതി രക്ഷയ്ക്കുമതി ജീവനത്തിനും.

(ജലസംരക്ഷണത്തിനുള്ള കർമ്മ പദ്ധതി)
കാവ്യാത്മകമായ ഒരവതരണം
പുൽപ്പള്ളി പഞ്ചായത്തിന്റെ ജലസംരക്ഷണ സമിതിയിൽ
അവതരിപ്പിച്ചത്

ലേഖനം

# മനസ്സ്

ലക്ഷ്മിക്കുട്ടി ചെറായ
8547147737

**മ**നസ്സിലെങ്ങനെയാണ് ഭയം ഉണ്ടാകുന്നതെന്നും അത് നമുക്ക് തന്നെ എങ്ങനെ ദുരീകരിക്കാമെന്നും വിലയിരുത്തുന്നത് നന്നായിരിക്കും. ബോധമനസ്സിലുള്ള ഊർജ്ജസ്രോതസ്സിനെ കണ്ടെത്താതെ തന്റെ ശക്തി മുഴുവൻ മറ്റുള്ളവരിലാണെന്ന് കരുതി ജീവിതം നയിച്ചാൽ, ഒരിക്കൽ മറ്റുള്ളവർ നമ്മെ തള്ളി പറയുമ്പോൾ, നമ്മുടെ ശക്തി മുഴുവൻ ചോർന്നു പോയി ദുഃഖത്തിന്റെയും, ഭയത്തിന്റെയും പടുകുഴിയിലേക്ക് വീണ് പോകുന്നു (പ്രത്യേകിച്ച് പ്രായമായവർ) അവർ വളരെയധികം സ്നേഹിച്ചിരുന്നവർ അവരെ തള്ളി പറയുമ്പോൾ അനുഭവിക്കുന്ന മാനസിക സംഘർഷം വളരെ വലുതാണ്.

ഇതിൽ നിന്നും മുക്തി നേടണമെങ്കിൽ നല്ല ജീവിതം നയിക്കുമ്പോൾ തന്നെ ഏറ്റവും വലിയ ഊർജ്ജശക്തിയാണ് എന്റെ ബോധമനസ്സിൽ കുടികൊള്ളുന്നത് എന്ന് തിരിച്ചറിവോടുകൂടി ജീവിച്ചാൽ എന്തെല്ലാം പ്രതിസന്ധികളുണ്ടായാലും, തൽക്കാലം ഒന്ന് പതറിയാലും അതിൽ നിന്നെല്ലാം സ്വയം ഉയർത്തെഴുന്നേൽക്കാൻ സാധിക്കും.

അതിന്റെ വഴി മറ്റൊന്നുമല്ല ഉള്ളിലുള്ള അനന്തമായ ഊർജ്ജത്തെ കണ്ടെത്തുകയും (പുറം ലോകങ്ങളിലൊന്നും ശ്രദ്ധ കൊടുക്കാതെ) അതിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് അക കണ്ണ് കൊണ്ട് നമ്മുടെ നിലനില്പിനുതന്നെ അടിസ്ഥാനമായ ആ പരമാത്മാവിലേക്ക് മാത്രം ശ്രദ്ധ കൊടുത്തുകൊണ്ട് നാമജപവും, ധ്യാനവും നിരന്തരമായി ചെയ്തുകൊണ്ടേയിരുന്നാൽ മാത്രമേ നാം വലിയ ശക്തി ഉള്ളവരാണെന്ന സത്യം ബോധ്യമാവൂ. ഈ പരമമായ സത്യം അറിയാതെ പോകുന്നതുകൊണ്ടാണ് നമ്മൾ തളരാൻ ബാധ്യസ്ഥരാകുന്നത്.

വിവേക ബുദ്ധി എല്ലാവരിലും ധാരാളമുണ്ട്. എന്നാലതിനെ ഉണർത്തി, ഉയർത്തി എടുത്താൽ മാത്രമേ നമുക്കത് പ്രയോജനപ്പെടുകയുള്ളു. ഇങ്ങിനെയുള്ള ഊർജ്ജശക്തി നമ്മളിൽ എത്ര കാലം നിലനില്ക്കുമെന്ന് അറിയില്ല. അതുകൊണ്ട് സമയവും, കാലവും വെറുതെ പാഴാക്കാതെ മനസ്സിനെ എപ്പോഴും കർമ്മനിരതമായി കൊണ്ടുനടക്കുക. ഇങ്ങനെ ജീവിതം നയിച്ചാൽ നമ്മെകൊണ്ട് നമുക്കും, മറ്റുള്ളവർക്കും പ്രയോജനപ്പെട്ട് ജീവിക്കുമ്പോഴാണ് നമ്മോട് മറ്റുള്ളവർക്ക് ആദരവും ബഹുമാനവും തോന്നുന്നത്.

പഞ്ചഭൂതനിർമ്മിതമായ ശരീരത്തിന് മാത്രമേ മാറ്റം സംഭവിക്കുന്നുള്ളൂ. മനസ്സിന് ഒരിക്കലും നാശം സംഭവിക്കുന്നില്ല. അത് ഈ ശരീരം വിട്ട് പോയാലും ഇതേ മനസ്സോടെ മറ്റൊരു ശരീരം സ്വീകരിച്ച് ഇവിടെ തന്നെ വന്നു ചേരും. അതുകൊണ്ട് നല്ല മനസ്സിന്റെ ഉടമകളായി ജീവിക്കുകയും അതോടൊപ്പം എവിടെ നിന്നാണോ നമ്മൾ വന്നത് ആ പരമാത്മ തത്ത്വത്തിലേക്ക് എത്തിച്ചേരാനും വേണ്ടി നമുക്ക് ജീവിക്കാം.

'ഏക തത്ത്വ'യുടെ അത്ഭുതപൂർവ്വമായ വളർച്ചയ്ക്ക് ചുക്കാൻ പിടിച്ച മുരളിസാറിനും - പ്രഗത്ഭരായ അതിലെ എല്ലാ എഴുത്തുകാർക്കും, സുമനസ്സുകളായ വായനക്കാർക്കും മറ്റുള്ള എല്ലാ ആത്മമിത്രങ്ങൾക്കും നിറമനസ്സോടുകൂടി 2017 ഒരു സുവർണ്ണകാലമാകട്ടെ എന്ന് മനസ്സ് നിറഞ്ഞ് ആശംസിച്ചുകൊള്ളുന്നു.

# കൃത്രിമ മഴ പെയ്യിക്കൽ ലഘുവായ കാര്യമോ ?



വിനോദ് കുമാർ ദാമോദർ
9446352141

**ഈ** കഴിഞ്ഞ ദിവസങ്ങളിൽ നമ്മുടെ നാട്ടിൽ പെട്ടെന്ന് ചർച്ചയ്ക്ക് വന്ന ഒരു വിഷയമായിരുന്നു, അതായത് കൃത്രിമ മഴ പെയ്യിക്കുന്ന കാര്യം. ഇതല്ലാതെ മറ്റൊരു പോംവഴിയുമില്ലാതെ എടുത്തിട്ട ഒരു സംഗതിയെന്നേ ഇതിനേ പറയുവാനൊക്കുകയുള്ളുവെന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം. കാരണം ഇത് സിനിമാ ഷൂട്ടിങ്ങ് വേളയിലും മറ്റും കാണുന്നത് മാതിരി അത്ര എളുപ്പമായ ഒരു കാര്യമല്ല.

ഒന്നാമതായി ഇന്ത്യയിൽ തന്നെ ഈത്തരത്തിലുള്ള ഒരു മഴ പെയ്യിക്കാനുള്ള സാഹചര്യമാണോ നിലവിലുള്ളതെന്ന് ആദ്യം ആലോചിക്കേണ്ടതുണ്ട്. കാരണം ഇതിന്റെ മുൻപിലും ഈത്തരത്തിലുള്ള മഴ പെയ്യിക്കുന്നതിനേ പറ്റി ആലോചിച്ചിരുന്നെങ്കിലും ഇന്ത്യ നടപ്പാക്കിയിരുന്നില്ല.

ഇപ്പോൾ മഹാരാഷ്ട്ര സംസ്ഥാനം ചൈനയിലെ വിദഗ്ദ്ധരുമായി ഇതിനേപറ്റി ആലോചിച്ചുവരുന്നുണ്ട്. ബീജിംഗിലാണ് ഇത് നടപ്പാക്കിയ ഒരു സംഭവം പ്രാധാന്യം അർഹിച്ചത്. എന്നാൽ ചൈന ഈ പ്രത്യേക ആവശ്യം വെച്ച് നടത്തിയ കൃത്രിമ മഴയായതിനാൽ കൂടുതലായുള്ള പഠനം നടത്തിയില്ലായിരുന്നു. അതുകൊണ്ട് തന്നെ ആദ്യം ചെറിയ ഗുണം കുറച്ചുനാൾ കഴിഞ്ഞപ്പോൾ ബീജിംഗിൽ മഞ്ഞുമൂടി പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടായി.

നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും ദിവസങ്ങൾ കഴിഞ്ഞപ്പോൾ കണ്ടത് വൻരീതിയിലുള്ള പരിസ്ഥിതി അഘാതമായിരുന്നു. കൂടാതെ വേറെ വൻരീതിയിലുള്ള പരിസ്ഥിതി പ്രശ്നങ്ങളും.

അതുംകൂടാതെ ഇത്തരത്തിലുള്ള ശ്രമങ്ങൾ വൻ തുക ചിലവാക്കി നടത്തുമ്പോൾ പൂർണ്ണ വിജയം ഒരിക്കലും പ്രതീക്ഷിക്കുവാൻ പറ്റില്ല. കാർമേഘങ്ങളിലേയ്ക്ക് പലവിധം രാസവസ്തുക്കൾ അയച്ചുള്ള ഒരു പ്രക്രിയയാണ് കൃത്രിമ മഴ പെയ്യിക്കുവാനുപയോഗിക്കുന്നത്. അതുകൊണ്ട് തന്നെ വളരെയധികം പഠനം ഈ കാര്യത്തിലാവശ്യമാണ്. രാഷ്ട്രീയ ലക്ഷ്യം വെച്ചുകൊണ്ടുള്ള ഒരു യജ്ഞമല്ല ഇത്.

# നമുക്ക് വീണ്ടും സഹമുറിയന്മാരാകാം !

കെ. വിജയകുമാരൻ
09448312631, 09444540631

**വാ**വച്ചാ...!

അങ്ങനെ നീ പോയി. ഓർക്കാപുറത്ത് വന്നുകൂടി ഒഴിയാതെ കണ്ടമാനം വേദനിപ്പിച്ച അസുഖത്തിന് ചുട്ട മറുപടി പറഞ്ഞ് ഒരൊഴിഞ്ഞ ദിവസം നീ രക്ഷപെട്ടു. ഫെബ്രുവരി അഞ്ച് കുറെ കാലത്തേക്ക് സ്മരണയിൽ കൊളുത്തിക്കിടക്കും. അതിലും കൂടുതൽ സ്പതംബർ ആറ് എനിക്ക് മറക്കാനാവില്ല.

അന്ന് ഞാൻ മസ്കറ്റ് ഹോട്ടലിനടുത്തുള്ള നിന്റെ ഓഫീസന്വേഷിച്ച് കണ്ടുപിടിച്ച് വന്നു. വളരെ വേണ്ടപ്പെട്ട ഒരു സുഹൃത്തിന്റെ മകളുടെ കല്യാണമായിരുന്നു അന്ന് ട്രിവാൻഡ്രം ക്ലബ്ബിൽ, സുബ്രഹ്മണ്യ ഹാളിൽ. പതിനൊന്നിനാണ് മുഹൂർത്തം. അതിനുമുമ്പ് നിന്നെ കണ്ടു മടങ്ങാനായിരുന്നു പ്ലാൻ. കഴിഞ്ഞ ചില മാസങ്ങളായി നീയെന്റെ ഫോൺ വിളികൾ സ്വീകരിക്കാത്തതിനാൽ നിന്നെ നേരിട്ട് വന്നുകാണാൻ തീരുമാനിച്ചതായിരുന്നു. ഒരു ഗേറ്റ് ക്രാഷിന് വകുപ്പില്ലാത്തവിധം നിന്റെ വീട്ടിലേക്കുള്ള വഴിയും വിലാസവും മറന്നുപോയി.

നിന്റെ സഹപ്രവർത്തകനെക്കൊണ്ട് ഫോണിൽ വിളിപ്പിച്ചു. എന്റെ ആഗമനോദ്ദേശ്യം വെളിപ്പെടുത്തി. ആപ്പീസിലെ ആരെയെങ്കിലും ഒപ്പം കൂട്ടി കുന്നുകുഴിയിലേക്ക് വരാനായിരുന്നു പരിപാടി. പക്ഷെ നീയെന്നെ വല്ലാതെ നിരാശനാക്കി. എന്നോട് അങ്ങോട്ട് വരരുതെന്നു പറയാൻ നിന്റെ സഹപ്രവർത്തകനെ കർശനമായി ശട്ടം കെട്ടി. ഉള്ളിലെ നോവടക്കി നിന്റെ സഹപ്രവർത്തകനോട് പിന്നീട് ബന്ധപ്പെടാമെന്നു പറഞ്ഞ് ഞാൻ അവിടെനിന്നും ഇറങ്ങി.

റോഡിലെത്തുമ്പോൾ നിന്റെ കാര്യവും, സുഗുവിന്റെ കാര്യവും മനസ്സിൽ ഒരുമിച്ച് വീർത്തുപൊന്തിവന്ന് പൊട്ടിത്തെറിച്ച് ആകുലതയുടെ ഒരു സുനാമി സൃഷ്ടിച്ചു. എന്റെ സഹമുറിയന്മാരെത്തന്നെ തിരഞ്ഞുപിടിച്ച് വിചിത്രവും, ക്രൂരവുമായ പീഠനങ്ങൾക്കിരയാക്കുന്നതോർത്ത് സകല ദൈവങ്ങളോടും എന്തെന്നില്ലാത്ത അരിശം തോന്നി. അടുത്ത നിമിഷം ഞാൻ വാവിട്ടു കരഞ്ഞു. സ്ഥലകാലബോധമുണ്ടായിട്ടും കരച്ചിലടക്കാൻ കഴിയാതെ പോയി. അഞ്ചാറുനിമിഷങ്ങൾ ഒരു മരത്തിനു താഴെ നിന്നു വിതുമ്പിക്കരഞ്ഞു. അടുത്ത കാലത്തൊന്നും ഇത്ര നന്നായി കരഞ്ഞിട്ടില്ല. പത്തുനിമിഷം കഴിഞ്ഞ് കയ്യിലെ കുപ്പിവെള്ളത്തിൽ മുഖം കഴുകി കല്യാണത്തിൽ പങ്കെടുക്കാൻ ചെന്നു. നിന്നോട് എന്തോ ഒരു വല്ലാത്ത ദേഷ്യം തോന്നി. അന്നു വൈകുന്നേരം ചെന്നൈയിലെത്തി. നിന്നോടുള്ള അരിശം അപ്പോഴും ബാക്കിയുണ്ട്.

പിറ്റേന്നു വൈകുന്നേരം പോക്കുവെയിലിൽ ടെറസ്സിലെ പതിവുനടത്തത്തിനിടയിൽ നീ പിന്നെയും മനസ്സിൽ കയറിവന്നു. ഇത്തവണ ചിന്ത നിന്റെ വശത്തുനിന്നായി. എന്നെപ്പോലൊരു പ്രാണസ്നേഹിതന്റെ സന്ദർശനം വിലക്കുന്നതിനു മാത്രം എന്തായിരിക്കും നിന്റെ ശാരീരികസ്ഥിതിയെന്ന് ഊഹിക്കാൻ ശ്രമിച്ചു. ഒരുപക്ഷെ ആ രൂപത്തിൽ നിന്നെക്കണ്ടാൽ എനിക്കുണ്ടാകാവുന്ന സങ്കടം അപാരമാകുമെന്ന് നിനക്കറിയാം. അതു മനസ്സിലാക്കാൻ എനിക്ക് കഴിയാതെ പോയതിൽ ഞാൻ വല്ലാതെ ലജ്ജിച്ചു. എന്നെ വരരുതെന്നു വിലക്കുമ്പോൾ നീയെത്രമാത്രം മനോവ്യഥ അനുഭവിച്ചിട്ടുണ്ടാകുമെന്ന് അപ്പോൾ ഞാനറിഞ്ഞു. ആ അറിവിൽ നിന്നോടുള്ള സകല അരിശവും കലങ്ങിയിളകി കണ്ണുകളിലൂടെ കുത്തിയൊലിച്ചുപോയി. എനിക്കുമാത്രം ഈറനായ അസ്തമന സൂര്യൻ ഇരുട്ടിന് വഴി മാറിയതോടെ എല്ലാം ശാന്തമായി. ഉറങ്ങാൻ കിടന്നപ്പോൾ ഓർത്തു. ഏറ്റവും മാന്യവും, ഉചിതവുമായ പെരുമാറ്റത്തിൽ നിന്നെ വെല്ലാൻ ആർക്കു കഴിയും വാവച്ചാ...?

നവംബർ പന്ത്രണ്ടിന് വീണ്ടും ഒരു കല്യാണത്തിൽ സംബന്ധിക്കാൻ തിരുവനന്തപുരത്ത് എത്തിയപ്പോൾ നിന്നെ ഫോണിൽ വിളിച്ചു. ആദ്യമേതന്നെ സന്ദർശന ഭീഷണി ഒഴിവാക്കിക്കൊണ്ട് ഞാൻ നിന്നെ കാണാനുദ്ദേശിക്കുന്നില്ലെന്നു പറഞ്ഞു. നിന്റെ ആരോഗ്യത്തെപ്പറ്റി ആരാഞ്ഞു. ഒരുപക്ഷെ ഇത്തവണ വീട്ടിലേക്ക് വന്നുകാണാൻ പറയുമായിരിക്കുമെന്ന് ഒരു നേരിയ പ്രതീക്ഷ ഉണ്ടായിരുന്നു. അതുണ്ടാകാത്തതിൽ നിന്നും സ്ഥിതിഗതികൾ വേണ്ടത്ര മെച്ചമായിട്ടുണ്ടാവില്ലെന്ന് ഊഹിച്ചു. ജനുവരിയിൽ എപ്പോഴോ വീണ്ടും ഫോണിൽ ബന്ധപ്പെട്ടപ്പോൾ പ്രതികരിച്ചതിൽനിന്നും സ്ഥിതിഗതികൾ പുരോഗമിക്കുന്നതായിത്തന്നെ കരുതി. സമീപഭാവിയിൽ കാണാനാവുമെന്നും. അതൊക്കെ തകിടം മറിച്ച് നീ പോയി.

എന്നുവച്ച് ഇഹലോകത്തിലെ ജീവിതം തീർന്നെന്നു കരുതണ്ടാ. നിന്റെ സകല ഓർമ്മകളും പേറി ഇവിടെ ജീവിക്കുന്ന എന്നെപ്പോലുള്ളവരിലൂടെ നിനക്കിവിടെ ജീവിക്കാതെ നിവൃത്തിയില്ല. ഒരു മനുഷ്യൻ ഈ ഭൂമുഖത്തു ജീവിക്കുന്നതിനേക്കാൾ കൂടുതൽ കാലം വ്യക്തികളുടെ മനസ്സിൽ ജീവിക്കുന്നു എന്ന് ഞാനെവിടെയോ എഴുതിയിരുന്നു. അതു നിനക്കും ബാധകമാണ്.

ഇന്ന് നാല്പതാം ദിവസമാണ്. ഇതിനിടയ്ക്ക് നിന്നെ ഓർക്കാത്ത ദിവസങ്ങൾ വിരളമാണ്. ഇന്ന് അടുത്ത ബന്ധുക്കളുൾപ്പെടുന്നൊരു പ്രാർത്ഥനയുണ്ടാവുമെന്ന് കേട്ടു. രക്ത-ജനിതകമല്ലാത്ത നമ്മുടെ ബന്ധം എനിക്കു കല്പിച്ച സ്ഥാനം എന്താണെന്ന് അറിയില്ലെന്നാലും അതിൽ പങ്കെടുക്കണമെന്ന് ആദ്യം തോന്നിയതാണ്. പക്ഷെ ദൈവങ്ങളോട് എനിക്കുള്ള കലശലായ അരിശം ഇനിയും തീർന്നിട്ടില്ല. അതുകൊണ്ടുതന്നെ അവരോട് പ്രാർത്ഥിക്കാൻ മനസ്സു തയ്യാറല്ല. സർവ്വതിനും അതീതനായി എല്ലാമറിയുന്ന തലത്തിലെത്തിയ നിനക്കിനി പ്രാർത്ഥന കൊണ്ട് എന്തുണ്ടാവാൻ ? നീ ഇവിടെ ഇട്ടേച്ചുപോയവർക്ക് അല്പം മനസ്സമാധാനം കിട്ടുമായിരിക്കും. പിന്നെ ഒരു ചടങ്ങിലൂടെ നിന്റെ സ്മരണകൾക്ക് വിരാമമിടാനും ഞാനൊരുക്കമല്ല. അതെന്നും തീക്ഷ്ണമായി

ത്തന്നെ ഇരിക്കട്ടെ, എന്റെ മരണം വരെ.

ഒരു കാര്യം കൂടി പറയട്ടെ. അധികം വൈകാതെ ഞാനും (നമ്മുടെ സുഹൃത്തുക്കളും) നിന്നോടൊപ്പം എത്തുമെന്നുറപ്പുണ്ട്. അതുമാത്രമേ ഈ ഭൂമിയിൽ ഉറപ്പുള്ളതായുള്ളു. പറ്റുമെങ്കിൽ നിന്റെ മുറിയിൽ ഒരു കട്ടിൽ ഒരുക്കിവയ്ക്കുക. (ഒന്നല്ല, രണ്ടാവട്ടെ; ഞാൻ സുഗുവിനോടും പറയാം). എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ മറൈൻ സയൻസ് ക്യാമ്പസ്സിലെ ഹോസ്റ്റൽ പ്രവേശനത്തിനായി തൊള്ളായിരത്തി എൺപതിൽ നാം മൂവർ നയിച്ച മഹത്തായ സമരം ഓർക്കുക. നമു ക്ക് വീണ്ടും പഴയതുപോലെ സഹമുറിയന്മാരായി അടിച്ചുപൊളി ക്കാം, എന്നന്നേക്കും !

16 March 2017

നിന്റെ വിജയൻ, Chennai

(ലേഖകന്റെ കൊച്ചി യൂണിവേഴ്സിറ്റിയിലെ സഹപാഠിയും ഹോസ്റ്റൽ റൂംമേറ്റും ആയ ശ്രീ. ബിജോയ് ജോർജ് (വാവച്ചൻ) N C D C യിൽ ഉന്നത പദവിയിൽ ഇരിക്കെ, കഴിഞ്ഞ ഫെബ്രുവരി അഞ്ചിന് നിര്യാതനായി. ഒരു സ്മരണയെഴുതാനിരുന്നപ്പോൾ ഇത്തരത്തിലായിപ്പോയി. എങ്കിലും എഴുതിക്കഴിഞ്ഞപ്പോൾ മനസ്സിന് നല്ല സമാധാനം. അതാണല്ലോ പ്രധാനം.) •


നിങ്ങളുടെ പുസ്തകങ്ങൾ

**ഏറ്റവും കുറഞ്ഞ ചിലവിൽ**

**ഉന്നത നിലവാരത്തിൽ പ്രസിദ്ധീകരിക്കുവാൻ**


**ഏക തത്ത്വ പബ്ലിക്കേഷൻ**

പാലക്കാട് -1

മൊബൈൽ : 9446443321, 9387118131

**തവണകളായും പണമടയ്ക്കാം.**


# നുറുങ്ങുകഥകൾ




**ടി. കെ. ഉണ്ണികൃഷ്ണൻ**
**0491 – 2578098**


## വിഷം

**പ**ച്ചക്കറിയിൽ വിഷം. പഴങ്ങളിൽ വിഷം. മീനിൽ വിഷം. ഇറച്ചിയിൽ വിഷം. വെള്ളത്തിൽ വിഷം. ശ്വസിക്കുന്ന വായുവിൽ വിഷം. ഉപ്പുതൊട്ട് കർപ്പൂരം വരെ വിഷം. എല്ലാം വിഷം വിഷം എന്നു പറഞ്ഞ് മനുഷ്യൻ കരഞ്ഞുകൊണ്ടിരിക്കുന്നു.

അതുകേട്ട കുരങ്ങൻ പറഞ്ഞു. മനുഷ്യാ നിന്നിൽ വിഷം കവിഞ്ഞൊഴുകുന്നു. അതകറ്റിയാൽ സർവ്വതും വിഷമുക്തം. പക്ഷെ സ്വാർത്ഥനായ നിനക്കതു സാധിക്കില്ല. അതുകൊണ്ട് ഞാൻ ദൈവത്തോട് പ്രാർത്ഥിക്കാം. നിന്നെ വീണ്ടും കുരങ്ങായി പരിവർത്തനം ചെയ്യാം.

## നഷ്ടം

കമ്പനികൾ പൂട്ടുമ്പോൾ ഉടമസ്ഥനു നഷ്ടം തൊഴിലാളികൾക്ക് ജീവിത പ്രശ്നം. കൊയ്യാൻ ആളെ കിട്ടാതെ വിളകൾ നശിക്കുമ്പോൾ കർഷകന് നഷ്ടം. ജനങ്ങൾക്ക് ജീവിത പ്രശ്നം. വിദ്യാലയങ്ങൾ അടിച്ചുപൊളിക്കുമ്പോൾ അദ്ധ്യാപകന് ദുഃഖം. രാഷ്ട്രത്തിന് കോട്ടം. ഇതെല്ലാം സംഭവിക്കാതിരിക്കാൻ എന്തു വേണം ?

അതുകേട്ട ഒരു തെരുവുനായ മുരണ്ടു. അവിടങ്ങളിലെല്ലാം തടിച്ച് കുടവയർ തൂങ്ങി കുറെപ്പേർ ജുബ്ബയ്ക്ക് അകത്തുകയറി നിൽപ്പുണ്ട്. അവരെ ഞങ്ങളെപ്പോലെ തെരുവിലേക്ക് തള്ളു.

## മഹത്വം

ഉയർന്നു നിൽക്കുന്ന അപ്പാർട്ട്മെന്റുകളിൽ രണ്ടും മൂന്നും സിമ്മിംഗ് പൂൾ, പുതിയ ഗാർഡനുകളിൽ ഭംഗിയുള്ള പലതരം ഫൗണ്ടനുകൾ. പച്ചപ്പുല്ലുള്ള കളിമൈതാനം. ഇലക്ട്രിസിറ്റി ഉൽപ്പാദനത്തിന് പുതിയ പുതിയ പ്രോജക്റ്റുകൾ. ഞാനില്ലെങ്കിൽ ഇതെല്ലാം വെറുതെ. ഞാൻ ദിവസം തോറും ഭൂമിയുടെ അടിയിലേക്ക് താണുപോകുന്നു. എന്നെ രക്ഷിക്കാൻ ഒരു പ്രോജക്റ്റുമില്ല ആരുടെയും ശ്രദ്ധയുമില്ല. എന്റെ രക്ഷയ്ക്കുള്ള വഴികൾ അടച്ചുകൊണ്ടേയിരിക്കുന്നു.

ബുദ്ധിയില്ലാത്ത കഴുത അലറി. ബുദ്ധിജീവികളെ ആടുജീവിതം എന്ന നോവൽ ഒന്നു വായിക്കൂ. വെള്ളത്തിന്റെ മഹത്വം അറിയാം.

## കാത്തിരിപ്പ്

സ്നേഹം : സ്വാർത്ഥതയ്ക്കുമാത്രം.
സ്വാർത്ഥത : അമ്മയെയും വെട്ടി.
അമ്മ : നൊന്തുപ്രസവിക്കാത്ത കുട്ടികളാണിവിടെ. കുട്ടികൾ മനുഷ്യനായല്ല യന്ത്രങ്ങളായി വളരുന്നു.
യന്ത്രങ്ങൾ : ലോക നാശത്തിനു പ്രവർത്തിക്കുന്നു.
പ്രവർത്തികൾ : അഴിമതി നിറഞ്ഞതുമാത്രം.
നിറഞ്ഞത് : ഭീകരത മാത്രം.
ഭീകരത : ഒന്നിലും വിശ്വസിക്കാത്ത ഭ്രാന്തൻ. വിശ്വാസം അങ്ങിനെയൊന്നില്ലയിവിടെ.

എല്ലാം കേട്ട മയിൽ കൂവി. ഞാനൊരു സത്യം പറയാം. സത്യം ഒന്നില്ലയിവിടെ. വരാനിരിക്കുന്ന പ്രളയമേ ഇനി താമസിക്കേണ്ട. എല്ലാം അവസാനിപ്പിച്ച് പുതിയൊരു ലോകത്തെ കാത്തിരിക്കാം. •


**ഏക തത്ത്വ വരിക്കാരാവുക**
**ഒറ്റ പ്രതി – 15 രൂപ**
**ഒരു വർഷത്തേക്ക് – 170 രൂപ**
**രണ്ടു വർഷത്തേക്ക് – 330 രൂപ**
**മൂന്നു വർഷത്തേക്ക് – 500 രൂപ**
**മണിയോഡറായോ ചെക്കായോ ഡിഡിയായോ ഇ-ട്രാൻസ്ഫറിലൂടേയോ പണമടയ്ക്കാം. വിലാസവും ബാങ്ക് വിവരങ്ങളും ഉള്ളടക്കം പേജ് നോക്കുക.**





Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# മുതിർന്ന പത്രപ്രവർത്തകനും ജനജിഹ്വ മാഗസിൻ ചീഫ് എഡിറ്ററുമായ
# തറയിൽ ബഷീറിനെ ആദരിച്ചു



മുതിർന്ന പത്രപ്രവർത്തകൻ തറയിൽ ബഷീർ (കായംകുളം) നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ മത്തായി മാഞ്ഞൂരാൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടന്ന അനുസ്മരണ ചടങ്ങിൽ വെച്ച് പൊന്നാടയണിയിച്ച് ആദരിച്ചു. പന്ന്യൻ രവീന്ദ്രൻ, ഡോ. ഷാജി പ്രഭാകരൻ, ബൈജു പട്ടത്താനം എന്നിവർ സമീപം.

**തിരുവനന്തപുരം** : മുൻ മന്ത്രിയും സോഷ്യലിസ്റ്റ് നേതാവുമായിരുന്ന മത്തായി മാഞ്ഞൂരാന്റെ 47ാമത് അനുസ്മരണ സമ്മേളനം മത്തായി മാഞ്ഞൂരാൻ ഫൗണ്ടേഷൻ തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ ജനുവരി 16ന് സംഘടിപ്പിച്ച യോഗത്തിൽ വെച്ച് മുതിർന്ന പത്രപ്രവർത്തകനും 'ജനജിഹ്വ' മാഗസിൻ ചീഫ് എഡിറ്ററുമായ തറയിൽ ബഷീറിനെ (കായംകുളം) പ്രവർത്തന രംഗത്തെ മികവിനെ അടിസ്ഥാനമാക്കി നിയമസഭാ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പൊന്നാട അണിയിച്ച് ആദരിച്ചു.

ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പുരസ്കാരം മുൻ എം. പിയും സിപിഐ ദേശീയ സെക്രട്ടറിയേറ്റ് അംഗവുമായ പന്ന്യൻ രവീന്ദ്രന് സ്പീക്കർ നൽകി. ആതുര സേവനരംഗത്തും പത്രപ്രവർത്തന വേദിയിലും നല്ല സേവനത്തെ അടിസ്ഥാനമാക്കി തിരുവനന്തപുരം മെഡിക്കൽ കോളേജ് മുൻ പ്രിൻസിപ്പാൾ ഡോ. ഷാജി പ്രഭാകരൻ, അഡ്വ. പി. ഗോപകുമാർ, ബൈജു പട്ടത്താനം എന്നിവരെ സ്പീക്കർ ശ്രീരാമകൃഷ്ണൻ തദവസരത്തിൽ പൊന്നാട അണിയിച്ച് ആദരിച്ചു.

1973ൽ കോട്ടയത്തുനിന്നും പ്രസിദ്ധീകരിച്ചിരുന്ന ഭാരതനാട് സായാഹ്നപത്രത്തിന്റെ ലേഖകനായി പ്രവർത്തനം തുടങ്ങിയ തറയിൽ ബഷീർ 1976 മുതൽ എറണാകുളത്തു നിന്നുള്ള ഗീത ദിനപത്രവും സിനിമാ വാരികയുടെയും കോട്ടയം ജില്ല ലേഖകനായിരുന്നു.

1979ൽ ഗീതാഞ്ജലി ഫിലിംസിന്റെ ബാനറിൽ ഷെരീഫ് കൊട്ടാരക്കര നിർമ്മിച്ച ലൗലി, കടൽക്കാറ്റ് എന്നീ ചിത്രങ്ങളുടെ പ്രൊഡക്ഷൻ എക്സിക്യൂട്ടീവായും പ്രവർത്തിച്ചിട്ടുണ്ട്. 1981ൽ മാതൃഭൂമി കായംകുളം ലേഖകനായിരുന്നു. 1983ൽ കായംകുളത്തുനിന്നും പ്രസിദ്ധീകരിച്ചുവരുന്ന ജനജിഹ്വ മാഗസിൻ ചീഫ് എഡിറ്ററായും ചുമതലവഹിക്കുന്ന തറയിൽ ബഷീർ മാഗസിൻ പ്രവർത്തനത്തിൽ 33 വർഷം പിന്നിട്ടുപോകുന്നതിലും സേവനത്തിന്റെ അംഗീകാരമായി ആദരിച്ച് പ്രോത്സാഹിപ്പിച്ചതിലും അതീവ സംതൃപ്തി പ്രകടിപ്പിച്ചു.

ഡോ. ഷാജി പ്രഭാകരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സിപിഐ നേതാവ് പന്ന്യൻ രവീന്ദ്രൻ, ജേക്കബ്ബ് കെ. എബ്രഹാം, അഡ്വ. പി. ഗോപകുമാർ, ബൈജു പട്ടത്താനം, തറയിൽ ബഷീർ എന്നിവർ പ്രസംഗിച്ചു. ഫൗണ്ടേഷൻ സെക്രട്ടറി ശാന്താലയം ഭാസി സ്വാഗതവും ചെയർമാൻ നന്ദാവനം സുശീലൻ നന്ദിയും പറഞ്ഞു. ●


## സൃഷ്ടികൾ ക്ഷണിക്കുന്നു

ഏക തത്ത്വ പബ്ലിക്കേഷൻ പുറത്തിറക്കാൻ പോകുന്ന കഥാസമാഹാരം, കവിതാസമാഹാരം എന്നിവയിലേയ്ക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. താത്പര്യമുള്ളവർ നിങ്ങളുടെ മികവുറ്റ കൃതികൾ ഞങ്ങൾക്കയച്ചുതരിക. കൃതികളുടെ മൂല്യനിർണ്ണയം നടത്തിയ ശേഷം മാത്രമേ സമാഹാരത്തിലേയ്ക്ക് തിരഞ്ഞെടുക്കുകയുള്ളൂ. തിരഞ്ഞെടുക്കപ്പെട്ട കൃതികൾ ചില നിബന്ധനകൾക്ക് വിധേയമായി മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക.

**എഡിറ്റർ, ഏക തത്ത്വ മാസിക**
**മൊബൈൽ – 9446443321**

Published on 15/03/2017, RNI No. KERMAL/2010/35818, REGISTERED Eka Thathwa Monthly, Vol 7, Issue 5, April 2017, Rs. 15/-
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019


# TECHNOWOOD

KITCHEN | CURTAIN & MORE

Updated Kitchen concepts

MATTRESSES/PILLOWS/BEDSPREAD/CURTAINS

MULTI BRAND SHOW ROOM



ബെഡ്ഡിനോടൊപ്പം ബെഡ്ഷീറ്റും പില്ലോയും സൗജന്യം







Performance with style

Sleepwell
MATTRESSES PILLOWS CUSHIONS

Peps

RUBCO

For Modular Kitchens /Appliances / Accessories and more...

**Mangalam Towers**
Opp Town Bus Stand, T.B. Road, Palakkad- 14.
Tel: 0491-2515112
+91 9447034614, +91 9400496112
e-mail: technowoodfurniture@gmail.com

For Mattresses / Bedspread / Pillows / Cushions and more...

**10/257(1) Ram Estate**
College Road, Palakkad -1.
Tel: 0491 - 2545112
+91 9447034614, +91 9400499112
Website: www.technowoodkitchens.com